KOTTAYAM PUBLIC LIBRARY
M 200.0822
Call No. THO-V Acc. No. 70825
Author തോമസ്, പുത്തിശ്ശേക്കുന്നേൽ
Title വിൻസെൻഷ്യൻ ചൈതന്യം

900

# വിൻസെൻഷ്യൻ ചൈതന്യം

KOTTAYAM PUBLIC LIBRARY * KOTTAYAM *

VINCENTIAN PUBLISHING BUREAU
ERNAKULAM - 2.

**VINCENTIAN CHAITHANYAM**

(The spirit and Maxims of St. Vincent De Paul)

Author:

**Rev. Fr. T. Puthiakunnel, V.C., D.C.L.**

First Published in July 1963

Copies: 2000

Printed at:

I. S. PRESS, ERNAKULAM

Price: Re. 1.75 nP.

Copyright for:

Vincentian Publishing Bureau

Publishers:

**Vincentian Publishing Bureau**

Pachalam, Ernakulam-2

# വിൻസെൻഷ്യൻ ചൈതന്യം

(വി. വിൻസെൻറ് ഡി പോളിൻെറ സൂക്തികളെ
ആധാരമാക്കിയുള്ള ഒരു വിശദീകരണം)

KOTTAYAM PUBLIC LIBRARY * KOTTAYAM.
70825

രചയിതാവ്

ഫാ. തോമസ് പുതിയകുന്നേൽ, V. C., D. C. L.

Re. 1-75.

പ്രസാധകർ

വിൻസെൻഷ്യൻ പബ്ളീഷിംഗ് ബ്യൂറോ

പച്ചാളം, എറണാകുളം—2

M200.082

Nihil Obstat

Fr. Abraham Mattam V. C., Ph. D.

Imprimi potest

Fr. Jacob Kallarackal V. C.
*(Superior General of Vincentian Congregation)*

Angamaly,
20 — 12 — 1962

Imprimatur

✠ Joseph Parecattil
*Archbishop of Ernakulam*

Ernakulam
14 — 1 — 1963

# വിഷയവിവരം


പേജ്

പ്രസ്താവന vii

അവതാരിക xi

അദ്ധ്യായം ഒന്നു്:
പ്രവർത്തന നിരതരായിരിക്കുക 1

അദ്ധ്യായം രണ്ടു്:
നിയോഗശുദ്ധത പാലിക്കുക 8

അദ്ധ്യായം മൂന്നു്:
സൃഷ്ടവസ്തുക്കളോടു് വിപ്രതിപത്തി പുലർത്തുക 16

അദ്ധ്യായം നാലു്:
ദൈവപരിപാലനയിൽ ശരണപ്പെടുക 23

അദ്ധ്യായം അഞ്ചു്:
ഈശോയെ അനുകരിക്കുക 31

അദ്ധ്യായം ആറു്:
എളിമ അഭ്യസിക്കുക 40

അദ്ധ്യായം ഏഴു്:
അധികാരികളെ ബഹുമാനിക്കുക 50

അദ്ധ്യായം എട്ടു്:
കർത്തവ്യബോധത്തോടെ വർത്തിക്കുക 60

അദ്ധ്യായം ഒമ്പതു്:
ക്രിസ്തീയ ധൈര്യത്തോടുകൂടെ പ്രവർത്തിക്കുക 67

അദ്ധ്യായം പത്തു്:
ശാന്തമായും സ്നേഹപൂർവ്വമായും പെരുമാറുക 76

അദ്ധ്യായം പതിനൊന്നു്:
സഹിഷ്ണുതയോടും ക്ഷമയോടുംകൂടി വർത്തിക്കുക 85

അദ്ധ്യായം പന്ത്രണ്ടു്:
സമാധാനത്തോടും ഐകമത്യത്തോടുംകൂടി വർത്തിക്കുക 95

അദ്ധ്യായം പതിമൂന്നു്:
നിർമ്മലമായ പ്രസന്നതയോടുകൂടി കൃത്യങ്ങൾ നിർവ്വഹിക്കുക 105

അദ്ധ്യായം പതിനാലു്:
ഹൃദയപരമാർത്ഥതയോടുകൂടെ വർത്തിക്കുക 112

അദ്ധ്യായം പതിനഞ്ചു്:
നന്മയോടുകൂടി വർത്തിക്കുക 121

അദ്ധ്യായം പതിനാറു്:
ആശാനിഗ്രഹത്തിൻെറ അതൃപ്തിയിലും നമ്മോടു തന്നെ കർക്കശമായും വർത്തിക്കുക 129

അദ്ധ്യായം പതിനേഴു്:
ആരോഗ്യസംരക്ഷണത്തിൽ ശ്രദ്ധിക്കുക 138

അദ്ധ്യായം പതിനെട്ടു്:
കൃതജ്ഞതയുള്ളവരായി വർത്തിക്കുക 146

അദ്ധ്യായം പത്തൊമ്പതു്:
വിവേകത്തോടും ജാഗ്രതയോടുംകൂടി വർത്തിക്കുക 151

അദ്ധ്യായം ഇരുപതു്:
ബുദ്ധിപൂർവ്വം സാവധാനത്തോടെ വർത്തിക്കുക 160

അദ്ധ്യായം ഇരുപത്തൊന്നു്:
മിതത്വം പാലിക്കുക 168

അദ്ധ്യായം ഇരുപത്തിരണ്ടു്:
നിസ്സാരകാര്യങ്ങളിൽപ്പോലും സശ്രദ്ധം വർത്തിക്കുക 176

# പ്രസ്താവന

ഒരു ആസ്ത്രേലിയൻ വിൻസെൻഷ്യൻ വൈദികൻ വി. വിൻസെൻറു് ഡി പോളിൻെറ സൂക്തികളും ഉപദേശശകലങ്ങളും ശേഖരിച്ചു് ഒരു ചെറിയ പ്രബന്ധം തയ്യാറാക്കിയിട്ടുണ്ടു്. "Maxims of St. Vincent and Commendations upon them"— ഇതാണാ കൈയ്യെഴുത്തുപ്രതിയുടെ പേരു്. അതിലെ ഉള്ളടക്കം വളരെ ഹൃദ്യവും പ്രായോഗിക ജീവിതത്തിനു പററിയതുമായിത്തോന്നി. അതു മലയാളത്തിലേക്കു വിവർത്തനം ചെയ്താൽ, വിൻസെൻഷ്യൻ സഭാംഗങ്ങൾക്കും വിൻസെൻറു് ഡി പോൾ സംഘടനാംഗങ്ങൾക്കും മാത്രമല്ല, കേരളീയ കത്തോലികൎക്കു പൊതുവേ ഉപകാരപ്രദമായിരിക്കുമെന്നു കരുതിയാണു് ശ്രമകരമായ ഈ ഉദ്യമത്തിനു ലേഖകൻ ഒരുമ്പെട്ടതു്.

മേല്പറഞ്ഞ കയ്യെഴുത്തുപ്രതിയുടെ തനി തർജ്ജമയല്ല ഈ ഗ്രന്ഥം. അപ്രസക്തമായ പല ഭാഗങ്ങളും വിട്ടുകളഞ്ഞിട്ടുണ്ടു്. വി. വിൻസെൻറിൻെറ ജീവചരിത്രത്തിൽ നിന്നു് ഉചിതമെന്നു തോന്നിയ ചില സംഭവങ്ങൾ ഇതിൽ ചേൎക്കുകയും ചെയ്തിട്ടുണ്ടു്.

അപ്പസ്തോലിക പ്രവൎത്തനങ്ങൾക്കായി തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചിരിക്കുന്ന പ്രവർത്തനനിരതരായ പ്രേഷിതർക്കു വി. വിൻസെൻറു് ഡി പോളിനെപ്പോലുള്ള മഹാ വിശുദ്ധന്മാരുടെ ജീവിതമാതൃകയും ഉപദേശങ്ങളും ഉത്തമ വഴികാട്ടിയായിരിക്കും. അവശരിലും ആൎത്തരിലും ആലംബഹീനരിലുമെല്ലാം ക്രിസ്തുവിനെ ദർശിച്ചു്, ക്രിസ്തുവിനെപ്രതി അവൎക്കു സേവനമനുഷ്ഠിക്കുവാൻ സന്നദ്ധനായ കഥാനായകൻെറ പ്രേഷിതപ്രവൎത്തനങ്ങളുടെ അന്തഃപ്രവാഹവും കുത്തിയൊഴുക്കും കണ്ടു് ആരും വിസ്മയിച്ചുപോകും. അബെല്ലി പറയുന്നതുപോലെ "ആറു വിശുദ്ധന്മാർ ഒരുമിച്ചു ചെയ്തതിനേക്കാൾ കൂടുതൽ കാര്യങ്ങൾ വിൻസെൻറു് തനിച്ചു് ചെയ്തിട്ടുണ്ടു്." ഇത്ര മഹൽകാര്യങ്ങൾ സാധിച്ച വിശുദ്ധൻെറ ജീവിതരഹസ്യം അദ്ദേഹത്തിൻെറ വാക്കുകളിൽനിന്നു

തന്നെ ഗ്രഹിക്കാം. "കർത്താവിൽ ശരണപ്പെട്ടുകൊണ്ടു് പ്ര വത്തിക്കുന്നവക്കു യാതൊന്നും അശക്യമായിട്ടില്ല."

പ്രവത്തനനിരതമായ ഒരു ജീവിതമായിരുന്നു വി. വിൻസെൻറിൻേറതു്; എന്നിരുന്നാലും അതു പ്രാത്ഥനാനിർഭരവുമായിരുന്നു. അദ്ദേഹത്തിൻെറ ഭാഷയിൽ "പ്രവത്തിക്കുക എന്നുവച്ചാൽ പ്രാർത്ഥിക്കുകയും, പ്രാർത്ഥിക്കുക എന്നുവച്ചാൽ പ്രവത്തിക്കുകയുമത്രേ." ഇങ്ങനെ പ്രാർത്ഥനയും പ്രവത്തനവും ഏകീഭവിപ്പിച്ചുകൊണ്ടു് ഫലസമൃദ്ധമായ ഒരു പ്രേഷിതജീവിതം നയിക്കുവാൻ വിശുദ്ധൻെറ ജീവിതം ഉത്തേജനമരുളും.

വിൻസെൻഷ്യൻ ചൈതന്യത്തിൻെറ മറെറാരു പ്രത്യേകത ക്രിസ്ത്വാനുകരണമാണു്. കർത്താവിൻെറ മാതൃകയായിരുന്നു സകല കാര്യങ്ങളിലും വിൻസെൻറിനു മാർഗ്ഗദർശനം നല്കിയതു്. ആ ലോകൈകഗുരുവിൻെറ അനുശാസനങ്ങൾ അനുപദം ജീവിതത്തിൽ പ്രാവത്തികമാക്കാൻ ശ്രമിച്ച ഒരു മഹാ വിശുദ്ധനാണു് വിൻസെൻറു്. അദ്ദേഹം ആരംഭിച്ച പ്രസ്ഥാനങ്ങളോരോന്നും കർത്താവിൻെറ ജീവിതത്തിലെ ഏതെങ്കിലും സംഭവത്തെ അടിസ്ഥാനമാക്കിയുള്ളതാണു്.

"ദരിദ്രരോടു് സുവിശേഷം അറിയിക്കുവാൻ വന്ന" കർത്താവിൻെറ ജീവിതലക്ഷ്യംതന്നെ വിശുദ്ധൻ തൻെറ സഭയുടെ പ്രഥമ ലക്ഷ്യമായി സ്വീകരിച്ചു. ഇഹലോകജീവിതകാലത്തു് പന്ത്രണ്ടു വൈദികരെ പരിശീലിപ്പിച്ചെടുത്ത കർത്താവിൻെറ മാതൃക, വൈദികരുടെ ശിക്ഷണവും വിശുദ്ധീകരണവും സഭയുടെ ദ്വിതീയ ലക്ഷ്യമായി സ്വീകരിക്കുവാൻ വിൻസെൻറിനെ പ്രേരിപ്പിച്ചു. രോഗികളെ സുഖമാക്കുകയും അപ്പം വർദ്ധിപ്പിച്ചു് ജനലക്ഷങ്ങളെ തീററി തൃപ്തരാക്കുകയും ചെയ്ത ആ പരമകാരുണികൻെറ കരുണാർദ്രമായ പ്രവത്തനം, ദരിദ്രക്കും കഷ്ടതയനുഭവിക്കുന്നവക്കും സാമ്പത്തികവും ശാരീരികവുമായ സേവനങ്ങൾ അനുഷ്ഠിക്കുവാൻ വിൻസെൻറിനു പ്രചോദനമരുളി. ക്രിസ്തുനാഥനെ അനേകം ഭക്തസ്ത്രീകൾ അനുഗമിക്കുകയും അവിടുത്തേക്കു ശുശ്രൂഷചെയ്യുകയും ചെയ്തതായുള്ള സുവിശേഷഭാഗങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് വിൻസെൻറു് പറയുന്നു, ഉപവിയുടെ സഹോ

ദരീസംഘം സ്ഥാപിക്കുവാൻ തന്നെ പ്രേരിപ്പിച്ചതു് കത്താവിൻെറ മാതൃകയാണെന്നു്. ഇങ്ങനെ വിശുദ്ധൻെറ ഓരോ വാക്കും പ്രവൃത്തിയും കത്താവിൻെറ മാതൃകയിൽ അടിസ്ഥാനമുറപ്പിച്ചിരുന്നു. വിൻസെൻഷ്യൻ ചൈതന്യത്തിൻെറ സവിശേഷതയും ഈ ക്രിസ്ത്വാനുകരണത്തിലാണ് സ്ഥിതിചെയ്യുന്നതു്.

എളിമ, ശാന്തത, സഹിഷ്ണുത, നിർമ്മലമായ പ്രസന്നത, ക്രിസ്തീയധൈര്യം, ഹൃദയപരമാത്ഥർത, ആശാനിഗ്രഹം, ആരോഗ്യസംരക്ഷണത്തിലുള്ള ശ്രദ്ധ, അധികാരികളോടുള്ള ബഹുമാനം, ആത്മീയശുശ്രൂഷാന്തി, എന്നിങ്ങനെ വി. വിൻസെൻറിൽ പ്രശോഭിച്ചിരുന്ന അനേകം വിശിഷ്ടഗുണങ്ങൾ മേല്പറഞ്ഞ ക്രിസ്ത്വാനുകരണത്തിൻെറ ഫലങ്ങളാണ്. ഈ സൽഗുണങ്ങൾ മററുള്ളവരിലും ഉണ്ടായിക്കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു. തൻെറ കോൺഫ്രൻസുകളും ഉപദേശങ്ങളും എഴുത്തുകളുംവഴി അവസരോചിതം അദ്ദേഹം അതിനു പ്രേരണനല്കി. ഇങ്ങനെ പലയവസരങ്ങളിലായി നല്കിയ കോൺഫ്രൻസുകളിൽനിന്നും എഴുത്തുകളിൽനിന്നും എടുത്തിട്ടുള്ളവയാണ് ഈ ഗ്രന്ഥത്തിലേ സൂക്തിരത്നങ്ങൾ. ഈ സൂക്തികളിലോരോന്നിലും വി. വിൻസെൻറിൻെറ വ്യക്തിമുദ്ര പതിഞ്ഞിട്ടുണ്ടു്. തികച്ചും നൂതനമായ ഒരു ചിന്താഗതി അവയിലോരോന്നിലും നാം ദശിക്കും. അന്നുവരെ ആരും ആവിഷ്കരിച്ചിട്ടില്ലാത്ത പല നവീനപദ്ധതികൾക്കും രൂപം കൊടുത്തിട്ടുള്ളവയാണ് ആ ധമ്മോക്തികൾ. അവയെല്ലാംകൂടി ഒരുമിച്ചുകൂട്ടിയാൽ വി. വിൻസെൻറിൻേറതായ ഒരു പ്രത്യേക ആദ്ധ്യാത്മിക ജീവിതപദ്ധതി—ഒരു "കുറുക്കുവഴി"—തന്നെ ലഭിക്കുന്നതാണ്.

പരോപകാരപ്രവത്തനങ്ങളുടേയും പരസ്നേഹസ്ഥാപനങ്ങളുടേയും സാർവ്വത്രീയമദ്ധ്യസ്ഥനായി വി. വിൻസെൻറു് ഡിപോളിനെ തിരുസ്സഭ അംഗീകരിച്ചിരിക്കയാണല്ലോ. ആറായിരത്തോളംവരുന്ന വിൻസെൻഷ്യൻ കോൺഗ്രിഗേഷനംഗങ്ങളും അൻപതിനായിരത്തിൽപരം ഉപവിയുടെ പുത്രിമാരും രണ്ടുലക്ഷത്തോളം വിൻസെൻറു് ഡിപോൾ സംഘടനാംഗങ്ങളും എല്ലാംകൂടി ഒരു വമ്പിച്ച സന്നദ്ധഭടസമൂഹം

വിൻസെൻഷ്യൻ ചൈതന്യത്താൽ പ്രേരിതരായി പരോപകാരപ്രവൎത്തനങ്ങളിലേർപ്പെട്ടുകൊണ്ട് വിശുദ്ധൻ തുടങ്ങിവച്ച പ്രേഷിതവൃത്തിയെ മുമ്പോട്ടുകൊണ്ടുപോകുവാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ പരസ്നേഹപ്രവൎത്തനങ്ങൾ ഏററമധികം ആവശ്യമായിരിക്കുന്ന ആധുനികയുഗത്തിൽ അദ്ദേഹത്തിൻെറ പ്രവൎത്തനപദ്ധതി കൂടുതൽ കൂടുതൽ പ്രായോഗികമാക്കപ്പെടേണ്ടിയിരിക്കുന്നു.

വി. വിൻസെൻറിൻെറ ചൈതന്യം നുകൎന്നുകൊണ്ട് ക്രിസ്തുവിനെ സേവിക്കുവാൻ ആൎക്കെങ്കിലും ഈ ചെറുഗ്രന്ഥം ഉത്തേജനം പകരുന്നുവെങ്കിൽ ഈയുള്ളവൻ കൃതാൎത്ഥനായിക്കൊള്ളാം.

"വിൻസെൻഷ്യൻ ചൈതന്യം" വെളിച്ചം കാണുവാൻ സഹായിച്ച ഏവൎക്കും എൻെറ കൂപ്പുകൈ!

*എന്ന്,*

**രചയിതാവ്.**

വിൻസെൻഷ്യൻ പബ്ളീഷിംഗ് ബ്യൂറോ
പച്ചാളം, എറണാകുളം—2
വി. വിൻസെൻറ് ഡി പോളിൻെറ
തിരുനാംദിനം, 1963.

# അവതാരിക

മഹാന്മാരിൽ മഹാനും ദൈവസ്നേഹികളിൽ ദൈവസ്നേഹിയും സഹോദരസ്നേഹികളിൽ സഹോദരസ്നേഹിയും ആയ വി. വിൻസെൻറ് ഡി പോളിൻെറ ഉപദേശശകലങ്ങൾ ശേഖരിച്ചു് നിർമ്മിച്ചിട്ടുള്ള ഈ ഗ്രന്ഥത്തെ ആഭിവാദ്യംചെയ്യുന്നതിനു് എനിക്കതിയായ സന്തോഷമുണ്ടു്.

ദൈവസ്നേഹവും പരസ്നേഹവും രണ്ടായിരിക്കുവാൻ വിഷമമാണെന്നു കല്പിച്ച ദിവ്യനാഥൻെറ യഥാർത്ഥ പിൻഗാമികളിൽ അഗ്രഗണ്യനായിത്തന്നെ പരിലസിച്ചിരുന്ന ഒരു മഹാ വിശുദ്ധനായിരുന്നു വിൻസെൻറ് ഡി പോൾ എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ സവിശേഷഗുണം നിമിത്തം എന്നെന്നും ലോകം അദ്ദേഹത്തെ സമാദരിക്കുകയും അനുസ്മരിക്കുകയും ചെയ്യും.

ഫ്രഞ്ചുവിപ്ലവകാലത്തു് രാഷ്ട്രത്തിനും സഭയ്ക്കും എതിരായി വിപ്ലവകാരികൾ പല വിക്രിയകളും കാട്ടിക്കൂട്ടി. രാഷ്ട്രീയ നേതാക്കന്മാരുടേയും സഭാധികാരികളുടേയും ചില പുണ്യവാളന്മാരുടെതന്നേയും പ്രതിമകൾ അവർ തച്ചുടയ്ക്കുകയുണ്ടായി. എന്നാൽ വി. വിൻസെൻറിൻെറ പ്രതിമയുടെ അടുക്കൽ വന്നപ്പോൾ ഏകസ്വരത്തിൽ അവർ വിളിച്ചുപറഞ്ഞു: "ഇദ്ദേഹം പാവങ്ങളുടെ പിതാവാണു്." അങ്ങനെ അദ്ദേഹത്തിൻെറ പ്രതിമ തകർത്തില്ലെന്നു മാത്രമല്ല ആ മനുഷ്യസ്നേഹിയെ തങ്ങളുടെ നേതാവും പിതാവുമായി അവർ വണങ്ങുകയും ചെയ്തു.

പാരീസ് യൂണിവേഴ്സിററിയിലെ ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ ഫ്രഡറിക്കു് ഒസാനാം അല്മായരുടെ ഒരു പരോപകാരപ്രവർത്തന സംഘത്തിനു രൂപംകൊടുക്കുവാൻ ശ്രമിച്ചു. ഈ സംഘത്തിൻെറ മധ്യസ്ഥനായി ഒരു വിശുദ്ധനെ തിരഞ്ഞെടുക്കേണ്ടിയിരുന്നു. സംഘടനാംഗങ്ങൾ എല്ലാവരും ഐകകണ്ഠ്യേന വി. വിൻസെൻറിൻെറ പേരാണു് നിർദ്ദേശിച്ചതു്. ഈ മഹാസിദ്ധൻെറ പേരിൽത്തന്നെയാണു് പ്രസ്തുത സംഘടന ഇന്നും അറിയപ്പെടുന്നതു്.

വിൻസെൻറു് ഡി പോൾ സംഘടനാംഗങ്ങൾ ലോകമൊട്ടാകെ ചെയ്തുവരുന്ന ബൃഹത്തായ പരോപകാരപ്രവർത്തനങ്ങളെക്കുറിച്ചു് ആരും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ.

ആധുനികലോകത്തെ തുറിച്ചുനോക്കുന്ന പല ജീവൽ പ്രശ്നങ്ങൾക്കും വി. വിൻസെൻറിൻെറ ഉപദേശങ്ങൾ പരിഹാരം നിർദ്ദേശിക്കും. പട്ടിണിയുടെ പേരിൽ നിരീശ്വര നിർമ്മിത പ്രസ്ഥാനങ്ങൾ മുതലെടുക്കുവാൻ ശ്രമിക്കയാണല്ലോ. തൊഴിലാളി മുതലാളി പ്രശ്നങ്ങൾ അനുദിനം കൊട്ടമ്പിരിക്കൊള്ളുകയാണു്. ധനികനും ദരിദ്രനും തമ്മിലുള്ള വിടവു നികത്തുന്നതിനും തൊഴിലാളിയും മുതലാളിയും ഒരുപോലെ സംതൃപ്തിയിലും സുഭിക്ഷതയിലും കഴിഞ്ഞുകൂട്ടുന്നതിനും ക്രിസ്തുവിൻെറ തത്വങ്ങൾ ഇനിയും പ്രാവർത്തികമാക്കപ്പെടേണ്ടിയിരിക്കുന്നു. അവിടത്തെ പഠനങ്ങൾ പ്രായോഗികജീവിതത്തിൽ പകർത്തിക്കാട്ടുന്ന വി. വിൻസെൻറിൻെറ മാതൃകയും ഉപദേശങ്ങളും ആധുനികലോകത്തിൻെറ കെടുതികൾക്കു പരിഹാരം കണ്ടെത്തേണ്ടതെങ്ങനെയെന്നു പ്രായോഗികമായി കാണിച്ചുതരുന്നു.

ഈ ഗ്രന്ഥം വിൻസെൻഷ്യൻ ചൈതന്യത്തിൻെറ ഒരു സമാഹാരമാണു്. ക്രിസ്ത്യാനികൾക്കു മാത്രമല്ല ഈശ്വര വിശ്വാസികളായ ഏവർക്കും ഇതു് സ്വാഗതാർഹംതന്നെ. തങ്ങളുടെ വിശ്വാസത്തിനനുസരണം പ്രവർത്തിക്കുന്നതിനും മനുഷ്യർ തമ്മിൽ പരസ്പരധാരണയിലും സ്നേഹത്തിലും വർത്തിക്കുന്നതിനും ഇതിലേ ധർമ്മോക്തികൾ ഏവർക്കും ഉത്തേജനമരുളും.

ഇത്ര വിലയേറിയ ഒരു പ്രബന്ധം കേരളീയർക്കു സമ്മാനിച്ച രചയിതാവിനു് ഹൃദയംഗമമായ അനുമോദനങ്ങളർപ്പിച്ചുകൊള്ളുന്നു. നമ്മുടെ കത്തോലിക്കാസഹോദരങ്ങൾ എല്ലാവരും ഈ ഗ്രന്ഥം ഒരു പ്രാവശ്യമെങ്കിലും വായിച്ചിരുന്നെങ്കിൽ എന്നു ഞാനാശിക്കയാണു്. വിൻസെൻറു് ഡി പോൾ സംഘാംഗങ്ങളായ എൻെറ സഹോദരങ്ങളോടു് എനിക്കു പറയുവാനുള്ളതു് ഈ പുസ്തകത്തിലെ ഉള്ളടക്കം അവർ മനഃപാഠമാക്കേണ്ടതാണെന്നാണു്.

ക്രിസ്തുവിൻെറ പഠനങ്ങൾ ആധുനിക സാഹചര്യങ്ങളിൽ പ്രാവർത്തികമാക്കേണ്ടതെങ്ങനെയെന്നു് വരച്ചുകാട്ടുന്ന "വിൻസെൻഷ്യൻ ചൈതന്യ"ത്തെ അതർഹിക്കുന്ന ആദരവോടെ അനുവാചകർ സ്വാഗതംചെയ്യുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തെ പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്നു്,

മി. പി. എ. കുരുവിള, ബി. എ., ബി. എൽ.,

(മുൻസിപ്പൽ ചെയർമാൻ &

എറണാകുളം അതിരൂപതയിലെ

സെൻറു് വിൻസെൻറു് ഡി പോൾ സംഘം

സെൻട്രൽ കൌൺസിലിൻെറ പ്രസിഡൻറു്.)

എറണാകുളം,
വി. തോമ്മാശ്ലീഹായുടെ
ദുക്റാനതിരുനാൾദിനം,
1963.

## അദ്ധ്യായം ഒന്നു്

# പ്രവത്തന നിരതരായിരിക്കുക

### വി. വിൻസെൻറിൻെറ സൂക്തികഠം:

നമുക്കു ദൈവത്തെ സ്നേഹിക്കാം. പക്ഷേ, അതു നിരന്തരാദ്ധ്വാനംകൊണ്ടും നെററിയിലേ വിയപ്പുകൊണ്ടും ആയിരിക്കണം.

നല്ലതും പരിപൂണ്ണവുമായ പ്രവൃത്തിയാണു് ദൈവസ്നേഹത്തിൻെറ യഥാത്ഥ ലക്ഷണം. ഹൃദയവികാരങ്ങൾക്കനുസരണം കരങ്ങൾ പ്രവത്തനോന്മുഖമാകണം. സ്നേഹം സദാ പ്രവൃത്തിയിൽ പ്രത്യക്ഷപ്പെടണം.

ഓ, ഈശോ! വാനലോകംവിട്ടു് പാരിടത്തിലേക്കിറങ്ങുന്നതിനും ക്ലേശംനിറഞ്ഞ ഒരു ജീവിതം നയിക്കുന്നതിനും അതിദാരുണമായ ഒരു മരണം കൈവരിക്കുന്നതിനും അങ്ങയെ പ്രേരിപ്പിച്ച ആ സ്നേഹം എത്രയോ നിസ്സീമമാണു്! ആ സ്നേഹത്തിൻെറ ഒരു കണികയെങ്കിലും ഞങ്ങൾക്കുണ്ടായിരുന്നെങ്കിൽ; ഞങ്ങളുടെ സഹായം ആവശ്യമുള്ള അനേകായിരങ്ങളെ അവഗണിച്ചു് പ്രവത്തനരഹിതരായി കഴിഞ്ഞുകൂട്ടുമായിരുന്നില്ല.

• അലസത എത്ര വളരെ തിന്മകളെ ഉൽപാദിപ്പിക്കുന്നുവെന്നു നാം ഗ്രഹിച്ചിരുന്നെങ്കിൽ നരകത്തെയെന്നപോലെ അതിനെ വെറുത്തുപേക്ഷിക്കുമായിരുന്നു.

ദൈവസ്നേഹത്തിൻെറ പൂണ്ണത ആദ്ധ്യാത്മിക പാരവശ്യത്തിലല്ല; പ്രത്യുത, ദൈവേഷ്ടം വിശ്വസ്തതയോടെ നിറവേററുന്നതിലാണു് അടങ്ങിയിരിക്കുന്നതു്.

യഥാത്ഥ സ്നേഹം ഒരിക്കലും അലസമായിരിക്കയില്ല. വെളിച്ചവും ചൂടും നല്കുകയെന്നതാണല്ലോ അഗ്നിയുടെ സ്വ

ഭാവം. അതുപോലെ, മററുള്ളവരുമായി പങ്കുവച്ചനുഭവി ക്കുകയെന്നതാണ് ദൈവസ്നേഹത്തിൻെറ ലക്ഷണം. നമ്മു ടെ വസ്തുവകകളും ജീവൻതന്നെയും ഹോമിച്ചുകൊണ്ടു് ദൈ വത്തെ സ്നേഹിക്കുന്നതിനും അയൽക്കാരനെ സേവിക്കുന്നതി നും നാം സന്നദ്ധരായിരിക്കണം.

പാവപ്പെട്ടവരെ ശുശ്രൂഷിച്ചുകൊണ്ടു ജീവിക്കുക: ന മ്മുടെ നിത്യസൗഭാഗ്യം സുരക്ഷിതമാക്കാൻ ഇതിനേക്കാൾ നല്ല ഒരു മാർഗ്ഗം ഇല്ലതന്നെ.

പരിത്യാഗസമ്പൂർണ്ണമായ പുണ്യാഭ്യസനമാണ് വാസ്ത വത്തിൽ ഫലദായകം. ത്യാഗമില്ലെങ്കിൽ യോഗ്യതയുമില്ല.

പാപികൾ തങ്ങളെ സമീപിക്കുവാൻ പലരും കാത്തി രിക്കുന്നു. എന്നാൽ അവരെ അന്വേഷിച്ചു ചെല്ലുകയെന്ന തായിരിക്കണം നമ്മുടെ പ്രേഷിതപദ്ധതി.

സത്സംരംഭങ്ങളിൽ വളരെ നല്ലയാളുകൾക്കുപോലും പല വിഷമതകളും നേരിടാറുണ്ടു്. സ്വാഭാവികമായ ചാ ച്ചില്വകൾ ജയിച്ചടക്കുന്നതിലാണ് പുണ്യം അടങ്ങിയിരി ക്കുന്നതു്.

മന്ദോഷ്ണത നിത്യനാശത്തിലേക്ക് ഒരുവനെ വലിച്ചി ഴയ്ക്കുന്ന ആത്മീയാവസ്ഥയാണ്. ദൈവം ഈ സ്ഥിതിയെ വെറുക്കുന്നു. സ്വർഗ്ഗം ബലവശ്യമാണ്. അതു കൈവശ മാക്കുവാൻ നാം യുദ്ധം ചെയ്യണം. മാംസത്തിൻേറയും രക്ത ത്തിൻേറയും പ്രേരണകൾക്കെതിരായി അവസാനംവരെ നാം പോരാടേണ്ടിയിരിക്കുന്നു.

പ്രാർത്ഥനാരുപിയുള്ള ഒരുവനു് ഏതുകാര്യവും നിർവ്വ ഹിക്കുവാൻ കഴിയും.

വേണ്ടപോലെ കാര്യവിവേചനം ചെയ്തശേഷമേ പ്ര തിജ്ഞകൾ എടുക്കാവൂ; ഒരിക്കൽ എടുത്തുകഴിഞ്ഞാൽ ശ്ര ദ്ധാപൂർവ്വം നാം അവ നിറവേററുകയും വേണം.

നാം യഥാർത്ഥ പുണ്യമുള്ളവരാകണമെങ്കിൽ ഓരോ കാ ര്യത്തേയുംപററി പ്രായോഗികമായ പ്രതിജ്ഞകൾ എടുക്കു കയും അവ വിശ്വസ്തതയോടെ നിറവേററുകയും ചെയ്യേണ്ടി

യിരിക്കുന്നു. അല്ലാത്തപക്ഷം നാം കേവലം ഭാവനയിൽ മാത്രം പുണ്യമുള്ളവരായി പരിണമിക്കുന്നതാണ്.

വേല ചെയ്താൽ ആയുസ്സ് കുറഞ്ഞുപോകും എന്ന വ്യർത്ഥമായ ഭയം നമ്മെ ബാധിക്കാതിരിക്കട്ടെ. സ്വദേശത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന ഒരുവന് പരദേശവാസത്തിന്റെ ഹ്റസ്വത ഒരു നിർഭാഗ്യമെന്നോ? കഴിയുന്നതും നേരത്തെ ദൈവസന്നിധി പ്രാപിക്കുവാൻ ഒരു വിശ്വസ്താത്മാവിനു് ഇടയാകുക ഒരു നിർഭാഗ്യമായി പരിഗണിക്കാമോ?

## പ്രായോഗിക വിചിന്തനം:

വി. വിൻസെൻറ് ഡി പോൾ പല അവസരങ്ങളിലായി പ്രകടമാക്കിയിട്ടുള്ള ഈട്ടററ ചിന്താശകലങ്ങളാണ് നാമിപ്പോൾ കണ്ടവ. പരസ്നേഹ പ്രവൎത്തനങ്ങളുടെ പ്രാധാന്യം എത്രമാത്രമെന്നു് അവ വ്യക്തമാക്കുന്നുണ്ട്. ദൈവസ്നേഹത്തിന്റെ യഥാൎത്ഥ ലക്ഷണമാണ് പരസ്നേഹം. തന്നിൽത്തന്നേയും തനിക്കു പുറമേയും സദാ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തിതന്നെയായ (Pure Act) ദൈവത്തോടു മനുഷ്യൻ അവ വഴി കൂടുതൽ സദൃശപ്പെടുന്നു. അളവററ സ്നേഹത്താൽ ഇഹലോകത്തിലേക്കിറങ്ങിവന്ന രക്ഷകനായ ക്രിസ്തുവിനോടും മനുഷ്യൻ കൂടുതൽ അനുരൂപനായിത്തീരുന്നു. പ്രേഷിതപ്രവൎത്തനം വഴി സകലവിധ പുണ്യങ്ങളും നാം അഭ്യസിക്കുന്നുവെന്നു പറയാം. അതു നമ്മുടെ നിത്യരക്ഷയെ സുരക്ഷിതമാക്കുന്നു. അലസതയുടെ ദുരന്തഫലങ്ങളിൽനിന്നു നമ്മെ കാത്തുരക്ഷിക്കുന്നു. ഭാവനയിൽ മാത്രമല്ല പ്രായോഗിക ജീവിതത്തിലും അതു നമ്മെ യഥാർത്ഥ പുണ്യമുള്ളവരാക്കിത്തീർക്കുന്നു.

വിൻസെൻഷ്യൻ ചൈതന്യത്തിന്റെ ഒരവിഭാജ്യഘടകമാണ് പരസ്നേഹ പ്രവൎത്തനം. വി. വിൻസെൻറിന്റെ വിശുദ്ധിയുടെ അടിസ്ഥാനവും അതുതന്നെ. അദ്ദേഹത്തിന്റെ ജീവിതംതന്നെ മുകളിൽക്കണ്ട വിശിഷ്ടാശയങ്ങളുടെ ഒരു ശരിപ്പകർപ്പായിരുന്നു. പ്രവൎത്തനത്തിന്റെ ആ

വശ്യകത പ്രവത്തിച്ചുതന്നെ അദ്ദേഹം വ്യക്തമാക്കി. അസാധാരണവും അചിന്തനീയവുമായവിധം പ്രേഷിതപ്രവത്തനങ്ങളിലേപ്പെട്ട ഒരു വ്യക്തിയാണ് വി. വിൻസെൻറ് ഡി പോൾ. ഈയൊരു വിശേഷതവച്ചുനോക്കുമ്പോൾ മററു വിശുദ്ധരുടെ മദ്ധ്യേ വി. വിൻസെൻറിനു് ഒരു പ്രത്യേക സ്ഥാനംതന്നെയുണ്ട്. വിശുദ്ധൻ പറയുന്നു: "ദൈവത്തോടു നമ്മസല്ലാപം ചെയ്യുന്നതുകൊണ്ടു മാത്രം സന്തുഷ്ടരായിക്കഴിയുന്ന ഒരു കൂട്ടരുണ്ട്. എന്നാൽ പ്രാർത്ഥനാനന്തരം സേവനരംഗത്തേക്കിറങ്ങിച്ചെന്ന് സഹനസന്നദ്ധതയോടും ക്ഷമയോടുംകൂടി ആത്മാക്കൾക്കുവേണ്ടി വേലചെയ്യുന്നതിനോ, പാവപ്പെട്ടവരേയും അജ്ഞരേയും പഠിപ്പിക്കുന്നതിനോ, കാണാതെപോയ ആടുകളെ തേടിച്ചെന്ന് ആലയിലേക്ക് പുനരാനയിക്കുന്നതിനോ അവരാരും സന്നദ്ധരല്ല. ഇത്തരം പ്രേഷിതപ്രവത്തനങ്ങളെ അവർ അത്ര കാര്യമായി ഗണിക്കുന്നില്ല. ഉണ്ടെങ്കിൽത്തന്നെ, സാക്ഷാൽ രംഗത്തിറങ്ങി അടരാടാൻ തക്ക ധൈര്യമേ അവക്കില്ല. എത്ര വലിയ വഞ്ചന! സഹോദരങ്ങളേ, നമുക്കു നമ്മെത്തന്നെ വഞ്ചിക്കാതിരിപ്പാൻ സൂക്ഷിക്കാം. സേവനമനുഷ്ഠിക്കുക: അതാണ് നമ്മുടെ ഏക ജോലി."

വി, വിൻസെൻറു് പ്രവത്തനത്തെക്കുറിച്ചു് ഇങ്ങനെ ശക്തിയുക്തം പറഞ്ഞിരിക്കുന്നതുകൊണ്ട് അദ്ദേഹം പ്രാത്ഥനയെ തരംതാഴ്ത്തുകയോ ഉപേക്ഷിക്കുകയോ ചെയ്തുവെന്ന് നാം തെററിദ്ധരിക്കരുതു്. അദ്ദേഹത്തിൻെറ അഭിമതമനുസരിച്ച് പ്രാർത്ഥനയും പ്രവത്തനവും പരസ്പരം യാതൊരു ബന്ധവുമില്ലാത്ത രണ്ടു വസ്തുതകളല്ല; പ്രത്യുത, അവ ഒന്നുതന്നെയാണ്. പ്രവത്തിക്കുകയെന്നുവച്ചാൽ പ്രാർത്ഥിക്കുകയത്രേ. പ്രാത്ഥിക്കുകയെന്നുവച്ചാൽ പ്രവത്തിക്കുകയും. ഇതു് എപ്രകാരമാണെന്നു് നാം വിചാരിച്ചേക്കാം. വിശുദ്ധൻ തന്നെ പറയുന്നതു ശ്രവിച്ചാലും: "പണിയായുധങ്ങളില്ലാതെ നമുക്കു വേലചെയ്യുക സാദ്ധ്യമല്ല. ഒരു പ്രേഷിതനു പ്രാത്ഥനയാണു് തൻെറ പണിയായുധം. ഓരോ ദിവസത്തേയും സകല പ്രവൃത്തികളും പ്രാത്ഥനയിൽനിന്നാണ് രൂപം പ്രാപിക്കുന്നതു്. നാം നമ്മുടെതന്നെ ആന്തരിക വിശുദ്ധീകരണ

ത്തിനായി എത്രകണ്ട പ്രവൎത്തിക്കുന്നുവോ അതനുസരിച്ച് അയല്ക്കാരന്റെ ആത്മ വിശുദ്ധീകരണത്തിനുപകരിയ്ക്കുന്നതക്ക സൽഫലങ്ങൾ പുറപ്പെടുവിക്കുന്നതിനു നമുക്കു സാധിക്കും."

താൻ സ്ഥാപിച്ച "കോൺഗ്രിഗേഷൻ ഓഫ് ദി മിഷൻ" എന്ന സഭയുടെ അംഗങ്ങൾ പ്രാർത്ഥനയും പ്രവൎത്തനവും ഒരുമിച്ചു കൊണ്ടുപോകണമെന്നു് വി. വിൻസെൻറു് നിർദ്ദേശിച്ചു. പ്രാർത്ഥനവഴി ദൈവസ്നേഹവും സ്വർഗ്ഗീയ പ്രകാശവും സമ്പാദിച്ചശേഷം പ്രസ്തുത ദൈവസ്നേഹത്തിൽ മററുള്ളവരെക്കൂടി പങ്കുകാരാക്കുന്നതിനുവേണ്ടി അവർ പ്രവർത്തനരംഗത്തേക്കിറങ്ങിച്ചെല്ലുന്നു. "ആശ്രമത്തിൽ കർത്തൂസ്യൻ സന്യാസികളെപ്പോലെയും ആശ്രമത്തിനു വെളിയിൽ അപ്പോസ്തലന്മാരെപ്പോലെയും" വർത്തിക്കുവാനാണു് അദ്ദേഹം തന്റെ സഭാംഗങ്ങളെ ഉപദേശിച്ചതു്. പ്രാർത്ഥനയും പ്രവൎത്തനവും കലന്ന ഒരു മിശ്രജീവിതത്തിന്റെ സംഗ്രഹമായി ഈ ഉപദേശം സ്വീകരിക്കാം.

മററുള്ളവരോടു് ഉപദേശിച്ചിരുന്നതിനനുസരണം സ്വജീവിതത്തെ നിയന്ത്രിച്ചിരുന്നുവെന്നു് അദ്ദേഹത്തിന്റെ ജീവചരിത്രം തെളിയിക്കുന്നു. പാവപ്പെട്ടവരേയും രോഗപീഡിതരേയും ആദ്ധ്യാത്മികവും ലൗകികവുമായ സകലവിധ ആവശ്യങ്ങളിലും സഹായിക്കുവാൻ വി. വിൻസെൻറിനെപ്പോലെ പരിശ്രമിച്ചിട്ടുള്ള മററു വിശുദ്ധന്മാർ അധികമില്ല. എന്നാൽ ഈ പ്രവൎത്തനങ്ങളുടെയെല്ലാം മദ്ധ്യേ അനുദിനം ഒരു നിശ്ചിതസമയം ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി അദ്ദേഹം നീക്കിവച്ചിരുന്നു. തിരുസക്രാരിയിൽ പള്ളികൊള്ളുന്ന ദിവ്യനാഥനോടു് ആലോചിക്കാതെ അദ്ദേഹം യാതൊരു സംരംഭത്തിലും ഏർപ്പെട്ടിരുന്നില്ല.

വിശുദ്ധി ഒരു വലിയ ശക്തിയാണു്. ദൈവത്തേയും അവിടത്തോടു ബന്ധപ്പെട്ട കാര്യങ്ങളേയും കുറിച്ചു് ഒരു പ്രത്യേകവെളിച്ചം അതുവഴി മനുഷ്യനു ലഭിക്കുന്നു. ഒരുവൻ പാപിഷ്ഠനോ ദൈവദൂഷകനോ അലസനോ അസന്മാൎഗ്ഗിയോ ആകാതിരുന്നാൽ മാത്രം പോരാ; ദൈവത്തെ ആരാധിക്കുകയും സേവിക്കുകയും ആത്മാക്കളുടെ രക്ഷാർത്ഥം പ്രവർത്തി

ക്കുകയും ചെയ്തുകൊണ്ട് ഒരു യഥാർത്ഥ ദൈവദാസനായി ത്തീരേണ്ടവനാണെന്നു് വി. വിൻസെൻറു് നന്നായി ഗ്രഹി ച്ചിരുന്നു. അതുകൊണ്ടാണു് അദ്ദേഹം പറഞ്ഞതു്, "നാം പരിശുദ്ധമായ കരങ്ങളോടുകൂടി ദൈവത്തെ സമീപിക്കുന്ന തുകൊണ്ടുമാത്രം തൃപ്തിപ്പെടരുതു്; പിന്നെയോ പ്രസ്തുത കര ങ്ങൾ ഫലസമൃദ്ധങ്ങളായിരിക്കണം" എന്നു്. അതായതു് ഒരു പ്രേഷിതൻ തെരുവുകളിലേക്കും വ്യാപാരകേന്ദ്രങ്ങളി ലേക്കും ഇറങ്ങിച്ചെന്നു് കർത്താവിൻെറ മുന്തിരിത്തോട്ടമാ കുന്ന ആത്മാക്കളിൽ പുണ്യഫലങ്ങൾ ഉളവാക്കുമാറു് വേല യെടുക്കണം.

സുവിശേഷത്തിൽനിന്നാണു് തൻെറ ആദ്ധ്യാത്മിക ചൈതന്യം വി. വിൻസെൻറു് സകന്റെടുത്തതു്. കർത്താവു് ഫലം തരാത്ത അത്തിവൃക്ഷത്തെ ശപിച്ചതിൻെറ ആന്ത രാർത്ഥം വി. വിൻസെൻറു് ശരിക്കും ഗ്രഹിച്ചിരുന്നു. അവ സാന വിധിദിവസം പ്രഭയോടും പ്രഭാവത്തോടുംകൂടി പ്രത്യ ക്ഷപ്പെടാനിരിക്കുന്ന വിധിയാളനായ കർത്താവു് പരസ്നേഹ പ്രവൃത്തികളുടെ മാനദണ്ഡംവച്ചുകൊണ്ടാണു് തൻെറ വിധി വാചകം ഉച്ചരിക്കുക: "എൻെറ പിതാവിനാൽ അനുഗ്ര ഹിക്കപ്പെട്ടവരേ, വരുവിൻ; അനാദിമുതൽ നിങ്ങൾക്കായി ഒരുക്കിവച്ചിരിക്കുന്ന നിത്യസൗഭാഗ്യത്തിലേക്കു പ്രവേശി പ്പിൻ; എന്തുകൊണ്ടെന്നാൽ, എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു......" "എൻെറ കുഞ്ഞുമ ക്കളേ, നാവുകൊണ്ടും വചനംകൊണ്ടുംമാത്രമല്ല, പ്രത്യുത പ്രവൃത്തിയിലും സത്യത്തിലും നമുക്കു് പരസ്പരം സ്നേഹി ക്കാം." ഇങ്ങനെ പരസ്നേഹത്തിൻെറ പ്രാധാന്യം സ്പതരാം വ്യക്തമാക്കുന്ന വേദപുസ്തകവാക്യങ്ങൾ വി. വിൻസെൻറു് പലപ്പോഴും ഉദ്ധരിക്കുകയും പരസ്നേഹകൃത്യങ്ങളിലേർപ്പെടു വാൻ തൻെറ ശിഷ്യഗണത്തിനു പ്രചോദനംനല്കുകയും ചെ യ്തിരുന്നു. ഒരിക്കൽ അദ്ദേഹം കർദ്ദിനാൾ റിച്ചെല്യുവിനോടു പറഞ്ഞ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണു്: "ഒരു വൈ ദികൻ ഒരിക്കലും വിശ്രമിക്കുന്നില്ല" (A priest never rests). അഹോരാത്രം പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാ പൃതനായിരുന്ന വി. വിൻസെൻറിൻെറ ജീവിതപരിപാടി

യുടെ ഒരു സംഗ്രഹമാണ് ഈ വാക്യശകലം. അങ്ങനെ വിൻസെൻറച്ചൻ എല്ലായിടത്തും എല്ലായ്പോഴും പ്രവർത്തനത്തിൻെറ ഒരു പര്യായമായിരുന്നു. തൻെറ വിശ്വാസത്തിനനുസരണം പ്രവൎത്തിക്കുകയും പ്രസ്തുത വിശ്വാസത്തെപ്രതി വേണ്ടിവന്നാൽ ജീവൻകൂടി ഹോമിക്കുകയും ചെയ്യുന്നതിന് ആ കൎമ്മപടു തയ്യാറായിരുന്നു. എത്ര ജോലിത്തിരക്കുള്ള സമയത്തും ആത്മാക്കൾക്കു സേവനഹസ്തം നീട്ടിക്കൊടുക്കേണ്ട ആവശ്യം വന്നാൽ, ആ അവസരത്തെ പാഴാക്കാതിരിപ്പാൻ ആ ത്യാഗസമ്പന്നൻ സദാ കരുതലുള്ളവനായിരുന്നു. നിസ്സ്വാർത്ഥസേവനം, വിശ്രമരഹിതമായ പ്രവൎത്തനം — ഇതായിരുന്നു അദ്ദേഹത്തിൻെറ കൎമ്മപരിപാടി. ആത്മാക്കളിൽ മിശിഹായെ ദർശിച്ചുകൊണ്ട് അവരെ സേവിക്കുകയും അങ്ങനെ അവരെ മിശിഹായ്ക്കു നേടിക്കൊടുക്കുകയും ചെയ്യുകയെന്നതായിരുന്നു, അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങൾക്കു നിദാനമായിരുന്ന തത്വം.

## അദ്ധ്യായം രണ്ട്

# നിയോഗശുദ്ധത പാലിക്കുക

### വി. വിൻസെൻറിൻെറ സൂക്തികൾ:

ദൈവസേവനത്തിനായി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നവർ അനുഗൃഹീതരാകുന്നു. എപ്പോഴും എല്ലാക്കാര്യങ്ങളിലും സ്വർഗ്ഗസ്ഥനായ പിതാവിൻെറ മഹത്വവും അവിടുത്തേ നീതിയുംമാത്രം അന്വേഷിക്കുക എന്നതായിരുന്നു ഈശോമിശിഹായുടെ ജീവിതലക്ഷ്യം.

നമ്മിലും മററുള്ളവരിലും ദൈവരാജ്യം സ്ഥാപിതമാകുവാൻവേണ്ടി യത്നിക്കുക: ഹാ! എത്ര മോഹനമാണ് ആ ജീവിതം. അതു മാനുഷികമല്ല; പ്രത്യുത, വാനവസദൃശമാണ്.

നമ്മുടെ പ്രവൃത്തികളെ ദൈവതിരുമുമ്പിൽ വിലയുള്ളതും യോഗ്യതാസമ്പൂർണ്ണങ്ങളുമാക്കിത്തീർക്കുന്നതു് ശുദ്ധനിയോഗമാണ്,

ഒരു വസ്തു എങ്ങനെയാണ് വളരെ വിലപ്പിടിപ്പുള്ളതായിത്തീരുന്നതു്? അതു നെയ്യപ്പെട്ട വസ്തുവിനെ ആധാരമാക്കിയാണോ? പലപ്പോഴും അങ്ങനെയല്ല. പ്രസ്തുത വസ്തുത്തിന്മേൽ പതിച്ചിരിക്കുന്ന മുത്തുകളും വജ്റക്കല്ലുകളും അതിനു ചുററും തുന്നിപ്പിടിപ്പിച്ചിരിക്കുന്ന സുവർണ്ണലേയ്സുകളും റേന്തകളും നിമിത്തമാണ്. ഇപ്രകാരം തന്നെയാണ് ആദ്ധ്യാത്മിക ജീവിതത്തിലും. കേവലം സൽപ്രവൃത്തികൾ ചെയ്തുകൊണ്ടുമാത്രം നമ്മൾ തൃപ്തിയടയരുതു്. ദൈവേഷ്ടം നിറവേററുകയും അവിടുത്തേ മഹത്വപ്പെടുത്തുകയും ചെയ്യുക എന്ന ഏക ലക്ഷ്യം മുൻനിറുത്തി സമുന്നതവും ശുദ്ധവുമായ നിയോഗത്തോടുകൂടി സൽപ്രവൃത്തികൾ ചെയ്തുകൊണ്ട് അവയെ പരമാവധി യോഗ്യതയുള്ളവയാക്കിത്തീർക്കുവാൻ ശ്രമിക്കണം.

നാം എത്രതന്നെ പ്രേഷിതപ്രവർത്തനങ്ങളിലേർപ്പെട്ടാലും അവ വേണ്ടപോലെ നന്നായി ചെയ്യുന്നില്ലെങ്കിൽ യാതൊരു ഫലവുമുണ്ടാകയില്ല. അയല്ക്കാരനെ സേവിക്കുന്നതിനായി നമുക്കു നമ്മെത്തന്നെ മുഴുവനായി സമർപ്പിക്കാം. വേണ്ടിവന്നാൽ നമ്മുടെ വസ്തുങ്ങൾ കൊട്ടത്തുപോലും അവനെ ഉദ്ധരിക്കുവാൻ നാം സന്നദ്ധരാകണം. ക്രിസ്തുരാജ്യത്തിൻെറ വിസ്തൃതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി നമുക്കു നമ്മുടെ ജീവിതം ഉഴിഞ്ഞുവെയ്ക്കാം.

മനുഷ്യസ്തുതി സമ്പാദിക്കുവാൻവേണ്ടി പ്രവത്തിക്കുന്നതിനേക്കാൾ ഭേദം, കൈകാലുകൾ കെട്ടി ജ്വലിക്കുന്ന അഗ്നികുണ്ഡത്തിലേക്കു് എറിയപ്പെടുകയാണു്.

“ഞാനാണീ പ്രവൃത്തി ചെയ്തതെ”ന്ന വീരവാദം ഒരിക്കലും നമ്മിൽനിന്നു ഉയരാതിരിക്കട്ടെ. കാരണം, നന്മയായിട്ടെന്തെങ്കിലും നാം ചെയ്തിട്ടുണ്ടെങ്കിൽ അതു ചെയ്യുവാൻ കത്താവാണു് നമ്മെ പ്രാപ്തരാക്കിയതു്. നമ്മുടെ എല്ലാപ്രവൃത്തികളും അങ്ങിലും അങ്ങേയ്ക്കുവേണ്ടിയും നമ്മൾ ചെയ്യണം.

ദൈവസ്നേഹം ഒരഗ്നികുണ്ഡമാണെങ്കിൽ ആത്മരക്ഷയിലുള്ള ശുഷ്കാന്തി അതിൻെറ ജ്വാലയാണു്; ദൈവസ്നേഹം സൂര്യനെങ്കിൽ ആത്മീയ ശുഷ്കാന്തി അതിൻെറ രശ്മിയാണു്.

സദാ ദൈവത്തിൻെറ മഹത്വം അന്വേഷിക്കുകയും അവിടുത്തെ രാജ്യം ആത്മാക്കളിൽ സംസ്ഥാപിതമാകുവാൻ ദൈവവിളിക്കനുസരണം പ്രവത്തിക്കുകയും ചെയ്യുന്നെങ്കിൽ നമുക്കു യാതൊരു പോരായ്മയും ഉണ്ടാകയില്ല.

• ലൗകികമായ ഉദ്ദേശ്യങ്ങൾ സാധിക്കുവാൻ സൽപ്രവൃത്തികൾ ഉപകരണമാക്കരുതെന്നു് ദൈവം ആഗ്രഹിക്കുന്നു.

പാപികളുടെ മാനസാന്തരംപോലെ അത്ര മഹത്വപൂർണ്ണമോ അഭിലഷണീയമോ ആയ ഒന്നില്ല. അതിനുവേണ്ടി പ്രയത്നിക്കുകയെന്നതാണു് ഏററം ഉന്നതമായ പ്രേഷിതവൃത്തി.

നാം ദൈവത്തെ സ്നേഹിച്ചാൽമാത്രം പോരാ; മററുള്ളവർ അവിടുത്തെ സ്നേഹിക്കുവാൻ ഇടയാക്കുകയുംവേണം.

നമ്മോടൊപ്പം അയല്ക്കാരനും ദൈവത്തെ സ്നേഹിക്കുന്നില്ലെങ്കിൽ നമ്മുടെ ദൈവസ്നേഹം പൂർണ്ണമല്ല.

നമ്മുടെ പ്രവൎത്തനങ്ങളുടെ വിജയത്തെയല്ല, പ്രത്യുത അവയ്ക്കു പ്രേരകമായി നില്ക്കുന്ന ഉപവിയെയാണു ദൈവം പരിഗണിക്കുന്നതു്.

നമ്മുടെ സമ്പാദ്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു്, സർവ്വോപരി ദൈവരാജ്യം വിസ്തൃതമാക്കുന്നതിനു നമുക്കു കൂടുതൽ ശ്രദ്ധപതിക്കാം. അവിടുത്തെ കാര്യങ്ങൾ മാത്രം നാം അന്വേഷിക്കണം; അവിടുന്നു നമ്മുടെ കാര്യം നടത്തിക്കൊള്ളും.

മററുള്ളവരോടു യോജിച്ചുപോകുന്നതിനു് സ്വന്തം സൗകര്യങ്ങൾ കഴിയുന്നത്ര ബലികഴിക്കുവാൻ സദാ നാം തയ്യാറായിരിക്കണം.

പുതിയ പുതിയ സ്ഥാപനങ്ങൾ ഏറെറടുക്കുവാൻ നാം പ്രത്യക്ഷമായോ പരോക്ഷമായോ പരിശ്രമിക്കരുതു്. വാസ്തവത്തിൽ നമ്മൾ നല്ലവരെങ്കിൽ ഒരിക്കലും സ്ഥാപനങ്ങളുടെ കാര്യത്തിൽ നമുക്കു കുറവുണ്ടാകയില്ല. എന്നാൽ നാം നല്ലവരല്ലെങ്കിൽ ഇപ്പോൾ ഉള്ളവതന്നെ നാം അർഹിക്കുന്നില്ലെന്നുവേണം കരുതാൻ.

## പ്രായോഗിക വിചിന്തനം:

വിശ്രമരഹിതനായി നിരന്തരം പരോപകാരപ്രവൎത്തനങ്ങളിലേർപ്പെട്ടിരുന്ന ഒരു വലിയ കർമ്മപടുവായ വിശുദ്ധ വിൻസെൻറിനെക്കുറിച്ചു് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചു. എന്നാൽ പ്രസ്തുത പ്രവൎത്തനങ്ങളെ എങ്ങനെ അദ്ദേഹം ദൈവദൃഷ്ടിയിൽ യോഗ്യതാസമ്പൂർണ്ണമാക്കിപ്പകർത്തിയെന്നുള്ളതാണു് ഈ അദ്ധ്യായത്തിൽ വിചിന്തനം ചെയ്യുന്നതു്.

നാനാമുഖങ്ങളായ പ്രവൎത്തനമണ്ഡലങ്ങളിൽ മനുഷ്യർ വിശ്രമരഹിതരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണു നാം ഭൂമുഖത്തെവിടെയും ദർശിക്കുക. ബിസിനസ്സുകാർ തങ്ങളുടെ ബിസിനസ്സിൻെറ അഭിവൃദ്ധിക്കായി സദാ പുതിയ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. രാപ

കലെന്യേ തങ്ങളുടെ വ്യാപാരത്തിന്റെ അഭിവൃദ്ധിക്കായി വേലചെയ്യുന്ന വ്യാപാരികളേയും നാം കാണുന്നുണ്ട്. യൂണിവേഴ്സിററി വിദ്യാത്ഥികൾ തല ചുട്ടുപഠിച്ച് ഡിഗ്രികളും ഡിപ്ലോമാകളും കരസ്ഥമാക്കുവാൻ കിണഞ്ഞു പരിശ്രമിക്കുന്നു. ധനവാന്മാർ വളരെയേറെ ധനം വ്യയംചെയ്ത് കീർത്തിയും പ്രതാപവും സുഖവുംതേടി ദേശസഞ്ചാരം ചെയ്യുന്നു. പൊതുജനസമ്മതിയും മതിപ്പും സമ്പാദിക്കുവാൻ വേണ്ടി സ്വന്തം സുഖസൗകര്യാദികളെല്ലാം ത്യജിച്ച് പൊതുജനസേവനമനുഷ്ഠിക്കുന്ന സാമുദായിക നേതാക്കന്മാരും രാഷ്ട്രീയ പ്രവത്തകരും ഒട്ടും കുറവല്ല. ഇങ്ങനെ വിവിധ തുറകളിൽ അനേകംപേർ അസാധാരണമായ ധിഷണാവിലാസത്തോടുകൂടി പ്രവത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വി. വിൻസെൻറിന്റെ പ്രവത്തനങ്ങളെല്ലാം എന്തുകൊണ്ടാണ് നാം പ്രത്യേകം പഠിക്കുന്നതു്? അവരുടെ പ്രവത്തനങ്ങളും വി. വിൻസെൻറിന്റെ പ്രവത്തനങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒററവാക്കിൽ "നിയോഗശുദ്ധത" എന്നു പറയാം. അതേ, ശുദ്ധനിയോഗമാണ് അനുസ്യൂതം പ്രവർത്തിച്ചുകൊണ്ടിരുന്ന വിൻസെൻറച്ചനെ വിശുദ്ധ വിൻസെൻറാക്കിത്തീർത്തതു്. ലൗകായതികർ സ്വാത്ഥതാൽപര്യങ്ങളാൽ പ്രേരിതരായി ധനത്തിനും മാനത്തിനും പേരിനും പെരുമയ്ക്കുംവേണ്ടി പണിയെടുത്തപ്പോൾ വി. വിൻസെൻറു് ദൈവമഹത്വത്തിനു വേണ്ടിമാത്രം പ്രയത്നിച്ചു. ഒന്നു കേവലം സ്വാഭാവികം; മററതു് തികച്ചും അതിസ്വാഭാവികം. അവസാന വിധിദിവസം മനുഷ്യനെ ഭയചകിതനാക്കിത്തീർക്കും ആദ്യത്തേതു്. എന്നാൽ അതിസ്വാഭാവികനിയോഗത്താൽ പ്രചോദിതനായി പ്രവത്തിക്കുന്നവൻ സ്വഗ്ഗവും നിത്യമഹത്വവും സ്വായത്തമാക്കുന്നു.

ശുദ്ധനിയോഗത്തെപ്പററി എത്രതന്നെ പറഞ്ഞാലും എഴുതിയാലും വിൻസെൻറിനു് മതിവരുകയില്ലായിരുന്നു. പാചകജോലി നിവ്വഹിച്ചിരുന്ന ഒരു തുണസഹോദരനുള്ള എഴുത്തിൽ ഇപ്രകാരം കാണുന്നു: "സകലതും ദൈവത്തെപ്രതി" എന്നുള്ള ശുദ്ധനിയോഗം നാം ശ്രദ്ധാപൂവ്വം പുതുക്കണം.

അങ്ങനെ നമ്മുടെ വേലകളിൽ യാതൊന്നും നഷ്ടപ്പെട്ടുപോകാതെ എല്ലാം അളവററ വിലയുള്ളവയാക്കിപ്പകത്തണം.

"എൻെറ മഹത്വമല്ല; പിന്നെയോ എന്നെ അയച്ചവൻെറ മഹത്വമാണു് ഞാൻ അന്വേഷിക്കുന്നതു്," എന്നുള്ള നമ്മുടെ കത്താവിൻെറ വാക്കുകളെക്കുറിച്ചു് ധ്യാനിക്കുവാൻ വിൻസെൻറു് ഇഷ്ടപ്പെട്ടിരുന്നു. ഉച്ചയ്ക്കുമുൻപും ഉച്ച കഴിഞ്ഞും രണ്ടോ മൂന്നോ പ്രാവശ്യം പ്രഭാതസമർപ്പണം നവീകരിക്കണമെന്നു് അദ്ദേഹം തൻെറ സഭാംഗങ്ങളെ ഉപദേശിച്ചിരുന്നു.

അബെല്ലിയുടെ അഭിമതമനുസരിച്ചു് ശുദ്ധ നിയോഗമാണു് വിൻസെൻറിൻെറ സകല പ്രവർത്തനങ്ങളുടേയും ജീവനാഡി. ഈ സുകൃതത്തെ അവഗണിച്ചിരുന്നവരെക്കുറിച്ചു് അദ്ദേഹം പറഞ്ഞിരുന്നതു്, അവർ തങ്ങളുടെ മാംസത്തിൻേറയും രക്തത്തിൻേറയും, പ്രേരണയനുസരിച്ചു പ്രവർത്തിക്കുന്നുവെന്നാണു്. ശുദ്ധ നിയോഗത്തിൻെറ മാനദണ്ഡം വച്ചുകൊണ്ടായിരിക്കും നിത്യവിധിയാളനായ മിശിഹാ നമ്മെ വിധിക്കുന്നതു്.

ദൈവമഹത്വത്തെപ്രതി ദരിദ്രർക്കു് സുവിശേഷം അറിയിക്കുന്നതിനും വൈദികാത്ഥികളെ പരിശീലിപ്പിക്കുന്നതിനുംവേണ്ടിയാണു് വി. വിൻസെൻറു് "കോൺഗ്രിഗേഷൻ ഓഫ് ദി മിഷൻ" സ്ഥാപിച്ചതു്. ഈ ഉദ്ദേശ്യങ്ങൾ തൻെറ സഭയ്ക്കു നിർദ്ദേശിച്ചുകൊടുക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് നമ്മുടെ കത്താവീശോമിശിഹായുടെ മാതൃകതന്നെയാണു്. "ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്നു് എന്നെ അയച്ചു" എന്നാണല്ലോ മിശിഹായുടെ ആഗമനലക്ഷ്യത്തെക്കുറിച്ചു് വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതു്. കൂടാതെ, ഇഹലോകത്തിലെ ചുരുങ്ങിയ ജീവിതകാലത്തു് പന്ത്രണ്ടു വൈദികരെ അവിടുന്നു പരിശീലിപ്പിച്ചു. ഈ രണ്ടു ലക്ഷ്യങ്ങളാണു് വിൻസെൻറു് തൻെറ സഭാംഗങ്ങൾക്കു് നിർദ്ദേശിച്ചുകൊടുത്തതും. മിശിഹായുടെ ഉദ്ദേശ്യങ്ങൾതന്നെ സ്വീകരിച്ചതിനാൽ അദ്ദേഹം സ്വാത്ഥതാൽപര്യങ്ങളാൽ പ്രേരിതനായിരുന്നുവെന്നു പറയുവാൻ പാടില്ല. പട്ടണങ്ങളിലും മററും ധാരാളം വൈദികർ ഉണ്ടാ

യിരുന്നതിനാൽ പട്ടണവാസികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ പ്രയാസമെന്യേ നിർവ്വഹിക്കപ്പെട്ടുപോന്നു. എന്നാൽ ഗ്രാമങ്ങളിലെ സ്ഥിതി അതല്ലായിരുന്നു. വൈദികരുടെ കുറവുനിമിത്തം പാവപ്പെട്ട ഗ്രാമീണർക്ക് ആദ്ധ്യാത്മികാവശ്യങ്ങളിൽ വേണ്ടത്ര സഹായം ലഭിച്ചിരുന്നില്ല. ഈ പ്രശ്നത്തിനു് ഒരു പരിഹാരമുണ്ടാക്കുവാനാണു് വിൻസെൻറു് "കോൺഗ്രിഗേഷൻ ഓഫ് ദി മിഷൻ" എന്ന സഭ സ്ഥാപിച്ചതു്. അദ്ദേഹം ഒരു വൈദികനു് എഴുതിയ എഴുത്തിൽ ഇപ്രകാരം കാണുന്നു. "മററാരുടേയും എന്നതിനേക്കാൾ പാവപ്പെട്ട ഗ്രാമീണരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്നതിലായിരിക്കണം താങ്കളുടെ ശ്രദ്ധ കൂടുതലായി പതിയേണ്ടതു്." അങ്ങനെ സുഖവും സൗകര്യവും പരിത്യജിച്ചു് ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും മാത്രം മുൻനിറുത്തി പ്രവർത്തിക്കുവാൻ അദ്ദേഹം തൻെറ സഭാംഗങ്ങളെ ഉപദേശിച്ചു. എത്ര ഉന്നതമായ ശ്രദ്ധ നിയോഗത്തോടെയാണു് വിൻസെൻറു് കോൺഗ്രിഗേഷൻ ഓഫ് ദി മിഷൻ സ്ഥാപിച്ചതെന്നു് ഇപ്പറഞ്ഞവയിൽനിന്നെല്ലാം ഗ്രഹിക്കാം.

വിൻസെൻറു് മനുഷ്യൻെറ ആത്മാവിനേയും ശരീരത്തേയും — മനുഷ്യനെ മുഴുവൻ — സ്നേഹിച്ചു. അതുകൊണ്ടാണു് ആത്മാവിനും ശരീരത്തിനും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുവാൻ അദ്ദേഹം സന്നദ്ധനായതു്. ശരീരത്തെ അവഗണിച്ചുകൊണ്ടു് ആത്മാവിൻെറ കാര്യം അന്വേഷിക്കുക അത്ര വിജയപ്രദമായിരിക്കയില്ലെന്നു് അദ്ദേഹം മനസ്സിലാക്കി. "ശരീരത്തെ ശുശ്രൂഷിച്ചുകൊണ്ടു് ആത്മാവിനെ നേടുക" — അതായിരുന്നു അദ്ദേഹത്തിൻെറ പ്രേഷിതപരിപാടി. ഈ ഉദ്ദേശ്യം പ്രായോഗികമാക്കുവാനാണു് അദ്ദേഹം ഉപവിയുടെ സഹോദരീസംഘം സ്ഥാപിച്ചതു്. രോഗികളെ ശുശ്രൂഷിക്കുക, ദരിദ്രർക്കു സഹായം നല്കുക, അനാഥരേയും ആലംബഹീനരേയും തങ്ങളുടെ മന്ദിരങ്ങളിൽ കൊണ്ടുവന്നു താമസിപ്പിച്ചു വേണ്ട പരിചരണങ്ങൾ ചെയ്യുക മുതലായ പരസ്നേഹപ്രവൎത്തനങ്ങളാണല്ലോ ഈ സഹോദരീസംഘാംഗങ്ങൾ ചെയ്യുന്നതു്. അവർ തങ്ങളുടെ വിനീതമായ ജീവിതരീതിയിൽനിന്നു് ഒരിക്കലും വ്യതിച

ലിക്കരുതെന്നു് വിൻസെൻറു് പ്രത്യേകം ഊന്നിപ്പറഞ്ഞിരുന്നു: "പാവങ്ങളെ യജമാനന്മാരെപ്പോലെ സേവിക്കുവിൻ; എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവു് അവരിലും അവർ കർത്താവിലും വിശ്വസിക്കുന്നു." ഇതിലുപരി അതിസ്വാഭാവികമായ എന്തൊരു വീക്ഷണഗതിയും നിയോഗ ശുദ്ധതയുമാണു് ഒരു പ്രേഷിതനിൽനിന്നു് നമുക്കു പ്രതീക്ഷിക്കാവുന്നതു്? ആശുപത്രികൾ, അനാഥശാലകൾ, സാധുജനമന്ദിരങ്ങൾ, യാചകകേന്ദ്രങ്ങൾ മുതലായ സ്ഥാപനങ്ങളുടെ നടത്തിപ്പിലേക്കായി ഉദാരമതികൾ ദാനം ചെയ്തിരുന്ന വളരെയേറെപ്പണം വിൻസെൻറിനു കൈകാര്യംചെയ്യേണ്ടതായി വന്നിട്ടുണ്ടു്. എന്നാൽ ഈ വരുമാനത്തിൽനിന്നു് ഒരു പൈസാപോലും സ്വന്തം കാര്യങ്ങൾക്കോ താൻ സ്ഥാപിച്ച സഭയുടെ അഭിവൃദ്ധിക്കോ ആയി അദ്ദേഹം ചെലവാക്കിയിട്ടില്ല. രാജ്ഞിയുടെ രഹസ്യാലോചനാസംഘത്തിലെ (Council of conscience) ഒരംഗമെന്നനിലയിൽ വളരെ ഉത്തരവാദിത്വമുള്ള ഒരു ജോലി വിൻസെൻറു് കുറേനാൾ നിർവഹിച്ചിരുന്നു. ഈയവസരത്തിൽ ഓരോരോ ജോലിയും സ്ഥാനമാനവും മററും വ്യാമോഹിച്ചു് പലരും അദ്ദേഹത്തിനു കൈക്കൂലി വച്ചു നീട്ടിയിട്ടുണ്ടു്. എന്നാൽ സർവ്വോപരി നീതിബോധമുള്ളവനായിരുന്ന നമ്മുടെ വിശുദ്ധൻ അവയെല്ലാം നിരസിക്കയാണുണ്ടായതു്. ഈ നിരാസം നിമിത്തം വളരെയേറെ നിന്ദനങ്ങളും അവഹേളനങ്ങളും അദ്ദേഹത്തിനു സഹിക്കേണ്ടതായും വന്നിട്ടുണ്ടു്.

വിൻസെൻറച്ചൻ കപ്പലടിമകളുടെ താവളങ്ങളിലേക്കു കടന്നുചെന്നു് അവക്കു് ആദ്ധ്യാത്മികവും ലൗകികവുമായ സേവനങ്ങൾ ചെയ്തുകൊടുത്തു. തൻെറ പ്രേഷിതപ്രവർത്തനങ്ങളിൽ അദ്ദേഹം പാലിച്ച നിയോഗശുദ്ധതയാണു് ഇത്ര നിസ്സ്വാർത്ഥമായ സേവനങ്ങൾ പ്രസ്പഷ്ടമാക്കുന്നതു്. അദ്ദേഹത്തിൻെറ ജീവചരിത്രകാരനായ അബെല്ലി പറയുന്നതുപോലെ, നിയോഗശുദ്ധതയായിരുന്നു അദ്ദേഹത്തിൻെറ സകല പ്രവർത്തനങ്ങളുടേയും ജീവനാഡിയെന്നു് ഈ സംഭവങ്ങൾ തെളിയിക്കുന്നു.

ഇങ്ങനെ തൻെറ പ്രേഷിതപ്രവത്തനങ്ങളിൽ വ്യവസ്ഥാപിതമായ ഒരു ആദ്ധ്യാത്മികമാനദണ്ഡം വച്ചുകൊണ്ടു

വിൻസെൻറ് വിശുദ്ധിയുടെ ഉന്നതപദവി പ്രാപിച്ചു. പ്രഥമതഃ സ്വന്തം ആത്മവിശുദ്ധീകരണം സാധിക്കുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളുടെ ലക്ഷ്യം. ഇത്തരം പരസ്നേഹപ്രവൎത്തനങ്ങളിൽ തൻെറ സഹപ്രവർത്തകരായി വർത്തിച്ചവരെ ആദ്ധ്യാത്മികമൂല്യങ്ങളുടെ വെളിച്ചത്തിൽ വിശുദ്ധീകരിക്കുവാൻ അദ്ദേഹം നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. അവരുടെ പ്രേഷിതവേലകൾ ശാശ്വതമായ ഫലം പുറപ്പെടുവിക്കുവാൻവേണ്ടി തികഞ്ഞ ആന്തരികജീവിതത്തിൻെറ മാൎഗ്ഗത്തിലൂടെ അവരെ അദ്ദേഹം നയിച്ചു. ഉപവിയുടെ വിശുദ്ധാഗ്നി അദ്ദേഹം അവരിൽ ഊതിക്കത്തിച്ചു. തങ്ങളിൽ കത്തിക്കാളുന്ന പ്രസ്തുതസ്നേഹാഗ്നിയാൽ മററുള്ളവരെ ചൂടുപിടിപ്പിക്കുന്നതിനു വേണ്ടി അവരെ അദ്ദേഹം ആന്തരികജീവിതത്തിൽ അടിയുറച്ചവരാക്കി.

ബാഹ്യമായ പ്രേഷിത പ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടിരിക്കുന്നവൎക്ക് ഒരുത്തമ മാതൃകയാണ് വി. വിൻസെൻറ്. ഇത്തരം പ്രേഷിതർ ഏതുതരത്തിലുള്ള പ്രവൎത്തനപദ്ധതിയാണു സ്വീകരിക്കേണ്ടതെന്നു വിൻസെൻറിൻെറ മാതൃകയിൽനിന്നും ഉപദേശങ്ങളിൽനിന്നും ഗ്രഹിക്കാം. ഈ മാർഗ്ഗത്തെ അനുധാവനം ചെയ്യാത്തവർ സാധാരണ പ്രവൎത്തനസ്വഭാവക്കാർ ചെന്നുചാടാറുള്ള അപകടത്തിൽ കുടുങ്ങിപ്പോകും. പ്രവൎത്തനബാഹുല്യത്താൽ ആന്തരികജീവിതത്തെ ബലികഴിക്കും; അങ്ങനെ പുണ്യമില്ലാത്ത പ്രവൎത്തനം മാത്രം ശേഷിക്കും. അവരുടെ പ്രവൎത്തനങ്ങൾ ശാശ്വതമായ ഫലം പുറപ്പെടുവിക്കയില്ല. പ്രവൎത്തനങ്ങൾ വഴി വലിയ ഒച്ചപ്പാടുണ്ടാകുമെന്നല്ലാതെ കാര്യമായി യാതൊരു നന്മയും ചെയ്യുകയില്ല. എന്നാൽ വി. വിൻസെൻറിൻെറ ആദ്ധ്യാത്മിക സ്കൂളിൽ പരിശീലനം നടത്തി അദ്ദേഹത്തിൻെറ യഥാർത്ഥ ചൈതന്യത്താൽ പ്രേരിതരായി പ്രവൎത്തിക്കുന്നവർ തങ്ങളുടേയും മററുള്ളവരുടേയും പുണ്യാഭിവൃദ്ധിക്ക് ഉപകരിക്കത്തക്കവിധം ബാഹ്യപ്രവൎത്തനങ്ങളെ ക്രമപ്പെടുത്തുവാനും വിശുദ്ധീകരിക്കുവാനും പഠിക്കുന്നതാണ്.

# അദ്ധ്യായം മൂന്നു്

# സൃഷ്ടവസ്തുക്കളോടു് വിപ്രതിപത്തി പുലർത്തുക

## വി. വിൻസെൻറിൻെറ സൂക്തികൾ:

"ഞാൻ ബന്ധുജനങ്ങളേയും കുടുംബക്കാരേയും സ്നേഹിക്കുന്നില്ലെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്? മററല്ലാവരേയും പോലെ ഞാനും എൻെറ കുടുംബാംഗങ്ങളേയും ബന്ധുക്കളേയും സ്നേഹിക്കുന്നുണ്ടു്. അവരെ സഹായിക്കുവാൻ ഈ സ്വാഭാവികസ്നേഹം എന്നെ പ്രേരിപ്പിക്കുന്നു. സ്വാഭാവികചാച്ചിലുകൾക്കനുസരിച്ചല്ല, പിന്നെയോ പ്രസാദവരത്തിൻെറ പ്രേരണയനുസരിച്ചാണു് ഞാൻ പ്രവർത്തിക്കേണ്ടതു്. രക്തബന്ധമോ സ്നേഹബന്ധമോ നേക്കാതെ പാവപ്പെട്ടവരെ സഹായിക്കാൻ സന്നദ്ധനാകണം." വി. വിൻസെൻറു് തൻെറ സഭയിൽപ്പെട്ട ഒരു വൈദികനു് എഴുതിയ കത്തിലെ ഒരു ഭാഗമാണിതു്.

മിശിഹായ്ക്കു് ആത്മാക്കളെ നേടിക്കൊടുക്കുവാൻവേണ്ടിയുള്ള പ്രവത്തനങ്ങൾക്കു യാതൊരു പരിധിയും നിർണ്ണയിക്കാതെ ലോകം മുഴുവൻ പ്രവർത്തനരംഗമാക്കി വത്തിക്കുന്ന ഒരു മിഷ്യനറി എത്ര ഭാഗ്യവാനാണു്! നമ്മുടെ കുററം നിമിത്തം ഒരാത്മാവെങ്കിലും നശിച്ചുപോകാനിടയായാൽ ദൈവതിരുമുമ്പിൽ എന്തുത്തരം നാം സമർപ്പിക്കും? നമ്മുടെ ചുമതല നിവ്വഹിക്കുന്നതിൽ നാം കാണിച്ച മടിയാണു് ഈ ആത്മനാശത്തിനു കാരണമെങ്കിൽ, എത്ര കക്കശമായ ഒരു കണക്കായിരിക്കും അന്ത്യവിനാഴികയിൽ നാം കേൾപ്പിക്കേണ്ടതു്! നേരെമറിച്ചു്, ശുഷ്കാന്തിയാൽ നിറഞ്ഞു് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി നാം വേലചെയ്യുകയാണെങ്കിൽ പുണ്യത്തിൽ അനുദിനം പുരോഗമിക്കും. മാത്രമല്ല, നമ്മുടെ പ്രയത്നങ്ങൾ നിമിത്തം രക്ഷിക്കപ്പെട്ട ആത്മാ

ക്കൾ നമ്മുടെ അന്ത്യവിനാഴികയിൽ നമുക്കുവേണ്ടി സജീവ മധ്യസ്ഥരായി നിലകൊള്ളുകയുംചെയ്യും.

ഇഹലോകവസ്തുക്കളിൽ നമ്മുടെ ഹൃദയം കുടുങ്ങിപ്പോകാതിരിക്കട്ടെ. സന്യാസ സമൂഹങ്ങളുടെ അടിസ്ഥാനം ദാരിദ്ര്യമാണു്; അതാണു് ഏററം വലിയ നിധി. അതുവഴി സഭാംഗങ്ങൾ ലോകവസ്തുക്കളിൽനിന്നു് തങ്ങളുടെ ഹൃദയത്തെ പൂർണ്ണമായി വേർപെടുത്തി, ദൈവത്തോടു പൂർണ്ണമായി യോജിച്ചു ജീവിക്കുന്നു. ലോകവസ്തുക്കളോടുള്ള പക്ഷത്തെ പരിപൂർണ്ണമായി വിച്ഛേദിച്ചുകളയാത്ത ഒരു സന്യാസി, കൈകാലുകൾ കെട്ടപ്പെട്ടു് വൃക്ഷത്തോടു ബന്ധിതനായ മനുഷ്യനെപ്പോലെയായിരിക്കും. സ്വയം സ്വതന്ത്രനാകുന്നതിനോ ജീവസന്ധാരണത്തിനാവശ്യമായവ കൈവശപ്പെടുത്തുന്നതിനോ അയാൾക്കു കഴിവില്ല. ആകയാൽ ഒന്നുകിൽ വിശപ്പുകൊണ്ടു് മരിക്കുക, അല്ലെങ്കിൽ വന്യമൃഗങ്ങൾക്കിരയായിത്തീരുക— അതാണയാളുടെ അന്ത്യം.

ദൈവസേവനാർത്ഥം ലൗകിക വസ്തുക്കളെ ഉപേക്ഷിക്കുന്നവർക്കു് തൻെറ വിശിഷ്ടദാനങ്ങൾ സമൃദ്ധമായി അവിടുന്നു നല്കുന്നു.

ദൈവമഹത്വത്തിൻെറ മറപിടിച്ചു്, വെറും സ്വാർത്ഥലാഭത്തിനുവേണ്ടി പലരും പല സംരംഭങ്ങളും തുടങ്ങാറുണ്ടു്. അവ ദൈവത്താൽ പ്രചോദിതങ്ങളല്ല. അവിടുന്നു് അവയെ ആശീർവദിക്കുയുമില്ല.

നശ്വരമായ ഈ ലോകവസ്തുക്കളോടു് അമിതമായ ബന്ധം പുലർത്തുന്ന പ്രേഷിതൻ വാസ്തവത്തിൽ നിർഭാഗ്യവാൻതന്നെ. കാരണം, ഈ ചങ്ങലകൾ അയാളെ ലോകത്തോടു ബന്ധിക്കുകയും പീഡിപ്പിക്കുകയും ചെയ്യും.

സ്വർഗ്ഗരാജ്യത്തോടു് ഏററം അടുത്തതും ഏററം നിഷ്കളങ്കവും ആയ ഒരവസ്ഥയാണു് ദാരിദ്ര്യം.

മിഷൻ സംഘത്തിൻെറ അടിസ്ഥാനം ദാരിദ്ര്യമത്രേ. ഇപ്പോൾ നമ്മുടെ സംഘത്തിനുള്ള യാതൊരു വസ്തുവിനും

വേണ്ടി, നിങ്ങളോടു സംസാരിക്കുന്ന ഈ നാവ് യാചിച്ചിട്ടില്ല. ലോകവസ്തുക്കളോട് അമിതമായപക്ഷം പുലത്തുന്നുവെങ്കിൽ ഈ സംഘത്തിന് എന്തു സംഭവിക്കുമെന്നു കണ്ടുതന്നെ അറിയണം! എല്ലാ തിന്മകളുടേയും അടിസ്ഥാനമെന്നു- വി. അപ്പസ്തോലൻ നാമകരണം ചെയ്തിരിക്കുന്ന ദ്രവ്യാഗ്രഹം ഇതിൽ പ്രവേശിക്കുന്നുവെങ്കിൽ ഈ ചെറു സംഘത്തിന്റെ ഭാവി പരിതാപകരം തന്നെ.

നമ്മെ ദൈവത്തോടു പൂർണ്ണമായി ബന്ധിക്കുന്ന പാശമാണു് ദാരിദ്ര്യം.

## പ്രായോഗിക വിചിന്തനം:

ഒരു ക്രിസ്ത്യാനിക്ക് ആദ്ധ്യാത്മിക ജീവിതത്തിൽ എത്ര വേണമെങ്കിലും ഉയരാം. ദൈവികാദർശങ്ങളിൽ അധിഷ്ഠിതമായ അതിസ്വാഭാവിക ചിറകുകളിന്മേൽ അവനു് ആകാശംമുട്ടെ പറക്കാം. എന്നാൽ ഈ ഉയർച്ചയ്ക്കു നിദാനം അവന്റെ ഉദ്ദേശ്യശുദ്ധിയായിരിക്കും. ശിക്ഷാഭീതി നിമിത്തം ദൈവപ്രമാണങ്ങളെ അനുസരിക്കുന്നുവെങ്കിൽ അതു കുറെയൊക്കെ നല്ലതുതന്നെ. കാരണം, ദൈവഭയമാണു് ജ്ഞാനത്തിന്റെ ആരംഭം. സ്വാർത്ഥലാഭത്തെമാത്രം ലക്ഷ്യമാക്കി, അതായതു്, സ്വന്തം ആത്മരക്ഷയും സ്വർഗ്ഗപ്രാപ്തിയും മാത്രം മുൻനിറുത്തി ഒരുവൻ ദൈവത്തെ സേവിക്കുന്നുവെങ്കിൽ അതു് ആദ്യത്തേതിനേക്കാൾ മെച്ചമാണെന്നു പറയാം. കാരണം, ആശ്വാസദായകവും ശ്രേഷ്ഠവുമായ ശരണം എന്ന ദൈവികപുണ്യമാണു് അയാളുടെ സൽപ്രവൃത്തികൾക്കു പ്രേരകമായി നില്ക്കുന്നതു്. എന്നാൽ വി. വിൻസെന്റു് ഡി പോളിനെപ്പോലുള്ളവർ, ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്താൽ പ്രേരിതരായി, അതായതു് ഏററം ഉന്നതമായ ഉദ്ദേശ്യശുദ്ധിയോടെ പ്രവർത്തിക്കുന്നു. ശ്രേഷ്ഠവും ഉദാരവും യോഗ്യതാസമ്പൂർണ്ണവുമാണു് ഈ നിയോഗം. വിൻസെന്റിന്റെ ഓരോ പ്രവൃത്തിയും ഈ നിയോഗ

ശുദ്ധിയാൽ മുദ്രിതമായിരുന്നു. അദ്ദേഹത്തിൻെറ ഉപവി കേവലം ഭാവനയിൽമാത്രം സ്ഥിതിചെയ്തിരുന്ന ഒന്നായിരുന്നില്ല. പിന്നെയോ അതു പ്രായോഗികമായിരുന്നു; വെറും വികാരപരം എന്നതിനേക്കാൾ ഫലദായകവുമായിരുന്നു. അങ്ങനെ അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങൾ പരമാവധി പരസ്നേഹപരമായിരുന്നു.

അഹങ്കാരം, ജഡികാസക്തി, ദ്രവ്യാഗ്രഹം, മനുഷ്യസ്തുതിപരിഗണന, ബന്ധുജനങ്ങളോടുള്ള അമിതമായ സ്നേഹം മുതലായ ദുർഗ്ഗുണങ്ങളൊന്നും ശുദ്ധനിയോഗത്തിൻെറ സാന്നിധ്യത്തിൽ മനുഷ്യാത്മാവിൽ വളരുകയില്ല. എന്നു മാത്രമല്ല, ദൈവമഹത്വത്തേയും ആത്മാക്കളുടെ രക്ഷയേയും കുറിച്ചുള്ള ശുഷ്കാന്തി, അതിസ്വാഭാവികവും ആദ്ധ്യാത്മികവുമായ വീക്ഷണഗതി, ലോകവസ്തുക്കളിൽനിന്നുള്ള അകൽച്ച, ദാരിദ്ര്യാരൂപി മുതലായ പുണ്യപുഷ്പങ്ങൾ അതിൽ മൊട്ടിട്ടുവിടരുകയും ചെയ്യും. അബെല്ലി പറയുന്നതുപോലെ, നിയോഗശുദ്ധത തൻെറ സകല പ്രവൎത്തനങ്ങളുടേയും ജീവനാഡിയായി സ്വീകരിച്ചിരുന്ന വി. വിൻസെൻറ് ഇപ്രകാരമുള്ള പുണ്യങ്ങളിൽ എത്ര വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നുവെന്നു് സുവിദിതമാണു്.

അദ്ദേഹത്തിൻെറ ജീവചരിത്രത്തിലേയ്ക്കു് ഒന്നു കണ്ണോടിച്ചാൽ നിയോഗശുദ്ധതയുടെ പല സജീവമാതൃകകളും നാമവിടെ ദർശിക്കും. അദ്ദേഹം ഗോണ്ടിപ്രഭുവിൻെറ ഭവനത്തിൽ വസിച്ചിരുന്നപ്പോൾ, പ്രഭുവിനെ ദൈവത്തിലും, ദൈവത്തെ പ്രഭുവിലും ദർശിക്കുക എന്ന നല്ല തഴക്കം സമ്പാദിക്കുവാൻ ശ്രമിച്ചിരുന്നു. അതുപോലെതന്നെ, പ്രഭ്വിയിൽ പരിശുദ്ധ കന്യകാമറിയത്തേയും, കുട്ടികളിലും സേവകന്മാരിലും കൎത്താവിൻെറ ശിഷ്യന്മാരേയും ദർശിച്ചു വണങ്ങിയിരുന്നു. കാലം മുമ്പോട്ടുപോയിരുന്നതോടുകൂടി വിൻസെൻറു് ഈ പുണ്യാഭ്യാസം കുറേക്കൂടി വ്യാപകമായി നിർവഹിച്ചുപോന്നു. ഇതു സംബന്ധിച്ചു്, അബെല്ലി എഴ

ത്തുന്നതിപ്രകാരമാണു്: "നമ്മുടെ കർത്താവീശോമിശിഹാ യെ മാർപ്പാപ്പായിൽ തിരുസ്സഭാതലവനായും, മെത്രാന്മാരിൽ നല്ലയിടയനായും, മല്പാന്മാരിൽ മല്പാനായും, വൈദികരിൽ നിത്യപുരോഹിതനായും, രാജാക്കന്മാരിൽ രാജാധിരാജനായും, ന്യായാധിപന്മാരിലും ഗവർണർമാരിലും നിത്യവിധിയാളനായും, തൊഴിലാളികളിൽ തൊഴിലാളിയായും, ദരിദ്രരിൽ ദരിദ്രനായും, രോഗികളിലും ദീനദുഃഖിതരിലും പീഡിതനായും വിൻസെൻറു് ദശിച്ചു. ഇങ്ങനെ വിവിധ ജീവിതാവസ്ഥകളിലുള്ളവരിൽ കർത്താവിൻെറ ജീവിതത്തിൻെറ വിവിധ വശങ്ങളെ, കർത്താവിനെത്തന്നെ ദർശിച്ചുകൊണ്ടു്, സകലരേയും കർത്താവിൽ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും സേവിക്കുവാനും അദ്ദേഹം ശ്രമിച്ചു."

ഈ സുകൃതാഭ്യാസം പരിശീലിക്കുവാനും അങ്ങനെ അയല്ക്കാരനു്, പ്രത്യേകിച്ചു പാവപ്പെട്ടവനു്, ഉപകരിക്കത്തക്ക വിധം കൂടുതൽ കാര്യക്ഷമവും നിരന്തരവുമായ പരസ്നേഹ പ്രവൎത്തനങ്ങളിൽ ഏർപ്പെടുവാനും അദ്ദേഹം തൻെറ സഭാംഗങ്ങളേയും മററു പരിചിതരേയും ഉപദേശിച്ചിരുന്നു.

വിൻസെൻറിനു് തൻെറ കുടുംബാംഗങ്ങളോടും ബന്ധുജനങ്ങളോടും അതിയായ സ്നേഹമുണ്ടായിരുന്നുവെന്നു് അദ്ദേഹത്തിൻെറ വാക്കുകളിൽനിന്നുതന്നെ വ്യക്തമാണു്. എന്നാൽ ഈ സ്വാഭാവികസ്നേഹത്തിൻെറ പ്രേരണകൾക്കു വശംവദനാകാതെയാണു് അദ്ദേഹം പ്രവർത്തിച്ചിരുന്നതു്. ദാരിദ്ര്യപീഡയനുഭവിക്കുന്ന അനേകായിരം പാവപ്പെട്ടവരെ അവഗണിച്ചു്, തൻെറ കുടുംബാംഗങ്ങൾക്കു യാതൊരുവിധ സാമ്പത്തികസഹായവും ചെയ്തുകൊടുക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നില്ല. അവരുടെ സാമ്പത്തികോന്നമനത്തിനായി പരിശ്രമിക്കുവാൻ ഉണ്ടായ അതിയായ ആഗ്രഹത്തിൽനിന്നു് തന്നെ വിമോചിക്കണമെന്നു് ദൈവത്തോടു പ്രാർത്ഥിച്ചുവെന്നും ദൈവം തൻെറ പ്രാത്ഥന ശ്രവിച്ചുവെന്നും

അദ്ദേഹം ഒരിക്കൽ പ്രസ്താവിക്കയുണ്ടായി. ഈ കാലഘട്ടത്തിൽ അവർ മിക്കവാറും മററുള്ളവരുടെ ദാനധർമ്മത്തെ ആശ്രയിച്ചാണു് നിത്യവൃത്തികഴിച്ചുപോന്നതു്. എന്നിരുന്നാലും ദൈവപരിപാലനയ്ക്കു അവരെ കൈയാളിച്ചുകൊണ്ടു് വിൻസെൻറു് സമാധാനപ്പെട്ടു. സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തം ഒരവസരത്തിൽ അദ്ദേഹം തൻെറ കുടുംബാംഗങ്ങളിലൊരാൾക്കു് ഒരു ചെറിയ സഹായം ചെയ്തുകൊടുത്തതിനെപ്പററി ജനീവായിലെ സുപ്പീരിയറായിരുന്ന ഫാദർ ബാൾട്ടിറോണിനു് പില്ക്കാലത്തു് എഴുതിയതിപ്രകാരമാണു്: "എൻെറ സഹോദരപുത്രന്മാരിലൊരാൾ ഏകദേശം ആറുകാതം യാത്രചെയ്തു് എന്നെ സന്ദർശിക്കുവാൻ വന്നിരുന്നു. അവൻ തീരെ ദരിദ്രനായിരുന്നതുകൊണ്ടു് മടങ്ങിപ്പോകുവാൻ പണമുണ്ടായിരുന്നില്ല. ആകയാൽ ഞാൻ ആറു ക്രൌൺ (ഫ്രഞ്ചു നാണയം) ഇരന്നുവാങ്ങി അവനു കൊടുത്തു പറഞ്ഞയച്ചു."

ദാരിദ്ര്യപീഡിതമായ പല രാഷ്ട്രീയപ്രവിശ്യകളേയും പോററിസംരക്ഷിച്ച, അനേകം ധർമ്മസ്ഥാപനങ്ങളുടെ സ്ഥാപകനും നിയന്താവുമായിരുന്ന, ലക്ഷക്കണക്കിനു പണം അപരിചിതർക്കു നീട്ടിക്കൊടുത്ത വിൻസെൻറച്ചനു്, പാവപ്പെട്ട സ്വന്തം കുടുംബാംഗങ്ങളെ സഹായിക്കുവാൻ യാതൊന്നും ഉണ്ടായിരുന്നില്ല പോലും! പ്രഥമദൃഷ്ടിയിൽ ഇതൊരു വിരോധാഭാസംതന്നെ. എന്തു ധനനാശവും സംഭവിക്കട്ടെ; ഒരു ജലപ്രളയം നിമിത്തം തൻെറ നാടും വീടും നശിച്ചുകൊള്ളട്ടെ; എന്നിരുന്നാലും ദാരിദ്ര്യപീഡിതരായ കുടുംബാംഗങ്ങൾക്കു്, മററു പാവപ്പെട്ടവർക്കു ചെയ്യുന്നതുപോലെ വെറും ആയിരം ഫ്രാങ്കിൻെറ ഒരു ചെറിയ സഹായം നല്കുവാൻ അനേകംപേരുടെ ശുപാർശയും നിർബന്ധവും വേണ്ടിവന്നു.

ഇപ്പറഞ്ഞ സത്ഗുണങ്ങളെല്ലാം തൻെറ പരസ്നേഹപ്രവർത്തനങ്ങളെ വിജയകരമാക്കിത്തീർക്കുവാൻ വിൻസെ

ൻറിനെ സഹായിച്ചു. ലോകവസ്തുക്കളിൽനിന്നും ബന്ധുജനങ്ങളിൽനിന്നും അകന്നു ജീവിക്കുന്നതിന് തൻെറ സഭാംഗങ്ങളെ ഉപദേശിക്കുവാൻ സ്വമാതൃകയുടെ വെളിച്ചത്തിൽ അദ്ദേഹത്തിനു നിഷ്പ്രയാസം കഴിഞ്ഞു. "ദൈവേഷ്ടം നിറവേററുന്നവരല്ലാതെ മററാരും നമുക്ക് അമ്മയോ സഹോദരരോ ആയി ഉണ്ടാകരുത്. അരൂപിയിൽ ദരിദ്രർ ഭാഗ്യവാന്മാർ; ദാരിദ്ര്യമാണ് നമ്മുടെ സഭയുടെ അടിസ്ഥാനം" എന്നിങ്ങനെ അദ്ദേഹം അവരെ ഉപദേശിച്ചിരുന്നു.

വി. വിൻസെൻറിൻെറ ജീവചരിത്രകാരന്മാരെല്ലാവരുംതന്നെ പറയുന്നു, അദ്ദേഹത്തേപ്പോലെ ഇത്ര നിസ്സ്വാർത്ഥനും സമചിത്തനുമായി മാററാരേയും പതിനേഴാം നൂററാണ്ടിൽ കാണുക സാദ്ധ്യമല്ലെന്ന്. അദ്ദേഹം എപ്പോഴും എല്ലായിടത്തും ദരിദ്രനായിരുന്നു. വസ്ത്രത്തിലും, ഭക്ഷണത്തിലും, പാർപ്പിടത്തിലും ഈ ദാരിദ്ര്യം നിഴലിച്ചിരുന്നു. ഇങ്ങനെ ലൗകികവസ്തുക്കളുടേയും രക്തബന്ധത്തിൻേറയും കെട്ടുകളെ പൊട്ടിച്ചെറിഞ്ഞ് തൻെറ ലക്ഷ്യത്തെ ഉന്നംവച്ച് ഒരു പക്ഷിയെപ്പോലെ അദ്ദേഹം പറന്നുയർന്നു. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി സ്വതന്ത്രമായി അദ്ദേഹം പ്രവർത്തിച്ചു. അങ്ങനെ മിശിഹായുടെ വാക്കുകൾക്കനുസരണം വി. വിൻസെൻറിൻെറ പ്രവർത്തനങ്ങൾ നൂറുമേനി ഫലം പുറപ്പെടുവിക്കുകയും ചെയ്തു.

## അദ്ധ്യായം നാല്

# ദൈവപരിപാലനയിൽ ശരണപ്പെടുക

### വി. വിൻസെൻറിൻെറ സൂക്തികൾ:

പ്രഥമതഃ ദൈവപരിപാലന പ്രവർത്തിക്കുവാൻ നാം അനുവദിക്കണം. നമ്മുടെ പ്രവർത്തനങ്ങൾ അവിടുത്തെ പരിപാലനത്തിനൊത്തവണ്ണമാകുവാൻ നാം വേണ്ടുവോളം ക്ഷമിച്ചിരിക്കണം.

ദൈവത്തിൽ ശരണപ്പെടുക — അതാണ് അവിടുത്തെ ജോലി വിജയപ്രദമായി ചെയ്യുവാനുള്ള ഉത്തമമാർഗ്ഗം. ബലഹീനർക്കു ശക്തിയും അന്ധന്മാർക്ക് കാഴ്ചയുമെന്നപോലെയാണ് ക്രിസ്ത്യാനിക്കു ശരണം. ഈ പുണ്യമില്ലെങ്കിൽ, എത്ര കഴിവുള്ളവനായാലും തനിക്കോ മററുള്ളവർക്കോ ഉപകരിക്കത്തക്കവണ്ണം കാര്യമായി യാതൊന്നും പ്രവർത്തിക്കയില്ല.

എവിടെ മാനുഷികകഴിവുകൾ അശക്തങ്ങളാകുന്നുവോ അവിടെ ദൈവികശക്തി പ്രവർത്തനമാരംഭിക്കുന്നു.

ദൈവപരിപാലനയെ അനുപദം അനുധാവനം ചെയ്യുക. ഞാൻ വളരെ താൽപര്യപൂർവം അനുഷ്ഠിച്ചിരുന്ന ഒരു സൽകൃതാഭ്യാസമാണത്.

ഹാ! ഒരു വിശുദ്ധനാകുവാൻ നാം എത്ര കുറച്ചു പ്രവർത്തിച്ചാൽമതി! ദൈവതിരുവിഷ്ടത്തിനൊത്തവണ്ണം സകലതും ചെയ്യുവാൻ പരിശീലിക്കുക — അതാണ് പരമപ്രാധാന്യമർഹിക്കുന്ന ആ മാർഗ്ഗം.

ഒരു കൊല്ലൻെറ കരങ്ങളിലിരിക്കുന്ന പണിയായുധങ്ങൾപോലെ ദൈവപരിപാലനയുടെ അദൃശ്യകരങ്ങളിൽ

നാം ആയിത്തീരണം. അധഃപതനവും നാശവുംമാത്രം നാം പ്രതീക്ഷിക്കുന്നിടത്തു് ദൈവം ഉയർച്ചയും ക്ഷേമവും തയ്യാറാക്കുന്നു.

മനുഷ്യരല്ല, ദൈവമാണു് സകലതും ക്രമപ്പെടുത്തി വിജയത്തിലെത്തിക്കുന്നതു്.

നാം ദൈവത്തിൻെറ കാര്യങ്ങളിൽ ബദ്ധശ്രദ്ധരാകുമ്പോൾ അവിടുന്നു നമ്മുടെ കാര്യം നോക്കിക്കൊള്ളും

ദൈവപരിപാലന നമ്മിൽനിന്നാവശ്യപ്പെടുന്ന നന്മകൾ എത്ര വളരെയായാലും ചെയ്യുവാൻ ഭയപ്പെടേണ്ട. എന്നാൽ, ദൈവം ആവശ്യപ്പെടുന്നതിൽ കൂടുതൽ ചെയ്യുവാനുള്ള അഭിനിവേശത്തെ നാം ഭയപ്പെടുകതന്നെ വേണം.

നീ ഭരമേററിരിക്കുന്ന കൃത്യം ഭംഗിയായി നിവ്വഹിക്കുവാൻ കഴിവുപോലെ പരിശ്രമിക്കുക. എന്നാൽ അപ്രതീക്ഷിതമായി അനിഷ്ടസംഭവങ്ങൾ ഉണ്ടാകയോ, മററുള്ളവർ നിന്നെ വിമർശിക്കയോ, നിനക്കെതിരായി പ്രവത്തിക്കയോ ചെയ്താൽ നീ അവകൊണ്ടൊന്നും കലങ്ങേണ്ട കാര്യമില്ല. എല്ലാം ദൈവത്തിനു സമർപ്പിക്കുക; അങ്ങിൽ ശരണപ്പെടുക — ഇതാണു് ഏതൊരു കൃത്യവും ഭംഗിയായി നിർവഹിക്കുന്നതിനുള്ള മാർഗ്ഗം. നിൻെറ ആത്മാവു് സമാധാനത്തിൽ വസിക്കയും ചെയ്യും.

സൽപ്രസ്ഥാനങ്ങൾ സമാരംഭിച്ചു് മുന്നോട്ടു നയിക്കുന്നവക്കു് ദൈവം പല തടസ്സങ്ങളും ക്ലേശങ്ങളും അയയ്ക്കാറുണ്ടു്. അവിടുന്നാണു് അവയുടെയെല്ലാം കത്താവും വിജയകാരണനും എന്നു് അവർ സവിനയം ഏററുപറഞ്ഞു് അംഗീകരിക്കുവാൻ വേണ്ടിയാണു് ദൈവം അപ്രകാരം ചെയ്യുന്നതു്.

ദൈവത്തിൻെറ പ്രവൃത്തികൾക്കെല്ലാം അതതിനു നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയമുണ്ടു്. ആ കൃത്യസമയത്തല്ലാതെ അതിനു മുൻപോ പിൻപോ അല്ല അവ നിർവഹിക്കപ്പെടുന്നതു്.

നമ്മൾ ആഗ്രഹിക്കുന്ന സമയത്തല്ല, പിന്നയോ ദൈവത്തിനിഷ്ടമുള്ള സമയത്താണു് അവ സംഭവിക്കുന്നതു്.

ദൈവശുശ്രൂഷയിൽ നാം വിമുഖത പ്രദർശിപ്പിക്കാതിരുന്നാൽ ദൈവപരിപാലന നമ്മുടെ കാര്യത്തിലും വിമുഖമായിരിക്കയില്ല.

കർത്താവിൻെറ തിരുക്കരങ്ങൾ നമ്മെ താങ്ങുമ്പോൾ പത്തുപേരേക്കാൾ കൂടുതൽ ചെയ്യുവാൻ ഒരാൾക്കു കഴിയും.

എപ്പോഴും നന്മമാത്രം ചെയ്യുന്ന ദൈവം സ്വതന്ത്രമായി നമ്മുടെ പ്രവർത്തനങ്ങളിൽ ഇടപെടുവാൻ നാം അനുവദിക്കണം.

70825

പല വൻകാര്യങ്ങളും സാധിക്കുവാൻ ദൈവം ഉപയോഗപ്പെടുത്തിയിട്ടുള്ളത് ബലഹീനരായ വ്യക്തികളെയാണ്.

നാം അപേക്ഷിക്കുന്ന പല കാര്യങ്ങളും ദൈവം നിരസിക്കാറുണ്ട്. ആ നിരാസംവഴി നമുക്കു കൂടുതൽ നന്മ ഉണ്ടാകുമെന്ന് അവിടുത്തേക്കറിയാവുന്നതുകൊണ്ടാണ് അപ്രകാരം ചെയ്യുന്നത്.

ഒരു പുതിയ സ്ഥാപനം ഉണ്ടാക്കുവാൻ ഒരിക്കലും ഞങ്ങൾ സ്വമേധയാ മുന്നിട്ടിറങ്ങി അന്വേഷിക്കയോ പരിശ്രമിക്കയോ ചെയ്യാറില്ല. മററുള്ളവർ വിളിക്കുകയോ മേലധികാരികൾ അയയ്ക്കുകയോ ചെയ്യുന്നതിനായി ഞങ്ങൾ കാത്തുനില്ക്കും.

ദൈവത്തിൻെറ തിരുച്ചിത്തത്തിൽ നാം കൈകടത്തരുത്. ദൈവപരിപാലനയുടെ വിളവിൽ നാം നമ്മുടെ കള കൊണ്ടുപോയി വിതയ്ക്കുകയുമരുത്.

## പ്രായോഗിക വിചിന്തനം:

ദൈവം ഇച്ഛിക്കുന്നത് ഇച്ഛിക്കുകയും അവിടുന്നു സ്ഥാപിച്ചിരിക്കുന്ന ക്രമത്തിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക — അതാണ് എല്ലാ സാന്മാർഗ്ഗിക തത്വങ്ങളുടേയും അടിസ്ഥാനം. പുണ്യപൂർണ്ണത സമ്പാദിക്കുവാൻ ഈ മാർഗ്ഗം അപരിത്യാജ്യമത്രേ. എല്ലായ്പോഴും ദൈവതിരുമനസ്സിനോടുള്ള നിരുപാധികമായ കീഴ്‌വഴക്കം അതാവശ്യപ്പെടുന്നു. സ്വാർത്ഥപരിത്യാഗവും ഹൃദയംഗമമായ പ്രാർത്ഥനയും പുത്ര

സഹജമായ ശരണവും പരിപൂണ്ണ നിഷ്പക്ഷതയും വഴി ആത്മാവു് പുണ്യത്തിൽ പുരോഗമിക്കുന്നു. ഇപ്രകാരമുള്ള ഒരു പുരോഗമനമാണു് വി. വിൻസെൻറിൽ നാം ദശി ക്കുന്നതു്.

ദൈവതിരുവിഷ്ടം എന്താണെന്നു ഗ്രഹിച്ചുകഴിഞ്ഞാൽ അതു നിർവഹിക്കുന്നതിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ വിൻസെൻറു് തയ്യാറായിരുന്നു. ദൈവം നിർദ്ദേശിച്ചുതരുന്ന മാഗ്ഗത്തിലൂടെ ചൊറുചൊറുക്കോടെ മുന്നേറുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ പ്രമാണം. പരാജയങ്ങളുടെ മുമ്പിൽ നഷ്ടധൈര്യനാകാതെ, ദൈവപരിപാലന ചൂണ്ടിക്കാണിച്ചുതരുന്ന മാഗ്ഗങ്ങളെ അനുപദം അദ്ദേഹം അനുധാവനം ചെയ്തു. ഭീരുത്വത്തിൽനിന്നുത്ഭവിക്കുന്ന ദാംഭികമായ പ്രവൃത്തിരാഹിത്യത്തിനും സ്വസ്ഥവൃത്തിക്കും അദ്ദേഹം ഒരിക്കലും വിധേയനായില്ല. പിന്നെയോ, സ്വകീയമായ പ്രവത്തനചാതുര്യത്തോടെ ദൈവതിരുമനസ്സിനൊത്തു പ്രവത്തിച്ചുകൊണ്ടുതന്നെയിരുന്നു.

വി. വിൻസെൻറു് ദൈവത്തിൽ നിക്ഷേപിച്ച നിസ്സീമമായ ശരണത്തിൻെറ സജീവചിത്രങ്ങളെന്നു പറയാവുന്ന പല മാതൃകകളും അദ്ദേഹത്തിൻെറ പ്രായോഗിക ജീവിതത്തിൽ നാം കണ്ടെത്തും.

വൈഷമ്യമേറിയ ചില സാഹചര്യങ്ങൾ സന്തോഷപൂർവം തരണം ചെയ്യുവാൻ ആഹ്വാനം ചെയ്തുകൊണ്ടു് തൻെറ സഭാംഗങ്ങളിലൊരാൾക്കു് അദ്ദേഹം എഴുതിയ ഒരു കത്തിൽ ഇപ്രകാരം കാണുന്നു: "ദൈവത്തിൻെറ തിരുവിഷ്ടം നീണാൾ വാഴട്ടെ."

ക്ലേശങ്ങളിലും ദുരിതങ്ങളിലും വിപൽസന്ധികളിലും ആപൽഘട്ടങ്ങളിലുമെല്ലാം "ദൈവത്തിനു സ്തുതിയായിരിക്കട്ടെ; അവിടുത്തെ തിരുനാമം സ്തുതിക്കപ്പെട്ടട്ടെ" എന്നിപ്രകാരമുള്ള ദൈവസ്തുതിപ്രകരണങ്ങൾ മാത്രമാണു് അദ്ദേഹത്തിൽനിന്നു പുറപ്പെട്ടിരുന്നതു്.

ദൈവതിരുമനസ്സിനോടുള്ള സംയോജ്യതയെ ഒരു "ക്രിസ്ത്യാനിയുടെ അമൂല്യനിധി"യെന്നു് അദ്ദേഹം നാമകരണം

ചെയ്യു. കീഴ്വഴക്കം അദ്ദേഹത്തിനു കേവലം സ്വാഭാവികമായിത്തീൎന്നിരുന്നു. ആരെങ്കിലും എന്തെങ്കിലും അദ്ദേഹത്തോടു ചോദിച്ചാൽ, മൗനമായി കേട്ടിട്ട്, തന്റെ ഹൃദയത്തെ അല്പനേരം ദൈവത്തിങ്കലേക്കുയൎത്തി അവിടുത്തെ തിരുഹിതത്തിന്നു തന്നെത്തന്നെ സമൎപ്പിച്ചുകൊണ്ടുള്ള ഒരു പ്രകരണം ചെയ്തുശേഷം മാത്രമേ അദ്ദേഹം മറുപടി പറയുമായിരുന്നുള്ളു. ദൈവതിരുമനസ്സിനോടുള്ള പരിപൂൎണ്ണ കീഴ്വഴക്കം പ്രകടമാക്കുവാൻ ചിലപ്പോൾ അദ്ദേഹം തനിക്കു ലഭിച്ചിരുന്ന പ്രധാനപ്പെട്ട എഴുത്തുകളും മററും സെൻറ് ലാസർ ആശ്രമത്തിലെ പ്രധാന ബലിപീഠത്തിൻെറ പിൻഭാഗത്തു പോയിരുന്നു വായിക്കാറുണ്ടായിരുന്നു.

വിൻസെൻറച്ചനു തികച്ചും ഹൃദയഭേദകമായ ഒന്നായിരുന്നു ലൂയിസാ ഡി മരില്ലാക്കിൻെറ മരണം. ഉപവിസഹോദരികളുടെ സംഘം സ്ഥാപിക്കുവാൻ തന്നോടുകൂടി പ്രവൎത്തിച്ച പ്രസ്തുത വനിതാരത്നത്തിൻെറ നിൎയ്യാണത്തെപ്പററി ശ്രവിച്ചപ്പോൾ വിൻസെൻറ് പറഞ്ഞതിപ്രകാരമാണ്: "ദൈവതിരുവിഷ്ടംപോലെ സംഭവിച്ചു." തൻെറ ആദ്ധ്യാത്മികപുത്രികളായ ഉപവിയുടെ സഹോദരീസംഘാംഗങ്ങളോട് അദ്ദേഹത്തിന് അതിയായ വാത്സല്യമുണ്ടായിരുന്നു. ഒരു പിതാവിനെപ്പോലെയാണ് അദ്ദേഹം അവരുടെ കാൎയ്യങ്ങൾ അന്വേഷിച്ചിരുന്നതു്. എന്നിരുന്നാലും പാവപ്പെട്ടവരേയും രോഗപീഡിതരേയും സഹായിക്കുവാനായി അദ്ദേഹം അവരെ പാപപങ്കിലമായ ലോകത്തിലേക്കു പറഞ്ഞയച്ചു. വിൻസെൻറുതന്നെ സാക്ഷിക്കുന്നതുപോലെ "ചെന്നായ്ക്കളുടെയിടയിൽ കുഞ്ഞാടുകൾ" എന്നപോലെയാണ് അവർ അയയ്ക്കപ്പെട്ടതു്. ഒരു പുതിയ കാൽവയ്പായിരുന്നു അതു്. അതുവരെ, ദൈവസേവനത്തിൽ ജീവിതം മുഴുവൻ ചെലവഴിക്കുവാൻ ആഗ്രഹിച്ചിരുന്ന സ്ത്രീരത്നങ്ങൾ കന്യകാലയത്തിൻെറ ആവൃതിക്കുള്ളിൽ കയറിമറയുകയെന്ന സമ്പ്രദായം മാത്രമേ നിലവിലിരുന്നുള്ളു. എന്നാൽ വിൻസെൻറച്ചനിതാ അവരെ കന്യകാലയവളപ്പുകൾ വിട്ട് സേവനരംഗത്തിറക്കുന്നു. വിമൎശനങ്ങൾ നാനാഭാഗത്തുനിന്നും ഉയൎന്നുവന്നു. എന്നാൽ താൻ ദൈവതിരുവിഷ്ടത്തിനൊ

ത്താണു് പ്രവൎത്തിക്കുന്നതെന്നു് ഉറച്ചുവിശ്വസിച്ചിരുന്ന വിൻസെൻറച്ചൻ ഇവയൊന്നുകൊണ്ടും കുലുങ്ങിയില്ല. ദൈവത്തിൽ പൂൎണ്ണമായി ശരണപ്പെട്ടുകൊണ്ടു് അദ്ദേഹം തൻെറ പുതിയ പ്രസ്ഥാനത്തെ മുന്നോട്ടുനയിച്ചു. "ദൈവാനുഗ്രഹം നിങ്ങളുടെമേലും നിങ്ങളുടെ പ്രവർത്തനങ്ങളുടെമേലും എന്നെന്നുമുണ്ടായിരിക്കും" എന്നത്രേ അദ്ദേഹം ഈ സഹോദരികളുടെ പ്രവൎത്തനത്തെപ്പററി ചെയ്ത പ്രവചനം. ദൈവം എത്ര വിശ്വസ്തതയോടെ തൻെറ ദാസൻെറ മനശ്ശരണത്തെ സമ്മാനിച്ചുവെന്നു് പില്ക്കാലചരിത്രം വെളിവാക്കുന്നുണ്ടു്.

വി വിൻസെൻറു് പല പ്രസ്ഥാനങ്ങളും സമാരംഭിച്ചു് വിജയപ്രദമായി മുമ്പോട്ടുകൊണ്ടുപോയിട്ടുണ്ടു്. എന്നാൽ ഇവയിലെല്ലാം സ്വാഭീഷ്ടമനുസരിച്ചു പ്രവൎത്തിക്കുകയല്ല അദ്ദേഹം ചെയ്തിരുന്നതു്. പിന്നെയോ, പ്രഥമതഃ ദൈവപരിപാലന പ്രവൎത്തിക്കുവാൻ അദ്ദേഹം കാത്തിരിക്കും. പിന്നീട്ടു് അനുപദം ആ പരിപാലനാവിശേഷത്തെ അദ്ദേഹം അനുധാവനംചെയ്യുകയും ചെയ്യും. അതായിരുന്നു അദ്ദേഹത്തിൻെറ പ്രവൎത്തനപരിപാടി. ഒരിക്കലും ദൈവപരിപാലനയെ മറികടന്നു് അദ്ദേഹം പ്രവൎത്തിച്ചിരുന്നില്ല. ആ സമ്പ്രദായത്തെ അദ്ദേഹം വളരെയധികം ഭയപ്പെട്ടിരുന്നു. ഒരു വലിയ സ്വൎഗ്ഗീയസൗധം കെട്ടിപ്പടുക്കുവാൻ ദൈവം ഉപയോഗപ്പെടുത്തുന്ന കളിമണ്ണുമാത്രമാണു് താൻ എന്നത്രേ അദ്ദേഹം തന്നെക്കുറിച്ചു് പറഞ്ഞിരുന്നതു്. ഒരിക്കൽ അദ്ദേഹം തൻെറ സഭാംഗങ്ങളോടു് ഇപ്രകാരം പറയുകയുണ്ടായി: "നമ്മുടെ നിയമങ്ങളും ചട്ടങ്ങളുമെല്ലാം എപ്രകാരമാണു് രൂപവൽകൃതമായതെന്നു് എനിക്കറിഞ്ഞുകൂടാ. ഞാൻ അവ നിൎമ്മിക്കണമെന്നു് ഒരിക്കലും വിചാരിച്ചിട്ടില്ല. ആരാണുണ്ടാക്കിയതെന്നു പറയുവാൻ സാധ്യമല്ലാത്തവിധം അവ പലപ്പോഴായി സാവധാനം പ്രാബല്യത്തിൽവന്നു എന്നേ പറയാനുള്ളൂ."

പരിശുദ്ധ നിഷ്പക്ഷത പുണ്യപൂൎണ്ണതപ്രാപിച്ചവരുടെ അവസ്ഥയാണു് എന്നായിരുന്നു വി. വിൻസെൻറിൻെറ അഭിമതം. ഈ സുകൃതം അദ്ദേഹം എല്ലായ്പോഴും അഭ്യസിച്ചുപോന്നു. തൻെറ കോൺഗ്രീഗേഷനിൽ ചേരു

വാൻ അദ്ദേഹം ആരേയും പ്രേരിപ്പിക്കയോ ഉപദേശിക്കയോ ചെയ്തിരുന്നില്ല. പുതിയ പുതിയ സ്ഥാപനങ്ങൾക്കായി അദ്ദേഹം അന്വേഷിച്ചിറങ്ങിയിട്ടുമില്ല. "നമ്മുടെ സഭ ദൈവത്തിൻെറ കരങ്ങളുടെ പ്രവൃത്തിയാണു്; ആകയാൽ അവിടുന്നു് അതിന്നു് അംഗങ്ങളേയും സ്ഥാപനങ്ങളേയും നല്കിക്കൊള്ളും" എന്നിങ്ങനെയാണു് ദൈവപരിപാലനയിൽ ഉറച്ചവിശ്വാസമുണ്ടായിരുന്ന ആ പുണ്യപുരുഷൻ ഉദീരണം ചെയ്തിരുന്നതു്. അനാഥക്കുഞ്ഞുങ്ങളേയും ആലംബഹീനരേയും സഹായിക്കുവാൻ, ചിലപ്പോൾ ആശ്രമത്തിൽ ഒരു പൈസാപോലും അവശേഷിക്കാത്തവിധം അദ്ദേഹം എടുത്തു ചെലവാക്കിയിട്ടുണ്ടു്. നല്ല ദൈവം തനിക്കോ തൻെറ കോൺഗ്രിഗേഷനംഗങ്ങൾക്കോ യാതൊന്നിലും കുറവു വരുത്തുകയില്ലയെന്നു ദൃഢമായി ശരണപ്പെട്ടതുകൊണ്ടാണു് ഈ പ്രകാരം കൈയയച്ചു ദാനധർമ്മം ചെയ്യുവാൻ അദ്ദേഹം മടിക്കാതിരുന്നതു്.

ദൈവതിരുമനസ്സിനോടുള്ള കീഴ്‌വഴക്കപ്രകരണം വിൻസെൻറു് അനുദിനം ചൊല്ലിയിരുന്നു. വ്യക്തിഗതവും വീരോചിതവുമായ വിധത്തിലാണു് അദ്ദേഹം അതു നിർവഹിച്ചിരുന്നതു്. ദൈവം തിരുമനസ്സാകുന്ന സമയത്തും വിധത്തിലും മരിക്കുന്നതിന്നുള്ള തൻെറ സന്നദ്ധത പ്രകടമാക്കിക്കൊണ്ടു് എല്ലാ ദിവസവും മരണത്തിനായി ഒരുങ്ങിയശേഷം മാത്രമേ അദ്ദേഹം നിദ്രയ്ക്കുപോയിരുന്നുള്ളു. ഫ്രാൻസിലെ രാജാവായിരുന്ന വി. ലൂയി പതിമൂന്നാമൻെറ മരണാവസരത്തിൽ അദ്ദേഹത്തെ ശുശ്രൂഷിക്കുവാൻ വിൻസെൻറു് ക്ഷണിക്കപ്പെട്ടു. മരണത്തിന്നു് ഒരുങ്ങുവാനുള്ള ഏററവും പററിയ മാർഗ്ഗം ഏതാണെന്നു രാജാവു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിപ്രകാരമാണു്: "തിരുമേനീ, നിത്യപിതാവിൻെറ തിരുവുള്ളത്തിന്നു പരിപൂർണ്ണമായി കീഴ്‌വഴങ്ങിക്കൊണ്ടു് തൻെറ മരണത്തിന്നു് ഒരുങ്ങിയ നമ്മുടെ കർത്താവീശോമിശിഹായുടെ ഒരുക്കത്തെ അനുകരിക്കയായിരിക്കും ഏററവും ഉത്തമമായ മാർഗ്ഗം."

വിൻസെൻറിൻെറ മാനുഷിക പ്രവർത്തനങ്ങൾ ദൈവത്തിൻെറ പ്രവർത്തനങ്ങൾക്കു് എപ്രകാരം കീഴ്പ്പെട്ടിരുന്നു

എന്നു് പ്രാത്ഥനയിൽ അദ്ദേഹം കാണിച്ച വിശ്വസ്തത യിൽനിന്നു് സ്പഷ്ടമാകുന്നതാണു്. പകലന്തിയോളം നാനാ മുഖങ്ങളായ പരോപകാരപ്രവത്തനങ്ങളിൽ ഏർപ്പെട്ടുക നിമിത്തം പകൽസമയം പ്രാത്ഥിക്കുന്നതിനു വേണ്ടത്ര സ മയം ലഭിക്കാതിരുന്നപ്പോൾ അദ്ദേഹം രാത്രികാലങ്ങളിൽ പ്രാത്ഥിച്ചിരുന്നു. അദ്ദേഹം സ്ഥാപിച്ച ഇരുസഭകളുടേയും നിയമാവലിയിൽ പ്രാർത്ഥനയ്ക്കു ധാരാളം സമയം നീക്കിവ ച്ചിട്ടുണ്ടു്. പ്രാർത്ഥനയെ "ആത്മാവിൻെറ ആത്മാവു്", "മനുഷ്യാത്മാവു് നവചൈതന്യം നുകർന്നു കുടിക്കുന്ന നീരുറവ" എന്നെല്ലാമാണു് അദ്ദേഹം വിളിക്കുന്നതു്. പല അവസരങ്ങളിലും അദ്ദേഹം നല്കിയിരുന്ന ഉപദേശങ്ങ ളിൽ ദൈവതിരുമനസ്സിനോടു നാം പ്രദർശിപ്പിക്കേണ്ട കീഴ്‌വഴക്കത്തേയും അങ്ങിൽ നാം നിക്ഷേപിക്കേണ്ട ശര ണത്തേയും പ്രസ്പഷ്ടമാക്കുന്ന പല ഭാഗങ്ങളും നമുക്കു കാണു വാൻ കഴിയും. "സ്വയം സഹായിക്കുക; എന്നാൽ ദൈവം നിങ്ങളെ സഹായിക്കും; വിത്തുവിതയ്ക്കുന്നവനോ വളമിടുന്ന വനോ അല്ല ദൈവമാണു് ഫലം തരുന്നതു്. ദൈവത്തിൽ പൂർണ്ണമായി ശരണപ്പെടുക; ധാരാളം പ്രാത്ഥിക്കുക ......" ഇങ്ങനെപോകുന്നു വി. വിൻസെൻറിൻെറ ചൈതന്യത്തെ പ്രസ്പഷ്ടമാക്കുന്ന ധമ്മോക്തികൾ.

ദൈവതിരുമനസ്സിനോടുള്ള സംയോജ്യതയുടെ ഏററം പരിപൂർണ്ണ മാതൃകയായ നമ്മുടെ കർത്താവീശോമിശിഹാ യുടെ ഉപദേശങ്ങളും മാതൃകകളും മുമ്പിൽ വച്ചുകൊണ്ടാണു് വി. വിൻസെൻറു് ഈ സുകൃതം അഭ്യസിച്ചിരുന്നതു്. ആകയാൽ ഈ വിശുദ്ധനെ അനുകരിക്കുന്നവർ നമ്മുടെ കത്താവീശോമിശിഹായെത്തന്നെ അനുകരിക്കയത്രേ ചെയ്യു ന്നതു്.

## അദ്ധ്യായം അഞ്ച്

# ഈശോയെ അനുകരിക്കുക

## വി. വിൻസെൻറിൻെറ സൂക്തികൾ:

ഓ! കത്താവേ, അങ്ങയുടെ ഒരു ശിഷ്യനായിരിക്കുക എത്ര ഭാഗ്യപൂർണ്ണമാണ്.

ദൈവസുതൻെറ സുകൃതമാതൃകയെ അനുകരിക്കുന്നതിനുവേണ്ടി, സാധിക്കുമായിരുന്നെങ്കിൽ മാലാഖമാരും മനുഷ്യരൂപം സ്വീകരിക്കുമായിരുന്നു.

നമ്മുടെ പ്രവൃത്തികൾ മിശിഹായുടെ പ്രവൃത്തികളോട് എത്രകണ്ട് അനുരൂപപ്പെട്ടുമോ അത്രമാത്രം അവ ദൈവത്തിനു പ്രീതിജനകങ്ങളായിഭവിക്കും.

മിശിഹായിലല്ലാതെ യാതൊന്നിനും ഈലോകത്തിൽ എന്നെ സന്തോഷിപ്പിക്കാൻ കഴിയുകയില്ല. എല്ലായിടത്തും എല്ലായ്പോഴും സകല കാര്യങ്ങളിലും ഈശോ മാത്രം.

ക്രിസ്തുവിൻെറ വരപ്രസാദം വഴിയാണു നാം ക്രിസ്തുവിൽ ജീവിക്കുന്നത്. നാം ക്രിസ്തുവിൽ മരിക്കണം; ക്രിസ്തുവിൽ മരിക്കണമെങ്കിൽ നാം ക്രിസ്തുവിനെപ്പോലെ ജീവിക്കണം.

നമ്മുടെ കത്താവീശോമിശിഹായുടെ ചൈതന്യം നമുക്കു നിയമവും വഴികാട്ടിയുമായിരിക്കട്ടെ.

നമ്മുടെ കത്താവും നാഥനുമായ ഈശോമിശിഹാ ഈലോകത്തിലായിരുന്നപ്പോൾ സ്വീകരിച്ച ആ പാവപ്പെട്ട അവസ്ഥയിലായിരിക്കുക ഒരു പ്രത്യേകാനുഗ്രഹംതന്നെ.

തൻെറ പ്രിയസുതനെ അനുകരിക്കുവാൻ ആർക്കെങ്കിലും ദൈവം ഇടവരുത്തുന്നെങ്കിൽ അയാളെ തന്നിലേക്കുതന്നെ ആനയിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നതിൻെറ സുനിശ്ചിത ലക്ഷണമാണത്.

കത്താവിൻെറ മാതൃകയെ അനുകരിച്ച്, നമ്മുടെ സമൂഹം പാവപ്പെട്ടവരുടേയും രോഗപീഡിതരുടേയും ആദ്ധ്യാത്മികവും ശാരീരികവും സാമൂഹികവുമായ സംരക്ഷണം കൈയേററിരിക്കയാണ്.

നമ്മുടെ കത്താവീശോമിശിഹായുടെ സമ്പ്രദായമാണ് നീ അനുകരിക്കേണ്ടത്. അവിട്ടന്ന് ശാന്തനും വിനീതനും വിട്ടുവീഴ്ചചെയ്യുന്നവനും മററുള്ളവരുടെ അഭിപ്രായങ്ങൾ ആദരിക്കുന്നവനുമായിരുന്നു. മററുള്ളവരുടെ ബലഹീനതകളെ അവഗണിച്ച്, അവിട്ടന്ന് അവരുടെ മദ്ധ്യത്തിലേക്കിറങ്ങിച്ചെന്നു; അവക്ക് നന്മചെയ്തു.

സകലത്തിലും മിശിഹായുടെ ദിവ്യോക്തികൾക്കനുസരണം വിധിക്കുന്നതിന് യഥാത്ഥവിവേകം നമ്മെ ഉപദേശിക്കുന്നു. എല്ലായ്പ്പോഴും എല്ലാക്കാര്യങ്ങളിലും മിശിഹായുടെ വീക്ഷണഗതി സമ്പാദിക്കുക. ഓരോ പ്രവൃത്തിക്കു മുൻപും നാം നമ്മോടുതന്നെ ചോദിക്കണം: ഈശോ എപ്രകാരം ഇക്കാര്യം ചെയ്യുമായിരുന്നു; അവിട്ടന്ന് എങ്ങനെയാണ് ഇതുപോലുള്ള അവസരങ്ങളിൽ പറയുകയും പ്രവത്തിക്കുകയും ചെയ്തത് എന്നെല്ലാം. അങ്ങനെ അവിട്ടത്തെ മാതൃകയ്ക്കും ദിവ്യോക്തികൾക്കും അനുയോജ്യമായ ഒരു വീക്ഷണഗതി നാം സമ്പാദിക്കണം; അതിനനുസരണം പ്രവർത്തിക്കയും വേണം. ദിവ്യനാഥൻതന്നെ നടന്നുകാണിച്ച ഈ രാജപാതയിലൂടെ സുരക്ഷിതരായി നമുക്കു മുമ്പോട്ടുപോകാം.

ദിവ്യബോധജ്ഞാനംതന്നെയായ ദൈവസുതൻ നമ്മുടെ ബലഹീനപ്രകൃതി സ്വീകരിച്ചുകൊണ്ട് സംസാരിക്കുകയും പ്രവത്തിക്കുകയും വിധിക്കുകയും ചെയ്തതിനനുസരണം ചെയ്യുന്നതിലാണ് യഥാർത്ഥക്രിസ്തീയവിവേകം സ്ഥിതിചെയ്യുന്നത്.

നിൻെറ സ്വഭാവമധുരിമയോട് അല്പം വിജ്ഞാഗരിക്കൂടെ ചേക്കണം. കത്താവിൻെറ ചൈതന്യത്തിൽനിന്ന് കുറേ ചോദിച്ചുവാങ്ങുക. ആവശ്യമുള്ളപ്പോൾ തൻെറ ശാന്തപ്രകൃതിയിൽ അല്പം കയ്പു കലർത്തി ദാർഢ്യത്തോടുകൂടി പെരുമാറുവാൻ അവിട്ടത്തേക്കറിയാമായിരുന്നു.

ശാന്തമായിരിക്കുക. ശാന്തതതന്നെയായ നമ്മുടെ കർത്താവിന് നിനക്കിപ്പോൾ നല്കാവുന്ന ഏററം വലിയ ബഹുമാനമായിരിക്കും അതു്.

നമ്മുടെ കർത്താവീശോമിശിഹാ ഈ ലോകത്തിലായിരുന്നപ്പോൾ സ്വന്തം മഹത്വത്തിനായി പ്രവർത്തിച്ചിട്ടുണ്ടോ? നേരെമറിച്ചു്, താൻ പ്രവർത്തിച്ച അത്ഭുതങ്ങളെപ്പററി ആരോടും പറയരുതു് എന്നല്ലേ അവിടുന്നു് കല്പിച്ചതു്.

നല്ല വൈദികരെ പരിശീലിപ്പിച്ചെടുക്കുകയെന്ന ജോലിയിലേർപ്പെട്ടിരിക്കുന്നവർ കർത്താവിൻെറതന്നെ ജോലി തുടരുകയാണു്. അവിടുന്നു് തൻെറ ഇഹലോകജീവിതകാലത്തു് പന്ത്രണ്ടു വൈദികരെ പരിശീലിപ്പിച്ചെടുത്തു. ദൈവശുശ്രൂഷക്കായി അവരെ ഒരുക്കുവാൻ മൂന്നുവർഷത്തോളം അവിടുന്നു് അവരോടുകൂടി വസിച്ചു.

## പ്രായോഗിക വിചിന്തനം:

മേലുദ്ധരിച്ച ധർമ്മോക്തികൾ രണ്ടുതരത്തിലുള്ളവയാണു്: മിശിഹാനുകരണത്തെപ്പററി പൊതുവായി പരാമർശിക്കുന്നവയും, ഏതെങ്കിലും പ്രത്യേക പുണ്യങ്ങളെപ്പററി പ്രതിപാദിക്കുന്നവയും.

"ഞാൻ പ്രവർത്തിച്ചതുപോലെ നിങ്ങളെല്ലാവരും പ്രവർത്തിക്കേണ്ടുന്നതിനു നിങ്ങൾക്കു് ഒരു മാതൃക നല്കിയിരിക്കുന്നു." ഇതാണു് ക്രിസ്തീയ ജനതതിക്കൊട്ടാകെ ക്രിസ്തുനാഥൻ നല്കിയിരിക്കുന്ന സന്ദേശം. ക്രിസ്ത്വാനുകരണമാണു് വിശുദ്ധിയുടെയെല്ലാം അടിസ്ഥാനം. ക്രിസ്തുവിനെ എത്ര അടുത്തു് അനുകരിക്കുന്നുവോ നാം അത്ര വലിയ വിശുദ്ധരായിത്തീരുന്നു. ക്രിസ്ത്വാനുകരണം എന്ന ആ സുപ്രസിദ്ധ ഗ്രന്ഥം നമ്മിൽ പലരും കണ്ടിട്ടുണ്ടാവാം. അതിൻെറ പ്രസിദ്ധീകരണം മുതൽ ഇന്നുവരെ അതിനു് ലഭിച്ചിട്ടുള്ള പ്രചുരപ്രചാരവും പ്രശംസയും അതർഹിക്കുന്നുണ്ടു്. ആന്തരി

കമായ ഒരു പരിപൂൎണ്ണ ക്രിസ്തീയജീവിതം നയിക്കുവാനുള്ള മാൎഗ്ഗങ്ങളെപ്പററിയാണ് അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ വി. വിൻസെൻറു് ഉപദേശിക്കുന്ന രീതിയിലുള്ള ക്രിസ്ത്വാനുകരണം ഇതിൽനിന്നു വളരെ വ്യത്യസ്തമാണ്. ഈ വിഷയത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ ധൎമ്മോക്തികളും ഉപദേശങ്ങളുമെല്ലാം കൂട്ടിച്ചേൎത്ത് ഒരു ഗ്രന്ഥം നിൎമ്മിച്ചാൽ തോമസ് അക്കെമ്പിസ് വിവക്ഷിക്കുന്ന ക്രിസ്ത്വാനുകരണവും വി. വിൻസെൻറു് വിഭാവനം ചെയ്യുന്ന ക്രിസ്ത്വാനുകരണവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാം. വി. വിൻസെൻറും അദ്ദേഹത്തിൻെറ വീക്ഷണഗതിയുള്ളവരും ക്രിസ്തുവിൻെറ പരസ്യജീവിതത്തേയും പ്രവൎത്തനങ്ങളേയും ആധാരമാക്കിയുള്ള ഒരു ക്രിസ്ത്വാനുകരണത്തിനാണ് പ്രാധാന്യം കൊടുക്കുന്നതു്. യൂദയാ നാട്ടിൽ അങ്ങോളമിങ്ങോളം ചുററിനടന്ന് നിരവധി അത്ഭുതങ്ങളും പരോപകാരപ്രവൎത്തനങ്ങളുംവഴി സകലൎക്കും നന്മ ചെയ്തുകൊണ്ടു ജീവിച്ച ഒരു വലിയ സാമൂഹിക പ്രവൎത്തകനായിട്ടാണ് അവർ ക്രിസ്തുവിനെ വീക്ഷിക്കുക. "പാവങ്ങളെ സുവിശേഷം അറിയിക്കുവാൻ വന്ന" അവിടുന്ന് പഠിപ്പിക്കുന്നതും പ്രസംഗിക്കുന്നതും ശാരീരികവും ആത്മീയവുമായ സകലവിധ വ്യാധികളും സുഖമാക്കുന്നതും ദൈവവചനത്തിൻെറ ഭാവിപ്രേഷിതന്മാരാകുവാൻ അപ്പസ്തോലവൃന്ദത്തേയും ശിഷ്യഗണത്തേയും പരിശീലിപ്പിക്കുന്നതും ഏകാന്തമൂകമായ വനാന്തരങ്ങളിൽപോയി പ്രാൎത്ഥനയിലും പ്രായശ്ചിത്തത്തിലും പല മണിക്കൂറുകൾ ചെലവഴിച്ച ശേഷം ഉടനടി സുവിശേഷഘോഷണാൎത്ഥം ജനതാമദ്ധ്യത്തിലേക്കിറങ്ങി വരുന്നതും മററുമായ രംഗങ്ങളാണ് വിൻസെൻറു് അനുകരണാവിഷയങ്ങളായി ചൂണ്ടിക്കാണിക്കുന്നതു്.

അദ്ദേഹം പ്രവൎത്തനപരമായ ഒരു ജീവിതമാണ് തിരഞ്ഞെടുത്തതെങ്കിൽ അതിനു പ്രേരകമായിരുന്ന ആ മഹാ

നീയ മാതൃക ക്രിസ്തുവിൻെറ പ്രവത്തനപരമായ ജീവിതമല്ലാതെ മററൊന്നുമായിരുന്നില്ല. അവിടുന്നു് മരുഭൂമിയിലേ ഏകാന്തതവിട്ടു് പ്രേഷിതപ്രവത്തനങ്ങൾക്കായി ജനതാമധ്യത്തിലേക്കിറങ്ങിവന്നു. "ദരിദ്രരെ സുവിശേഷം അറിയിക്കുന്നതിനായി അവൻ എന്നെ അയച്ചു" എന്നാണല്ലോ മിശിഹായുടെ ഈ പ്രേഷിതവൃത്തിയെക്കുറിച്ചു് പ്രവാചകൻ പറഞ്ഞിരിക്കുന്നതു്. അവിടുത്തെ ആഗമനത്തിൻെറ പ്രഥമോദ്ദേശ്യമായിരുന്ന ദരിദ്രരെ സുവിശേഷം അറിയിക്കുകയെന്നതു്. ദിവ്യനാഥൻെറ മാതൃകയെ അനുകരിച്ചുകൊണ്ടു് വി. വിൻസെൻറു് തൻെറ കോൺഗ്രിഗേഷൻെറ പ്രധാന ലക്ഷ്യമായി സ്വീകരിച്ചതു് ഇതുതന്നെയത്രേ. "ദരിദ്രരെ സുവിശേഷം അറിയിക്കുവാനായി അവൻ എന്നെ അയച്ചു" (Evangelizare pauperibus misit me) എന്ന സുവിശേഷവാക്യംതന്നെയാണു് അദ്ദേഹം തൻെറ സഭയുടെ മുദ്രാവാക്യമായി തിരഞ്ഞെടുത്തതും.

വൈദികരുടെ ശിക്ഷണവും വിശുദ്ധീകരണവുമായിരുന്നു സഭയുടെ മറെറാരു ലക്ഷ്യം. ഈ ലക്ഷ്യംകൂടി കോൺഗ്രിഗേഷൻെറ നിയമാവലിയിൽ ഉൾപ്പെടുത്തുവാൻ വി. വിൻസെൻറിനെ പ്രേരിപ്പിച്ചതെന്താണെന്നു് അദ്ദേഹത്തിൻെറ വാക്കുകളിൽനിന്നുതന്നെ ഗ്രഹിക്കാം. "വൈദികരുടെ പരിശീലനവും വിശുദ്ധീകരണവും ഈശോയുടെതന്നെ ജോലിയാണു്. അവിടുന്നു് തൻെറ ഇഹലോക ജീവിതകാലത്തു് പന്ത്രണ്ടു വൈദികരെ പരിശീലിപ്പിച്ചെടുക്കുകയുണ്ടായി" ഇങ്ങനെ നമ്മുടെ കത്താവീശോമിശിഹായുടെ ജീവിതമാതൃകയാൽ പ്രചോദിതനായി, ഓരോ വൈദികനേയും മറെറാരു ക്രിസ്തു (alter Christus) ആക്കിപ്പകത്തുവാൻ വിൻസെൻറു് സർവാത്മനാ ശ്രമിച്ചിരുന്നു. ഒരു വൈദികൻ അഭിലഷിക്കേണ്ടതും അദ്ദേഹത്തിനു പ്രാപിക്കാവുന്നതുമായ ഏററം വലിയ പുണ്യപൂണ്ണതയാണിതെന്നു് അദ്ദേഹം പറയുമായിരുന്നു.

വിൻസെൻറ് തൻെറ പരോപകാരപ്രവർത്തനങ്ങളിൽ സ്ത്രീകളെ ധാരാളമായി സഹപ്രവർത്തകരാക്കുന്നുവെന്ന് അദ്ദേഹത്തിൻെറ സഭാംഗങ്ങളിലൊരാൾ ഒരിക്കൽ അത്ഭുതം പ്രകടിപ്പിച്ചു. കർത്താവിൻെറ തന്നെ മാതൃകയാണ് ഇക്കാര്യത്തിലും അദ്ദേഹം അനുകരിച്ചതെന്നു വിൻസെൻറിൻെറ വാക്കുകളിൽനിന്നു ഗ്രഹിക്കാം. തൻെറ ഇഹലോകജീവിതകാലത്ത് ക്രിസ്തുനാഥനെ അനേകം ഭക്തസ്ത്രീകൾ അനുഗമിച്ചിരുന്നതായും അവിടുത്തേക്കു ശുശ്രൂഷ ചെയ്തിരുന്നതായുമുള്ള സുവിശേഷഭാഗങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസ്തുത വൈദികനു് വിൻസെൻറച്ചൻ ഇപ്രകാരം എഴുതുകയുണ്ടായി: “ഉപവിയുടെ സഹോദരീസംഘം സമാരംഭിക്കുന്നതിനു് എന്നെ പ്രേരിപ്പിച്ചതു് നമ്മുടെ കർത്താവിൻെറ മാതൃകതന്നെയാകുന്നു.” ഒരിക്കൽ ഈ സഹോദരികളുടെ പരിശീലനത്തിൻെറ പരിപാടി വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞതിപ്രകാരമാണ്: “പ്രിയ സഹോദരികളേ, കോൺഫ്രൻസുകൾവഴി നിങ്ങളെ പഠിപ്പിക്കാമെന്നാണു ഞാൻ വിചാരിക്കുന്നതു്. കാരണം, ഈശോമിശിഹാ ഈ രീതി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ശിഷ്യന്മാരെ പഠിപ്പിക്കുകയും തിരുസ്സഭക്കു് അടിസ്ഥാനമിടുകയും ചെയ്തതു്.” വീണ്ടും മററൊരിക്കൽ അവരുടെ ദൈവവിളിയെസ്സംബന്ധിച്ചു അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: “സ്ത്രീകളായ നിങ്ങൾക്കു ലഭിക്കാവുന്നതിൽവച്ചു് ഏററം ശ്രേഷ്ഠമായ ഒരു ദൈവവിളിയാണ് നിങ്ങൾക്കു ലഭിച്ചിരിക്കുന്നതു്. കാരണം, അതു നമ്മുടെ കർത്താവീശോമിശിഹായുടെ ജീവിതത്തോടു് ഏററം അനുയോജ്യമത്രേ. ആതുരസേവനാർത്ഥം സൈദാനിലേക്കു് പോകുന്നതിനു മുൻപു് യാത്ര പറയുവാൻ വന്ന ചില സഹോദരികളെ കണ്ടപ്പോൾ വിൻസെൻറു് ഇപ്രകാരം ഉദ്ഘോഷിച്ചു: “പ്രിയ സഹോദരികളേ, എത്ര വലിയ ഒരു മഹനീയകൃത്യമാണ് നിങ്ങൾ നിർവഹിക്കുവാൻപോകുന്നതു്. ഈശോമിശിഹാ ഇഹലോകത്തിൽവച്ചു ചെയ്തതുപോലെ ശരീരത്തിനു് ആശ്വാ

സവും ആത്മാവിനു നിത്യായുസ്സും നല്കുവാനാണ് നിങ്ങൾ പുറപ്പെട്ടുന്നതു്."

വിൻസെൻറിൻെറ നിയോഗശുദ്ധതയെപ്പററി മുന്നൊരദ്ധ്യായത്തിൽ പ്രതിപാദിക്കയുണ്ടായല്ലോ. സകല പ്രവർത്തനങ്ങളിലും അദ്ദേഹം ഉന്നതവും പരിശുദ്ധവുമായ നിയോഗം പാലിച്ചിരുന്നു. ഇക്കാര്യത്തിലും അദ്ദേഹം നമ്മുടെ കത്താവീശോമിശിഹായുടെ മാതൃകയെ അനുകരിക്കുകമാത്രമാണു് ചെയ്യതെന്നു് അദ്ദേഹത്തിൻെറ വാക്കുകൾ വിശദമാക്കുന്നു: "എല്ലാപ്പോഴും എല്ലായിടത്തും ദൈവമഹത്വവും അവിടുത്തെ നീതിയും മാത്രം അന്വേഷിക്കുക എന്നതായിരുന്നു നമ്മുടെ കത്താവിൻെറ പ്രഥമാദർശം." ഇങ്ങനെ ഏതൊരു സംഗതിയെടുത്തുനോക്കിയാലും, ദിവ്യമാതൃകയായ ഈശോയെ ഇത്രയടുത്തു് അനുകരിച്ചിട്ടുള്ള വിശുദ്ധർ വളരെ വിരളമാണു്.

ദരിദ്രരോടും രോഗപീഡിതരോടും വിൻസെൻറു് വലിയ അനുകമ്പ പ്രദർശിപ്പിച്ചിരുന്നു. അവരെ സഹായിക്കുവാൻ അദ്ദേഹം കഴിവതു ശ്രമിച്ചു. എന്തുകൊണ്ടെന്നാൽ നമ്മുടെ കത്താവു് അപ്രകാരമാണു് പ്രവത്തിച്ചതു്. സഭാംഗങ്ങൾ എല്ലാവരും പ്രഭാതത്തിൽ ഒരു മണിക്കൂർനേരത്തെ ധ്യാനത്തിനു ശേഷം എല്ലാദിവസവും ഈശോയുടെ തിരുഹൃദയത്തിൻെറ ലുത്തനിയാ ചൊല്ലിയിരുന്നപ്പോൾ "പാവങ്ങളുടെ പിതാവായ ഈശോ, ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന ഭാഗം അനിതരസാധാരണമായ ഭക്തിശുഷ്കാന്തിയോടെയാണു് അദ്ദേഹം ചൊല്ലിയിരുന്നതു്. അന്നൊരിക്കൽ ഈശോ അരുൾചെയ്തു: "ശിശുക്കൾ എൻെറ അടുക്കൽ വരുവാൻ നിങ്ങൾ അനുവദിക്കുക." അനാഥക്കുഞ്ഞുങ്ങളെ പരിരക്ഷിക്കുവാൻ അനേകം ശിശുസങ്കേതങ്ങൾ സ്ഥാപിച്ച വിൻസെൻറച്ചൻെറ പ്രവത്തനങ്ങൾ ഈശോയുടെ ദിവ്യഹൃദയത്തിനു് എത്ര വലിയ സന്തോഷവും ആശ്വാസവും ഉളവാക്കിയിരിക്കണം!

ശാരീരികമായ സേവനങ്ങൾ അനുഷ്ഠിച്ചുകൊണ്ടു് ആത്മാവിനെ ദൈവത്തിനായി നേടുകയെന്നതായിരുന്നു വി. വിൻസെൻറു് സ്വീകരിച്ച പ്രവത്തനപദ്ധതി. ഇക്കാര്യത്തിലും അദ്ദേഹം ദിവ്യനാഥനെ അനുകരിക്കുകമാത്രമാണു ചെയ്തതു്. അവിടുന്നു രോഗികളെ സുഖപ്പെടുത്തി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ചു് ജനലക്ഷങ്ങളെ തീററി തൃപ്തരാക്കി. ഇങ്ങനെ അവരുടെ ശാരീരികമായ ആവശ്യങ്ങൾ നിർവഹിച്ചുകൊടുത്തശേഷം മാത്രമാണു് ആത്മീയപോഷണത്തിനായി അവിടുന്നു ദൈവവചനം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തതു്.

നമ്മുടെ കത്താവീശോമിശിഹായുടെ ജീവിതത്തേയും പ്രവത്തനങ്ങളേയുംകുറിച്ചു് വിൻസെൻറച്ചനു് അഗാധജ്ഞാനമുണ്ടായിരുന്നു. ഏതൊരു നിമിഷത്തിലും പ്രത്യേക ഒരുക്കമൊന്നുംകൂടാതെതന്നെ ദിവ്യനാഥൻെറ വാക്കുകൾ അവസരോചിതമായി ഉദ്ധരിക്കുന്നതിനും, വ്യാഖ്യാനിക്കുന്നതിനും അദ്ദേഹത്തിനു കഴിയുമായിരുന്നു. അദ്ദേഹത്തിൻെറ എഴുത്തുകളും കോൺഫ്രൻസുകളുമെല്ലാം പരിശോധിച്ചാൽ കാണാം അദ്ദേഹം ഉദ്ധരിക്കാത്ത യാതൊരു സംഭവവും സുവിശേഷത്തിലില്ലെന്നു്. അദ്ദേഹം തൻെറ സഭാംഗങ്ങൾക്കു് പലപ്പോഴായി എഴുതിയിട്ടുള്ള കത്തുകളിൽനിന്നു് ഈ വസ്തുത തെളിയിക്കാവുന്നതാണു്. അദ്ദേഹം എഴുതുന്നു: "ഇക്കാര്യത്തിൽ നമ്മുടെ കത്താവിൻെറ മൗനത്തെ ആദരിക്കുക. ഒരു വലിയ മിഷ്യനറിയാകുന്നതിനുള്ള മാർഗ്ഗമെന്തെന്നറിയാമോ? സുവിശേഷത്തിൻെറ ചൈതന്യം ആത്മാക്കൾക്കു് പകർന്നുകൊടുക്കുകയും അങ്ങനെ അവരെ ഈശോയുടെ യഥാർത്ഥ അനുഗാമികളാക്കിത്തീർക്കുകയും ചെയ്യുകയാണു്. പാവപ്പെട്ടവരെ സഹായിക്കുന്നതിനായി അനേകം സ്ഥലങ്ങളിൽ ചുററിസഞ്ചരിച്ച നമ്മുടെ കത്താവിനെ അനുകരിക്കുവാൻ ഭാഗ്യംലഭിക്കുമ്പോൾ നിങ്ങൾ സന്തോഷിക്കുക."

നിരപരാധിയായ വിൻസെൻറിൻെറമേൽ ആരോ ഒരിക്കൽ വ്യാജമായി കുററാരോപണം ചെയ്യുകയുണ്ടായി.

എന്നാൽ, തന്റെ നിഷ്കളങ്കത വെളിപ്പെടുത്തുവാൻ വിൻസെൻറു് യാതൊന്നും ചെയ്തില്ല. ഇതേപ്പററി ആസ്ത്രിയായിലെ രാജ്ഞി അദ്ദേഹത്തെ കുററപ്പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞതിപ്രകാരമാണു്: "നമ്മുടെ കത്താവിന്റെമേൽ ഇതില്പം വലിയ കുററാരോപണങ്ങൾനടന്നു. പക്ഷേ, ഒരിക്കലും അവിടുന്നു സ്വയം നീതികരിക്കുവാൻ ശ്രമിച്ചില്ല." ഇങ്ങനെ നോക്കിയാൽ ബാഹ്യപ്രവൃത്തനങ്ങളിൽ മാത്രമല്ല, ആന്തരികജീവിതത്തിലും നമ്മുടെ കത്താവീശോമിശിഹായെ അനുകരിക്കുവാൻ വിൻസെൻറു് ശ്രമിച്ചിരുന്നുവെന്നു കാണാം. എല്ലായിടത്തും എല്ലാപ്പോഴും നമ്മുടെ കത്താവായിരുന്നു അദ്ദേഹത്തിന്റെ മാതൃക. അബെല്ലി എന്ന ചരിത്രകാരൻ ഇക്കാര്യം സംബന്ധിച്ചു പറയുന്നതിപ്രകാരമാണു്: "നമ്മുടെ കാത്താവീശോമിശിഹായായിരുന്നു അദ്ദേഹത്തിന്റെ പുസ്തകവും നിത്യനിയമവും മുഖക്കണ്ണാടിയും." കോളററു് എന്ന ഗ്രന്ഥകാരൻ പറയുന്നതും ശ്രദ്ധേയമാണു്: "വി. വിൻസെൻറിന്റെ ധർമ്മോക്തികൾ സുവിശേഷത്തിൽനിന്നുള്ള നിഗമനങ്ങളല്ലാതെ മറെറാന്നുമല്ല." അദ്ദേഹത്തിന്റെ നാമകരണച്ചടങ്ങുകൾ സമാരബ്ധമായപ്പോൾ ഡാക്സിലെ മെത്രാൻ നല്കിയ സാക്ഷ്യത്തിലും ഈ ആശയം തന്നെ പ്രതിഫലിച്ചുകാണുന്നു: "വിൻസെൻറിന്റെ ജീവിതം, സുവിശേഷം പ്രായോഗികമാക്കിച്ചെയ്യപ്പെട്ടതല്ലാതെ മറെറാന്നുമല്ല."

# അദ്ധ്യായം ആറ്

# എളിമ അഭ്യസിക്കുക

## വി. വിൻസെൻറിൻെറ സൂക്തികൾ:

ഉപവിയെ ഹനിക്കുന്ന വിഷം അഹങ്കാരമാണ്. ഉപവിയുടെ ആസ്ഥാനമാകട്ടെ എളിമയും.

നാം വഞ്ചിതരാകരുത്: എളിമയില്ലെങ്കിൽ നമുക്ക യാതൊന്നുമില്ല.

നമ്മൾ ഘോരപാപികൾ തന്നെയായിരുന്നാലും വിനയപൂർവം അവ ഏററുപറഞ്ഞ് മാപ്പപേക്ഷിച്ചാൽ നീതീകരിക്കപ്പെട്ടും. നേരേമറിച്ച്, മാലാഖാമാരെപ്പോലെ പരിശുദ്ധരും സകലപുണ്യങ്ങളും നിറഞ്ഞവരുമായിരുന്നാലും നമുക്ക് എളിമയില്ലെങ്കിൽ ആ പുണ്യങ്ങളൊന്നും നിലനില്ക്കയില്ല. അവ അടിത്തറയില്ലാത്ത കെട്ടിടം പോലെയായിരിക്കും.

സ്വയം നിന്ദനം അഭ്യസിക്കുന്നവൻ ഭാഗ്യവാനാണ്. കാരണം, പ്രസാദവരത്തിൻെറ ഒരിക്കലും വററാത്ത നീരുറവ അവൻ കണ്ടെത്തിയിരിക്കുന്നു. കണ്ണുനീരിൻെറ ഈ താഴ്‌വരയിൽനിന്ന് സ്വർഗ്ഗസിംഹാസനങ്ങളിലേക്ക് കയറുവാനുള്ള ഒരു ചവിട്ടുപടിയായിരിക്കും അത്.

മററുള്ളവരെല്ലാം നമ്മേക്കാൾ നല്ലവരെന്നും നാമോ എന്നാൽ പിശാചുക്കളേക്കാൾ ദുഷ്ടരെന്നും വിധിക്കുവാൻ എളിമ നമ്മെ പ്രേരിപ്പിക്കുന്നു.

സ്വയം നിന്ദിക്കയും എളിമപ്പെട്ടുകയും ചെയ്യുക. ദൈവത്തെ സേവിക്കുന്നതിനും നിങ്ങളുടെ പ്രവത്തനങ്ങളിന്മേൽ ദൈവാനുഗ്രഹം വർഷിക്കപ്പെടുന്നതിനുമുള്ള ഏററം പററിയ മാർഗ്ഗമാണിത്.

നന്ദനമോ, നിന്ദനമോ എന്തു ലഭിച്ചാലും യഥാർത്ഥ എളിമയുള്ളവർ സമചിത്തത പാലിക്കുന്നു. രണ്ടു് ആശയങ്ങൾ എന്റെ മനസ്സിൽ തോന്നിയാൽ, ചിലപ്പോൾ അവയിൽ അനാകർഷമായിത്തോന്നുന്നതുമാത്രം വെളിപ്പെടുത്തുന്നു. കൂടുതൽ ആകർഷകമായതിനെ മിക്കപ്പോഴും ഹൃദയാന്തരാളത്തിൽവച്ചു് ഒരു ത്യാഗബലിയായി ദൈവത്തിനു കാഴ്ചവയ്ക്കുന്നു.

പൊതുജനങ്ങളുടെ ബഹുമാനാദരങ്ങൾക്കു പാത്രമാകും വിധം പലപ്പോഴും പല പൊതുക്കാര്യങ്ങളും നിർവഹിക്കേണ്ടിവരും. ഇങ്ങനെയുള്ള അവസരങ്ങളിൽ എന്റെ മഹത്വത്തിനും പ്രശസ്തിക്കും ഉതകുമാറു് എന്തെങ്കിലും ഉണ്ടെങ്കിൽ അതു കഴിയുന്നതും അനാർഭാടമായി നിർവഹിക്കുവാൻ ഞാൻ ശ്രമിക്കും.

നമ്മുടെ ജ്ഞാനധ്യാനങ്ങളുടെയെല്ലാം പ്രഥമോദ്ദേശ്യം എളിമ അഭ്യസിക്കുകയെന്നതായിരിക്കണം.

എല്ലായ്പ്പോഴും സ്വയം എളിമപ്പെടുത്തുക. ഏററം അപൂർണ്ണനായി നിന്നെത്തന്നെ കരുതുക. മററുള്ളവരിൽ നന്മമാത്രവും നിന്നിൽ പോരായ്മകളും ദർശിക്കുക. ലോകത്തിൽ ചെയ്യപ്പെടുന്ന സകല തിന്മകളും നമ്മിൽ കുടികൊള്ളുവാൻ സാധ്യതയുണ്ടെന്ന കാര്യം അനുസ്മരിക്കുക. മററുള്ളവരെ വിധിക്കുകയെന്ന ജോലി ദൈവത്തിനു വിട്ടുകൊടുക്കുക.

നാം സ്വാർത്ഥതാൽപര്യങ്ങൾ പിഴുതെറിയുമ്പോൾ ദൈവം നമ്മിൽ വാസമുറപ്പിക്കുന്നു. കാരണം ശൂന്യത അവിടുത്തേയ്ക്കു് അസഹനീയമാണു്.

അധികാരിയും അധീനരും ആരെന്നു് മററുള്ളവർക്കു് എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കാത്തവിധം അത്ര സൗഹാർദ്ദമായി നീ നിന്റെ കീഴുള്ളവരോടു വർത്തിക്കുക.

ദൈവസ്തുതിക്കായുള്ള പ്രവർത്തനങ്ങൾവഴി പേരും പെരുമയും ഇച്ഛിക്കുന്നതിനേക്കാൾ മരിക്കുകയാണുത്തമം.

പ്രശംസിക്കപ്പെടുന്നതിനും പ്രസിദ്ധി സമാർജ്ജിക്കുന്നതിനുംവേണ്ടി പ്രസംഗിക്കുന്ന ഒരു വൈദികൻ എന്താണു

ചെയ്യുന്നതു്? അയാൾ ഗുരുതരമായി പിഴയ്ക്കുന്നു; പോരാ, ദൈവദോഷം പിഴയ്ക്കുന്നു. ബഹുമാനത്തിനും പ്രശസ്തിക്കും വേണ്ടി ദൈവവചനം ഉപയോഗപ്പെടുത്തുന്നതു് സാക്ഷാൽ ദൈവദോഷം തന്നെ.

വലിയ ആളുകൾ ചെയ്യുന്ന കാര്യങ്ങൾ ചെയ്യുവാൻ കൊച്ചുകുട്ടികൾ മുതിരരുതു്. നമ്മുടെ സഭ കേവലം ശിശു മാത്രമാണു്. രാക്ഷസതുല്യം തിരുസ്സഭയിൽ പ്രശോഭിക്കുന്ന മററു സന്യാസസഭകൾ ചെയ്യുന്നതുപോലുള്ള പ്രവൎത്തനങ്ങൾ ചെയ്യുവാൻ നമ്മൾ പ്രാപ്തിയുള്ളവരല്ല.

പരസ്നേഹം പുലരുവാൻ പരസ്പരം ക്ഷമ യാചിക്കണം. ഈ വിധത്തിലുള്ള എളിമപ്രകരണമാകട്ടെ സംസാരം വഴിയും മററുമുണ്ടാകുന്ന പല തെററിദ്ധാരണകളും വിദ്വേഷങ്ങളും നീക്കി പരസ്നേഹം വളർത്തുന്ന പരിമളതൈലം പോലെയാണു്.

## പ്രായോഗിക വിചിന്തനം:

വാക്കാൽ മാത്രം എളിമ അഭ്യസിക്കുക എളുപ്പമാണു്. അതുപോലെതന്നെ, ആദ്ധ്യാത്മിക പിതാക്കന്മാർ എളിമയുടെ മഹാത്മ്യത്തേയും ആവശ്യകതയേയുംപററി പറഞ്ഞിരിക്കുന്നവ സമ്മതിക്കുന്നതിനും വിശുദ്ധാത്മാക്കളുടെ എളിമയെ പ്രശംസിക്കുന്നതിനും എളുപ്പംതന്നെ. എളിമ ആദ്ധ്യാത്മിക സൗധത്തിൻെറ മൂലക്കല്ലും അടിസ്ഥാനവുമാണെന്നു് വി. സിപ്രിയൻ, വി. അമ്പ്രോസു് മുതലായ പുണ്യാത്മാക്കളോടൊപ്പം നാമും ഉദ്ഘോഷിച്ചേക്കാം. പോരാ, വി. ആഗുസ്തീനോസിനോടുകൂടി: "ഏററം പ്രധാനപ്പെട്ടതും അവശ്യാവശ്യകവുമായ പുണ്യമേതെന്നു് നിങ്ങൾ എന്നോടു ചോദിച്ചാൽ ഞാൻ പറയും 'എളിമ' എന്നു്; ഇനി രണ്ടാമതും മൂന്നാമതും എന്നോടു് ആ ചോദ്യംതന്നെ ആവർത്തിച്ചാലും ഞാൻ പറയും. 'എളിമ, എല്ലായ്പ്പോഴും എളിമ' എന്നു്"; എന്നിപ്രകാരം നാമും ഉദീരണം ചെയ്തേക്കാം. അതേ, ക്രൂശിതരൂപത്തിൻമുമ്പാകെയും, പ്രഭാതപ്രാർത്ഥനാവേളയിലും സായാഹ്നത്തിലേ ആത്മശോധനാസമയത്തുമെല്ലാം എളിമ അഭ്യസിക്കുക എളുപ്പമാണു്.

എന്നാൽ വി. വിൻസെൻറു പറയുന്നതുപോലെ പ്രായോഗികജീവിതത്തിൽ എളിമ അഭ്യസിക്കുക: അതത്ര എളുപ്പമല്ല. ഇങ്ങനെയുള്ള എളിമാഭ്യാസങ്ങളിലേക്കു കടക്കുമ്പോഴാണ് സ്വതേ ഔദ്ധത്യപൂർണ്ണവും ധൃഷ്ടവുമായ നമ്മുടെ സ്വഭാവം വഴങ്ങിക്കൊടുക്കയില്ലാത്തതു്. ഇവിടെയാണ് സകല നന്മയുടേയും ശത്രുവായ പിശാചു് നമ്മെ അടിപ്പെടുത്തുവാൻ പാർത്തിരിക്കുന്നതു്. വി. വിൻസെൻറു് ഈ വസ്തുത ശരിക്കു മനസ്സിലാക്കിയിരുന്നു. ആകയാൽ അദ്ദേഹം എളിമ അഭ്യസിക്കുവാനുള്ള ഒരവസരവും വിട്ടുകളഞ്ഞിരുന്നില്ല. സ്വയം നിന്ദിക്കയും സ്വാർത്ഥതാൽപര്യങ്ങൾ മറന്നു പ്രവർത്തിക്കയും ചെയ്യുന്നതിൽ ഒരു പ്രത്യേക സന്തോഷംതന്നെ അദ്ദേഹം കണ്ടെത്തിയിരുന്നു. തന്നെക്കുറിച്ചു് വളരെ എളിയ ഒരഭിപ്രായം മററുള്ളവരിൽ ഉളവാക്കത്തക്കവണ്ണമായിരുന്നു അദ്ദേഹം പലപ്പോഴും സംസാരിച്ചിരുന്നതു്.

നമ്മുടെ വിശുദ്ധനിൽ ഇത്ര സമുന്നതമായ നിലയിൽ പ്രശോഭിച്ചിരുന്ന വിനയത്തിനു് എന്തു നിർവചനമാണ് നല്കുക! ദിവ്യനാഥൻെറ ഹൃദയത്തിനു് അത്യധികം സംപ്രീതിജനകമായ ഈ പുണ്യത്തിനു വി. വിൻസെൻറുതന്നെ നല്കിയിരിക്കുന്ന നിർവ്വചനത്തോടു കിടനില്ക്കത്തക്ക മററു നിർവചനങ്ങൾ ഇല്ലതന്നെ. തൻെറ സഭാംഗങ്ങൾക്കായി അദ്ദേഹം എഴുതിയുണ്ടാക്കിയ നിയമാവലിയിൽ ഇപ്രകാരം കാണുന്നു: "നമ്മെത്തന്നെ ആത്മാർത്ഥമായി നിന്ദിക്കുന്നതിലാണ് എളിമ അടങ്ങിയിരിക്കുന്നതു്." നമ്മെക്കുറിച്ചു തന്നെ ഒരു താഴ്ന്ന അഭിപ്രായം വച്ചുപുലത്തുകയോ, ദൈവത്തിലുള്ള നമ്മുടെ പരിപൂർണ്ണ ആശ്രിതത്വം സമ്മതിക്കയോ ചെയ്താൽമാത്രം പോരാ, പിന്നയോ ആത്മാത്ഥമായി നമ്മെത്തന്നെ വെറുക്കണമെന്നാണ് വിൻസെൻറു് അനുശാസിക്കുന്നതു്.

വി. വിൻസെൻറു് തന്നെക്കുറിച്ചുതന്നെ ഒരു താഴ്ന്ന അഭിപ്രായം പുലത്തുകയും സ്വയം നിന്ദിക്കുകയും ചെയ്തിരുന്നുവെന്നു് അദ്ദേഹത്തിൻെറ എഴുത്തുകളിൽനിന്നും മററും ഗ്രഹിക്കാം. റോമ്മിലേ വിൻസെൻഷ്യൻസഭാ സുപ്പീരിയ

ക്കുള്ള ഒരു കത്തിൽ കഥാനായകൻ എഴുതിയിരിക്കുന്നതിപ്ര കാരമാണു്: "ഈ നിർഭാഗ്യപാപിയെ ദൈവം ഏതു ദിവസം ഏതു മണിക്കുറിൽ പരലോകത്തിലേക്കു വിളിക്കുമെന്നു് ആർക്കും അറിഞ്ഞുകൂടാ. ഞാൻ മരിക്കുന്നതിനു മുൻപു് താങ്കളുടെ സംരംഭം പൂർത്തീകരിക്കപ്പെട്ടു കാണുവാൻ ആഗ്രഹിക്കുന്നു." ഒരിക്കൽ തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് അദ്ദേഹം തൻെറ സഭാംഗങ്ങളോടു പറഞ്ഞതിപ്രകാരമാണു്: "ഭൂമിയിലേ ഏററം വലിയ ഈ പാപിക്കുവേണ്ടി, പാപംനിറഞ്ഞ ഈ വൃദ്ധനുവേണ്ടി നിങ്ങൾ ദൈവത്തോടു കരുണ യാചിക്കണമേ." ഒരിക്കൽ തൻെറ കോൺഗ്രിഗേഷനിൽപ്പെട്ട ഒരു വൈദികനു് അദ്ദേഹം എഴുതി: "എൻെറ ദൗർഭാഗ്യസ്ഥിതിനിമിത്തം ഞാൻ ഒരു തടസ്സമായി നില്ക്കുന്നില്ലായിരുന്നെങ്കിൽ ഈ ചെറുസമൂഹത്തിനു താങ്കളുടെ പ്രാർത്ഥനകൊണ്ടു് കൂടുതൽ ഫലം സിദ്ധിക്കുമായിരുന്നു." അദ്ദേഹം ജനീവയിലേക്കയച്ചിരുന്ന രണ്ടു മിഷ്യനറിമാരുടെ മരണത്തെപ്പററി ശ്രവിച്ചപ്പോൾ പറഞ്ഞതു ശ്രദ്ധേയമാണു്: "എൻെറ പാപങ്ങൾ നിമിത്തം ദൈവം അവരെ പരലോകത്തിലേക്കു വിളിച്ചിരിക്കുന്നു." താൻ ലോകത്തിലേ ഏററം വലിയ നീചനും നിന്ദ്യനുമായ പാപിയാണെന്നു് അദ്ദേഹം പലപ്പോഴും തന്നെക്കുറിച്ചുതന്നെ പറയാറുണ്ടായിരുന്നു.

വി. ഫ്രാൻസീസ്സ് സേവ്യർ തൻെറ സുപ്പീരിയറായ വി. ഇഗ്നേഷ്യസിൻെറ എഴുത്തുകൾ മുട്ടിന്മേൽനിന്നുകൊണ്ടു് വായിച്ചിരുന്നതായി റോമൻ ബ്രീവിയറിയിൽ നാം വായിക്കുന്നു. വി. വിൻസെൻറാകട്ടെ പലപ്പോഴും തൻെറ കീഴുള്ളവരുടെ എഴുത്തുകൾപോലും മുട്ടിന്മേൽനിന്നുകൊണ്ടു വായിച്ചിട്ടുണ്ടു്. ഒരിക്കൽ അദ്ദേഹം ഒരു സഭാംഗത്തിനു എഴുതി: "അഞ്ചാറുമാസം മുൻപു് താങ്കളുടെ രണ്ടു കത്തുകൾ എനിക്കു ലഭിച്ചിരുന്നു. താങ്കളുടെ പുണ്യത്തെക്കുറിച്ചു് എനിക്കുള്ള മതിപ്പുനിമിത്തം, മുട്ടിന്മേൽനിന്നാണു് ഞാനവ വായിച്ചതു്." ഒരവസരത്തിൽ രണ്ടു നവവൈദികർക്കു് ഭാവുകങ്ങൾ ആശംസിച്ചുകൊണ്ടു് വി. വിൻസെൻറു് എഴുതിയ ഒരു കത്തിൽ ഇപ്രകാരം കാണുന്നു: "നിങ്ങൾ നിങ്ങ

ളുടെ ദിവ്യപൂജയിൽ 'പാപികളായ ഞങ്ങൾക്കുവേണ്ടി ക്കൂടെയും' (Nobis quoque peccatoribus) എന്ന വചനങ്ങൾ ഉച്ചരിക്കുമ്പോൾ ഭൂമിയിലേ ഏററം വലിയപാപിയായ എന്നെ അനുസ്മരിക്കണമേ."

ലാങ്കേഴ്സിലേ രണ്ടു വൈദികസഹോദരന്മാർ, തങ്ങൾ എഴുതിയ ഒരു പുസ്തകം വിൻസെൻറച്ചൻെറ പേരിൽ സമർപ്പിക്കുവാൻ നിശ്ചയിച്ചു. ഈ വിവരം ഗ്രഹിച്ചപ്പോൾ വിൻസെൻറു് പറഞ്ഞതിപ്രകാരമാണു്: "ആർക്കു് സമർപ്പിക്കുന്നുവോ ആ വ്യക്തിയെ ബഹുമാനിക്കുന്നതിനായിട്ടാണു് അതു്. ഞാനാകട്ടെ, യാതൊരു ബഹുമതിയും അർഹിക്കുന്നില്ല. 1651-ലാണു് വിൻസെൻറു് ഇപ്രകാരമൊരു മറുപടി അവർക്കു് കൊടുത്തതു്. എന്നാൽ, ആ അവസരത്തിൽ അദ്ദേഹം ഫ്രാൻസിലേ പല പ്രവിശ്യകളിലും ദാരിദ്ര്യംനിമിത്തം ക്ലേശിച്ചിരുന്ന അനേകം പാവങ്ങൾക്കു സഹായംചെയ്തുകൊണ്ടും നാനാതരത്തിലുള്ള പരോപകാര പ്രവൃത്തികളിൽ ഏർപ്പെട്ടുകൊണ്ടും സകലരുടേയും ബഹുമാനാദരങ്ങൾക്കു പാത്രീഭൂതനായിക്കഴിയുകയായിരുന്നു എന്നതു പ്രത്യേകം പ്രസ്താവ്യമാണു്.

തൻെറ പേരുതന്നെ എളിമ അഭ്യസിക്കുന്നതിനു് അദ്ദേഹം ഉപകരണമാക്കി. ആഭിജാത്യമുള്ളവരുടെ രീതിയിൽ മെസ്സിയേ ഡി പോൾ എന്നു പറയുന്നതിനുപകരം, കുലീനകുടുംബങ്ങളിലും മററും സാധാരണ വേലക്കാരെ വിളിക്കാറുള്ളമാതിരി കേവലം മെസ്സിയേ വിൻസെൻറു് എന്നാണു് അദ്ദേഹം തന്നെത്തന്നെ വിളിച്ചിരുന്നതു്.

അബെല്ലി എന്ന വന്ദ്യവൈദികൻ ബയോണിലേ വികാരിജനറാൾ ആയിരുന്നപ്പോൾ നിയമസമാധാനപാലനം സംബന്ധിച്ചു് എന്തോ ആലോചന ചോദിക്കുന്നതിനു് വിൻസെൻറിനെ സമീപിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞതിപ്രകാരമാണു്; "പന്നികളെ മേയിച്ചുനടക്കുന്ന ഒരു കൃഷീവലക്കിടാത്തൻെറ അഭിപ്രായം ആരാഞ്ഞുകൊണ്ടു് അവിടുന്നു് അവനെ വിഷമിപ്പിക്കല്ലേ." ഇങ്ങനെ വിൻസെൻറിൻെറ എളിമയെക്കുറിച്ചു നേരിട്ടറിയുവാൻ സാധിച്ചതുകൊണ്ടു് അബെല്ലി അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽ

ഇപ്രകാരം രേഖപ്പെടുത്തിക്കാണുന്നു: "വിൻസെൻറു് നരകത്തേക്കാളും താഴ്ന്നു്, തന്നെത്തന്നെ എളിമപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു."

"മിഷൻസംഘത്തിൻെറ അയോഗ്യസുപ്പീരിയർ" എന്ന വാക്കുകൾകൂടി ഉപയോഗിച്ചാണു് അദ്ദേഹം ഒപ്പിട്ടിരുന്നതു്. സെൻറു് ലാസർ ആശ്രമത്തിലെ പ്രാർത്ഥനാലയത്തിൽ അദ്ദേഹത്തിൻെറ ഇരിപ്പിടം മററുള്ളവരുടേതിനേക്കാൾ അല്പം ഉയന്നാണു് സ്ഥിതിചെയ്തിരുന്നതു്. മററുള്ളവരുടേതിൽ നിന്നു് വ്യത്യസ്തമായി തനിക്കൊന്നും ഉണ്ടായിരിക്കരുതെന്നു കരുതി, പ്രസ്തുത ഇരിപ്പിടം അദ്ദേഹം താഴ്ത്തിപ്പണിയിച്ചു. തന്നെക്കുറിച്ചുതന്നെ എന്തെങ്കിലും ആവലാതിയുണ്ടെങ്കിൽ യാതൊരു മടിയുംകൂടാതെ അവ തന്നോടു പറയാമെന്നു് അദ്ദേഹം സഹപ്രവത്തകരോടു പറയാറുണ്ടായിരുന്നു. ആക്കെങ്കിലും തന്നോടു നീരസമുണ്ടെന്നു് അദ്ദേഹം ഗ്രഹിച്ചാൽ അവരുടെ അടുക്കൽച്ചെന്നു് അദ്ദേഹം പറയും: "ബഹുമാനപ്പെട്ട സഹോദരാ, ഇതുവരേയും എൻെറ ഹൃദയം ഞാൻ താങ്കൾക്കു തന്നിട്ടില്ലെങ്കിൽ, ഇതാ ഇപ്പോൾ ഈ നിമിഷം തന്നെ ഞാനതു താങ്കൾക്കു സമർപ്പിക്കുന്നു."

രാജ്ഞിയുടെ ആലോചനാസംഘത്തിലെ ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ടതു് അദ്ദേഹത്തിൻെറ വിനയത്തെ ക്ഷതപ്പെടുത്തുന്ന ഒന്നായിരുന്നു. ഈ ഉദ്യോഗം തന്നിൽ നിക്ഷേപിക്കരുതെന്നു് അദ്ദേഹം യാചിച്ചിട്ടും യാതൊരു ഫലവുമില്ലെന്നറിഞ്ഞപ്പോൾ, തൻെറ പാപത്തിനു പരിഹാരമായിട്ടാണു് ഇവയെല്ലാം തന്നെ ഭരമേല്പിക്കപ്പെട്ടന്നതു് എന്നത്രേ അദ്ദേഹം പറഞ്ഞതു്. ഈ സ്ഥാനമാനങ്ങളൊന്നും അദ്ദേഹത്തിൽ യാതൊരു പരിവത്തനവും വരുത്തിയില്ല. പുണ്യശ്ലോകനായ ഒരു മെത്രാൻ ഒരിക്കൽ വിൻസെൻറിനെ തൻെറ പഴയ വേഷത്തിൽ രാജകൊട്ടാരത്തിൽവച്ചു കണ്ടപ്പോൾ പറഞ്ഞതിപ്രകാരമാണു്: "വിൻസെൻറച്ചൻ എന്നും വിൻസെൻറച്ചൻ തന്നെ!"

വയസ്സു് എഴുപത്തഞ്ചായിട്ടും വളരെ ക്ലേശിച്ചു് കാൽനടയായി മിഷൻ വേലക്കു പോകുന്നതിനും സന്ദർശനങ്ങൾ നടത്തുന്നതിനും വിൻസെൻറച്ചനു് ഒട്ടും മടിയില്ലായിരുന്നു.

ഈയവസരത്തിൽ മാഡം ഡി ഐഗിലോങ്ങ് അദ്ദേഹത്തിനു ഒരു കുതിരവണ്ടി സമ്മാനിച്ചു. എന്നാൽ അതുപയോഗിക്കുന്നതിനു താൻ അയോഗ്യനാണെന്നുപറഞ്ഞു് അദ്ദേഹം അതു നിരസിക്കയാണുണ്ടായതു്. എന്നിരുന്നാലും പാരീസ്സ് മെത്രാപ്പോലീത്താ കല്പിച്ചപ്പോൾ അദ്ദേഹം അതു സ്വീകരിച്ചു. ആ വണ്ടി ആശ്രമത്തിലേക്ക് കൊണ്ടുവരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞതിപ്രകാരമാണു്: "കണ്ടാലും, എനിക്കർഹതയില്ലാത്ത വസ്തു".

വാർദ്ധക്യകാലത്തും ഒരു എളിയ തുണസഹോദരനെപ്പോലെ കുർബാനയ്ക്കു കൂടുന്നതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം തന്നെയാണു് തൻെറ കിടക്ക വിരിക്കയും മുറി വൃത്തിയാക്കുകയും ചെയ്തിരുന്നതു്. ഒരിക്കൽ തന്നെ സന്ദർശിക്കുവാൻ വന്ന കുറേ പാവപ്പെട്ടവരോടു് ഉടനെ വരാമെന്നു് പറഞ്ഞു് അദ്ദേഹം അകത്തേക്കു പോയി. എന്നാൽ ജോലിത്തിരക്കുകളുടെ ബാഹുല്യത്താൽ സന്ദർശകരുടെ കാര്യം മറന്നുപോയി. പിന്നീടു് അദ്ദേഹം അക്കാര്യം അനുസ്മരിച്ചപ്പോൾ ഓടിച്ചെന്നു് അവരുടെ മുമ്പിൽ മുട്ടുകുത്തി മാപ്പപേക്ഷിച്ചു. പൗരോഹിത്യത്തിനു് താൻ അനർഹനാണെന്നു് വിശ്വസിച്ചുകൊണ്ടു് ഒരിക്കൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി: "ഞാൻ ഒരു വൈദികനല്ലായിരുന്നെങ്കിൽ ഒരിക്കലും അങ്ങനെയാകാൻ സാധിക്കുമായിരുന്നില്ല."

വിനയം നിമിത്തം രഹസ്യത്തിൽ ആഡംബര രഹിതമായിട്ടാണു് അദ്ദേഹം പ്രഥമ ദിവ്യബലിയർപ്പിച്ചതു്. ഇതു സംബന്ധിച്ചു് അബെല്ലി പറയുന്നതു ശ്രദ്ധേയമാണു്: "ദൈവികമായ ഈ കൃത്യത്തിൻെറ മാഹാത്മ്യത്തെപ്പററി ചിന്തിച്ചപ്പോൾ ഞാൻ ഭയംകൊണ്ടു നിറഞ്ഞു. അങ്ങനെ ഈ വിശിഷ്ടകർമ്മം പരസ്യമായി നിർവഹിക്കുന്നതിനുള്ള ധൈര്യമില്ലാതിരുന്നതുകൊണ്ടു് വിജനപ്രദേശത്തുള്ള ഒരു കപ്പേളയിൽവച്ചു് കേവലം ഒരു വൈദികൻേറയും ഒരു സഹായിയുടേയും സാന്നിദ്ധ്യത്തിൽ ഞാനതു നിർവഹിച്ചു. എന്നിപ്രകാരം വിൻസെൻറു് പറയുന്നതായി കേട്ടിട്ടുണ്ടു്."

ബ്രഹ്മാണ്ഡമായ സെൻറു് ലാസർ ആശ്രമം വിൻസെൻറിനു് ദാനമായി ലഭിച്ചതാണു്. ആ കെട്ടിടസമൂഹം അദ്ദേഹത്തിനും മിഷ്യനറിമാക്കുമായി നല്കുവാൻ ഉദ്ദേശിക്കുന്നതായി സെൻറു് ലാസർ ഭവനത്തിൻെറ അധിപനായിരുന്ന പ്രിയോർ വിൻസെൻറിനോടു പറഞ്ഞപ്പോൾ അദ്ദേഹം വലിയ പരുങ്ങലിലായി. അതു നിരസിക്കുന്നതിനു വേണ്ട ഒഴിവുകഴിവുകളെല്ലാം ഉന്നയിച്ചുനോക്കി. അറിയപ്പെടാത്ത ഒരു ജീവിതം നയിക്കുവാനാണു് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതു്. സെൻറു് ലാസർ ഭവനമാകട്ടെ പാരീസു് പട്ടണത്തിലെ ഒരു പ്രമുഖ സ്ഥാപനമായിരുന്നു. ഈ പരിതഃസ്ഥിതികളിൽ അദ്ദേഹം ഭയവിഹ്വലനായതിൽ വിസ്മയത്തിനവകാശമില്ല.

തൻെറ സ്വന്തം മഹത്വത്തെ പ്രഘോഷിക്കുന്ന യാതൊന്നും പറയാതിരിക്കുവാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഇങ്ങനെ പ്രശംസ ഭയന്നാണു് ട്യൂണീസിലെ തൻെറ പ്രവാസജീവിതത്തെക്കുറിച്ചു് അദ്ദേഹം അധികം സംസാരിക്കാതിരുന്നതു്. 'കല്പന' എന്ന വാക്കിനു് അദ്ദേഹത്തിൻെറ നിഘണ്ടുവിൽ സ്ഥാനമില്ലായിരുന്നു. വിനയാധിക്യത്താൽ ദൈവത്തിൻേറയും മനുഷ്യരുടേയും മുമ്പിൽ പോരായ്മകൾ ഏററുപറഞ്ഞുകൊണ്ടും സ്വയം താഴ്ത്തിക്കൊണ്ടും യഥാർത്ഥത്തിൽ പ്രായോഗികമായി എളിമ അഭ്യസിച്ചിരുന്ന ഒരു വിനീത ഹൃദയനായിരുന്നു നമ്മുടെ വിശുദ്ധൻ എന്നു് മേൽ പ്രസ്താവിച്ച അനേകം സംഭവങ്ങൾ സ്പഷ്ടമാക്കുന്നു.

എന്നാൽ വ്യക്തിപരമായ ഈ എളിമയെക്കാൾ ഒരു പക്ഷേ, കൂടുതൽ വൈഷമ്യമേറിയ മറെറാരുതരം വിനയാഭ്യാസംകൂടി വിൻസെൻറു് അനുഷ്ഠിച്ചിരുന്നു. തങ്ങൾ ഉൾപ്പെട്ട സംഘടനയുടേയോ സമൂഹത്തിൻേറയോ പേരിൽ പല അല്മായരും വൈദികരും വ്യർത്ഥാഭിമാനത്തിനധീനരാവുക അത്ര വിരളമല്ല. "സാമൂഹികവ്യർത്ഥാഭിമാനം" (Community pride) എന്നറിയപ്പെടുന്ന പ്രസ്തുത അഹങ്കാരം വ്യക്തിത്വസ്വഭാവത്തോടുകൂടിയതു് അല്ലാത്തതിനാലും സ്വതേ പ്രശംസനീയമായിത്തോന്നുന്നതുകൊണ്ടും അതു തിരുത്തുക ഒരു വിധത്തിൽ അസാധ്യമാണെന്നുതന്നെ പറയാം.

പലപ്പോഴും സമൂഹത്തിൻെറ മഹത്വം പുലരുവാൻവേണ്ടി ദൈവമഹത്വം ബലികഴിക്കപ്പെടുന്നില്ലേ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഇവ്വിധമുള്ള വ്യർത്ഥാഭിമാനത്തിനു് താനും തൻെറ കോൺഗ്രിഗേഷനംഗങ്ങളും വിധേയരാകാതിരിപ്പാൻ വിൻസെൻറു് വേണ്ടതുപോലെ ശ്രദ്ധിച്ചിരുന്നു. കോൺഗ്രിഗേഷനിൽ അമിതമായി അഭിമാനം കൊള്ളാതെ വിനയം അഭ്യസിക്കുവാൻ താൻ സ്ഥാപിച്ച ഇരുസഭകളിലേയും അംഗങ്ങളോടു് അദ്ദേഹം ഉപദേശിച്ചിരുന്നു. അസാധാരണമായ ഈ പുണ്യമഭ്യസിക്കുവാൻ മാതൃകകൊണ്ടും ഉപദേശംകൊണ്ടും അദ്ദേഹം മററുള്ളവരെ പ്രേരിപ്പിച്ചു. വിശുദ്ധൻ പറയുന്നു: "വ്യക്തിപരമായ എളിമ അഭ്യസിക്കുകയും അതേസമയം സമൂഹത്തെക്കുറിച്ചു് അഹങ്കരിക്കുകയും ചെയ്യുന്നവൻെറ എളിമ നിരർത്ഥകമത്രേ. മററു സന്യാസസഭകളുടേയും കോൺഗ്രിഗേഷനുകളുടേയും അഭിവൃദ്ധിയിൽ നാം സന്തോഷിക്കണം. അതിൽ അസൂയ പ്രദർശിപ്പിക്കുന്നവർ ക്രിസ്ത്യാനിയെന്ന പേരിനുതന്നെയും അയോഗ്യരാണു്." ഒരിക്കൽ അദ്ദേഹം ഉപവിസംഘാംഗങ്ങളോടു് ഇപ്രകാരം ഉപദേശിക്കയുണ്ടായി: "കത്തോലിക്കാസഭയിലുള്ള മറെറല്ലാ സന്യാസസഭകളും നമ്മുടേതിനേക്കാൾ പതിന്മടങ്ങു് മെച്ചമായി നാം പരിഗണിക്കണം." വിവിധ സന്യാസസമൂഹങ്ങൾക്കും ഇടവക വൈദികർക്കും അദ്ദേഹം ചെയ്തുകൊടുത്തിട്ടുള്ള നിസ്തുല സേവനങ്ങൾ അവരോടു് അദ്ദേഹത്തിനുണ്ടായിരുന്ന മതിപ്പും അദ്ദേഹത്തിൻെറ വിനയവും പ്രത്യക്ഷമാക്കുന്നു. "തന്നെത്താൻ താഴ്ത്തുന്നവർ ഉയർത്തപ്പെടും" എന്ന ദിവ്യനാഥൻെറ വാക്കുകൾ വി. വിൻസെൻറിൽ അന്വർത്ഥമായിക്കാണാം.

ബാഹ്യമായ പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ വിൻസെൻറിൻെറ എളിമ പ്രത്യേകം കണ്ടുപഠിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധൻ പറയുന്നതുപോലെ: "ദൈവത്തെ സേവിക്കുന്നതിനും, തങ്ങളുടെ പ്രവർത്തനങ്ങളിന്മേൽ ദൈവാനുഗ്രഹമുണ്ടാകുന്നതിനും പററിയ മാർഗ്ഗം വിനയാഭ്യാസംതന്നെ."

## അദ്ധ്യായം ഏഴ്

# അധികാരികളെ ബഹുമാനിക്കുക

### വി. വിൻസെൻറിൻെറ സൂക്തികൾ:

ജനനംമുതൽ മരണംവരെ ഈശോ അനുസരണത്തെ സ്നേഹിച്ചു. അനുസരണത്തിനു വിധേയനായിട്ടാണ് അവിടുന്ന് എല്ലാം ചെയ്തത്. ആകയാൽ, ഈ പുണ്യത്തിൽ ദൈവികമായി എന്തോ ഉണ്ട്.

അനുസരണം ദൈവത്തെ പ്രസാദിപ്പിക്കുന്നു. അതുവഴി നാം ദൈവതിരുവിഷ്ടം നിറവേററുകയും മാലാഖാമാരെപ്പോലെ വർത്തിക്കയും ചെയ്യുന്നു.

മനോജ്ഞമായ ഒരു മുത്ത്, കല്ലുകൾ നിറഞ്ഞ ഒരു പർവ്വതത്തേക്കാൾ പതിന്മടങ്ങ് വിലമതിക്കപ്പെടുന്നതുപോലെ, ഒരു കീഴ്‌വഴക്കപ്രകരണം അനേകം പരോപകാരപ്രവൃത്തികളേക്കാൾ വിലയുള്ളതാണ്.

അനുസരണം അത്ഭുതശക്തിയുള്ള ഒരു തരം വിശേഷപ്പെട്ട കല്ല് (Philosopher's stone) പോലെയാണ്. ഈ കല്ലുകൊണ്ട് സ്പർശിക്കുന്നതെല്ലാം സ്വർണ്ണമായി മാറുന്നു.

ലൗകികവസ്തുക്കളെയെല്ലാം ബലികഴിക്കുന്നുവെങ്കിലും സ്വാർത്ഥതാൽപര്യങ്ങൾ ഉപേക്ഷിക്കാതെ സ്വാഭീഷ്ടമനുസരിച്ച് പ്രവർത്തിക്കുന്നുവെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല.

നിന്നോടു കല്പിക്കപ്പെടുന്ന സംഗതികളാണ് നിനക്ക് ഏററവും ഉത്തമമായ പ്രവൃത്തികളായി പരിണമിക്കുക. നിൻെറ കീഴ്‌വഴക്കം നിരുപാധികവും ഉടനടിയുള്ളതും നിരന്തരവുമായിരിക്കട്ടെ.

കീഴ്‌വഴക്കത്തിൻെറ അരൂപിയുണ്ടായിരിക്കുക എത്ര വലിയ നേട്ടമാണ്! നമ്മുടെ മേലധികാരികളെ അനുസരി

ക്കുമ്പോഴെല്ലാം നാം ദൈവതിരുവിഷ്ടം നിറവേററുകയാണ്ട് ചെയ്യുന്നതു്.

പ്രകൃത്യാ എല്ലാവരും സ്വാതന്ത്ര്യകാംക്ഷികളാണ്. എന്നാൽ അതു് നാശഗർത്തത്തിലേക്കു നമ്മെ ആനയിക്കുന്ന ഒരു വിശാലപാതയാണെന്ന വസ്തുത വിസ്മരിക്കരുതു്. നേരേമറിച്ച്, അനുസരണത്തെ ഇഷ്ടപ്പെടുന്ന ഒരുവൻ വലിയ ഹൃദയസമാധാനം അനുഭവിക്കുകയും തൻെറ ആത്മവിശുദ്ധീകരണം സാധിക്കുകയും ചെയ്യുന്നു.

മേലധികാരികൾ നമ്മോടു കല്പിക്കുന്ന ഏതുവിധപ്രേഷിതപ്രവൃത്തികളും — അവ നമുക്കു് ഇഷ്ടപ്പെട്ടതോ അല്ലാത്തതോ ആയിരുന്നുകൊള്ളട്ടെ — നിർവഹിക്കുവാൻതക്കവണ്ണം നമ്മുടെ പ്രവർത്തനങ്ങളെസ്സംബന്ധിച്ചിടത്തോളം നാം പരിപൂർണ്ണ നിഷ്പക്ഷത പാലിക്കണം.

തന്നെ ശുശ്രൂഷിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാം തന്നിഷ്ടത്തിൻെറ വഴിവിട്ടു് അധികാരത്തിനു് വിധേയരായിക്കഴിയണമെന്നാണു് ദൈവം ആഗ്രഹിക്കുന്നതു്.

മെത്രാന്മാരുടെ കീഴിൽ നാം സുവിശേഷത്തിലേ ശതാധിപൻെറ സേവകന്മാരെപ്പോലെ ആയിരിക്കണം. അവർ പോകാൻ പറയുമ്പോൾ പോവുകയും വരാൻ പറയുമ്പോൾ വരുകയും ചെയ്യണം.

ആരെയെല്ലാമാണു് നാം അനുസരിക്കേണ്ടതു്? ഒററവാക്കിൽ എല്ലാ മേലധികാരികളേയും. പ്രഥമതഃ തിരുസ്സഭാദ്ധ്യക്ഷനായ പരിശുദ്ധ മാർപ്പാപ്പായെ ഹൃദയപരമാർത്ഥതയോടും ആദരവോടുംകൂടി നാം അനുസരിക്കണം.

വിശ്വാസികളുടെ ആദ്ധ്യാത്മികോന്നമനത്തിനായുള്ള നമ്മുടെ പ്രവത്തനങ്ങളെല്ലാം ഇടവകവികാരിയുടെ നിർദ്ദേശമനുസരിച്ചാണു് നിർവഹിക്കേണ്ടതു്. ഒരിക്കലും അദ്ദേഹത്തിൻെറ അഭീഷ്ടത്തിനെതിരായി പ്രവത്തിക്കരുതു്.

ഉപവിപ്രവൃത്തികളോടു് തുലനംചെയ്യുമ്പോൾ നീതിക്കടുത്ത കർത്തവ്യങ്ങൾക്കാണു് പ്രഥമസ്ഥാനം നല്കേണ്ടതു്.

ഒരു സമൂഹത്തിലെ അംഗങ്ങൾ അനുസരണമുള്ളവരെങ്കിൽ, ദൈവം അവരെ തൻെറ ഉപരിമഹത്വത്തിനായുള്ള പ്രേഷിതപ്രവത്തനങ്ങളിൽ ഉപകരണങ്ങളാക്കുന്നു. നേരെമറിച്ച്, അവർ അനുസരണമില്ലാത്തവരെങ്കിൽ ദൈവത്തിൻെറ പ്രവർത്തനങ്ങൾ ഫലശൂന്യങ്ങളാക്കിത്തീർക്കുവാൻ പിശാച് അവരെ ഉപയോഗപ്പെടുത്തും.

ഒരു സന്യാസസംഘത്തിൻെറ ഭദ്രതയും പുരോഗതിയും നിയമാനുഷ്ഠാനത്തെ ആശ്രയിച്ചിരിക്കും.

മേലധികാരികളിൽ ക്രിസ്തുവിനെ ദർശിക്കുക. രാജാക്കന്മാരിൽ ലോകൈകരാജാവായും ജസ്റ്റിമാരിലും ഭരണകർത്താക്കളിലും നിത്യവിധിയാളനായും അങ്ങയെ കാണുക.

## പ്രായോഗിക വിചിന്തനം:

ആദ്ധ്യാത്മികമോ ലൗകികമോ ആയ നിലയിൽ നമ്മുടെ മേൽ അധികാരമുള്ള സകലരേയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതിൻെറ ആവശ്യകത ചൂണ്ടിക്കാണിക്കയാണ് വി. വിൻസെൻറ് മേൽ പ്രസ്താവിച്ച വാക്യങ്ങൾവഴി ചെയ്യുന്നത്. പ്രഥമഃത അനുസരണത്തിൻെറ ശ്രേഷ്ഠതയേയും സൽഫലങ്ങളേയുംപററി പൊതുവായി പ്രസ്താവിച്ച ശേഷം ആരെയെല്ലാമാണ് നാം അനുസരിക്കേണ്ടതെന്ന് അദ്ദേഹം പ്രത്യേകം എടുത്തുപറയുന്നു.

വി. വിൻസെൻറിൻെറ ജീവിതം അനുസരണത്തിൻെറ ഉത്തമമാതൃകയായിരുന്നു. ഒരിക്കൽ പാരീസ് മെത്രാപ്പോലീത്താ, ഏതോ കാര്യംപ്രമാണിച്ച് വിശുദ്ധന് ഒരു കല്പന അയക്കുകയുണ്ടായി. എന്നാൽ ഏറെത്താമസിയാതെ പ്രസ്തുത കല്പനക്കു വിപരീതമായി മറെറാരു കല്പന കൂടി തിരുമേനി അയച്ചു ഈ രണ്ടാമത്തെ കല്പനയനുസരിച്ചു് പ്രവത്തിക്കുന്നതിൽ സ്വാഭാവികമായി ഉണ്ടായ മനഃക്ഷോഭം അടക്കിക്കൊണ്ടു് വിൻസെൻറച്ചൻ മെത്രാപ്പോലീത്താതിരുമേനിക്കെഴുതിയതിപ്രകാരമാണ്: "തിരുമേനീ, ഞാൻ അനുസരണത്തിൻെറ പുത്രനാണ്." അതേ, അദ്ദേഹം എല്ലാപ്പോഴും യഥാത്ഥ അനുസരണത്തിൻെറ പുത്രനായിട്ടാണ് വത്തിച്ചതു്.

തിരുസ്സഭയുടെ അധികാരത്തിനു് അദ്ദേഹം എപ്രകാരം കീഴ്‌വഴങ്ങിയിരുന്നുവെന്നു ഗ്രഹിക്കുവാൻ ജാൻസെനിസത്തിനെതിരായുള്ള തൻെറ നിരന്തരസമരത്തെപ്പററി പര്യാലോചിച്ചാൽ മതിയാകും. ജാൻസെനിസ്റ്റ് പാഷണ്ഡതയെ തിരുസ്സഭയുടെ ഒരു വലിയ ശത്രുവായിട്ടാണു് വിൻസെൻറു് വീക്ഷിച്ചതു്. ഈ ശത്രുവാകട്ടേ, ബാഹ്യദൃഷ്ടിയിൽ ഉന്നതമായ ആദ്ധ്യാത്മികാദർശത്തിൻെറ മറവിൽ ഒളിഞ്ഞുകിടന്നിരുന്നതിനാൽ, അനേകം ആത്മാക്കളെ വഴിതെററിക്കുവാൻപോരുന്നതായിരുന്നു. ഈ വിപൽസന്ധിയിൽ, പണ്ഡിതോചിതമായ പല വാദമുഖങ്ങളും ഉന്നയിച്ചു് വിൻസെൻറു് പ്രസ്തുത പാഷണ്ഡതയെ എതിർത്തു. താൻതന്നെ ഈ അബദ്ധസിദ്ധാന്തത്തിൽ കുടുങ്ങിപ്പോകാതിരിപ്പാൻ അദ്ദേഹം പ്രത്യേകം പ്രാൎത്ഥിക്കുകയും വിശ്വാസപ്രകരണങ്ങൾ ചെയ്യുകയും ചെയ്തു. ഈ അവസരത്തിൽ അദ്ദേഹം എഴുതിയ ഒരു കത്തിൽ ഇപ്രകാരം കാണുന്നു: "ജാൻസെനിസ്റ്റ് പ്രണേതാക്കളായ പല പ്രമുഖനേതാക്കളും എന്നെ അവരുടെ ചേരിയിലേക്കാനയിക്കുവാൻ കിണഞ്ഞു പരിശ്രമിച്ചിട്ടുണ്ടു്. ഞാനതിനു വഴിപ്പെട്ടിട്ടില്ല. എന്നുതന്നെയുമല്ല, ത്രെന്തോസ്സു് സൂനഹദോസ്സു് സാക്ഷിക്കുന്നതായി അവർ പറയുന്ന വസ്തുതകളെ ഞാൻ നിഷേധിക്കുകയും ചെയ്തു. കാരണം, അവ അവരുടെ വാദമുഖങ്ങൾക്കനുകൂലമല്ലെന്നു സ്പഷ്ടമാണു്. എന്നാൽ, തങ്ങളുടെ തെററു സമ്മതിക്കാതെ വീണ്ടും അവർ വന്നു് എന്നെ അലട്ടിക്കൊണ്ടിരുന്നപ്പോൾ ഞാൻ മൗനമായി വിശ്വാസപ്രകരണം ഉരുവിടുകയാണു ചെയ്തതു്. അങ്ങനെ ഞാൻ കത്തോലിക്കാവിശ്വാസത്തിൽ ഉറച്ചുനില്ക്കുകതന്നെ ചെയ്തു."

വി. വിൻസെൻറിൻെറ സ്തുതിക്കായി നിൎമ്മിച്ചിട്ടുള്ള ലുത്തനിയായിൽ "കീഴ്‌വഴക്കമുള്ളവനും സഭയുടെ അനുസരണയുള്ള മകനുമായിരുന്ന വി. വിൻസെന്തിയോസേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്നു ചൊല്ലുന്നുണ്ടല്ലോ. ഇതു് എത്ര അർത്ഥവത്താണെന്നു് മേൽ പ്രസ്താവിച്ച സംഗതികൾ വ്യക്തമാക്കുന്നു.

വി. പത്രോസിൻെറ പിൻഗാമിയും മിശിഹായുടെ പ്രതിപുരുഷനും സഭയുടെ കാണപ്പെട്ട തലവനുമായ പരിശുദ്ധ മാർപ്പാപ്പായോട്ട് വിൻസെൻറിനുണ്ടായിരുന്ന ബഹുമാനവും ആദരവും അനന്യസാധാരണമായിരുന്നു. ആജീവനാന്തം പരിശുദ്ധ സിംഹാസനവുമായി അഗാധമായ സ്നേഹത്തിലും സമ്പക്കത്തിലുമായിരുന്നു അദ്ദേഹം വത്തിച്ചിരുന്നതു്. താൻ സ്ഥാപിച്ച കോൺഗ്രിഗേഷൻെറ പ്രവത്തനങ്ങൾ സമ്യക്കായി വിശദീകരിച്ചുകൊണ്ടു് 1960 ആഗസ്റ്റ് 10-ാംനു അദ്ദേഹം പത്താം ഇന്നൊസെൻറു് മാർപ്പാപ്പാക്കു അയച്ച ഒരു റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു: "ബലഹീനവും ചെറുതുമായ മിഷൻ കോൺഗ്രിഗേഷൻെറ അയോഗ്യ സുപ്പീരിയറായ ഞാൻ ഇതാ അവിടുത്തെ സമക്ഷം ഭക്ത്യാദരങ്ങളോടും കീഴ്‌വഴക്കത്തോടും നമിക്കുന്നു. ഈ കോൺഗ്രിഗേഷനേയും എന്നെത്തന്നേയും ഞാൻ അങ്ങേക്കു സമർപ്പിക്കുന്നു. അങ്ങയുടെ സ്ഥാനൌന്നത്യവും അങ്ങു് അർഹിക്കുന്ന ഭക്ത്യാദരങ്ങളും നിമിത്തമാണു്, അങ്ങയോട്ട് അതീവ ബഹുമാനമുള്ള ഞാൻ ഇതുവരെ അങ്ങേക്കു് എഴുതാതിരുന്നതു്."

അക്കാലത്തു് ജാൻസെനിസ്‌റ്റു പാഷണ്ഡതക്കെതിരായി "തിരുസ്സഭയുടെ അവകാശസംരക്ഷണവാദങ്ങൾ" എന്നപേരിൽ ഒരു പുസ്തകം അബെല്ലി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. വിൻസെൻറച്ചൻെറ പ്രേരണയാലും സഹായത്താലുമാണു് ഈ പുസ്തകം രചിക്കപ്പെട്ടതു് എന്നു പറയപ്പെടുന്നു. ഈ പുസ്തകത്തിലെ ആശയങ്ങൾ സംശയലേശമെന്നിയേ എല്ലാവരും സ്വീകരിക്കുവാൻ പരിശുദ്ധ സിംഹാസനത്തിൻെറ അംഗീകാരം ഇതിനാവശ്യമായിരുന്നതിനാൽ പ്രസ്തുത അംഗീകാരം വാങ്ങിക്കൊടുക്കണമെന്നു കാണിച്ചു് റോമ്മിലെ ആശ്രമശ്രേഷ്ഠനു് വിൻസെൻറച്ചൻ എഴുതുകയുണ്ടായി.

പരിശുദ്ധ സിംഹാസനത്തിൻെറ പ്രത്യേക നിർദ്ദേശപ്രകാരമാണു് അദ്ദേഹം സുപ്പീരിയർ ജനറൽ സ്ഥാനം ഏറെറടുത്തതു്. അക്രൈസ്തവരാജ്യങ്ങളിൽ സുവിശേഷം പ്രസംഗിക്കുവാൻ മിഷനറിമാരെ അയയ്ക്കണമെന്നു് മാർപ്പാപ്പാ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഉടനടി അപ്രകാരം ചെയ്യു

വാൻ സന്നദ്ധനായി. ക്രിസ്തുവിൻെറ വികാരിയോട്ട് അദ്ദേഹത്തിനുണ്ടായിരുന്ന ബഹുമാനത്തിൻെറ ഒരു പ്രത്യക്ഷലക്ഷണമാണ് സഭയുടെ പൊതുനിയമാവലിയിൽ ഇപ്രകാരം കുറിച്ചിട്ടവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്: “അധികാരികളിൽ നമ്മുടെ കത്താവിനേയും, നമ്മുടെ കത്താവിനെ അവരിലും ദർശിച്ചുകൊണ്ടു് നാം അവരെ അനുസരിക്കണം. വിശിഷ്യ, നമ്മുടെ പരിശുദ്ധ പിതാവായ മാർപ്പാപ്പായെ പ്രത്യേകം സ്നേഹാദരങ്ങളോടും വിശ്വസ്തതയോടുംകൂടി അനുസരിക്കണം.” 1893-ൽ ലീയോ പതിമൂന്നാം മാപ്പാപ്പാ വി. വിൻസെൻറിനെക്കുറിച്ചു് പ്രസ്താവിച്ചതിങ്ങനെയാണ്: “പരിശുദ്ധ സിംഹാസനത്തോടുള്ള കീഴ്വഴക്കത്തിലും ഭക്തിയിലുമത്രേ വി. വിൻസെൻറിൻെറ ചൈതന്യവിശേഷം സ്ഥിതിചെയ്യുന്നതു്.”

മാർപ്പാപ്പായെപ്പോലെതന്നെ തിരുസ്സഭയിലേ മെത്രാന്മാരേയും വിൻസെൻറു് അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. തൻെറ രൂപതയിൽനിന്നു് ഒരു മിഷ്യനറിയെ വിൻസെൻറച്ചൻ പിൻവലിച്ചതുനിമിത്തം കുപിതനായിത്തീന്ന മെത്രാൻതിരുമേനിക്കു് വിൻസെൻറു് എഴുതിയതിപ്രകാരമാണ്: “അങ്ങയുടെ അവകാശങ്ങൾക്കു് എതിരായി പ്രവത്തിക്കുന്നതിനേക്കാൾ മരിക്കാൻ ഞാൻ തയ്യാറാണ്.” വി. ലൂയിസ്സാ ദെ മരില്ലാക്കിൻെറ ജീവചരിത്രമെഴുതിയ ഒരു മഹാത്മാവു് പ്രസ്താവിച്ചിരിക്കുന്നതു് ഇപ്രകാരമാണ്: “മെത്രാന്മാരുടെ അവകാശാധികാരങ്ങൾക്കു് വിധേയനായി വത്തിക്കുന്നതിൽ വിൻസെൻറു് അത്യന്തം നിഷ്കർഷയുള്ളവനായിരുന്നു.” ഒരിക്കൽ വി. ജീൻഷന്താളിനു് അദ്ദേഹം എഴുതിയ ഒരെഴുത്തിൽ തൻെറ മിഷൻസംഘാംഗങ്ങൾ എടുക്കേണ്ട വ്രതങ്ങളെക്കുറിച്ചു് പരാമർശിച്ചുകൊണ്ടു് ഇങ്ങനെ പറയുന്നു: “സാധാരണ വ്രതങ്ങൾക്കുപുറമേ, ഓരോ രൂപതയിലും അതതു മെത്രാന്മാക്കു കീഴ്പ്പെട്ടു വത്തിച്ചുകൊള്ളാമെന്നു് നാലാമതൊരു വ്രതംകൂടി എടുക്കുന്നതിനുള്ള അനുവാദം പരിശുദ്ധ പിതാവിനോടു ഞങ്ങൾ ചോദിക്കുന്നതാണ്.” എന്നാൽ ഈ സംഗതി അദ്ദേഹത്തിനു് സാധിച്ചുകിട്ടിയില്ല. റോമൻ റോത്ത എന്ന

തിരുസ്സംഘം, അതിനു സ്വാഭാവികമായ വിവേകവും വിജ്ഞാനവും വഴി അത്തരം ഒരു വ്രതം വരുത്തിവയ്ക്കാവുന്ന അനിഷ്ട സംഭവവികാസങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് അതിന് അനുവാദം നല്കിയില്ല. എന്നിരുന്നാലും വി. വിൻസെൻറിന് മേലധികാരികളോടുണ്ടായിരുന്ന ബഹുമാനത്തിൻേറയും കീഴ്വഴക്കത്തിൻേറയും ഒരു പ്രത്യക്ഷലക്ഷണമായി ഇതിനെ പരിഗണിക്കാം.

തൻെറ സഭാംഗങ്ങൾ ഇടവകവൈദികരിൽനിന്ന് വ്യത്യസ്തരായി കാണപ്പെടാതിരിക്കുവാൻ, അവരുടെ വസ്ത്രധാരണരീതിതന്നെ സഭാംഗങ്ങളും സ്വീകരിക്കണമെന്ന് വിൻസെൻറ് പ്രത്യേകം നിർദ്ദേശിച്ചു. ഇടവകവൈദികരോട് അദ്ദേഹത്തിന് അഗാധമായ ബഹുമാനമാണുണ്ടായിരുന്നത്, അവരുടെ ജീവിതക്ലേശങ്ങളിൽ സഹതാപം പ്രദർശിപ്പിച്ചുകൊണ്ട് അദ്ദേഹം ഒരിക്കൽ പറഞ്ഞതിപ്രകാരമാണ്: "അവരുടെ ജീവിതം കൂടുതൽ ക്ലേശപൂർണ്ണമാണ്; അവക്കു ലഭിക്കുന്ന സഹായങ്ങൾ വളരെ തുച്ഛമത്രേ. ആത്മരക്ഷ അപകടത്തിലാക്കുന്ന സാഹചര്യങ്ങൾ അവക്കു കൂടുതലുണ്ട്. താരതമ്യേന ആനന്ദരഹിതവും ഏകാന്തവുമായ സാഹചര്യങ്ങളിലാണ് അവർ ജീവിക്കുന്നത്." ഇക്കാരണങ്ങളാലാണ് അദ്ദേഹത്തിന് അവരോട് അത്യഗാധമായ ബഹുമാനാദരങ്ങൾ ഉണ്ടായിരുന്നത്. ഇടവക വൈദികരെ സഹായിക്കുവാൻ പോയിരുന്ന തൻെറ കോൺഗ്രിഗേഷനംഗങ്ങൾ, ഇടവക വികാരിയുടെ സമ്മതവും അനുവാദവും കൂടാതെ ഒരു വൈസ്റ്റോൽക്കഷണംപോലും മാററരുതെന്നായിരുന്നു അദ്ദേഹത്തിൻെറ നിർദ്ദേശം. ധ്യാനപ്രസംഗത്തിനും മററുമായി പോകുമ്പോൾ അതിനു മുൻപും പിൻപും ഇടവക വികാരിയുടെ ആശീർവാദം വാങ്ങിക്കേണ്ടതാണെന്നും അദ്ദേഹം നിബന്ധന വച്ചിരുന്നു. തങ്ങളുടെ സഭാസ്ഥാപകൻെറ മാതൃക അനുകരിച്ചുകൊണ്ട് വിൻസെൻഷ്യൻ സഭക്കാർ തിരുസ്സഭാധികാരികളോട് സവിശേഷമായ ബഹുമാനവും കീഴ്വഴക്കവും പ്രദർശിപ്പിച്ചുവരുന്നു.

ഒരു സന്യാസിയോ ഒരു സംഘടനാംഗമോ, തന്നെത്തന്നെ ആർക്കെല്ലാം കീഴ്പ്പെടുത്തുവാൻ കടപ്പെട്ടിരിക്കു

ന്നുവോ ആ അധികാരികളെയെല്ലാവരേയും ബഹുമാനിക്കു കയും അനുസരിക്കുകയും ചെയ്യണമെന്നു് വിൻസെൻറു് പ്ര ത്യേകം ഉദ്ബോധിപ്പിക്കുന്നു. നിയമങ്ങൾക്കനുസരണം ജീവിക്കുന്നവൻ ദൈവത്തിനുവേണ്ടി ജീവിക്കുന്നു എന്ന മഹദ്വാക്യം അദ്ദേഹം പലപ്പോഴും ഉദ്ധരിക്കാറുണ്ടായി രുന്നു. അരശതാബ്ദക്കാലത്തെ അദ്ദേഹത്തിൻെറ സഭാ ജീവിതം നിയമങ്ങളുടെ ഒരു പ്രായോഗികപ്പകപ്പായി പരി ഗണിക്കാം. നിയമങ്ങൾ അക്ഷരശ്ശ അനുസരിച്ചതു നിമി ത്തമാണു് അദ്ദേഹത്തിനു് ഇത്രയേറെക്കാര്യങ്ങൾ ചെയ്യു വാൻ സാധിച്ചതു് എന്നാണു് ജീവചരിത്രകാരന്മാരുടെ അ ഭിപ്രായം. നിയമങ്ങളുടെ അനുസരണം അദ്ദേഹത്തിൻെറ സമയത്തെ ക്രമപ്പെടുത്തി ഓരോന്നിനും തക്ക സമയം ഉണ്ടാ ക്കിക്കൊടുത്തു. നിയമങ്ങൾ അനുസരിച്ചില്ലായിരുന്നെങ്കിൽ കഴിഞ്ഞാണില്ലാത്ത മററു പലരുടേയും ജീവിതംപോലെ അ ദ്ദേഹത്തിൻെറ ജീവിതവും പാഴായിപ്പോകുമായിരുന്നു. ശ രിക്കു് അനുസരിക്കുവാൻ അറിയാമായിരുന്നതുകൊണ്ടാണു് വിൻസെൻറിനു് വേണ്ടപോലെ ആജ്ഞാപിക്കുവാനും സാ ധിച്ചിരുന്നതു്. ഹൃദയസ്പർശകമായ രീതിയിലായിരുന്നു പല പ്പോഴും അദ്ദേഹം അനുസരണത്തെക്കുറിച്ചു സംസാരിച്ചിരു ന്നതു്. തൻെറ സഭാംഗങ്ങൾക്കായി അദ്ദേഹം എഴുതിയു ണ്ടാക്കിയ നിയമങ്ങളുടെ മുഖവുരയിൽ ഇപ്രകാരം കാണുന്നു: "എൻെറ പ്രിയ സഹോദരന്മാരേ, നിയമങ്ങൾ അനുസരി ക്കുന്നതിൽ എന്തു ത്യാഗവും സഹിക്കുവാൻ നിങ്ങൾ സന്ന ദ്ധരായിരിക്കണമെന്നു് ഈശോമിശിഹായുടെ ദയാസമ്പൂർ ണ്ണമായ കാരുണ്യാധിക്യത്തെക്കുറിച്ചു് ഞാൻ നിങ്ങളോടു് അഭ്യർത്ഥിക്കുന്നു. നിങ്ങൾ അവയെ അനുസരിക്കുമെങ്കിൽ അവ നിങ്ങളെ കാത്തുസംരക്ഷിക്കുകയും നിത്യസൗഭാഗ്യത്തി ലെത്തിക്കുകയും ചെയ്യും." ഒരു ക്രിസ്തീയ സ്ഥാപനത്തിൻെറ ജീവനും നിലനിൽപും സ്ഥിതിചെയ്യുന്നതു് അതിൻെറ ഉത്ഭവത്തിനു കാരണമാക്കിയ ചൈതന്യം നഷ്ടപ്പെടാതെ പരിപാലിക്കുന്നതിലാണു്. നിയമങ്ങളുടെ കർക്കശമായ അനുസരണമാണു് പ്രസ്തുത ചൈതന്യത്തെ നിലനിറുത്തുന്ന

തിനുള്ള ഏകമാർഗ്ഗം. വിൻസെൻറ് ഈ വസ്തുതകൾ ശരിയായി ഗ്രഹിച്ചിരുന്നു.

രാജാക്കന്മാർ, ചക്രവർത്തിമാർ, മന്ത്രിമാർ മുതലായ രാഷ്ട്രീയാധികാരികളേയും നാം ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യണമെന്ന് വിൻസെൻറ് ഉദ്ബോധിപ്പിക്കുന്നു. കാരണം, ദൈവത്തിൻെറ അധികാരം കൈകാര്യം ചെയ്യുന്ന പ്രതിനിധികളാണവർ. തൻെറ സഭാംഗങ്ങളിൽ ചിലർ മിലിറ്ററി ചാപ്ലെയിൻമാരായി നിയമിതരായപ്പോൾ മിലിറ്ററി സംബന്ധമായി യാതൊരുവിധ വാർത്തകളും തങ്ങളുടെ എഴുത്തുകളിൽ രേഖപ്പെടുത്താതെ രാജ്യനിയമമനുസരിച്ച് വത്തിക്കണമെന്ന് അദ്ദേഹം അവരെ ഉപദേശിക്കയുണ്ടായി. നമ്മുടെ കത്താവീശോമിശിഹാ രാഷ്ട്രീയാധികാരികൾക്കെതിരായി യാതൊന്നും പ്രവത്തിച്ചിട്ടില്ല. ആകയാൽ അവിടുത്തെ അനുയായികളും അപ്രകാരംതന്നെ വത്തിക്കണമെന്ന് അദ്ദേഹം ട്യൂറിനിലേക്ക് പോയ മിഷ്യനറി മാക്ക് ഒരിക്കൽ എഴുതി. രാഷ്ട്രീയാധികാരികളെ വിമശിക്കയോ അവരെ കുററം പറയുകയോ ചെയ്യുവാൻ ഇടവരാതിരിക്കുവാൻ തൻെറ സഭാംഗങ്ങൾ രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ച് ചച്ചചെയ്യരുതെന്ന് അദ്ദേഹം നിദ്ദേശിച്ചിരുന്നു. "ഫാദർ വിൻസെൻറ് ദൈവത്തിൻേറയും രാജാവിൻേറയും ഒരു യഥാത്ഥ പ്രജയാണ്" എന്നത്രേ അദ്ദേഹത്തെക്കുറിച്ച് ആസ്ട്രിയാരാജ്ഞി പ്രസ്താവിച്ചതു്.

ന്യായാനുസൃതമായ അധികാരത്തെ ബഹുമാനിക്കുകയും അതിനു കീഴ്വഴങ്ങുകയും ചെയ്യുക, പ്രവത്തനപ്രസക്തരായ പ്രേഷിതന്മാക്ക് അത്യന്താപേക്ഷിതമായ ഒരു സൽഗുണമാണ്. പ്രവത്തനപ്രധാനന്മാർ സാധാരണ സ്വാതന്ത്ര്യപ്രിയരും സ്വാഭിപ്രായമനുസരിച്ച് പ്രവത്തിക്കുവാൻ ആഗ്രഹിക്കുന്നവരുമാകയാൽ പല തരത്തിലുള്ള അബദ്ധങ്ങളിൽ ചെന്നു നിപതിക്കാറുണ്ട്. ആകയാൽ ക്രിസ്തീയ

തത്വങ്ങളുടെ വെളിച്ചത്തിൽ അധികാരത്തിനു് വിധേയരായി വർത്തിക്കുക അവരുടെ പ്രവർത്തനങ്ങളുടെ വിജയത്തിനു് അവശ്യാവശ്യമത്രേ.

നിയന്ത്രണരഹിതമായ സ്വാതന്ത്ര്യത്തിനും സ്വാർത്ഥതാൽപര്യങ്ങൾക്കുംവേണ്ടി മുറവിളി കൂട്ടുന്ന ഈ യുഗത്തിൽ വിൻസെൻറിനെപ്പോലുള്ള വീരാത്മാക്കളുടെ സജീവ മാതൃകകൾ ലോകത്തിൻെറ മുമ്പിൽ ചോദ്യചിഹ്നങ്ങളായി നിലകൊള്ളുകയാണു്. "ദൈവം ഇല്ല; അധികാരികൾ വേണ്ട" എന്നു തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴക്കുന്ന ആധുനികതലമുറ വി. വിൻസെൻറിൻെറ ജീവിതരഹസ്യം വേണ്ടതുപോലെ മനസ്സിലാക്കിയിരുന്നെങ്കിൽ! അധികാരികളെ അനുസരിക്കുകയും ബഹുമാനിക്കയും ചെയ്യണമെന്നും സമുദായത്തിൽ ഐക്യവും സമാധാനവും പുലർത്തണമെന്നും പഠിപ്പിക്കുന്ന ക്രിസ്തുമതത്തിൻെറ ഒരു വിശ്വസ്താനുയായിയാണു് വിശുദ്ധ വിൻസെൻറു് ഡി പോൾ എന്നു് നിസ്സന്ദേഹം പറയാം.

## അദ്ധ്യായം എട്ട്

# കർത്തവ്യബോധത്തോടെ വർത്തിക്കുക

### വി. വിൻസെൻറിൻെറ സൂക്തികൾ:

ഏതൊരു ജീവിതാവസ്ഥയിൽ പ്രവേശിക്കുവാനും ഒരു ദൈവവിളി ആവശ്യമാണ്. ഏതെങ്കിലും ഒരു ജീവിതാവസ്ഥ അവലംബിക്കുവാനുള്ള ദൈവികപ്രേരണയ്ക്കാണ് ദൈവവിളി എന്നു പറയുന്നത്. ഓരോ ആത്മാവും താൻ നിർദ്ദേശിക്കുന്ന ജീവിതാവസ്ഥയിൽ കാലയാപനംചെയ്ത് തന്നെ മഹത്വപ്പെടുത്തണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

എന്തു ത്യാഗം സഹിക്കേണ്ടിവന്നാലും നമ്മുടെ ദൈവവിളിക്കനുസരണം നാം പ്രവർത്തിക്കണം. ചിലപ്പോൾ മാതാപിതാക്കൾ സമ്മതിച്ചില്ലെന്നുവരാം. അവർ നിൻെറ വഴിയിൽ ഒരു പ്രതിബന്ധമായി വിലങ്ങനെ കിടന്നാൽ അന്നെയും അവരെ കവച്ചുവച്ച് കടന്നുചെന്ന് ദൈവവിളി അനുസരിക്കുവാൻ നീ കടപ്പെട്ടിരിക്കുന്നു.

നീ പ്രവേശിച്ചിരിക്കുന്ന ജീവിതാവസ്ഥയുടെ യഥാർത്ഥ ചൈതന്യം സമ്പാദിക്കുവാൻ ശ്രമിക്കുക. മററു ജീവിതാവസ്ഥകളുടെ അരൂപിയും പ്രവർത്തനങ്ങളും എത്രതന്നെ നല്ലവയായി തോന്നിയാലും നീ അനുകരിക്കാതിരിക്കയാണ് ഉത്തമം. അവ നിൻെറ ജീവിതാവസ്ഥയ്ക്കു യോജിക്കാത്തവയാകയാൽ നിനക്കു ഉപദ്രവകരമേ ആയിരിക്കയുള്ളു.

നാം നമ്മുടെ ജീവിതാന്തസ്സിനടുത്ത കടമകൾ ശരിക്കു നിർവഹിക്കുമ്പോൾ ദൈവം നമ്മുടെ ആത്മാവിൻെറ കാര്യം നോക്കിക്കൊള്ളും.

അപകടസമ്പൂർണ്ണമായ ഈലോകസമുദ്രത്തിലൂടെയുള്ള പ്രയാണത്തിൽ നാം ഈശോയോട്ട് ചേർന്നുനില്ക്കുകയും ജീവിതാന്തസ്സിനടുത്ത കടമകൾ ഭംഗിയായി നിർവഹിക്കയും വേണം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നമ്മുടെ ജീവിതനൗക കൊടുങ്കാററിൽപ്പെട്ട് പൊട്ടിത്തകർന്നുപോകും.

പ്രഥമതഃ ഓരോരുത്തനും അവനവന്റെ ചുമതല ഭംഗിയായി നിർവഹിക്കട്ടെ. ചുമതലാനിർവ്വഹണത്തിനു വിഘാതമായി നില്ക്കുന്നതോ അതിനോട്ട് ഒത്തുപോകയില്ലാത്തതോ ആയ പ്രവൃത്തനങ്ങൾ നാം ഏറെറടുക്കരുത്.

പാവപ്പെട്ടവരെ ശുശ്രൂഷിക്കുന്നതിനായി ചിലപ്പോൾ ദിവ്യപൂജതന്നെയും മുടക്കേണ്ടിവന്നേക്കാം. അതിനു നിങ്ങൾ മടിക്കേണ്ട. കാരണം, ബലിയേക്കാൾ ദൈവം കരുണയാണ് കാര്യമായിക്കരുതുന്നത്.

ഭക്തകൃത്യങ്ങളും ഇതര ജോലികളും മററും കൂടുതലായി ഏറെറടുത്തുകൊണ്ട് നിങ്ങളെത്തന്നെ ഭാരപ്പെടുത്താതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുക. ഇപ്പോൾ ഉള്ള ജോലികൾ ഭംഗിയായി ചെയ്യുക എന്നതായിരിക്കട്ടെ നിങ്ങളുടെ ആദർശം.

നമ്മുടെ ജീവിതാവസ്ഥ ആവശ്യപ്പെടുന്ന ഏതൊരുവിധ കർത്തവ്യവും ചെയ്യുവാൻ നാം സദാ സന്നദ്ധരായിരിക്കണം. ചിലപ്പോൾ പ്രതിദിന ധ്യാനത്തിനായി നിശ്ചയിച്ചിരിക്കുന്ന സമയം ഇപ്രകാരമുള്ള പ്രേഷിതവേലകൾക്കായി ചെലവഴിക്കേണ്ടിവന്നാൽ, അങ്ങനെ ചെയ്തുകൊണ്ട് ധ്യാനം പിന്നീടൊരവസരത്തിൽ അനുഷ്ഠിക്കാവുന്നതാണ്. എന്നാൽ ചില സംഗതികൾ നമ്മുടെ അനുദിന ധ്യാനത്തിന് തികച്ചും വിഘാതമായിത്തീർന്നെന്നുവരാം. അപ്രകാരമുള്ള ജോലികൾ ഏറെറടുക്കാതിരിപ്പാൻ ശ്രദ്ധിക്കണം.

ഉപവിയുടെ സഹോദരികൾ തങ്ങളുടെ ഭക്താഭ്യാസങ്ങളെ ബലികഴിച്ചുപോലും പാവങ്ങളെ ശുശ്രൂഷിക്കുവാൻ തയ്യാറായിരിക്കട്ടെ. അങ്ങനെ ചെയ്യുമ്പോൾ അവർ ദൈവത്തെ ദൈവത്തിനുവേണ്ടിത്തന്നെ ഉപേക്ഷിക്കുകയാണ്.

ഭക്താഭ്യാസങ്ങൾക്കായി കൃത്യസമയത്തു് ഹാജരാകുന്നതിനും ചില നിയമങ്ങൾ അനുസരിക്കുന്നതിനും നിനക്കു് ഏല്പിക്കപ്പെട്ടിരിക്കുന്ന ജോലി ഒരു പ്രതിബന്ധമായിവരുന്നെങ്കിൽ അതിനെപ്പററി വിഷമിക്കേണ്ടതില്ല. കാരണം, ഉപവി എല്ലാ പുണ്യങ്ങളുടേയും രാജ്ഞിയാകയാൽ അതിനുവേണ്ടി മററെല്ലാം മാററിവയ്ക്കുന്നതിൽ തെററില്ല.

## പ്രായോഗിക വിചിന്തനം:

ദൈവത്തിനുവേണ്ടി ദൈവത്തെ ഉപേക്ഷിക്കുക! അന്നുവരെ ആരും ഉച്ചരിച്ചിട്ടില്ലാത്ത ഒരു പദപ്രയോഗം! വി. വിൻസെൻറാണു് അതിൻെറ ഉപജ്ഞാതാവു്. ജീവിതാന്തസ്സിനടുത്ത കടമകൾ ചുമതലാബോധത്തോടും ഭംഗിയായും നിർവ്വഹിക്കുവാൻ ഇതില്പരം സമഗ്രമായ ഒരു ചിന്താസരണി ക്രൈസ്തവലോകത്തിൻെറ മുമ്പിൽ തുറന്നുവച്ചിട്ടുള്ള മററു വിശുദ്ധരെ കാണുക പ്രയാസം! തൻെറ കടമകൾ നിർവ്വഹിക്കുന്നതിൽ ഒരുവൻ കൃത്യനിഷ്ഠയുള്ളവനും ശ്രദ്ധാലുവുമായിരിക്കണം. ഭക്താഭ്യാസങ്ങളും, വ്യക്തിപരമായ നിബന്ധനകളും, ധ്യാനത്തിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയവും, കടമയില്ലാത്ത ദിവസങ്ങളിൽ കുർബാന കാണുന്നതും, എല്ലാമെല്ലാം ഉപേക്ഷിച്ചിട്ടുതന്നെയും നമ്മുടെ ചുമതലകൾ നിർവ്വഹിക്കുവാൻ നാം സദാ സന്നദ്ധരായിരിക്കണം. ഇതാണു് ജീവിതാന്തസ്സിനടുത്ത കടമകൾ നിർവ്വഹിക്കുന്നതിനെക്കുറിച്ചു് വി. വിൻസെൻറിൻെറ അഭിമതം. "നാം ദൈവത്തിൻെറ കാര്യങ്ങളിൽ വ്യാപൃതരായിരിക്കുമ്പോൾ ദൈവം നമ്മുടെ കാര്യം നോക്കിക്കൊള്ളും" എന്നിങ്ങനെയായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസവും ഉപദേശവും.

കല്പിക്കപ്പെട്ടുന്നവ ആദ്യം ചെയ്യുക. പിന്നീട്ടു് ഉപദേശിക്കപ്പെട്ടുന്നവ. ഇതായിരുന്നു അദ്ദേഹത്തിൻെറ പ്രമാണം. പ്രവൎത്തനപ്രധാനരായ പല പ്രേഷിതരും ഈ തത്വം മറന്നു് അനേകം പ്രവൎത്തനങ്ങളിലേർപ്പെട്ടുകയും അങ്ങനെ അവസാനം എല്ലാം പരാജയത്തിൽ കലാശിക്കുകയും ചെയ്യുന്നു. അവർ വി. വിൻസെൻറിൻെറ ഉപദേശം സ്വീകരിച്ചിരുന്നെങ്കിൽ! അതുപോലെതന്നെ കൎമ്മപരമായ ജീവി

താന്തസ്സിൽ പ്രവേശിച്ചവരെങ്കിലും സ്വതേ ബാഹ്യപ്രവർത്തനങ്ങൾ ഇഷ്ടപ്പെടാത്ത ഒരുതരം ഭക്തന്മാർ അനാവശ്യമായ പല സംശയങ്ങളും വച്ചുപുലത്തുകയും പ്രവത്തനരഹിതരായിക്കഴിയുകയും ചെയ്യുന്നു. അങ്ങനെയുള്ളവക്കും വി. വിൻസെൻറിൻെറ ഉപദേശം മാഗ്ഗദർശനം നല്കുന്നതാണ്.

ചില ഭക്താഭ്യാസങ്ങൾ ദൈവത്തിനുവേണ്ടിത്തന്നെ സസന്തോഷം ഉപേക്ഷിക്കുവാൻ എത്ര പേർക്കറിയാം! പ്രാത്ഥനാലയത്തിൽനിന്ന് പാവങ്ങളുടെ പക്കലേക്കും പള്ളിയിൽനിന്ന് പണിപ്പുരയിലേക്കും ഇറങ്ങിച്ചെല്ലുവാൻ യഥാത്ഥത്തിൽ പരിശീലിച്ചിട്ടുള്ളവർ എത്ര വിരളമാണ്! അതേസമയം സ്വന്തം ചുമതലയെ അവഗണിച്ചുപോലും അന്യൻെറ കാര്യങ്ങളിൽ വ്യാപൃതരായിക്കഴിയുന്നവർ എത്രയധികം! സ്വസന്താനങ്ങളെ വീട്ടിൽ പട്ടിണിയിട്ടുകൊണ്ട് പാവങ്ങളെ സഹായിക്കുവാൻപോകുന്നതു ശരിയല്ല. ചിലരാകട്ടെ, ഒരു ജോലിയും സ്ഥിരചിത്തതയോടെ ചെയ്യാതെ എപ്പോഴും നവീനമായവ തേടിനടക്കുന്നു. ഇപ്രകാരമുള്ള പ്രവത്തനരീതി സുകൃതാനുഷ്ഠാനമല്ല, പ്രത്യുത, സുകൃതാഭാസമാണ്. നമ്മുടെ ജീവിതാന്തസ്സ് നമ്മിൽനിന്നാവശ്യപ്പെടുന്ന കടമകൾക്കനുയോജ്യമായ സുകൃതങ്ങളെ മററുള്ളവയേക്കാൾ കൂടുതൽ വിലമതിക്കണമെന്ന് വി. ഫ്രാൻസീസ് ദെ സാലെസിനേപ്പോലെ വി. വിൻസെൻറും പഠിപ്പിക്കുന്നു. ഭക്തിപാരവശ്യങ്ങളിലോ അസാധാരണ കൃത്യങ്ങളിലോ അല്ല പുണ്യമടങ്ങിയിരിക്കുന്നതു്; പ്രത്യുത, ദൈവത്തിൻെറ അടുക്കളയിൽ അവിടുത്തെ സേവിക്കുന്നതിലാണ് എന്ന് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. സവ്സാധാരണമായ ജോലികളിൽ വ്യാപൃതരായി ജീവിക്കുന്നവക്കും പുണ്യത്തിൽ അഭിവൃദ്ധിപ്പെടാമെന്ന് ഇപ്പറഞ്ഞവയിൽനിന്നെല്ലാം അദ്ദേഹം വ്യക്തമാക്കി.

ആന്തരികപുണ്യങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ബാഹ്യപ്രവർത്തനങ്ങൾവഴിയായും പുണ്യം അഭ്യസിക്കുക വി. വിൻസെൻറിൻെറ ഒരു പ്രത്യേകതയാണെന്നു പറയാം. ഇക്കാരണത്താൽത്തന്നെയാണ് ഓരോരുത്തൻേറയും ജീവിതാന്തസ്സിനടുത്ത കടമകൾ നിർവഹിക്കുകയെന്ന സുകൃത

ത്തിനു് ഇത്ര പ്രാധാന്യം അദ്ദേഹം കല്പിക്കുന്നതു്". "ദൈവ വിളി" എന്ന വാക്കിൻെറ അർത്ഥവ്യാപ്തി എന്തെന്നു് അദ്ദേഹം വേണ്ടതുപോലെ മനസ്സിലാക്കിയിരുന്നു. ദൈവവിളിയുടെ മഹാത്മ്യത്തേയും അതിൽനിന്നുത്ഭവിക്കുന്ന കടമകളേയുംകുറിച്ചുള്ള അദ്ദേഹത്തിൻെറ അഭിപ്രായഗതി ശ്രവിച്ചാലും: "നമ്മുടെ ദൈവവിളിയാണു് നമ്മെ വിശുദ്ധീകരിക്കുകയും അവസാനം മഹത്വീകരിക്കുകയും ചെയ്യേണ്ടതു്. ദൈവം എല്ലാവരേയും ഉന്നതമായ പുണ്യപൂർണ്ണത പ്രാപിക്കുവാൻ വിളിക്കുന്നില്ല. ഒരു ശരീരത്തിൽ എല്ലാ അവയവങ്ങൾക്കും ശിരസ്സാകുവാൻ സാദ്ധ്യമല്ലല്ലോ. ദൈവപരിപാലന നമ്മെ ഏതു ജീവിതസ്ഥിതിയിൽ ആക്കിയിരിക്കുന്നുവോ അതിൽ നാം പൂർണ്ണസംതൃപ്തിയോടെ ജീവിക്കണം."

ഒരു ശിശുവിൻെറ മാതാവു് ദരിദ്രയോ വിരൂപയോ ആയിരുന്നാലും അതു് മററു മാതാക്കളുടെപക്കൽ പോകാതെ എപ്പോഴും സ്വന്തം മാതാവിൻെറപക്കലേക്കല്ലേ ഓടിയെത്തുന്നതു്. ദൈവാഭീഷ്ടത്തിനു വിരുദ്ധമായി ഏതെങ്കിലും സ്ഥലത്തോ ജീവിതാവസ്ഥയിലോ ആയിരിക്കുക തികച്ചും അപകടകരമാണു്. നേരേമറിച്ചു് നാം എവിടെയായിരിക്കണമെന്നു് ദൈവം ആഗ്രഹിക്കുന്നുവോ അവിടെയായിരിക്കുക എത്ര സന്തോഷപ്രദമാണു്. എന്തുകൊണ്ടെന്നാൽ വേലക്കാരുടെ ബാഹുല്യംനിമിത്തമല്ല, പ്രത്യുത വിളിക്കപ്പെട്ട ചുരുക്കംപേർ പ്രദർശിപ്പിക്കുന്ന വിശ്വസ്തതനിമിത്തമാണു് കർത്താവിൻെറജോലി പൂർത്തീകരിക്കപ്പെടുന്നതു്. ഒരു ജീവിതാന്തസ്സുകാർക്കു് അവിടുന്നു നല്കുന്ന പ്രസാദവരം മറെറാരു ജീവിതാന്തസ്സിലുള്ളവർക്കു കൊടുത്തിട്ടില്ലെന്നുവന്നേക്കാം. ദൈവം പരിവർത്തനങ്ങൾക്കു വിധേയനല്ല. ഓരോരുത്തർക്കുമായി താൻ മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന ജീവിതാവസ്ഥയിൽ അവർ നിലനിന്നു് തന്നെ മഹത്വപ്പെടുത്തണമെന്നാണു് അവിടുന്നു് ആഗ്രഹിക്കുന്നതു്. നമ്മുടെ ദൈവവിളിയിൽ ഒരു സ്വർഗ്ഗീയമന്നാ അവിടുന്നു് ഒളിച്ചുവച്ചിട്ടുണ്ടു്. ഈ മന്നാ കണ്ടെത്തണമെങ്കിൽ നമ്മുടെ ജീവിതാന്തസ്സിനടുത്ത കടമകളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കണം.

ഇങ്ങനെ ദൈവവിളിയുടെ ശ്രേഷ്ഠതയേയും അതിൽനിന്നുത്ഭൂതമാകുന്ന കടമകൾ നിർവ്വഹിക്കേണ്ടതിൻെറ ആവശ്യകതയേയുംകുറിച്ചു് പല ഉപദേശശകലങ്ങളും വി. വിൻസെൻറിൻെറ എഴുത്തുകളിൽ നാം കണ്ടെത്തും.

ചുമതലയേറിയ വിവിധ രംഗങ്ങളിൽ ഒരേസമയം തൻെറ സേവനങ്ങൾ അർപ്പിക്കുവാനാണു് വി. വിൻസെൻറു് വിളിക്കപ്പെട്ടതു്. ഒരു ഗ്രാമീണ ആട്ടിടയനായി ജീവിതമാരംഭിച്ച നമ്മുടെ കഥാനായകൻ പില്ക്കാലത്തു് മിഷൻസംഘത്തിൻെറ സുപ്പീരിയർ ജനറൽ ആയിത്തീർന്നു. ഈ കാലഘട്ടത്തിനിടയിൽ ക്ലിച്ചി, ചാററിലിയോൺ എന്നീ ഇടവകകളുടെ വികാരി, ഗോണ്ടിപ്രഭുവിൻെറ മക്കളുടെ അദ്ധ്യാപകൻ, കപ്പലടിമകളുടെ സംരക്ഷകൻ, വിസിറേറഷൻ കന്യാസ്ത്രീകളുടെ ആദ്ധ്യാത്മികപിതാവു്, ഫ്രാൻസിലെ ദാനധർമ്മാധികാരി, രാജ്ഞിയുടെ രഹസ്യാലോചനാസംഘത്തിലെ ഒരംഗം എന്നിങ്ങനെ വിവിധ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. ഈ ജോലികളോരോന്നും എത്ര ചുമതലാബോധത്തോടും കൃത്യനിഷ്ഠയോടുംകൂടിയാണു് നിർവ്വഹിച്ചതെന്നു് അദ്ദേഹത്തിൻെറ ജീവചരിത്രം പരിശോധിച്ചാൽ ഗ്രഹിക്കാം.

കപ്പലടിമകളുടെ പരിരക്ഷകനായി നിയമിതനായപ്പോൾ അവരുടെ ആദ്ധ്യാത്മികവും ശാരീരികവുമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുവാൻ വി. വിൻസെൻറു് പ്രദർശിപ്പിച്ച ഔൽസുക്യം ഒന്നുവേറെതന്നെയായിരുന്നു. ആദ്യമായി അദ്ദേഹം പാരീസിലും മാഴ്സെയിൽസിലും ടുളോണിലും മററുമുള്ള എല്ലാ അടിമത്താവളങ്ങളും സന്ദർശിച്ചു് സ്ഥിതിഗതികൾ നേരിട്ടുകണ്ടു മനസ്സിലാക്കി. അവർക്കു വേണ്ട ജീവിതസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാമെന്നു് കപ്പലടിമകളുടെ ജനറൽ സമ്മതിച്ചതിനുശേഷമേ അദ്ദേഹം അവിടെനിന്നു മടങ്ങിയുള്ളു. ഒരിക്കൽ അവരിലൊരാളെ മോചിപ്പിക്കുവാൻവേണ്ടി വിൻസെൻറുതന്നെ അയാളുടെ ജോലി ഏറെറടുക്കുകയുണ്ടായി. എത്രമാത്രം ചുമതലാബോധത്തോടെയാണു് തനിക്കു ഭരമേല്പിക്കപ്പെട്ടിരുന്നവരുടെ

ക്ഷേമൈശ്വര്യങ്ങളിൽ അദ്ദേഹം ശ്രദ്ധ പതിച്ചിരുന്നതെന്ന് ഇതിൽനിന്നു ഗ്രഹിക്കാം. ഒരിടവക വികാരിയെന്ന നിലയിൽ അദ്ദേഹത്തിൻെറ ആത്മീയശുശ്രൂഷ്ഷാന്തി ആളിക്കത്തുകയും തത്ഫലമായി ഇടവകയിലെങ്ങും ഒരാദ്ധ്യാത്മിക ഉണർവ്വും ദൈവഭക്തിയും ദൃശ്യമാവുകയും ചെയ്തു. രാജ്ഞിയുടെ രഹസ്യാലോചനാസംഘാംഗമെന്ന നിലയിൽ അദ്ദേഹം നിർവ്വഹിക്കേണ്ടിയിരുന്ന കർത്തവ്യങ്ങൾ അതിഗൗരവാവഹങ്ങളായിരുന്നു. ഈ കൃത്യനിർവ്വഹണത്തിൽ അദ്ദേഹത്തിനു് പല പ്രയാസങ്ങളും തരണംചെയ്യേണ്ടിവന്നിട്ടുണ്ടു്. അഭ്യർത്ഥനകളോ ഭീഷണികളോ കൈക്കൂലിയോ വഴി അദ്ദേഹത്തെ വശീകരിക്കുവാൻ ആർക്കും കഴിഞ്ഞിരുന്നില്ല. വി. വിൻസെൻറിനെപ്പോലെ അസാധാരണ വിശുദ്ധിയുള്ളവർക്കേ, ഇങ്ങനെയുള്ള അവസരങ്ങളിൽ സമചിത്തത കൈവെടിയാതെ നീതിബോധത്തോടെ പ്രവർത്തിക്കുവാൻ സാധിക്കയുള്ളു.

### അദ്ധ്യായം ഒമ്പതു്

# ക്രിസ്തീയ ധൈര്യത്തോടുകൂടെ പ്രവത്തിക്കുക

## വി. വിൻസെൻറിൻെറ സൂക്തികഠം:

ന്യായ്യമായ കാര്യങ്ങളിലല്ലാതെ മററൊന്നിലും കീഴ് വഴങ്ങിക്കൊടുക്കാതിരിപ്പാൻ വേണ്ട മനഃസ്ഥൈര്യം ദൈവം നിങ്ങൾക്കു നല്കട്ടെ.

പ്രവത്തനങ്ങളിൽ നാം സ്ഥിരചിത്തതയുള്ളവരായിരിക്കണം. എന്നാൽ, ഒരിക്കലും അതു് പരുഷവും അവജ്ഞാജനകവും ആയിരിക്കരുതു്.

അഭിജ്ഞന്മാരോടു് ആലോചിക്കുകയും ദൈവത്തോടു പ്രാത്ഥിക്കയും ചെയ്തശേഷം എടുക്കുന്ന തീരുമാനങ്ങളിൽ നാം ഉറച്ചുനില്ക്കണം. ഇങ്ങനെ ചെയ്യുന്ന തീരുമാനങ്ങളെ വ്യത്യാസപ്പെടുത്തുവാനുള്ള പ്രേരണകൾ പിശാചിൻെറ തട്ടിപ്പായി പരിഗണിച്ചു് തള്ളിക്കളയണമെന്നാണു് വിശുദ്ധാത്മാക്കൾ അഭിപ്രായപ്പെടുന്നതു്.

ലക്ഷ്യം പ്രാപിക്കുന്നതുവരെ ചഞ്ചലമനസ്കരാകാതെ സ്ഥിരതയോടെ പ്രവത്തിക്കുക. എന്നാൽ, ലക്ഷ്യപ്രാപ്തിക്കായുള്ള മാർഗ്ഗങ്ങൾ ശാന്തമായി വിനയത്തോടെ പ്രയോഗിക്കണം. ഓരോ കാര്യവും ശുഭപര്യവസായി ആയിത്തീരുന്നതിനു് അവശ്യാവശ്യകമായ ഘടകമാണിതു്.

നമ്മുടെ തീരുമാനങ്ങളിൽ എന്തെങ്കിലും വ്യത്യാസം വരുത്തേണ്ടതു് അത്യന്താപേക്ഷിതമെങ്കിൽ അപ്രകാരം ചെയ്യാം. പക്ഷേ, പുനഃപരിശോധനയ്ക്കുശേഷമുണ്ടായ തീരുമാനത്തിൽ ഉറച്ചുനില്ക്കണം.

മേലധികാരികൾ കുറെയൊക്കെ കാക്കശസ്വഭാവക്കാരായിരിക്കണം. മേലധികാരികളുടെ കാക്കശ്യക്കുറവുനിമിത്തം

എത്ര സന്ന്യാസസമൂഹങ്ങളാണ് ചൈതന്യം നഷ്ടപ്പെട്ട് നാശഗർത്തത്തിൽ നിപതിച്ചിരിക്കുന്നത്!

പ്രഥമദശയിൽത്തന്നെ ഫലം ദൃശ്യമാകാത്ത പല പ്രവൎത്തനങ്ങളും സ്ഥിരചിത്തതയോടെ ചെയ്യുമ്പോൾ ദൈവം അവയെ അനുഗ്രഹിക്കാറുണ്ട്. അവസാനംവരെയുള്ള നിലനില്പാണ് ഏററം വലിയ അനുഗ്രഹം. പ്രസാദവരസ്ഥിതിയിൽ മരിക്കുക എത്ര അഭിലഷണീയമാണ്!

ദൈവം എന്നും ദൈവംതന്നെ. അവിടുന്നു പരിവൎത്തനങ്ങൾക്ക് അധീനനല്ല. ആകയാൽ, നാം എപ്പോഴും ഒന്നുപോലെ അവിടുത്തെ സേവിക്കണം.

സ്വന്തം തെററുകളേയും ബലഹീനതകളേയുംകുറിച്ചുള്ള അവബോധംനിമിത്തം നീ നഷ്ടധൈൎയ്യനാകരുത്. സ്വയം എളിമപ്പെട്ടുകൊണ്ട് കൎത്താവിൽ ആശ്രയിക്കുക. നിനക്കില്ലാത്ത കാൎയ്യക്ഷമത അവിടുത്തേക്കുണ്ട്.

എപ്പോഴും ഒരേ കാൎയ്യങ്ങൾതന്നെ കണ്ടും കേട്ടും ചെയ്തും മനുഷ്യപ്രകൃതി ക്ഷീണിക്കാറുണ്ട്: ലോകം മുഴുവൻ നമുക്കെതിരായി ബഹളമുണ്ടാക്കിയാലും നാം ഭയപ്പെടേണ്ടതില്ല. ദൈവത്തിൻെറ തിരുച്ചിത്തപ്രകാരമേ എല്ലാം സംഭവിക്കയുള്ളു. അങ്ങിൽ നാം പൂൎണ്ണമായി ആശ്രയിക്കണം.

ഇപ്പോൾ തരണംചെയ്യേണ്ടിവരുന്ന പ്രയാസങ്ങളെ കടന്നുപോകുന്ന കാററിനോളംപോലും നീ ഭയപ്പെടേണ്ട. കാലത്തിൻെറ പൂൎണ്ണതയിൽ എല്ലാം മാറിമറിഞ്ഞു് നിനക്ക് ഉപരിനന്മയ്ക്കായി ഭവിക്കും.

നിൻെറ പ്രവൃത്തികളെക്കുറിച്ച് ലോകം നിന്നെ കുററപ്പെടുത്തുന്നുവെങ്കിൽ നിൻെറ മനസ്സാക്ഷിയെ വഞ്ചിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.

ഏതെങ്കിലും സംരംഭത്തിൻെറ വിജയത്തിന് ഒരു സിംഹത്തിൻെറ നേതൃത്വത്തിൽ അൻപതു കലമാനിനെയോ, ഒരു കലമാൻെറ നേതൃത്വത്തിൽ അൻപതു സിംഹങ്ങളെയോ വേണമെന്നുവച്ചാൽ ആദ്യത്തെ സമൂഹത്തെയായിരിക്കും ഞാൻ തിരഞ്ഞെടുക്കുക.

യഥാൎത്ഥ ത്യാഗത്തിൽനിന്നുത്ഭവിക്കാത്ത നന്മ, സാക്ഷാൽ നന്മയല്ല.

യഥാർത്ഥ ക്രിസ്ത്യാനിയും സന്യാസിയും ആയിത്തീരുവാനാഗ്രഹിക്കുന്നവൻ നിരന്തരം സ്വാഭാവികചാച്ചിലുകൾക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കണം.

തെററു ചെയ്തെങ്കിൽ അതേപ്പററി നിരാശപ്പെട്ടിട്ടാവശ്യമില്ല. ഒരിക്കലും നിരാശക്കടിപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുക. ഒരു കുററം മറെറാരു കുററംകൊണ്ടു് പരിഹരിക്കപ്പെടുകയില്ല.

ശക്തിയും ശാന്തതയും യോജിക്കുമ്പോഴാണു് ഫലദായകമായ പ്രവർത്തനരീതി ഉൽഭൂതമാകുന്നതു്. ധൈര്യത്തോടും മാധുര്യത്തോടുംകൂടെ പ്രവർത്തിക്കുക എന്നാണല്ലോ പ്രമാണം.

## പ്രായോഗിക വിചിന്തനം:

1641 ജൂൺ 9-ാംനു വി. വിൻസെൻറു് വി. ഫ്രാൻസെസ് ദെ ഷന്താളിനു് എഴുതിയ ഒരെഴുത്തിൽ ഇപ്രകാരം കാണുന്നു: "ദൈവം നിങ്ങൾക്കു നല്കിയിരിക്കുന്ന വിനയസമന്വിതമായ സ്ഥിരതയിൽ ഒരോഹരി അങ്ങിൽനിന്നു് പ്രാപിച്ചുതരാമെന്നു് നിങ്ങൾ ഉറപ്പുപറയുന്നെങ്കിൽ, പാരീസിലേ നിങ്ങളുടെ വിസിറേറഷൻ സഭാംഗങ്ങളെ സന്ദർശിക്കുവാൻ എനിക്കു സാധിച്ചേക്കും." വി. വിൻസെൻറു് ഇവിടെ എടുത്തുപറയുന്ന ആ ആദ്ധ്യാത്മിക സ്ഥിരത അദ്ദേഹം പണ്ടേ സമ്പാദിച്ചുകഴിഞ്ഞിരുന്നു. എന്നിരുന്നാലും അദ്ദേഹത്തിൻെറ അഗാധമായ വിനയംനിമിത്തം ഇങ്ങനെയൊരു സൽഗുണം തന്നിലുണ്ടെന്നു മനസ്സിലാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. നിശ്ചയദാർഢ്യവും സ്ഥിരചിത്തതയും ദീർഘശാന്തതയും അദ്ദേഹത്തിൻെറ എല്ലാ പ്രവർത്തനങ്ങളിലും വ്യക്തമായിക്കാണാമായിരുന്നു. മാധുര്യസമ്പൂർണ്ണവും വിനീതവുമായ അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളുടെ പിമ്പിലുണ്ടായിരുന്ന ധൈര്യവും സ്ഥിരചിത്തതയും പ്രഥമദൃഷ്ടിയിൽ മനസ്സിലാക്കുക പ്രയാസം തന്നെ!

ഏതെങ്കിലും കാര്യത്തേക്കുറിച്ചു് ഒരു തീരുമാനമെടുക്കാൻ സാധിക്കാതെ, മററു വാക്കുകളിൽ, കെട്ടണമോ അഴിക്കണമോ എന്നറിയാതെ, രണ്ടാശയങ്ങളുടെ മദ്ധ്യേ കിടന്നു

കഴങ്ങുന്നവരെ "വിലപേശുന്നവർ" എന്നാണ് വി. വിൻസെൻറു് വിളിച്ചിരുന്നതു്. പ്രവർത്തനനിരതനായ വിൻസെൻറു് മേല്പറഞ്ഞ തിന്മയെ കഠിനമായി ശപിച്ചിട്ടുണ്ട്. "കാണുക, തീരുമാനിക്കുക", ഇതാണു് വിശുദ്ധാത്മാക്കളുടെ പ്രവർത്തനപദ്ധതി എന്നു് അദ്ദേഹം പറയാറുണ്ടായിരുന്നു.

ദൈവശുശ്രൂഷയിൽ ഔദാര്യമില്ലാത്തവരോടു് വിൻസെൻറു് നിർദ്ദാക്ഷിണ്യമായിട്ടാണു പെരുമാറിയിരുന്നതു്. സന്യാസോചിതമായി ജീവിക്കാത്ത ഒരു തുണസഹോദരനെപ്പററി ഒരിക്കൽ നമ്മുടെ വിശുദ്ധൻ ശ്രവിക്കാനിടയായി. ആ സഹോദരൻ വസിച്ചിരുന്ന ആശ്രമത്തിൻെറ സുപ്പീരിയർക്ക് വിൻസെൻറു് ഇപ്രകാരമെഴുതി: "ആ തുണസഹോദരൻ ദൈവത്തോടും നമ്മുടെ സഭയോടും വിലപേശുവാനാഗ്രഹിക്കുന്നെങ്കിൽ, അയാൾക്കു് ഇഷ്ടമുള്ള കാര്യങ്ങൾമാത്രം ചെയ്യുകയും അധികാരികൾ കല്പിക്കുന്നതനുസരിച്ചു് പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നെങ്കിൽ, അങ്ങനെ തുടന്നു പോകാൻ അനുവദിക്കുന്നതു് ഉചിതമല്ല. അടുത്തുവരുന്ന ധ്യാനാവസരത്തിൽ ദയാപുരസ്സരം അയാളുടെ തെററുകൾ മനസ്സിലാക്കിക്കൊടുക്കുക. തിരുത്തുവാൻ അയാൾ വൈമനസ്യം പ്രദർശിപ്പിക്കുന്നുവെങ്കിൽ ആശ്രമത്തിൽനിന്നു് അയാളെ പുറത്താക്കുവാൻ മടിക്കേണ്ട."

മറെറാരിക്കൽ വിൻസെൻറച്ചൻ ഉപവി സന്യാസിനീസംഘത്തിലെ ഏതാനും സഹോദരികളോടു പറഞ്ഞതിപ്രകാരമാണു്: "പുരുഷന്മാർ നിങ്ങളോടു കാണിക്കുന്ന സ്നേഹപ്രകടനങ്ങളുടെമുമ്പിൽ നിങ്ങൾ പാറപോലെ നിലകൊള്ളണം". എത്ര വലിയ നിഷ്കളങ്കത! എത്ര വലിയ ധൈര്യം!!

ദൈവതിരുവിഷ്ടം എന്താണെന്നു ഗ്രഹിച്ചു് അതനുസരിച്ചു പ്രവർത്തിക്കുന്നതിൽ വി. വിൻസെൻറു് സദാ ജാഗരൂകനായിരുന്നു. സാവധാനം, എന്നാൽ കാര്യക്ഷമമായി, നിലം ഉഴുന്ന ഒരു കാളയെപ്പോലെയായിരിക്കണം നമ്മൾ എന്നാണു് അദ്ദേഹം പറഞ്ഞിരുന്നതു്. രണ്ടുപ്രാവശ്യം വെള്ളത്തിൽ മുങ്ങിമരിക്കത്തക്ക അപകടത്തിലും ഒരിക്കൽ വധിക്കപ്പെടത്തക്ക അപകടത്തിലും ഉൾപ്പെട്ടതിനാൽ

ഏതൊരു വിഷമസന്ധിയേയും സമചിത്തതയോടെ തരണം ചെയ്യുവാനുള്ള മനശ്ശക്തി അദ്ദേഹം സമ്പാദിച്ചിരുന്നു. ക്ലേശങ്ങളിലും ദുഃഖദുരിതങ്ങളിലും യാതൊരു ഭാവഭേദവും അദ്ദേഹത്തിൽ ദൃശ്യമായിരുന്നില്ല. ഒരിക്കലും അവയെക്കുറിച്ച് ആവലാതിപ്പെട്ടിട്ടുമില്ല. വിപൽഘട്ടങ്ങളിൽ ആത്മനിയന്ത്രണം ശരിയായി പാലിച്ചുകൊണ്ട് സൗമ്യമായി സംസാരിക്കുകയും പെരുമാറുകയും ചെയ്യുവാൻ വിൻസെൻറിനുണ്ടായിരുന്ന പാടവം ഒന്നു വേറെതന്നെയായിരുന്നു.

മുഖസ്തുതിയോ രാഷ്ട്രീയാധികാരമോ മിഷൻസംഘത്തിൻെറ സാമ്പത്തികാവശ്യങ്ങളോ ഒന്നും വിശുദ്ധൻെറ സ്ഥൈര്യത്തെ ഇളക്കുവാൻ പര്യാപ്തങ്ങളായിരുന്നില്ല. മാനുഷികപരിഗണനയെന്നൊരുതരം ഭീരുത്വം വിൻസെൻറിനെ തീണ്ടിയിട്ടുപോലുമില്ലായിരുന്നു. ഒരു ചെറിയ സംഭവംകൊണ്ട് ഈ പ്രസ്താവം പ്രസ്പഷ്ടമാക്കാം. "ത്രികാലജപ"ത്തിനുള്ള മണിയടിക്കുമ്പോൾ അദ്ദേഹം തെരുവീഥിയിലോ രാജസദസ്സിലോ എവിടെയായിരുന്നാലും ഉടൻ മുട്ടുകുത്തി "കർത്താവിൻെറ മാലാഖ" ചൊല്ലുവാൻ മടിച്ചിരുന്നില്ല.

ഡിഗോണ്ടിപ്രഭുകുടുംബത്തോട്ട് അദ്ദേഹത്തിനുണ്ടായിരുന്ന കടപ്പാടുനിമിത്തം അവരുടെ പിടിയിൽപ്പെട്ട് വിൻസെൻറ് ജാൻസെനിസ്റ്റ് പാഷണ്ഡതയിൽ അകപ്പെട്ടുപോകുവാൻ സാധ്യതയുണ്ടായിരുന്നു. എന്നാൽ, തൻെറ അനന്യസാധാരണമായ മനശ്ശക്തിയും ധാർമ്മികസ്ഥൈര്യവുംനിമിത്തം അദ്ദേഹം മതതത്വങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് വിശ്വാസത്തെ അഭംഗം കാത്തുപാലിച്ചു. ഡിഗോണ്ടിപ്രഭു ദ്വന്ദ്വയുദ്ധത്തിനു തയ്യാറായപ്പോൾ വിൻസെൻറിൻെറ ക്രിസ്തീയധൈര്യം പ്രത്യക്ഷപ്പെട്ടു. അദ്ദേഹം തനിക്കു സ്വകീയമായ ശാന്തതയോടും സ്ഥിരതയോടുംകൂടി പ്രഭുവിനെ ഉപദേശിച്ച് പ്രസ്തുതോദ്യമത്തിൽനിന്നു വിരമിപ്പിച്ചു.

വിൻസെൻറച്ചൻ മാക്കോണിൽ പരസ്നേഹപ്രവർത്തനങ്ങൾ തുടങ്ങിയപ്പോൾ എല്ലാവരും അദ്ദേഹത്തെ പരിഹസിച്ചു. വിൻസെൻറാകട്ടേ, ഇവയൊന്നും കാര്യമായി ഗണിക്കാതെ തൻെറ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.

അവസാനം അവയെല്ലാം വിജയമകുടം ചൂടുന്നതുകണ്ടപ്പോൾ ഏവരും അനുതാപാശ്രുക്കൾപൊഴിക്കതന്നെചെയ്തു. ഇക്കാര്യംസംബന്ധിച്ചു് വിൻസെൻറു് തൻെറ സഹപ്രവൎത്തകയായിരുന്ന വി. ലൂയിസാ മരില്ലാക്കിനു് ഇങ്ങനെ എഴുതി: "ഏതൊരു പ്രസ്ഥാനത്തിനും പ്രാരംഭത്തിൽ പ്രയാസങ്ങളും എതിർപ്പുകളുമുണ്ടായാൽ അതിനെ ദൈവം അനുഗ്രഹിക്കുവാനിരിക്കുന്നു എന്നു് അനുമാനിച്ചുകൊള്ളുക". സകലവിധ പരസ്നേഹപ്രവൎത്തനങ്ങളിലും തൻെറ വലതുകരമായി നിന്നു പ്രവൎത്തിച്ച വി ലൂയിസാ മരില്ലാക്കിൻെറ സ്ഥിരതയേയും ഊൎജ്ജസ്വലതയേയും ധൈര്യത്തേയുംകുറിച്ചു് വിൻസെൻറു് പലപ്പോഴും സ്തുതിച്ചുപറയാറുണ്ടായിരുന്നു. മരില്ലാക്കു് ചഞ്ചലമനഃസ്ഥിതിയോടെ വൎത്തിച്ചിരുന്നെങ്കിൽ ഉപവിയുടെ സഹോദരീസംഘം രൂപംകൊള്ളുകയില്ലായിരുന്നുവെന്നു് വി. വിൻസെൻറിനറിയാമായിരുന്നു. മരില്ലാക്കിൽ വിളങ്ങിശോഭിച്ചിരുന്ന ഈ പൗരുഷഗുണത്തെസ്സംബന്ധിച്ചിടത്തോളം തൻെറ ആദ്ധ്യാത്മികപിതാവായ വിൻസെൻറിനോടാണു് അവൾ കടപ്പെട്ടിരിക്കുന്നതു്.

ഉപവിയുടെ സഹോദരീസംഘത്തിൻെറ സ്ഥാപനം വിൻസെൻറിൻെറ ഒരു ധീരകൃത്യമായി പരിഗണിക്കാം. തൽസ്സംബന്ധമായി ലക്കോർഡയർ പറയുന്നതിപ്രകാരമാണു്: "വി. ഡോമിനിക്കു ചെയ്തതിനേക്കാൾ വലിയ ഒരു ധീരകൃത്യമാണു് ഉപവിയുടെ സഹോദരീസംഘസ്ഥാപനം വഴി വി. വിൻസെൻറു് നിൎവ്വഹിച്ചതു്. അന്നുവരെ നിലവിലിരുന്ന പാരമ്പര്യങ്ങളെയെല്ലാം തട്ടിമാററിക്കൊണ്ടു് അദ്ദേഹം യുവതികളെ സേവനരംഗത്തേക്കിറക്കിവിട്ടു. അവശന്മാർക്കും ആലംബഹീനൎക്കും സഹായഹസ്തംനീട്ടിക്കൊടുക്കുവാൻ അവർ മുമ്പോട്ടുവന്നു. ആശുപത്രികളിൽ ആതുരശുശ്രൂഷചെയ്യുവാനും അവർ സന്നദ്ധരായി. അവൎക്കു് ഒരു തലമുണ്ടുപോലും നല്ലാതെ ഇപ്രകാരം ആശ്രമഭിത്തിക്കു വെളിയിൽ പോകുവാൻ അനുവദിച്ച വിൻസെൻറിൻെറ പ്രവൃത്തിയെ പലരും ചോദ്യംചെയ്തു. വിമർശകരോടു് വിൻസെൻറു് പറഞ്ഞതിപ്രകാരമാണു്: "അവരുടെ ശിരോവസ്ത്രം അവരുടെ പുണ്യങ്ങളായിരിക്കും."

ഡിഗോണ്ടിപ്രഭുകുടുംബാംഗമായിരുന്ന പാരീസ്സ് മെത്രാപ്പോലീത്താ ചില കാര്യങ്ങൾ ആവശ്യപ്പെട്ടപ്പോൾ ആ നിർദ്ദേശങ്ങളനുസരിച്ചു പ്രവർത്തിക്കുവാൻ തത്ക്കാലം സാധ്യമല്ലെന്നു കാണിച്ചുകൊണ്ടു് വിൻസെൻറു് എഴുതിയ ഒരു കത്തു് അദ്ദേഹത്തിൻെറ സ്ഥൈര്യത്തേയും ധീരോദാത്തതയേയും വ്യക്തമാക്കുന്നുണ്ടു്. തൻേറടിയും അധികാരോന്മത്തനുമായിരുന്ന കാർഡിനൽ റിച്ചെല്യൂവിൻെറ അഭിപ്രായങ്ങളെപ്പോലും അദ്ദേഹം എതിർത്തിട്ടുണ്ടു്. പൊതുനന്മയെ മുൻനിറുത്തി കാർഡിനൽ മസാരിനു് എതിരായി സുധീരമായ ഒരു നിലപാടാണു് വിൻസെൻറു് സ്വീകരിച്ചതു്. ഫ്രഞ്ചുജനത മസാരിനു് എതിരായി ബഹളമുണ്ടാക്കിയപ്പോൾ ഫ്രാൻസ്സ് വിട്ടുപോകുവാൻ സൂചന നല്കിക്കൊണ്ടു് വിൻസെൻറു് അദ്ദേഹത്തിനു് എഴുതിയതിപ്രകാരമാണു്: "പ്രഭോ, ഈ കൊടുങ്കാററു ശമിപ്പിക്കുവാൻ അങ്ങു് കടലിൽ ചാടുകയാണു വേണ്ടതു്." കാർഡിനലിനു് വിൻസെൻറിൻെറ ഈ ഉപദേശം അത്ര രസിച്ചില്ല.

സത്യത്തിനും നീതിക്കും വേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ വിൻസെൻറു് തയ്യാറായിരുന്നു. രാജ്ഞിയുടെ രഹസ്യാലോചനാസംഘത്തിൽവച്ചു് തൻെറ നീതിബോധവും സത്യനിഷ്ഠയും നിമിത്തം വി. വിൻസെൻറു് പലരുടേയും അപ്രീതിക്കു പാത്രമായിട്ടുണ്ടു്. ഒരിക്കൽ, ഒരു കുലീനസ്ത്രീയുടെ അനർഹനായ പുത്രനു മെത്രാൻസ്ഥാനം നിഷേധിച്ചതുകൊണ്ടും, മറെറാരിക്കൽ, സമ്പൽസമൃദ്ധമായ ഒരു "ആബി"യുടെ — ആശ്രമത്തിൻെറ — ശ്രേഷ്ഠസ്ഥാനം നിഷേധിച്ചതുനിമിത്തവും പല പ്രഭുക്കന്മാരുടേയും പ്രഭ്വികളുടേയും അപ്രീതിക്കു വിൻസെൻറു് പാത്രീഭവിക്കയുണ്ടായി.

ആദ്ധ്യാത്മികനന്മയെ ഉദ്ദേശിച്ചു് ലൗകികമായ സകലതും വലിച്ചെറിയുവാൻ വിൻസെൻറു് സന്നദ്ധനായിരുന്നു. വിസിറേറഷൻ കന്യാസ്ത്രീകളുടെ കുമ്പസാരക്കാരനായി താൻ നിർദ്ദേശിക്കുന്ന ഒരു വൈദികനെ നിയമിക്കണമെന്നുള്ള വ്യവസ്ഥയോടുകൂടി ഒരു സ്ത്രീ അമ്പതിനായിരം ലൈവർ നാണയം വിൻസെൻറച്ചനെ ഏല്പിക്കയുണ്ടായി. എന്നാൽ,

പ്രസ്തുത വൈദികൻ ജാൻസെനിസ്റ്റനുഭാവിയാണെന്നു ഗ്രഹിച്ചപ്പോൾ വിൻസെൻറു് ആ പണം തിരിയെക്കൊടുത്തു് സ്ത്രീയെ പറഞ്ഞയയ്ക്കുയാണു ചെയ്തതു്.

ഒരിക്കൽ റോമിലുള്ള വിൻസെൻഷ്യൻ ആശ്രമത്തിലെ ഒരംഗം തീരെ മാതൃകായോഗ്യമല്ലാത്ത ജീവിതം നയിക്കുന്നുവെന്നറിഞ്ഞപ്പോൾ വിൻസെൻറു് അവിടത്തെ സുപ്പീരിയർക്കു് ഇങ്ങനെ എഴുതി: "നമ്മുടെ സമൂഹത്തെ ഒന്നു ശുദ്ധീകരിക്കേണ്ടിയിരിക്കുന്നു. ദൈവവിളിക്കനുസരണം ജീവിക്കാത്ത നൂറുപേരേക്കാൾ ദൈവവിളിക്കൊത്തു ജീവിക്കുന്ന പത്തുപേർ ദൈവമഹത്വത്തിനായി കൂടുതൽ പ്രവർത്തിക്കുന്നു." മറെറാരിക്കൽ വേറൊരു സുപ്പീരിയർക്കു് ഇപ്രകാരം എഴുതുകയുണ്ടായി: "ലൗകായതികരും ദൈവത്തിനു ഇഷ്ടപ്പെടാത്തവരുമായ അംഗങ്ങളിൽനിന്നു് നമ്മുടെ സഭയെ ശുദ്ധീകരിക്കുമ്പോൾ ദൈവം അതിനെ അനുഗ്രഹിക്കുകയും അതിൻെറ അംഗങ്ങളെ വർദ്ധിപ്പിക്കുകയും ചെയ്യും."

ഇങ്ങനെ വളരെ കർക്കശമായിട്ടാണു് വിൻസെൻറു് പ്രവർത്തിച്ചിരുന്നതെങ്കിലും അദ്ദേഹത്തിൻെറ ഈ കാർക്കശ്യം ഈശോമിശിഹായുടെ മാതൃകയനുസരിച്ചും അവിടുത്തോടുള്ള സ്നേഹത്തെപ്രതിയും മാത്രമായിരുന്നു. അദ്ദേഹത്തിൻെറ കാർക്കശ്യത്തിലോ നീരസത്തിലോ മാനുഷികമായ യാതൊന്നും ഉണ്ടായിരുന്നില്ല. ഒരിക്കൽ അദ്ദേഹം ഒരു തുണസഹോദരനു് എഴുതിയതിപ്രകാരമാണു്: "നമ്മുടെ കർത്താവീശോമിശിഹാ, ശാന്തതവെടിഞ്ഞു് ചിലപ്പോൾ വളരെ പരുഷമായിട്ടാണു് തൻെറ ശിഷ്യരോടു് പെരുമാറിയിരുന്നതു്. ഒരിക്കൽ, വി. പത്രോസിനെ "സാത്താൻ" എന്നുപോലും അവിടുന്നു വിളിച്ചു. അതും പ്രഥമദൃഷ്ടിയിൽ ഒരു നിസ്സാരകാര്യത്തെച്ചൊല്ലി. ദൈവാലയത്തിൽ ക്രയവിക്രയം ചെയ്തിരുന്നവരെ അവിടുന്നു് ചാട്ടകൊണ്ടു് അടിച്ചോടിച്ചതും വിസ്മരിക്കാവതല്ല."

വിൻസെൻറിൻെറ ദൃഷ്ടിയിൽ ത്യാഗപൂർണ്ണമായ പ്രയത്നത്തിൻെറ ഫലമല്ലാത്ത നന്മ, നന്മയെന്ന പേരിനേ അർഹമല്ല. അബെല്ലി പറയുന്നു: "പരിപക്വമായ വിചിന്തനത്തിനുശേഷം സമാരംഭിച്ച യാതൊരു പ്രവർത്തനത്തിൽ

LIBRAR PUBLIC KOTT

നിന്നും വിൻസെൻറു് പിന്മാറിയിട്ടില്ല. ഒരു പ്രേഷിതനെ സംബന്ധിച്ചിടത്തോളം എത്രതന്നെ പ്രതിബന്ധങ്ങളും പ്രയാസങ്ങളുമുണ്ടായാലും, ലോകം മുഴുവൻ അയാൾക്കെതിരായി തല ഉയർത്തിയാലും അതു ദൈവം അഭിലഷിക്കുന്നതുപോലെ മാത്രമേ ആയിരിക്കയുള്ളുവെന്നു് ഉറച്ചുവിശ്വസിച്ചിരുന്ന ഒരാളായിരുന്നു വി. വിൻസെൻറു് ''.

മാനുഷികമായ കഴിവുകളിലല്ല, പ്രത്യുത ദൈവത്തിലാണു് വിൻസെൻറു് ശരണം മുഴുവൻ നിക്ഷേപിച്ചതു്. ക്രിസ്തുവാകുന്ന പാറമേൽ അദ്ദേഹം തൻെറ പ്രവർത്തനങ്ങൾക്കു് അടിസ്ഥാനമിട്ടു. ആകയാൽ, കൊടുങ്കാററിനെ ഒരിക്കലും ഭയപ്പെട്ടില്ല. തൻെറ ജീവിതസായാഹ്നത്തിൽ ഒരിക്കൽ അദ്ദേഹം ഈ ആശയം പ്രകടമാക്കുകയുണ്ടായി: ''ഈശോമിശിഹായുടെ പഠനങ്ങളിൽ തൻെറ വിശ്വാസം നിക്ഷേപിക്കുന്നവനു് ഒരിക്കലും മനസ്തപിക്കേണ്ടിവരികയില്ല. അയാൾ കനത്ത പാറമേലായിരിക്കും നിലയുറപ്പിക്കുക. ആകാശം തന്നെ ഇടിഞ്ഞുവീണാലും കർത്താവിൻെറ വചനങ്ങൾക്കു മാററമുണ്ടാകയില്ല.

ക്രിസ്തീയ ധൈര്യത്തിൻെറ തനിനിറമാണു് നാമിവിടെ ദർശിക്കുന്നതു്. ഇപ്രകാരമുള്ള ധൈര്യമായിരുന്നു വിശുദ്ധാത്മാക്കൾ അഭ്യസിച്ചിരുന്നതു്. ഒരു പ്രേഷിതൻെറ വിവിധ പ്രവർത്തനങ്ങളുടെ വിജയത്തിനു് അവശ്യാവശ്യകമായ ഒന്നാണു് ഈ ക്രിസ്തീയ ധൈര്യം. മനുഷ്യപ്രകൃതിക്കു സ്വാഭാവികമായ അസ്ഥിരതക്കും ഭീരുത്വത്തിനുമെതിരായി ഒരു പ്രേഷിതൻ നിരന്തരം യുദ്ധം ചെയ്യണം. ഈ പോരാട്ടത്തിൽ വി. വിൻസെൻറിനെപ്പോലെ നമ്മളും ചിലപ്പോൾ മററുള്ളവരുടെ അപ്രീതിക്കു പാത്രീഭവിക്കയോ അവരെ വെറുപ്പിക്കയോ ചെയ്യേണ്ടിവന്നേക്കാം. എന്നാൽ നന്മമാത്രം ലാക്കാക്കി പ്രവർത്തിക്കുമ്പോൾ അയാൾ ഒന്നും ഭയപ്പെട്ടിട്ടാവശ്യമില്ല. ''സ്വർഗ്ഗരാജ്യം ബലവശ്യമാകുന്നു; ബലം പ്രയോഗിക്കുന്നവർ അതിനെ കരസ്ഥമാക്കുകയും ചെയ്യും'' എന്നുള്ള ക്രിസ്തുനാഥൻെറ വചനങ്ങളാണു് വി. വിൻസെൻറിൻെറ ക്രിസ്തീയ ധൈര്യത്തിനു നിദാനമായിരുന്നതു്.

### അദ്ധ്യായം പത്തു്

# ശാന്തമായും സ്നേഹപൂർവമായും പെരുമാറുക

## വി. വിൻസെൻറിൻെറ സൂക്തികൾ:

ശാന്തമായി പ്രവൎത്തിക്കുന്നതു് ദൈവാത്രുപിയുടെ ലക്ഷമാണു്. ശാന്തമായി പ്രവൎത്തിക്കുന്നവൎക്ക വിജയം നിശ്ചയമത്രേ. ഏതെങ്കിലും കാര്യം സാധിക്കണമെങ്കിൽ സ്ഥിരചിത്തതയോടും നിശ്ചയദാർഢ്യത്തോടുംകൂടി പ്രവൎത്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ, അതേസമയം ആകർഷകവും സുന്ദരവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നാം ശ്രദ്ധിക്കണം.

യഥാർത്ഥ ശാന്തത സ്ഥൈര്യത്തിനെതിരല്ല. ശാന്തതയും വിനയശീലവുമുള്ളവരെപ്പോലെ മററാരും നന്മയിൽ അത്ര ഉറപ്പോടും സ്ഥിരചിത്തതയോടുംകൂടി നിലനില്ക്കുന്നില്ല.

ആരെങ്കിലും നമ്മെ ഉപദ്രവിച്ചാൽ അതു മറക്കുവാനും മറയ്ക്കുവാനും ഹൃദയശാന്തത നമ്മെ പ്രേരിപ്പിക്കുന്നു. ചിലപ്പോൾ അവരുടെ പ്രവൃത്തിയെ നീതീകരിക്കുന്നതിനും അവരോടു സ്നേഹപൂർവം സംസാരിക്കുന്നതിനുംകൂടി നാം സന്നദ്ധരായിരിക്കണം. നമ്മെ ദേഹോപദ്രവം ഏല്പിച്ചാൽത്തന്നെയും ദൈവത്തെപ്രതി അതു സഹിക്കുന്നതിനും പീഡകരോടു ക്ഷമിക്കുന്നതിനും ഹൃദയശാന്തത നമുക്കു പ്രചോദനമരുളുന്നു.

മൎക്കടമുഷ്ടികളും ക്രൂരസ്വഭാവികളുമായവരെപ്പോലും ക്ഷമയും ശാന്തശീലവുംകൊണ്ടു് നമ്മുടെ ചൊല്പടിക്കു നിറുത്താൻ കഴിയും.

നാം സ്നേഹപൂർവം പെരുമാറണം. എന്നാൽ ഒരിക്കലും മുഖസ്തുതി പറയരുതു്. ഒരു ക്രിസ്ത്യാനിക്കു ചേരാത്ത

ഹീനമായ ദുർഗ്ഗുണമാണതു്. സുകൃതിയായ ഒരു മനുഷ്യൻ ഈ ദുർഭൃതത്തെ അത്യധികം ഭയപ്പെട്ടുന്നു.

നമ്മുടെ കർത്താവിൻെറ അരൂപിയുള്ളവർ ശാന്തമായും സൗമ്യമായും വർത്തിക്കുമ്പോൾ പൈശാചികാരൂപിയാൽ പ്രേരിതരായവർ പരുഷമായും ക്രൂരമായും വർത്തിക്കുന്നു എന്നതു് ഒരു ആപ്തവാക്യമാണു്.

ദൈവത്തിൽനിന്നുവരുന്ന ആഗ്രഹങ്ങൾ സമാധാനസമ്പൂർണ്ണങ്ങളാണു്. അവ മനുഷ്യനു് സമാധാനം നല്കുയും ചെയ്യും. പിശാചിൽനിന്നുത്ഭവിക്കുന്ന പ്രലോഭനങ്ങളാകട്ടേ, മനുഷ്യനെ അസന്തുഷ്ടനും ആകുലചിത്തനുമാക്കിത്തീർക്കുന്നു.

നമ്മുടെ കീഴുള്ളവരോട്ടു് നാം ശാന്തമായും ബഹുമാനപുരസ്സരവും പെരുമാറണം. പരുഷവും വേദനാജനകവുമായ വാക്കുകൾ ഉപയോഗിക്കാതിരിപ്പാൻ സൂക്ഷിക്കുക. കല്പനകൾതന്നെയും അഭ്യർത്ഥനാരൂപത്തിലായിരിക്കുന്നതു കൊള്ളാം.

പാവപ്പെട്ടവരോടും നാം ഇപ്രകാരം ഹൃദയശാന്തതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു. അവരെ നമ്മിലേക്കാകർഷിക്കുന്നതിനും അവരുടെ ആത്മാക്കളെ ദൈവത്തിനായി നേടുന്നതിനും ഈ സൽഗുണം അപരിത്യാജ്യമാണു്. നാം ശാന്തതയും വിനയശീലവുമുള്ളവരല്ലെങ്കിൽ അവർ നമ്മെ സമീപിക്കുവാൻ മുതിരുകയില്ല.

നിൻെറ വാക്കുകളുടേയും പ്രവൃത്തികളുടേയും മാധുര്യം പരിശുദ്ധാരൂപിയായിരിക്കട്ടെ.

ക്ഷമയും ശാന്തതയുംവഴി ഒരുവൻെറ ഹൃദയത്തെ ജയിച്ചടക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ലെങ്കിൽ മററുമാർഗ്ഗങ്ങളിലൂടെ അതത്ര എളുപ്പമല്ല.

നാം, കളകളും മുൾച്ചെടികളും മാത്രം പുറപ്പെടുവിക്കുന്ന മരുഭൂമിപോലെയാണെങ്കിൽ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ നമുക്കു സാധിക്കയില്ല. മററുള്ളവരെ വെറുപ്പിക്കാതിരിക്കത്തക്കവണ്ണം ശാന്തവും ആകർഷകവുമായ ഒരു ബാഹ്യപ്രകൃതി നമുക്കുണ്ടായിരിക്കണം.

മററുള്ളവരോട്ട് മര്യാദയോടും ബഹുമാനത്തോടുംകൂടി വത്തിക്കുവാൻ ശാലീനപ്രകൃതി നമ്മെ പ്രാപ്തരാക്കുന്നു.

ശാരീരിക അസുഖങ്ങൾ ഉള്ളവരേക്കാൾ മാനസികാസ്വാസ്ഥ്യങ്ങൾ ഉള്ളവരെയാണ് കൂടുതൽ ശാന്തമായും സ്നേഹപൂർവമായും നാം പരിചരിക്കേണ്ടതു്. നീതിന്യായമോതിയതുകൊണ്ടു് അസ്വസ്ഥമായ ഒരു മനസ്സ് സുഖപ്പെടുന്നില്ല.

വാദപ്രതിവാദങ്ങൾകൊണ്ടു് ഒരു ഇടത്തുട്ടുകാരൻേറയോ ഒരു ശീശ്മക്കാരൻേറയോ മാനസാന്തരം സാധിച്ചതായി ഞാൻ ഇതുവരെ കേട്ടിട്ടില്ല. എന്നാൽ, ശാന്തവും കരുണാമസൃണവുമായ പെരുമാററം നിമിത്തം പലരും സത്യസഭയെ ആശ്ലേഷിച്ചിട്ടുണ്ടു്. ആത്മാക്കളെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നതിനുള്ള ശക്തി ഈ പുണ്യത്തിനുണ്ടു്.

യഥാർത്ഥമായ പരസ്നേഹം ക്ഷമയും ശാന്തതയുമുള്ളതാണ്.

തന്നോടു് എല്ലാവരും ശാന്തശീലത്തോടെ പെരുമാറണമെന്നാണ് പ്രകൃത്യാ ഓരോ മനുഷ്യനും ആഗ്രഹിക്കുന്നതു്.

## പ്രായോഗിക വിചിന്തനം:

ശാന്തസ്വഭാവത്തിൻെറ ഉത്തമ മാതൃകയായി വിശുദ്ധ ഫ്രാൻസീസ് ദെ സാലസ് അംഗീകരിക്കപ്പെട്ടിട്ടുണ്ടല്ലോ. 1647-ൽ വി. വിൻസെൻറു് കോപസ്വഭാവിയായ ഒരു വൈദികനു് എഴുതിയ കത്തിൽ ഇപ്രകാരം കാണുന്നു: "യഥാർത്ഥവും ശാന്തവുമായ പരസ്നേഹത്തിൻെറ ഒരു സജീവ മാതൃകയാണ് ജനീവായിലെ അനുഗൃഹീത മെത്രാനിൽ നാം ദർശിക്കുക". ഫ്റാൻസീസ് ദെ സാലസിനെ വിശുദ്ധനെന്നു നാമകരണം ചെയ്യുവാനഭ്യർത്ഥിച്ചുകൊണ്ടു് അലക്സാണ്ടർ അഷ്ടമൻ പാപ്പായുടെ മുമ്പാകെ വിൻസെൻറച്ചൻ സമർപ്പിച്ച അഭ്യർത്ഥനയിൽനിന്നു് അദ്ദേഹത്തിനു് വി. ഫ്രാൻസീസിൻെറ വിനയശീലത്തേയും ശാന്തതയേയും പററിയുണ്ടായിരുന്ന മതിപ്പ് സുതരാം വ്യക്തമാണ്. പിത്ക്കാലത്തു് വിൻസെൻറച്ചൻ രോഗാതുരനായിക്കിടക്കുമ്പോൾ പലപ്പോഴും ഇപ്രകാരം പറയാറുണ്ടായിരുന്നു. "ജനീവായുടെ

മെത്രാൻ ഇത്ര നല്ലവനായിരിക്കേ, ദൈവം എത്രയോ നല്ലവനായിരിക്കും.''

വിൻസെൻറു് മററുള്ളവരിൽ കണ്ടു് വിലമതിച്ച ഈ പുണ്യം അദ്ദേഹത്തിലും പ്രഭവിതറി പ്രശോഭിച്ചിരുന്നു. ''മിശിഹായുടെ ശാന്തതയേയും വിനയത്തേയുംകുറിച്ചു് ഞാൻ നിങ്ങളെ ഉപദേശിക്കുന്നു.'' എന്നു പറഞ്ഞ ഒരു സെയിൻറു് പോളിനെപ്പോലെ അത്ര ഉന്നതമായ നിലയിൽ ഈ പുണ്യം വി. വിൻസെൻറു് അഭ്യസിച്ചിരുന്നു. ''കത്താവേ, ദാവീദിനേയും അദ്ദേഹത്തിൻെറ ശാന്തതയേയും അനുസ്മരിക്കുക.'' എന്നത്രേ വി. വിൻസെൻറിൻെറ തിരുനാൾ ദിവസം ലത്തീൻ റീത്തനുസരിച്ചുള്ള ദിവ്യപൂജയിലേ കാനോനാ പ്രാത്ഥനയിൽ തിരുസഭ പാടുന്നതു്. എളിമയുടെ ഏററം അടുത്ത സഹോദരൻ എന്നത്രേ അദ്ദേഹം ശാന്തതയെ വിളിച്ചിരുന്നതു്. അങ്ങനെയെങ്കിൽ എളിമയുടെ മൂന്നാംപദവി പ്രാപിച്ചിരുന്ന വി. വിൻസെൻറിൽ ശാന്തശീലവും അതേ നിലയിൽ പ്രശോഭിച്ചിരുന്നുവെന്നു് അനുമാനിക്കാം. ''ഹൃദയശാന്തതയും എളിമയുമുള്ള എന്നിൽ നിന്നു പഠിക്കുവിൻ'' എന്നു് ഉപദേശിച്ച ദിവ്യഗുരുവിൻെറ പ്രബോധനത്തെ വിൻസെൻറു് അവഗണിച്ചു പ്രവത്തിച്ചുവെന്നോ? ഒരിക്കലുമില്ല. അനുപദം അവിടുത്തെ അനുധാവനം ചെയ്യുവാൻ അഭിലഷിച്ച അദ്ദേഹം തീച്ചയായും തൻെറ ദിവ്യനാഥനെയനുകരിച്ചു് എളിമയും ഹൃദയശാന്തതയും സർവാത്മനാ അഭ്യസിച്ചിരുന്നുവെന്നു വേണം കരുതുവാൻ.

വി. ഫ്രാൻസീസു് സാലസും വി. വിൻസെൻറും ഈ പുണ്യം വീരോചിതമാംവിധം അഭ്യസിച്ചിരുന്നവരാണു്. എന്നാൽ, വ്യക്തിപരമായ ചില സ്വഭാവവ്യത്യാസങ്ങൾ നിമിത്തം ഈ പുണ്യം ഇരുവരിലും വ്യത്യസ്ത രൂപങ്ങളിലാണു് പ്രകടമായി കാണുന്നതു്.

വി. വിൻസെൻറിൻെറ പ്രവത്തനങ്ങളിൽ ശാന്തതയും അതേസമയം സ്ഥൈര്യവും തോളോടുതോൾ ചേന്നുനില്ക്കുന്നതായി കാണാം. ആകയാൽ, അദ്ദേഹത്തിൻെറ പ്രവത്തനരീതി അത്ര സൗമ്യമോ അത്ര കക്കശമോ ആയിരുന്നില്ലെന്നു

പറയാം. എന്നാൽ, വി. ഫ്രാൻസീസിൻെറ പ്രവൎത്തനങ്ങൾ ആദ്യന്തം ശാന്തസ്വഭാവത്തോടുകൂടിയവയായിരുന്നു. നെപ്പോളിയൻ ഒരിക്കൽ പറഞ്ഞു: "മനുഷ്യർ ഉരുക്കുകരങ്ങൾ കൊണ്ടു് ഭരിക്കപ്പെടണം; പക്ഷേ, ആ ഉരുക്കുകരം മാൎദ്ദവമുള്ള കൈമേസ്സ്കൊണ്ടു് പൊതിയപ്പെട്ടതായിരിക്കണം." നെപ്പോളിയൻ ചക്രവൎത്തിയുടെ കീഴിൽ വി. ഫ്റാൻസീസും വി. വിൻസെൻറും ഓരോ മന്ത്രിമാരായിരുന്നെങ്കിൽ ഫ്രാൻസീസ്സ് ആ ഉരുക്കുകരത്തിന്മേൽ മൂന്നു കൈമേസ്സും, വിൻസെൻറ് രണ്ടും ഉപയോഗിക്കുമായിരുന്നു. ഇതാണു് ഈ ഇരുവിശുദ്ധാത്മാക്കളുടേയും ശാന്തശീലത്തിനുള്ള വ്യത്യാസം. സാലെസ് ധ്യാനനിരതമായ വിസിറേറഷൻ സന്യാസിനീ സമൂഹത്തിൻെറ സമാരംഭകനാണു്. അവരുടെ ആശ്രമങ്ങൾ കൎത്താവിനെ അടുത്തനുകരിക്കുന്നവർ നിവസിക്കുന്ന യഥാർത്ഥ ശാന്തിനികേതനങ്ങളത്രേ. എന്നാൽ, വിൻസെൻറാകട്ടേ, അക്കാലത്തേ ചില ആചാരാനുഷ്ഠാനങ്ങൾക്കും സാമൂഹിക ചിന്താഗതിക്കും വിരുദ്ധമായി ഉറച്ച ഒരു നിലപാടു് സ്വീകരിച്ചുകൊണ്ടു് വനിതകളെ സേവനരംഗത്തേക്കിറക്കിവിട്ട കൎമ്മധീരനാണു്. അനാഥ ശിശുക്കളെ എടുത്തുവളൎത്തുവാൻ, അവശന്മാൎക്കും ആലംബഹീനൎക്കും സഹായഹസ്തം നീട്ടിക്കൊടുക്കുവാൻ വനിതകളുടെ സേവനം ഉപകരിക്കുമെന്നു കണ്ട വിൻസെൻറിൽ സ്ഥൈര്യവും ശാന്തതയും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതായി നമുക്കു കാണാം. ഒലീവുവൃക്ഷം ഒലീവു് എണ്ണ പുറപ്പെടുവിക്കുന്നതു പോലെ ശാന്തത വി. സാലസിൻെറ സ്വാഭാവികഗുണമായി പരിലസിച്ചു. വിൻസെൻറാകട്ടെ അതിനെ തൻെറ സ്വഭാവ പ്രകൃതിയാകുന്ന മുൾച്ചെടിയിന്മേൽ ഒട്ടിച്ചുവളൎത്തുകയാണു ചെയ്തതു്. ശാന്തസ്വഭാവം പ്രദ്യോതിപ്പിക്കുന്ന ഒരു ബാഹ്യപ്രകൃതിയാണു് വി. സാലെസിനുണ്ടായിരുന്നതു്. അദ്ദേഹത്തിൻെറ മുഖകമലം സദാ പ്രസന്നവും കരുണാസമ്പുഷ്ടവും ആകർഷകവുമായിരുന്നു. നേരെമറിച്ചു് പ്രഥമ ദൃഷ്ടിയിൽ ക്രൗര്യം തോന്നിക്കുന്ന ബാഹ്യപ്രകൃതിയാണു് വിൻസെൻറിനുണ്ടായിരുന്നതു്. അദ്ദേഹത്തിൻെറ മുഖഭാവം അല്പം പരുഷവും ഗൗരവം തോന്നിക്കുന്നതുമായിരുന്നു.

ആകയാൽ, ശാന്തത അഭ്യസിക്കുവാൻ വിൻസെൻറു് വളരെ പണിപ്പെടേണ്ടിയിരുന്നു. ജീവിതവിശുദ്ധി ഒന്നുമാത്രമാണു് അദ്ദേഹത്തിൻെറ സ്വഭാവത്തിനു് അല്പമെങ്കിലും ആകഷകത്വവും മനോഹാരിതയും പകർന്നതു്. ചുരുക്കിപ്പറഞ്ഞാൽ, വി. ഫ്രാൻസീസ്സ് ദെ സാലസ്സ് പ്രകൃത്യാതന്നെ ശാന്തസ്വഭാവിയായിരുന്നു. ഈ ആന്തരികഗുണം അദ്ദേഹം അറിഞ്ഞു് അഭ്യസിച്ചിരുന്നതിനാൽ അതു പുണ്യയോഗ്യതയുള്ളതുകൂടിയായിത്തീൎന്നു. എന്നാൽ, വി. വിൻസെൻറിൽ ഈ സൽഗുണം പ്രകൃത്യാ ഉണ്ടായിരുന്നില്ല. തനിക്കു സ്വാഭാവികമായുണ്ടായിരുന്ന ക്രൂരപ്രകൃതിയെ നിരന്തരം അടിച്ചമത്തിക്കൊണ്ടാണു് അദ്ദേഹം ശാന്തത അഭ്യസിച്ചിരുന്നതു്.

ഈ വിശിഷ്ടപുണ്യം പരിശീലിക്കേണ്ടതെങ്ങനെയെന്നു് വിൻസെൻറു് വിവരിക്കുന്നതു കേട്ടാലും: "ഒരുവൻെറ ഹൃദയാന്തർഭാഗത്തു് കോപവികാരങ്ങൾ അലതല്ലി ഉയരുന്നുവെന്നു വിചാരിക്കുക. അയാൾ ആകപ്പാടെ ആവേശപൂൎണ്ണനായി ഭവിക്കുന്നു. ശാന്തസുന്ദരമായ അയാളുടെ മുഖഭാവം കോപാഗ്നിയാൽ വിവൎണ്ണമായിത്തീരുന്നു. ചിന്താശക്തിയും പ്രജ്ഞപോലും നഷ്ടപ്പെട്ടു് അയാൾ ഒരു ഭ്രാന്തനെപ്പോലെ വത്തിക്കുന്നു. ഈ അവസരത്തിൽ ശാന്തത എന്താണു ചെയ്യുന്നതു്? കോപാഗ്നിയിൽ വെള്ളമൊഴിച്ചു കെടുത്തുന്നു. മൃഗമായിച്ചമഞ്ഞ മനുഷ്യനെ മനുഷ്യനാക്കി ഉയർത്തുന്നു. കോപവികാരങ്ങളെ ശാന്തത തടയുന്നില്ല. എന്നാൽ, കോപത്തിനടിപ്പെട്ടുപോകാതിരിപ്പാൻ അതു കരുതലുകൾ ചെയ്യുന്നു. ഹൃദയശാന്തതയെന്ന സൽഗുണം യഥാൎത്ഥത്തിൽ സമ്പാദിച്ചുകഴിഞ്ഞവൻെറപോലും മുഖഭാവം പെട്ടെന്നുണ്ടാകുന്ന കോപവികാരങ്ങളാൽ വിവർണ്ണമായി കാണപ്പെട്ടേക്കാം. എന്നാൽ, ഉടൻതന്നെ അതു് ശാന്തസമ്പൂൎണ്ണമായ പൂൎവ്വരൂപത്തെ പ്രാപിക്കുന്നു. ഇതാണു ഹൃദയശാന്തത ചെയ്യുന്നതു്. കോപമെന്ന ദുർഗ്ഗുണത്തിൻെറ ദുരന്തഫലങ്ങളൊന്നും പുറത്തുകടക്കുവാൻ അതു് അനുവദിക്കയില്ല. മാത്രമല്ല, പ്രശാന്തവും ആകഷകവും ആക്കം എപ്പോഴും

സമീപിക്കുവാൻ പ്രയാസംതോന്നാത്തതുമായ ഒരു ബാഹ്യ പ്രകൃതിയെ സൃഷ്ടിക്കുകയും ചെയ്യും.''

വിൻസെൻറിനെസ്സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ പ്രകാരം പലപ്പോഴും കോപാഗ്നി ഇരച്ചുയരുകയും മുഖം വിവർണ്ണമാകയും മററും ചെയ്തിട്ടുണ്ട്. വി. ഫ്രാൻസിസ്സ് ദെ സാലസിൻെറ ജീവചരിത്രകർത്താവായ എം. ഹാമൺ വി. വിൻസെൻറിനെക്കുറിച്ചു പ്രസ്താവിക്കുന്നതിപ്രകാരമാണ്: ''പ്രകൃത്യാ വളരെ പരുഷവും അനാകർഷകവുമായ ഒരാളായിരുന്നു ഈ മഹാവിശുദ്ധൻ. എന്നാൽ, അദ്ദേഹം സ്വയം ജയിച്ചടക്കി വികാരങ്ങളെ നിയന്ത്രിച്ചുകൊണ്ടു് ശാന്തതയും സൗമ്യതയും ഉള്ളവനായിത്തീന്നതിനാൽ ദൈവത്തിൻെറയും മനുഷ്യരുടേയും മുമ്പാകെ അദ്ദേഹത്തിൻെറ സ്മരണ എന്നെന്നും നിലനില്ക്കും.''

യൗവനം മുതൽതന്നെ വി. വിൻസെൻറു് ഈ പുണ്യം അഭ്യസിച്ചിരുന്നു. അക്കാരണത്താലാണ് ട്ടുണീസിൽവച്ച് അടിമയായി വില്ക്കപ്പെട്ടപ്പോൾ ആദ്യം അദ്ദേഹത്തെ വാങ്ങിയ രസതന്ത്രജ്ഞനും പിന്നീട്ട് അദ്ദേഹത്തിൻെറ യജമാനനായിഭവിച്ച മതത്യാഗിക്കും അയാളുടെ ഇരുഭാര്യമാക്കും അവിഞ്ഞോണിലെ വൈസ് ലെഗേററിനുമെല്ലാം വിൻസെൻറു് സംപ്രീതനായി ഭവിച്ചതു്. ഡിഗോണ്ടിഭവനത്തിലായിരുന്നപ്പോൾ ''നല്ലവനായ മെസ്സിയർ വിൻസെൻറു്'' എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നതു്.

വിൻസെൻറിൻെറ വിശുദ്ധിയായിരുന്നു ശാന്തതയുടെ അടിസ്ഥാനം. ഒരു ചെറിയ സംഭവം അദ്ദേഹത്തിൻെറ ജീവചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ, രാജ്ഞിയുടെ ആലോചനാസംഘത്തിൽ സംബന്ധിച്ചശേഷം വിൻസെൻറച്ചൻ കൊട്ടാരത്തിൽനിന്നു മടങ്ങുകയായിരുന്നു. പോയിററിയേഴ്സിലേ മെത്രാൻപദം തൻെറ പുത്രനു നല്കിയില്ല എന്ന കാരണം പറഞ്ഞു് ഒരു കുലീനസ്ത്രീ വിൻസെൻറിൻെറ മേൽ ശകാരവഷം ചൊരിയുവാൻതുടങ്ങി. കോപാവേശിതയായി അവൾ ഒരു കസേരയെടുത്തു വിൻസെൻറിൻെറ തലയിലടിച്ചു. വ്രണിതശിരസ്സിൽനിന്നു രക്തം തുടച്ചുമാററിക്കൊണ്ടു് വിൻസെൻറു് പറഞ്ഞതിപ്രകാരം

ആണ്: "ഒരമ്മയ്ക്കു തൻെറ മകനോടുള്ള വാത്സല്യം ഇതോ ഇതിലധികമോ പ്രവൎത്തിച്ചാലും അത്ഭുതപ്പെടേണ്ടതില്ല." ആ സ്ത്രീയെ യാതൊരുതരത്തിലും ശിക്ഷിക്കരുതെന്ന് അദ്ദേഹം പ്രത്യേകം അധികാരികളോടു ശുപാർശ ചെയ്യുകയും ചെയ്തു. വിശുദ്ധന്മാർമാത്രമേ ഇപ്രകാരം ശാന്തത കൈവെടിയാതെ മറ്റുള്ളവരോടുപോലും ക്ഷമിക്കുന്നതിനും തിന്മയ്ക്കു പകരം നന്മചെയ്യുന്നതിനും സാധിക്കയുള്ളു.

കത്തോലിക്കാതിരുസ്സഭ പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങൾ അക്ഷരശഃ സ്വീകരിക്കുകയും അവയ്ക്കനുസരണം പ്രവൎത്തിക്കുകയും ചെയ്യുന്നതിൽ വിൻസെൻറു് വലിയ നിഷ്ഠയാണു പ്രദർശിപ്പിച്ചിരുന്നതു്. എന്നിരുന്നാലും എതിരഭിപ്രായങ്ങളുണ്ടാകുമ്പോൾ കാണിച്ചിരുന്ന ശാന്തത അനുകരണയോഗ്യമായിരുന്നു. അതുപോലെതന്നെ അദ്ദേഹത്തിൻെറ സൗമ്യമായ ഭരണസമ്പ്രദായവും ആര്യചരിതവും ദീനാനുകമ്പയും സഹാനുഭൂതിയുമെല്ലാം ബുദ്ധിമുട്ടി സമ്പാദിച്ച ശാന്തതയെന്ന പുണ്യത്തിൻെറ ഫലങ്ങൾ മാത്രമായിരുന്നു. ഈ സൽഗ്ഗുണങ്ങൾ നിമിത്തമാണ്, അബെല്ലി പറയുന്നതുപോലെ, ആറു വിശുദ്ധന്മാർ ഒരുമിച്ചു ചെയ്തതിനേക്കാൾ കൂടുതൽ കാര്യങ്ങൾ വി. വിൻസെൻറു് യാതൊരു ഒച്ചപ്പാടും ഉണ്ടാക്കാതെയും, വലിയ എതിർപ്പുകൾ കൂടാതെയും നിൎവ്വഹിച്ചതു്. വീണ്ടും അബെല്ലി പറയുന്നു: "വി. വിൻസെൻറിനെപ്പോലെ ഇത്രയധികം പ്രവൎത്തിച്ചിട്ടുള്ളവരോ, ഇത്ര കുറച്ചു വിമൎശിക്കപ്പെട്ടിട്ടുള്ളവരോ ഇല്ലതന്നെ. ഇതെല്ലാം അദ്ദേഹത്തിൻെറ ശാന്തസ്വഭാവത്തിൻെറ ഫലങ്ങളത്രേ. എന്തുകൊണ്ടെന്നാൽ, വിശുദ്ധഗ്രന്ഥം സാക്ഷിക്കുന്നു: മധുരവചസ്സുകൾ സ്നേഹിതന്മാരെ വർദ്ധിപ്പിക്കുകയും ശത്രുക്കളെ മിത്രങ്ങളാക്കി മാററുകയും ചെയ്യുന്നു."

വിൻസെൻറിൻെറ അന്തിമനിമിഷങ്ങളിലാണ് നാം അദ്ദേഹത്തിൻെറ ശാന്തതയുടേയും ക്ഷമയുടേയും ഔന്നത്യം ദർശിക്കുക. വാർദ്ധക്യസഹജമായ പല രോഗങ്ങൾക്കും അധീനപ്പെട്ട് ശയ്യാവലംബിയായി കഴിഞ്ഞിരുന്ന ആ കാലഘട്ടത്തിലെല്ലാം അദ്ദേഹം സുസ്മേരവദനനും പ്രശാന്തനുമായിട്ടാണു കാണപ്പെട്ടതു്. ഏവൎക്കും ക്ഷമയുടേയും സഹന

ത്തിൻേറയും ഉത്തമമാതൃകയായിരുന്നു അദ്ദേഹം. ഇതിനെല്ലാം പ്രതിസമ്മാനമെന്നോണം പ്രശാന്തവും വിശുദ്ധവുമായ ഒരു മരണം അദ്ദേഹത്തിനു ലഭിക്കയും ചെയ്തു.

അഭ്യസിക്കുന്നതിന് അല്പം പ്രയാസമുള്ളതെങ്കിലും അതിവിശിഷ്ടമായ ഒരു പുണ്യമാകയാൽ ശാന്തത സമ്പാദിക്കുവാൻ എത്രതന്നെ ബുദ്ധിമുട്ടിയാലും അധികമായിപ്പോകയില്ല — ഇതായിരുന്നു വി. വിൻസെൻറിൻെറ അഭിമതം. അദ്ദേഹം ഈ സുകൃതത്തെക്കുറിച്ച് സ്ഥാനത്തും അസ്ഥാനത്തും, തൻെറ എഴുത്തുകളിലും പ്രസംഗങ്ങളിലും പ്രതിപാദിക്കാറുണ്ടായിരുന്നു. "കോപവികാരങ്ങൾക്ക് അടിപ്പെട്ടുപോകുന്ന ഒരു സഹോദരി, ഉപവിയുടെ പുത്രിമാരുടെ സംഘത്തിൽ നിലനില്ക്കുകയില്ല" എന്നുപോലും പറയത്തക്കവണ്ണം അത്ര ഉന്നതമായ ഒരു നിലവാരമാണ് ഈ സുകൃതത്തിനു വിൻസെൻറു നല്കിയതു്. "മാലാഖമാരുടേയും മനുഷ്യരുടേയും ബാഹ്യമാധുര്യമായ ഉപവിയിൽ പൂർണ്ണതപ്രാപിക്കുക" എന്ന് അദ്ദേഹംതൻെറ ഇരുസഭകളിലുംപെട്ട ആദ്ധ്യാത്മിക മക്കളോടു പലപ്പോഴും ഉപദേശിച്ചിരുന്നു.

വി. വിൻസെൻറിനു ശേഷം ഉണ്ടായിട്ടുള്ള പ്രേഷിതർക്കെല്ലാം ഈ വിശിഷ്ട സുകൃതത്തിൻെറ മാഹാത്മ്യത്തേയും ആവശ്യകതയേയും സൽഫലങ്ങളേയുംകുറിച്ചു ഗ്രഹിക്കുവാൻ കഥാനായകൻെറ മാതൃക ഉപകരിച്ചിട്ടുണ്ട്. പ്രവർത്തനപ്രധാനന്മാർ ഇതിൻെറ ആവശ്യകത അനുഭവിച്ചറിഞ്ഞിട്ടുമുണ്ടാവാം. ഈ സുകൃതത്തെ അവഗണിക്കുന്നവർ രാഷ്ട്രീയമോ സാമുദായികമോ മതപരമോ ആയ രംഗങ്ങളിൽ വലിയ കാര്യങ്ങൾ ചെയ്യുമെന്നു പ്രതീക്ഷിക്കേണ്ട. പാവപ്പെട്ടവൻെറ പണിപ്പുരയിലേക്കും ആതുരൻെറ രോഗശയ്യയിലേക്കും ഈ സുകൃതം നമ്മെ പിന്തുടരണം.

പ്രേഷിതപ്രവത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ സദാ കത്താവിൻെറ ഹൃദയശാന്തതയോടും വിനയത്തോടുംകൂടി വത്തിക്കട്ടെ. എന്നാൽ, തങ്ങളുടേയും മററുള്ളവരുടേയും ആത്മാക്കളെ അവർ ദൈവത്തിനായി കാത്തുസൂക്ഷിക്കും.

## അദ്ധ്യായം പതിനൊന്നു്

# സഹിഷ്ണുതയോടും ക്ഷമയോടുംകൂടി വർത്തിക്കുക

## വി. വിൻസെൻറിൻെറ സൂക്തികൾ:

പരസ്നേഹത്തിൻെറ ഒരു പ്രധാന ഘടകമാണു സഹിഷ്ണുത. ഈ ഗുണമില്ലെങ്കിൽ രണ്ടുപേർ തമ്മിൽ യോജിച്ചുപോവുക അസാധ്യമത്രേ. പരസ്നേഹം പുലരാൻ ക്ഷമയും സഹിഷ്ണുതയും സാർവ്വലൗകികമായ ഉപാധികളാണു്. മററുള്ളവരെ പുണ്യപന്ഥാവിലൂടെ നയിക്കുന്നതിനു് നമ്മുടെ കർത്താവു് ഉപദേശിക്കുന്ന മാർഗ്ഗങ്ങളും ഇവതന്നെ.

നാം എത്രകണ്ടു സഹിഷ്ണുതയോടെ വർത്തിക്കുന്നുവോ അത്രമാത്രം നമ്മുടെകർത്താവിൻെറ അരൂപിക്കനുസരണം ജീവിക്കുകയും മററുള്ളവരെ നമ്മിലേക്കാകർഷിക്കുകയും ചെയ്യുന്നു.

യാതൊരു കുററവുമില്ലാത്തവിധം പരിപൂർണ്ണരായി ആരെയും കണ്ടെത്തുകയില്ല. എല്ലാവരിലും ഏറെക്കുറവുകൾ ഉണ്ടു്.

എപ്പോഴും എല്ലാക്കാര്യത്തിലും ചിലർ സംതൃപ്തരായി വർത്തിക്കുമ്പോൾ, മററു ചിലരാകട്ടെ, എല്ലായ്പോഴും സകല കാര്യങ്ങളിലും അസംതൃപ്തരായി കാണപ്പെടുന്നു. രണ്ടാമതു പറഞ്ഞകൂട്ടർ തങ്ങളോടുതന്നെ ക്ഷമയും സഹിഷ്ണുതയും ഉള്ളവരായി വർത്തിക്കേണ്ടിയിരിക്കുന്നു.

ദൈവത്തെ ഭയപ്പെട്ടു ജീവിക്കുന്ന ചില നല്ലയാളുകൾക്കും ചിലപ്പോൾ വീഴ്ചകളുണ്ടായേക്കാം. അങ്ങനെയുള്ളവരോടു കാർക്കശ്യം കാണിക്കുന്നതിനേക്കാൾ ക്ഷമയോടെ വർത്തിക്കയാണുത്തമം.

നീയും നിൻെറ അയല്ക്കാരനും തമ്മിൽ അത്ര രസമില്ലെങ്കിൽ അതിൻെറ കാരണം നിൻെറതന്നെ അനിയന്ത്രിതമായ സ്വഭാവപ്രകൃതിയല്ലാതെ മററൊന്നുമായിരിക്കയില്ല.

സന്യാസ സമൂഹങ്ങളെ പറുദീസായാക്കിപ്പകത്തുന്നതു് എല്ലാ പുണ്യങ്ങളുടേയും മകുടമായ ഉപവിയാണു്.

ഏററം വലിയ ബുദ്ധിമാന്മാർപോലും പെട്ടെന്നുള്ള വികാരങ്ങൾക്കധീനരായി ചില അബദ്ധങ്ങളിൽച്ചെന്നു വീഴാറുണ്ടു്. അവർ പിന്നീടു് അതിനെക്കുറിച്ചു് അനുതപിക്കുന്നു. നമ്മുടെ സഹവത്തികൾ ഏതു തരക്കാരായാലും സഹിക്കുന്നതിനും യോഗ്യത സമ്പാദിക്കുന്നതിനുമുള്ള അവസരങ്ങൾ നമുക്കു ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കും.

എളിമയോടും ശാന്തതയോടും സഹിഷ്ണുതയോടും കൂടി തെററുകൾ തിരുത്തുകയും കുററപ്പെടുത്തുകയും ചെയ്യുക. അതാണു കത്താവിൻെറ അരൂപി. ഈ അരൂപിയില്ലെങ്കിൽ നന്മയേക്കാൾ കൂടുതൽ തിന്മയായിരിക്കും വരുത്തിവയ്ക്കുക!

മററുള്ളവരുടെ പോരായ്മകളെ മറന്നു അവരോടു യോജിച്ചുപോകുന്നതിനു് എപ്രകാരം ഉപവി ആവശ്യമാണോ അപ്രകാരം നമ്മുടെ വീഴ്ചകളെ പരിഗണിക്കാതെ മുന്നോട്ടു പോകുന്നതിനു് ക്ഷമ ആവശ്യകമത്രേ.

ഒരാത്മാവിനെ പുണ്യത്തിൽ ഉയത്തുവാൻ അതിനു് ആത്മീയവരൾച്ചയും ക്ലേശങ്ങളും ദൈവം അയയ്ക്കുന്നു. അങ്ങനെ ദൈവപുത്രൻെറ പീഡകളെ അവിടുന്നു് ബഹുമാനിക്കുന്നു.

സഹനത്തിലാണു ഒരുവൻ സാക്ഷാൽപുണ്യം അഭ്യസിക്കുന്നതു്. സഹനമില്ലാത്തപ്പോൾ യഥാത്ഥദൈവഭക്തൻ ഭയപ്പെടുന്നു. കുരിശുകൾ വഴിയത്രേ ദൈവം ആത്മാക്കളെ വിശുദ്ധീകരിക്കുന്നതു്.

ദൈവം നമുക്കു കുരിശുകൾ അയയ്ക്കുമ്പോൾ നാം അവയെ സന്മനസ്സോടെ ഏററുവാങ്ങുന്നെങ്കിൽ അതു നമുക്കു നന്മക്കായി ഭവിക്കും. എന്നാൽ, കുരിശുകളിൽനിന്നൊഴിഞ്ഞു

മാറാൻ ശ്രമിക്കുന്നവനു ദുരിതം! എന്തുകൊണ്ടെന്നാൽ, അവ അവനു കൂട്ടതൽ ഭാരമുള്ളവയായി ഭവിക്കുകയും അവനെ അടിപ്പെട്ടുത്തിക്കളയുകയും ചെയ്യും.

തൻെറ വിശ്വസ്ത ദാസന്മാർ പരീക്ഷിക്കപ്പെടണമെന്നാണു ദൈവനിശ്ചയം. നിനക്കു യാതൊരു പ്രലോഭനങ്ങളുമില്ലാതിരിക്കുന്നെങ്കിൽ നീ നിനക്കുതന്നെ ഒരു പ്രലോഭകനായിത്തീരും.

നിനക്ക് ആത്മീയാനന്ദവും ആശ്വാസവും അനുഭവപ്പെട്ടപ്പോൾ ഏറെത്താമസിയാതെ ദൈവം നിനക്കു ഏതോ വലിയ കുരിശ്ശ് അയയ്ക്കുവാനിരിക്കുന്നുവെന്ന് വിചാരിച്ചുകൊള്ളുക.

ഇഹലോകത്തിലെ ക്ലേശങ്ങൾ ഭാവി മഹത്വത്തിൻെറ നാന്ദിയാണ്.

കുരിശിൻകീഴിലിരിക്കുവാൻ നീ അതിയായി ആഗ്രഹിക്കണം. എന്തുകൊണ്ടെന്നാൽ, ഈ ലോകത്തിൽ നിനക്ക് ഏററം പററിയ സ്ഥലം അതാണ്,

നമ്മുടെ ബലഹീനതകൾ അനുസ്മരിച്ചുകൊണ്ടും ദൈവം നമ്മോട്ട് അനേകം തെററുകൾ ക്ഷമിച്ചിരിക്കുന്നുവെന്ന് ഓർത്തുകൊണ്ടും പരസ്പരം ക്ഷമിച്ചും സഹിച്ചും ജീവിക്കുവാൻ നാം പഠിക്കണം. ഓ! കർത്താവിൻെറ സഹിഷ്ണുത എത്ര വിസ്മയാവഹം! ഉത്തരം മേൽത്തട്ടിനെ താങ്ങിനിറുത്തുന്നതുപോലെ കർത്താവു നമ്മുടെ പാപഭാരത്തേയും കുററങ്ങളേയും സ്വയം ഏറെറടുത്തുകൊണ്ട് നമ്മുടെ ബലഹീനതയെ താങ്ങിനിറുത്തുന്നു.

ഒരുവനു കുരിശുകളും സങ്കടങ്ങളും ഒന്നിനുപുറകേ ഒന്നായി ദൈവം യാത്രയാക്കുമ്പോൾ എന്തോ വലിയ കാര്യത്തിനായി അയാളെ അവിടുന്ന് ഒരുക്കുന്നുവെന്നു വിചാരിച്ചുകൊള്ളുക.

നമ്മുടെ ആനന്ദം കുരിശിലായിരിക്കട്ടെ. കുരിശിൻെറ പാതയിലൂടെയാണ് കർത്താവു മഹത്വത്തിലേക്കു പ്രവേശിച്ചത്.

പ്രലോഭനങ്ങളും ക്ലേശങ്ങളും മരണംതന്നെയും സമീപിക്കുമ്പോൾ നമുക്ക് ഇപ്രകാരം പറയാം: "സ്വർഗ്ഗീയാനുഗ്രഹങ്ങളേ, നിങ്ങൾക്കു സ്വാഗതം! കർത്താവിൻെറ പൈതൃകവും സ്നേഹനിർഭരവുമായ കരങ്ങളാണ് നിങ്ങളെ ഇങ്ങോട്ടയച്ചതു്."

കുരിശുകളിലും സങ്കടങ്ങളിലും നമ്മുടെ ബോധത്തിനു ഗ്രഹിക്കുവാൻ സാധ്യമല്ലാത്ത എന്തോ വൈശിഷ്ട്യമുണ്ട്. കാരണം, ദൈവത്തിനു നാം ചെയ്യുന്ന നിസ്സാരസേവനങ്ങൾക്കുപോലും അവിടുന്നു പീഡകളും കാരാഗൃഹവും രക്തസാക്ഷിത്വംതന്നെയും പ്രതിസമ്മാനമായി നല്കുന്നു. കർത്താവിൻെറ ശിഷ്യന്മാർക്കെല്ലാം ഇതു് അനുഭവപ്പെട്ടുന്നതാണ്. കുരിശുകൾ അയയ്ക്കുന്നതോടൊപ്പം അവ സഹിക്കുന്നതിനുള്ള ശക്തിയും അവിടുന്നു നല്കുമെന്നു് ഉറച്ചുകൊള്ളുക.

പീഡകളേ, നിങ്ങൾക്കു സ്വാഗതം! നിന്ദാവമാനങ്ങളേ, വരുക! സ്വർഗ്ഗത്തിൽനിന്നുള്ള കുരിശുകളേ, വരുക! നിങ്ങളിൽനിന്നു പരമാവധി ഫലമെടുക്കുന്നതിനു ഞാൻ ശ്രമിക്കും.

ഒരുവനു രണ്ടുഡിഗ്രി സുകൃതമുണ്ടെങ്കിൽ അവനു് നാലു ഡിഗ്രി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നാലുഡിഗ്രിയുണ്ടെങ്കിൽ ആറു ഡിഗ്രിയും. പീഡകളും നിന്ദാവമാനങ്ങളും വഴിയാണ് അവിടുന്നു് ഇതു സാധിക്കുന്നതു്. ഈ ലോകത്തിൽ ആരംഭിച്ചു് പരലോകത്തിൽ പൂർത്തീകരിക്കപ്പെടുന്ന ഒരു സുവിശേഷ സൗഭാഗ്യമാണ് സഹനം.

ഒരു ഭവനത്തിൽ രണ്ടു പേർ മാത്രമേ വസിക്കുന്നുള്ളുവെന്നിരുന്നാലും ക്ഷമ അഭ്യസിക്കുന്നതിനുള്ള അവസരം ഓരോരുത്തർക്കും ധാരാളം ഉണ്ടാകും! ഒരുവൻ ഏകനായി വസിച്ചാൽത്തന്നെയും സ്വയം വലിയ ഭാരമായിത്തോന്നുകയും അങ്ങനെ അയാളുടെ ക്ഷമ പരീക്ഷിക്കപ്പെടുകയും ചെയ്യും.

ദുരിതപൂർണ്ണമായ ഇഹലോകത്തിലെ ക്ലേശങ്ങളും സങ്കടങ്ങളും ക്ഷമാപൂർവം സഹിക്കുന്നുവെങ്കിൽ അവ നിനക്ക് അനുഗ്രഹദായകങ്ങളായി ഭവിക്കും.

കത്താവിൻെറ ജീവിതത്തോടും പ്രവർത്തനങ്ങളോടും പീഡകളോടും നമ്മെ കൂടുതൽ അനുയോജ്യരാക്കുന്ന ഒരു ജീവിതമാണ് ഏററം അഭിലഷണീയം.

എപ്പോഴും ക്ഷമയും സഹിഷ്ണുതയും അഭ്യസിക്കുവാൻ നാം സന്നദ്ധരായിരിക്കണം. എല്ലാക്കാര്യങ്ങളും നമ്മുടെ അഭീഷ്ടാനുസരണം നടക്കുമെന്നു പ്രതീക്ഷിക്കേണ്ട. മററുള്ളവരിൽനിന്നു് പല ക്ലേശങ്ങളും നമുക്കനുഭവപ്പെടും. ക്ഷമയില്ലാത്തവർ ഈ നല്ല അവസരങ്ങൾ പാഴാക്കിക്കളയുകയും ചെയ്യും.

പുണ്യപൂർണ്ണത പ്രാപിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന പലക്കും ദൈവം ആത്മീയ വരൾച്ചയും ഭക്തിമാന്ദ്യവും അയയ്ക്കാറുണ്ട്. ഈ പരീക്ഷകൾ ജീവിതത്തിൻെറ പ്രാരംഭദശയിൽത്തന്നെ അനുഭവപ്പെടുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ, നന്മയിൽ ഉറച്ചുനില്ക്കുന്നതിനുവേണ്ട കരുത്തും തൻേറടവും ലഭിക്കുവാൻ ആരംഭംമുതൽതന്നെ അവർ ക്ഷമിച്ചും സഹിച്ചും പരിശീലിക്കുന്നു.

## പ്രായോഗിക വിചിന്തനം:

"നമ്മുടെ കത്താവും വിശുദ്ധാത്മാക്കളും പ്രവത്തനം വഴി എന്നതിനേക്കാൾ സഹനംവഴിയാണു കൂടുതൽ നന്മ ചെയ്തതു്", എന്നിപ്രകാരം വിൻസെൻറിൻെറ ചില എഴുത്തുകളിൽ നാം കാണുന്നു. എന്നാൽ, അതേസമയം മുന്നൊരദ്ധ്യായത്തിൽ അദ്ദേഹത്തിൻെറ സൂക്തികളിൽ നാം കണ്ടു: "നമ്മൾ സദാ പ്രവത്തനനിരതരായിരിക്കണം" എന്നു്. ഈ രണ്ടു് ആശയങ്ങളും തമ്മിൽ പരസ്പരം വൈരുദ്ധ്യമുള്ളതുപോലെ തോന്നിപ്പോകും. എന്നാൽ, അവ പരസ്പരവിരുദ്ധങ്ങളല്ലെന്നു് താഴെപ്പറയുന്നവയിൽനിന്നു മനസ്സിലാക്കാം.

പ്രവത്തനത്തെപ്പററി പ്രതിപാദിച്ചപ്പോൾ, അലസത വിരസത പ്രവത്തനരാഹിത്യം എന്നിങ്ങനെ പ്രവത്തനത്തിനെതിരായ ദുർഗ്ഗുണങ്ങളെപ്പററി പരാമർശിക്കയുണ്ടായി. എന്നാൽ, ക്ഷമയും സഹനവും ഇക്കൂട്ടത്തിൽപ്പെടുന്നില്ല. കാരണം, അവ പ്രവത്തനത്തിനെതിരല്ല, പ്രത്യുത അതിൻെറ

ഉപവിഭാഗങ്ങൾ മാത്രമാണ്. പ്രവൎത്തനം ആന്തരികമെന്നും ബാഹ്യമെന്നും രണ്ടുതരമുണ്ട്. സഹനം, ക്ഷമ മുതലായവ ആന്തരിക പ്രവൎത്തനങ്ങളുടെ വകുപ്പിൽപ്പെടുന്നു. ഇപ്രകാരമുള്ള ആന്തരികപ്രവൎത്തനങ്ങളുടെ ഫലങ്ങൾ ചിലപ്പോൾ ബാഹ്യമായി പ്രത്യക്ഷപ്പെട്ടേക്കാം. ഒരു നന്മചെയ്യുന്നതിനു് എത്രമാത്രം പ്രവൎത്തനം ആവശ്യകമാണോ അത്രമാത്രമോ അതിലധികമോ പ്രവൎത്തനം ആവശ്യമാണു് ഒരു തിന്മ ചെയ്യാതിരിക്കുന്നതിനു്. മനുഷ്യൻ സ്വയം നിയന്ത്രിച്ചുകൊണ്ടു് സന്മാൎഗ്ഗനിരതനായി ജീവിക്കുവാൻ ത്യാഗവും ക്ഷമയും നിരന്തരം ആന്തരികമായി പ്രാവൎത്തികമാക്കികൊണ്ടിരിക്കണം. ഇക്കാരണത്താലാണു് വി. യാക്കോബു് തൻെറ ലേഖനത്തിൽ പറയുന്നതു്, "ക്ഷമയ്ക്കു് ഒരു വലിയ കാര്യം ചെയ്യുവാനുണ്ടു്" എന്നു്.

ഒരിക്കൽ, വി. വിൻസെൻറു് വൈദികർക്കു നല്കിയ ഉപദേശത്തിൽ ഇപ്രകാരം കാണുന്നു: "ദൈവതൃക്കരങ്ങളിൽനിന്നു വരുന്ന എല്ലാ ക്ലേശങ്ങളും സന്തോഷസമേതം സ്വീകരിക്കുമ്പോൾ, ബാഹ്യമായും ആന്തരികമായും ദൈവതിരുമനസ്സു നിറവേററുകയായിരിക്കും നാം ചെയ്യുക."

വിൻസെൻറിൻെറ ക്ഷമയുടേയും സഹിഷ്ണുതയുടേയും ഉത്തമ സാക്ഷ്യങ്ങളായി ചെറുതും വലുതുമായ പല സംഭവങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. നിയമസഭയിലും രാജ്ഞിയുടെ ആലോചനാസംഘത്തിലും അദ്ദേഹം സംബന്ധിക്കുവാൻ പോയിരുന്നതു് സാധാരണ വേഷത്തിലാണു്. ഒരിക്കൽ കാർഡിനൽ മസാറിൻ വിൻസെൻറിൻെറ ദരിദ്രോചിതമായ വസ്ത്രങ്ങളെപ്പററി രാജ്ഞിയുടേയും മററു പ്രമുഖ വ്യക്തികളുടേയും സാന്നിദ്ധ്യത്തിൽ പരിഹാസമായി സംസാരിച്ചു. അപ്പോൾ, വിൻസെൻറു് പറഞ്ഞതിപ്രകാരമാണു്: "എൻെറ വസ്ത്രങ്ങൾ അത്ര വിശിഷ്ടങ്ങളൊന്നുമല്ല. എന്നിരുന്നാലും അവ വൃത്തിയുള്ളവയത്രേ."

മറെറാരിക്കൽ, ഒരു തുണസഹോദരൻ വിൻസെൻറിൻെറ ക്ഷമയെ പരീക്ഷിക്കയുണ്ടായി. പല പ്രമുഖ വ്യക്തികളും ഉൾപ്പെട്ട ഒരു സദസ്സിൽ വളരെ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളെക്കുറിച്ചു് അദ്ദേഹം ചൎച്ചചെയ്തുകൊണ്ടിരിക്കുക

ആയിരുന്നു. ഈ അവസരത്തിൽ ഏതോ ഒരു നിസ്സാരകാര്യം ഭരമേല്പിക്കുവാൻവേണ്ടി ഒരു തുണസഹോദരനെ അദ്ദേഹം അടുത്തുവിളിച്ചു. ഈ സഹോദരനാകട്ടെ, വിൻസെൻറു് ഒന്നു രണ്ടു പ്രാവശ്യം പറഞ്ഞിട്ടു് കാര്യമെന്തെന്നു് മനസ്സി ലാകാത്തവിധം നില്ക്കുന്നതായിട്ടാണു കാണപ്പെട്ടതു്. അങ്ങ നെ അഞ്ചുപ്രാവശ്യം ഒരേ സംഗതി ആവർത്തിച്ചു പറഞ്ഞ ശേഷമേ ആ തുണസഹോദരനു കാര്യം മനസ്സിലായുള്ളു വത്രേ. അല്പംപോലും ക്ഷമകേടു കാണിക്കാതെയാണു് വി ൻസെൻറു് പ്രസ്തുത സംഗതി ആവർത്തിച്ചു പറഞ്ഞതു്.

വിശ്വാസത്തിനെതിരായുള്ള പരീക്ഷകൾ പലപ്പോഴും അദ്ദേഹത്തിനുണ്ടായിട്ടുണ്ടു്. ആദ്ധ്യാത്മിക വരൾച്ചയും സംശയങ്ങളും പരീക്ഷകളും നിമിത്തം അദ്ദേഹം വലിയ മനഃക്ലേശത്തിൽ കഴിഞ്ഞിരുന്നപ്പോൾ പല അവസരങ്ങ ളിലും വിശ്വാസപ്രമാണം ഒരു കടലാസ്സിലെഴുതി ഹൃദയ ത്തോടു ചേർത്തുപിടിച്ചുകൊണ്ടു് വിശ്വാസപ്രകരണം ചെ യ്തിട്ടുണ്ടു്. ഇപ്രകാരമുള്ള ആദ്ധ്യാത്മിക വ്യഥകളിലും പ്ര ലോഭനങ്ങളിലും തൻെറ ആത്മാവിനെ ക്ഷമയിൽ കാത്തു സൂക്ഷിക്കുവാൻ അദ്ദേഹം പ്രത്യേകം ജാഗരൂകനായിരുന്നു.

മാനസിക ക്ലേശങ്ങളേക്കാൾ ശാരീരിക ക്ലേശങ്ങളാണു് വിൻസെൻറിനു് അധികം സഹിക്കേണ്ടിയിരുന്നതു്. "ക ർത്താവിൻെറ കാരുണ്യപരമ്പര" എന്നാണല്ലോ വി. കമി ല്ലസ്സു് ശാരീരികാസ്വാസ്ഥ്യങ്ങളെ വിളിക്കുന്നതു്. ഈ ക രുണാകടാക്ഷങ്ങളെ വിൻസെൻറു് സ്നേഹപൂർവം സ്വീക രിച്ചു. "രോഗശയ്യയിലാണു് ഒരുവൻെറ തനിനിറം പു റത്താകുന്നതു്" എന്നു് അദ്ദേഹം ഒരിക്കൽ പറയുകയു ണ്ടായി.

ദൈവത്തിൻെറ അനന്തപരിപാലനയിൽ വിൻസെ ൻറിനു് മിക്കവാറും എപ്പോഴുംതന്നെ എന്തെങ്കിലും രോഗ ങ്ങൾ സഹിക്കേണ്ടതായി ഉണ്ടായിരുന്നു. പല രാത്രികളും ഉറക്കമില്ലാതെ അദ്ദേഹം കഴിച്ചുകൂട്ടിയിട്ടുണ്ടു്. ഒരിക്കൽ, അതിശക്തിയായ പനി പിടിപെട്ടപ്പോൾ അദ്ദേഹം പറ ഞ്ഞതിപ്രകാരമാണു്: "സഹോദരീ, രോഗമേ, വരുക; നീ

ദൈവത്തിൽനിന്നു വരുന്നതുകൊണ്ടു് നിനക്കു് എപ്പോഴും സ്വാഗതം!" ജീവിതസായാഹ്നത്തിൽ രോഗശയ്യ വിട്ടുമാറാൻ നിവൃത്തിയില്ലാതെ കിടക്കുമ്പോൾ തൻെറ ഹൃദയത്തെ നിരന്തരം ദൈവത്തിങ്കലേക്കു് ഉയർത്തുന്നതിനു് അദ്ദേഹം ശ്രമിച്ചിരുന്നു. തൻെറ രോഗശയ്യയുടെ ചുററും പ്രധാനപ്പെട്ട വിശ്വാസരഹസ്യങ്ങളെ അനുസ്മരിപ്പിക്കുന്ന രൂപങ്ങളും ചിത്രങ്ങളും സ്ഥാപിക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. അതനുസരിച്ചു് തലയ്ക്കൽ പരിശുദ്ധതമ ത്രിത്വത്തിൻേറയും മനുഷ്യാവതാരത്തിൻേറയും കാല്ക്കൽ ക്രൂശിതനായ ക്രിസ്തുവിൻേറയും, ഇരുവശങ്ങളിലും പരിശുദ്ധ കർബാനയുടേയും ഛേദനാചാരത്തിൻേറയും ചിത്രങ്ങൾ സ്ഥാപിക്കപ്പെട്ടു. ഏതു വശത്തേക്കു തിരിഞ്ഞാലും എപ്പോഴും ഈ ദിവ്യരഹസ്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനും അങ്ങനെ ക്രൂശിതനായ ക്രിസ്തുവിനെപ്രതി സകല ക്ലേശങ്ങളും സഹിക്കുന്നതിനും അദ്ദേഹം ശ്രമിച്ചു.

നമ്മുടെ കത്താവിൻെറ പീഡാനുഭവങ്ങളോടു തുലനം ചെയ്യുമ്പോൾ തൻെറ സുഖക്കേടുകൾ നിസ്സാരങ്ങളാണെന്നും ഇപ്രകാരമുള്ള ശിക്ഷകൾക്കു താൻ അർഹനാണെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. ദീനശയ്യയുടെ മുകളിലായി കെട്ടിയിരുന്ന കയറിന്മേൽ പിടിച്ചുകൊണ്ടു് വളരെ പ്രയാസപ്പെട്ടാണു് അദ്ദേഹം ചിലപ്പോഴെല്ലാം എഴുന്നേററിരുന്നതു്. എന്നാൽ, ഒരിക്കലും ആവലാതിപ്പെടുകയോ ക്ഷമകേടു പ്രദർശിപ്പിക്കയോ ചെയ്തിരുന്നില്ല. ക്രൂശിത രൂപത്തെ നോക്കിക്കൊണ്ടു് "എൻെറ കത്താവേ, എൻെറ നല്ല രക്ഷകാ!" എന്നിങ്ങനെ ഭക്തിസംവർദ്ധകമാംവിധം സഹായാഭ്യർത്ഥനകൾ നടത്തുക മാത്രമാണു ചെയ്തിരുന്നതു്.

ദീനശയ്യയിലായിരുന്നപ്പോഴും അദ്ദേഹം നിരന്തരം പ്രവത്തിച്ചുകൊണ്ടുതന്നെയാണിരുന്നതു്. സന്ദർശകരെ സ്വീകരിക്കുക, താൻ സ്ഥാപിച്ച ഇരുസഭകളുടേയും കാര്യക്ഷമമായ പ്രവത്തനത്തിനുവേണ്ട നിർദ്ദേശങ്ങൾ നല്കുക, കത്തുകൾക്കു മറുപടി അയയ്ക്കുക, തൻെറ സൂക്ഷത്തിനു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന മററു പല സ്ഥാപനങ്ങളുടേയും കാര്യങ്ങൾ

ചോദിച്ചറിഞ്ഞു് വേണ്ട നിർദ്ദേശങ്ങൾ നല്കുക എന്നിങ്ങനെയുള്ള ബഹുമുഖങ്ങളായ പ്രവർത്തനങ്ങളിൽ യാതൊരു വൈമനസ്യവും കൂടാതെ അദ്ദേഹം ജാഗരൂകനായിരുന്നു. അദ്ദേഹത്തിൻെറ മുഖം സദാ പ്രസന്നവും പ്രശാന്തവുമായിരുന്നു. വീരോചിതമായ ക്ഷമയും സഹനസന്നദ്ധതയുമാണു് ആ വയോവൃദ്ധനിൽ സകലരും ദർശിച്ചതു്.

ക്ഷമയേയും സഹിഷ്ണുതയേയുംകുറിച്ചുള്ള തൻെറ സൂക്തികൾ വിൻസെൻറിൻെറ ജീവിതത്തിൽ അക്ഷരശഃ അന്വർത്ഥമായിട്ടുണ്ടു്. "മററുള്ളവരെ പുണ്യമാർഗ്ഗത്തിൽ നയിക്കുന്നതിനും നമ്മെത്തന്നെ പുണ്യപൂർണ്ണരാക്കുന്നതിനും ക്ഷമാശീലം അവശ്യാവശ്യമത്രേ" എന്നു് അദ്ദേഹം ഉപദേശിക്കുമ്പോൾ, അതു് എത്രമാത്രം തൻെറതന്നെ ജീവിതാനുഭവങ്ങളിൽ നിന്നെടുത്ത ഒരു നിഗമനമാണെന്നു് അദ്ദേഹത്തിൻെറ ജീവചരിത്രം വായിക്കുന്നവർക്കു മനസ്സിലാക്കുവാൻ പ്രയാസമില്ല.

പ്രേഷിതപ്രവർത്തകർ പ്രത്യേകം പഠിച്ചിരിക്കേണ്ട പല പാഠങ്ങളും ഈ ധർമ്മോക്തി സംഹിതയിലുണ്ടു്. "സഹിഷ്ണുതയില്ലെങ്കിൽ രണ്ടുപേർക്കു് ഒരുമിച്ചു ജീവിക്കുക സാധ്യമല്ല; ഭരണീയരിൽനിന്നു് അല്പമായിട്ടെങ്കിലും സഹിക്കാനില്ലാത്ത യാതൊരു ഭരണാധികാരിയുമില്ല; വളരെ കക്കശസ്വഭാവക്കാരായ പലരും തങ്ങളോടുതന്നെ ക്ഷമാപൂർവം വർത്തിക്കേണ്ടിയിരിക്കുന്നു. നമുക്കുണ്ടാകുന്ന പല ക്ലേശങ്ങൾക്കും കാരണം നമ്മുടെതന്നെ അനിയന്ത്രിതമായ വികാരങ്ങളാണു്. പ്രശാന്തമായ ഒരു തടാകത്തേക്കാൾ പാറക്കെട്ടുകളിന്മേലും കൽക്കൂട്ടങ്ങളിന്മേലും തട്ടിയുരുമ്മി പ്രതിബന്ധങ്ങളെ ഒന്നൊന്നായി തരണംചെയ്തു് ത്വരിതഗമനം ചെയ്യുന്ന ഒരു നദിപോലെയാണു് നമ്മുടെ ജീവിതം. നമ്മുടെ കർത്താവീശോമിശിഹായും വിശുദ്ധാത്മാക്കളും പ്രവർത്തനംവഴി എന്നതിനേക്കാൾ സഹനംവഴിയാണു് കൂടുതൽ നന്മ ചെയ്തതു്" എന്നിപ്രകാരമുള്ള ധർമ്മോക്തികൾ എത്ര വലിയ പ്രായോഗിക പാഠങ്ങളാണു നല്കുക!

ബഹുമുഖങ്ങളായ പ്രവൎത്തനങ്ങളിലേൎപ്പെട്ടു ജീവിക്കുന്നവരായാലും നല്ല യുദ്ധംനടത്തുമ്പോൾ ധാരാളം മുറിവുകൾ ലഭിക്കുമെന്നും ഒരു വിൻസെൻറിനെപ്പോലെ രോഗശയ്യയിൽ ചെലവഴിക്കേണ്ടിവരുന്ന ദിവസങ്ങൾ വ്യൎത്ഥങ്ങളല്ലെന്നും ധരിക്കണം. ക്ഷമയും സഹിഷ്ണുതയും ഹൃദയശാന്തതയുംവഴി കോപമെന്ന ദുൎഗ്ഗുണത്തെ നമുക്കു ജയിച്ചടക്കാം. അങ്ങനെ നമ്മുടെ ആത്മാവിനെ ആഭ്യന്തരവും ബാഹ്യവുമായ സമാധാനത്തിൽ കാത്തുസൂക്ഷിക്കുകയും ചെയ്യാം.

# അദ്ധ്യായം പന്ത്രണ്ട്

# സമാധാനത്തോടും ഐകമത്യത്തോടുംകൂടി വർത്തിക്കുക

## വി. വിൻസെൻറിൻെറ സൂക്തികൾ:

നിൻെറ ഹൃദയം കർത്താവിൻെറ സമാധാനത്തെ ബഹുമാനിക്കട്ടെ. ദൈവരാജ്യം പരിശുദ്ധാത്മാവിലുള്ള സമാധാനമത്രേ. നീ സമാധാനചിത്തനെങ്കിൽ അവിടുന്നു നിന്നിൽ വസിക്കും.

ദൈവമഹത്വവും തിരുസ്സഭയുടെ നന്മയും മുൻനിറുത്തി, തീക്ഷ്ണമായ പ്രാർത്ഥനയുടേയും പരിപക്വമായ ആലോചനയുടേയും ശേഷം ഒരുകാര്യം ചെയ്യുന്നെങ്കിൽ അതു നന്നായി ചെയ്യപ്പെട്ടുവെന്നു് ഉറച്ചുകൊള്ളുക.

നിൻെറ ഹൃദയം സമാധാനത്തിലായിരിക്കട്ടെ. അപ്പോൾ സ്നേഹത്തിൻേറയും സമാധാനത്തിൻേറയും നികേതനമായ ദൈവത്തിനു് നീ അത്യുന്നതമായ വണക്കം നല്കും.

സമാധാനത്തിൽ ജീവിക്കുക. ഇഹലോകത്തിലെ സകല വസ്തുക്കളേക്കാളും വിലയുള്ളതാണു സമാധാനം. ഹൃദയസമാധാനമില്ലെങ്കിൽ സൃഷ്ടവസ്തുക്കളോടു സമചിത്തതയോടെ വർത്തിക്കുക സാധ്യമല്ല. ദൈവത്തിലും സൃഷ്ടവസ്തുക്കളോടുള്ള സമചിത്തതയിലുമാണു് നമ്മുടെ സമാധാനത്തിൻെറ രണ്ടു് ഉറവിടങ്ങൾ സ്ഥിതിചെയ്യുന്നതു്.

ദൈവത്തിൻെറ കാര്യങ്ങൾ സാവകാശവും അദൃശ്യവുമായ രീതിയിലാണു ചെയ്യപ്പെടുക. ഒച്ചപ്പാടോ ബലപ്രയോഗമോ കൂടാതെ അവിടുത്തെ അരൂപി പ്രവർത്തിക്കുന്നു.

ലോകത്തിന്റെ അത്യാപിയാകട്ടെ, എപ്പോഴും അസ്വാസ്ഥവും അസംതൃപ്തവുമാണ്. ലോകാത്യാപിയാൽ പ്രേരിതരായവർ സകലകാര്യങ്ങളിലും ചെന്നു തലയിടും. എന്നാൽ യാതൊന്നിലും ശാശ്വതമായ വിജയം കൈവരിക്കയുമില്ല.

ഒരുവന്റെ കഴിവിൽപ്പെട്ടവിധം നന്മചെയ്യുവാൻ ദൈവാത്മാപി ശാന്തമായി പ്രേരിപ്പിക്കുന്നു. അയാൾ അതു് സ്ഥിരചിത്തതയോടെചെയ്തു പൂർത്തിയാക്കുകയും ചെയ്യുന്നു.

മനുഷ്യമനസ്സ് എപ്പോഴും അസ്വാസ്ഥവും തിടുക്കമുള്ളതുമാണ്. വേണ്ടതുപോലെ നിയന്ത്രിക്കപ്പെടുന്നില്ലെങ്കിൽ അതിപ്രബുദ്ധവും കർമ്മോദ്യുക്തവുമായ കഴിവുകളുള്ളവർ അബദ്ധങ്ങളിൽ വീണുപോകും. ജ്ഞാനികളിൽ ബഹുഭൂരിപക്ഷവും സ്വീകരിച്ച മാർഗ്ഗത്തിലൂടെ നടക്കുന്നവരാണു കൂടുതൽ സുരക്ഷിതർ.

സാക്ഷാൽ ഹൃദയസമാധാനമുള്ളവർക്കേ യഥാർത്ഥ വിവേചനാശക്തി നല്കപ്പെടുകയുള്ളൂ, കാരണം, കോപം ബുദ്ധിയെ ഭ്രമിപ്പിക്കുന്നതുപോലെ ശാന്തത വിവേകപൂർവം വിധിക്കുന്നതിനു് അവശ്യാവശ്യമത്രേ.

ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങിക്കൊണ്ടു് നാം വിദൂരവീക്ഷണമുള്ളവരായി വർത്തിക്കണം. എന്നാൽ, ഈ ദൂരദൃഷ്ടി, ഭാവികാര്യങ്ങളെക്കുറിച്ചുള്ള അമിതമായ ആകുലചിന്തയിൽനിന്നു് ഉത്ഭവിക്കുന്നതാണെങ്കിൽ അതു് പിശാചിന്റെ വഞ്ചനയാണെന്നു ധരിച്ചുകൊള്ളുക.

ദൈവത്തിന്റെ പ്രേരണകൾ എപ്പോഴും ശാന്തവും സമാധാനസമ്പൂർണ്ണവുമത്രേ. അവിടുന്നു് നമ്മിൽനിന്നാഗ്രഹിക്കുന്ന നന്മയിലേക്കു് സാവധാനം അവ നമ്മെ നയിക്കുന്നു.

ദൈവപരിപാലനയെ അനുപദം അനുധാവനംചെയ്യുന്നതിലാണു് യഥാർത്ഥ ജ്ഞാനമടങ്ങിയിരിക്കുന്നതു്. തിടുക്കംകൂട്ടുന്നവർ ദൈവത്തിന്റെ കാര്യങ്ങളെ സ്തംഭിപ്പിക്കുന്നു.

എല്ലാവരേയും പ്രീതിപ്പെടുത്തുവാൻ ഒരുപക്ഷേ, നിനക്കു സാധിച്ചെന്നുവരുകയില്ല. അതിനേക്കുറിച്ചു നീ തെല്ലും ആകുലപ്പെടേണ്ട. എല്ലാവരേയും പ്രീതിപ്പെടുത്തുവാൻ നമ്മുടെ കർത്താവിനുപോലും സാധിച്ചില്ല.

നമ്മുടെ കർത്താവീശോമിശിഹായുടെ അരൂപി സമാധാനത്തിൻേറയും ഐകമത്യത്തിൻേറയും അരൂപിയാണ്. കർത്താവിൽ നിങ്ങൾ പരസ്പരം സൗഹാർദ്ദത്തിൽ കഴിയുന്നില്ലെങ്കിൽ, ആത്മാക്കളെ അവിടുത്തേപ്പക്കലേക്ക് ആകർഷിക്കുവാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും?

മത്സരാരൂപി നമ്മിൽ ഉണ്ടാകാതിരിക്കട്ടെ. മനുഷ്യവർഗ്ഗത്തെ നശിപ്പിക്കുന്ന പകർച്ചവ്യാധിപോലെയും, ഏററം ശുദ്ധമായ മനസ്സാക്ഷിയിൽപോലും നുഴഞ്ഞുകയറുന്ന പിശാചിനെപ്പോലെയും നാം അതിനെ വെറുക്കേണ്ടിയിരിക്കുന്നു. മററുള്ളവരോടു മത്സരബുദ്ധിയോടെ പെരുമാറാതെ, സഹാനുഭൂതിയോടുകൂടി അവരുടെ ചിന്താഗതിയിലേക്കു കടന്നുചെല്ലുക. അവർ പരമാർത്ഥബുദ്ധിയോടെ പറയുന്ന കാര്യങ്ങൾ പരമാർത്ഥബുദ്ധിയോടെതന്നെ സ്വീകരിക്കുക.

കുത്തുവാക്കുകൾ നമ്മിൽനിന്നു പുറപ്പെടാതിരിക്കട്ടെ. അവ നമ്മുടെ അധരങ്ങളിൽനിന്നു നിർഗ്ഗമിച്ച് എതിരാളിയുടെ ചെവികളിൽ എത്തുന്നതിനു മുമ്പുതന്നെ നമ്മുടെ കർത്താവിൻെറ ഹൃദയത്തെ മുറിപ്പെടുത്തിക്കഴിയും.

സഭാംഗങ്ങളെസ്സംബന്ധിച്ചിടത്തോളം കർത്താവിൽ ഏകാരൂപിയും മനസ്സും ഉണ്ടാകത്തക്കവണ്ണമുള്ള ഉപവിയുടെ ചൈതന്യം നമ്മുടെ സഭയ്ക്കു ദൈവം നല്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

മനുഷ്യബലഹീനത ശരിക്കു മനസ്സിലാക്കി പ്രവർത്തിക്കുക. കോപിക്കയോ ശകാരിക്കയോ ചെയ്യുന്നതുകൊണ്ട് കൂടുതൽ തിന്മയേ ഉളവാകയുള്ളുവെന്നു നിനക്കുറപ്പുള്ളപ്പോൾ, കുററംചെയ്യുന്നവരോടു കോപിക്കരുത്.

പല തിന്മകളും നാം സഹിക്കണം. വിശിഷ്യ, അവയെ തിരുത്തുവാൻ ശ്രമിക്കുന്നതുകൊണ്ടു തിന്മ വർദ്ധിക്കയേ ഉള്ളുവെന്നു തീർച്ചയുള്ളപ്പോൾ.

ലോകത്തിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭിപ്രായവ്യത്യാസങ്ങളെസ്സംബന്ധിച്ച് നാം വാഗ്വാദങ്ങൾ

നടത്താതിരിക്കയായിരിക്കും ഉത്തമം. അങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചു സംസാരിക്കേണ്ടിവന്നാൽ അതു് ഏററം മിതമായവിധത്തിലായിരിക്കണം.

നമ്മുടെതന്നെ അഭിപ്രായമനുസരിച്ചു പ്രവൎത്തിക്കുന്നതിനേക്കാൾ മററുള്ളവരുടെ അഭിപ്രായത്തോടു യോജിച്ചു പ്രവൎത്തിക്കുന്നതായിരിക്കും നല്ലതു്.

അയഞ്ഞ മനഃസ്ഥിതിയോ അതിരററ സഹിഷ്ണുതയോ നിമിത്തം തിന്മയെ അവഗണിച്ചുകളയുന്നതും നല്ലതല്ല. തിന്മയെ ഇല്ലാതാക്കുന്നതിനു് ശാന്തമായി യത്നിക്കയാണു വേണ്ടതു്.

ഒരുകാര്യത്തിൽ സ്വാതന്ത്ര്യമനുവദിച്ചുകൊടുത്താൽ സ്വാതന്ത്ര്യപ്രേമി ഉടൻ മറെറാരു കാര്യത്തിൽക്കൂടി സ്വാതന്ത്ര്യം അന്വേഷിക്കുകയായി. അങ്ങനെ ഒരു വീഴ്ചയിൽനിന്നു് മറെറാന്നിലേക്കു കടക്കുകയും അവസാനം അയാൾ പൂൎണ്ണമായി അധഃപതിക്കയും ചെയ്യും.

മററുള്ളവർ അവരുടെ കൎത്തവ്യനിർവഹണത്തിൽ വിമുഖത പ്രദർശിപ്പിക്കുന്നുവെങ്കിൽ അവരെ കുററപ്പെടുത്തിയതുകൊണ്ടു മാത്രമായില്ല. ദൈവമഹത്വത്തിനായി നമ്മുടെ കഴിവിൽപ്പെട്ടതെല്ലാം നാം ചെയ്യണം.

നമ്മുടെ അഭിപ്രായത്തിനെതിരായ അഭിപ്രായമുള്ളവരേക്കുറിച്ചു് പുച്ഛമായി സംസാരിക്കാതിരിപ്പാൻ സൂക്ഷിക്കണം.

വലിയ വാദമുഖങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നതിനേക്കാൾ സാധാരണരീതിയിൽ സംസാരിച്ചുകൊണ്ടു് മററുള്ളവരെ നമ്മുടെ അഭിപ്രായഗതി സ്വീകരിപ്പിക്കുവാൻ സാധിക്കും.

ദൈവത്തിൻെറ ഉപരിമഹത്വത്തിനു് ഉതകുമെങ്കിൽ നിൻെറ നിലവിട്ടു് എത്ര വേണമെങ്കിലും താഴുകയും സാധാരണക്കാരോടു് ഇടപെട്ടു ജീവിക്കുകയും ചെയ്യുക.

ശാന്തമായി പെരുമാറിക്കൊണ്ടു് മററുള്ളവരിൽനിന്നു നന്മ പുറപ്പെടുത്തുവാൻ ശ്രമിക്കുക. കുററങ്ങൾ വളരെ ഗുരു

തരങ്ങളായി ഭവിക്കുമ്പോൾ മാത്രമേ കക്ശമായ നടപടികൾ സ്വീകരിക്കാവൂ.

മററുള്ളവരുടെ അഭിപ്രായങ്ങൾ ആദരിച്ചാൽമാത്രം പോരാ. തിന്മയൊഴിച്ച് മററെല്ലാക്കാര്യങ്ങളിലും അവരുടെ അഭിപ്രായത്തിനു കൂടുതൽവില കല്പിക്കുവാനും അതനുസരിച്ചു പ്രവത്തിക്കുവാനും നാം തയ്യാറായിരിക്കണം. മററുള്ളവക്കു നമ്മേക്കാൾ കൂടുതൽ സ്വാഭാവികവും അതിസ്വാഭാവികവുമായ ഗുണങ്ങൾ ഉണ്ടെന്നു വിചാരിച്ചുകൊള്ളുക. എന്നാൽ, തിന്മയായുള്ള കാര്യങ്ങളിൽ ഇപ്രകാരമുള്ള ദാക്ഷിണ്യം കാണിക്കാതിരിപ്പാൻ ശ്രദ്ധിക്കണം.

## പ്രായോഗിക വിചിന്തനം:

അനുദിനം ധ്യാനത്തിൻെറ അന്ത്യത്തിൽ ഈശോയുടെ തിരുനാമത്തിൻെറ ലുത്തനിയ ചൊല്ലുകയെന്ന പതിവ് വിൻസെൻറു് ഒരിക്കലും മുടക്കിയിരുന്നില്ല. ഈ ലുത്തനിയായിൽ "സമാധാനത്തിൻെറ ദൈവമായ ഈശോയേ" എന്ന ഭാഗംവരുമ്പോൾ വി. വിൻസെൻറിൽ സ്ഫുരിച്ചിരുന്ന ഭക്തിചൈതന്യം ഒന്നുവേറെതന്നെയായിരുന്നു. ദിവ്യരക്ഷകൻെറ യഥാത്ഥസമാധാനം അദ്ദേഹം ഈ വാക്കുകളിലൂടെ രുചിച്ചറിഞ്ഞു "സമാധാന രാജാവു്" "ലോകത്തെ ഭരിക്കുന്ന കുഞ്ഞാടു്" എന്നിങ്ങനെ നൂററാണ്ടുകൾക്കപ്പുറം പ്രവാചകന്മാർ അവിടുത്തെക്കുറിച്ച് പ്രവചിച്ചിട്ടുണ്ടെന്നു് അദ്ദേഹത്തിനറിയാമായിരുന്നു.

"ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവക്കു സമാധാനം" എന്നിപ്രകാരമാണല്ലോ മാലാഖമാർ അവിടുത്തേ ജനനവേളയിൽ പാടിയതു്. സമാധാനത്തെ ദ്വേഷിക്കുന്നവരുടെ മധ്യേ അവിടുന്നു് സമാധാനപാലകനായി വർത്തിച്ചു. ഒടുക്കത്തെ അത്താഴവേളയിൽ അവിടുന്നു തൻെറ വത്സലശിഷ്യരോടു് പ്രശാന്തഗംഭീരമായ സ്വരത്തിൽ പറഞ്ഞു: "സമാധാനം ഞാൻ നിങ്ങൾക്കു വിട്ടിട്ടുപോകുന്നു. എൻെറ സമാധാനം ഞാൻ നിങ്ങൾക്കു

തരുന്നു. ലോകം നല്കുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കിതു തരുന്നതു്. നിങ്ങൾ ആകുലചിത്തരാകേണ്ട; ഭയപ്പെടുകയും വേണ്ട." അവിടുന്നു തൻെറ ഉയിപ്പിനെറശേഷം ശിഷ്യഗണത്തിനു പ്രത്യക്ഷപ്പെട്ടപ്പോഴെല്ലാം "ശ്ലാമ്മാ അമഹോൻ" —നിങ്ങൾക്കു സമാധാനം—എന്നു പറഞ്ഞുകൊണ്ടാണു് അവരെ അഭിവാദ്യം ചെയ്തിരുന്നതു്. തൻെറ സമാധാനം ഓരോ വ്യക്തിക്കും നല്കുവാൻ അവിടുന്നു് അപ്പസ്തോലന്മാരെ നിയമിച്ചു. വിൻസെൻറു് ഇക്കാര്യങ്ങളെല്ലാം ധ്യാനിക്കുകയും കത്താവിൻെറ സമാധാനത്തിൽ നല്ല ഒരോഹരി പ്രാപിക്കയും ചെയ്തിരുന്നു.

"ക്രിസ്ലാനുകരണ" കത്താവായ തോമസ്അക്കെമ്പിസ് പറയുന്നു: "ജ്ഞാനിയായ ഒരു മനുഷ്യനേക്കാൾ സമാധാനപ്രിയൻ കൂടുതൽ നന്മചെയ്യുന്നു. എന്നാൽ, വികാരങ്ങളാൽ നയിക്കപ്പെടുന്ന മനുഷ്യനാകട്ടെ, നന്മയെപ്പോലും തിന്മയാക്കിപ്പകത്തുന്നു. അവൻ എപ്പോഴും അസ്വസ്ഥനായിരിക്കുമെന്നു മാത്രമല്ല, മററുള്ളവരെയും അസ്വസ്ഥരാക്കുന്നു. സഹിക്കുവാനറിയാവുന്നവർ ഏററംവലിയ സമാധാനത്തിൽ വത്തിക്കുന്നു. ശാന്തനും സമാധാനപ്രിയനുമായ മനുഷ്യൻ സകലരാലും സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യും. അയാൾ ഈ ലോകത്തിലെ പ്രഭുവും കത്താവീശോമിശിഹായുടെ സ്നേഹിതനും സ്വർഗ്ഗത്തിൻെറ അവകാശിയുമായി ഭവിക്കയും ചെയ്യും" (ക്രി: II. അ: 3). ഈ വാക്കുകൾ വി. വിൻസെൻറിൽ അക്ഷരശഃ അന്വത്ഥമായിട്ടുണ്ടു്.

വിൻസെൻറിൻെറ ജീവചരിത്രകാരന്മാരെല്ലാം അദ്ദേഹത്തിൻെറ രഹസ്യവും പരസ്യവുമായ ജീവിതത്തിൽ പ്രദർശിപ്പിക്കപ്പെട്ട പ്രശാന്തതയേയും സമാധാനശീലത്തേയും കുറിച്ചു് ഐകകണ്ഠ്യേന പ്രതിപാദിക്കുന്നുണ്ടു്. അദ്ദേഹത്തിൻെറ പ്രശാന്തഗംഭീരമായ സ്വഭാവമാധുരിയെക്കുറിച്ചു് പ്രതിപാദിക്കുവാൻ അവർ മത്സരിക്കുന്നതുപോലെ തോന്നിപ്പോകും. വിശുദ്ധനെ മറെറാരു ഫ്രാൻസീസു് സാലെസ്സ്"

ആയോ ഒരു ചാൾസ്സ് ബൊറോമ്മിയോ ആയോ ചിത്രീകരിക്കുന്നവരും കുറവല്ല. ഇടയ്ക്കു കയറിപ്പറയാതെ മററുള്ളവരുടെ സംസാരത്തെ എത്രനേരം വേണമെങ്കിലും ക്ഷമാപൂർവ്വം കേൾക്കുവാൻ വിൻസെൻറിനു മടിയുണ്ടായിരുന്നില്ല. ആത്മനിഗ്രഹശക്തിയും ക്ഷമാശീലവും ശാന്തതയുമുള്ളവർക്കു മാത്രമേ കാര്യക്ഷമമായി കല്പിക്കുന്നതിനോ ഭരിക്കുന്നതിനോ സാധിക്കയുള്ളു.

ചിലയാളുകൾ സ്വതേ കോപപ്രകൃതിക്കാരായിരിക്കാം. ചിലരാകട്ടേ, സമാധാനപ്രിയരും. ഒടുവിൽപ്പറഞ്ഞവരുടേതാണു ഭൂതലമെന്നു് അനുഭവം സാക്ഷിക്കുന്നു. ശാന്തമായി കാര്യാന്വേഷണം ചെയ്യുകയും കുററപ്പെടുത്തുമ്പോൾ ശാലീനത കൈവെടിയാതിരിക്കുകയും ശാന്തമായി വിധിക്കയും ചിന്തിക്കയും സംസാരിക്കയും കല്പിക്കുകയും ചെയ്യുന്നവർക്കു മാത്രമേ സാക്ഷാൽ ഭരണകർത്താക്കളും നേതാക്കന്മാരുമായിരിക്കുവാൻ സാധിക്കയുള്ളു. "സമാധാനപ്രിയർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവപുത്രരെന്നു വിളിക്കപ്പെടും" എന്നത്രേ വേദപുസ്തകം ഇവരെക്കുറിച്ചു പറഞ്ഞിരിക്കുന്നതു്.

വി. വിൻസെൻറു് യാതൊരൊച്ചപ്പാടും കൂടാതെ വിവിധതരത്തിലുള്ള പ്രേഷിത പ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ടിരുന്നു. അനിതരസാധാരണമായ ഹൃദയശാന്തത നിമിത്തമാണു് ഇത്രയധികം കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞതു്. അദ്ദേഹം ആരംഭിച്ച പ്രവർത്തനങ്ങളെല്ലാംതന്നെ ഇന്നും അതേചൈതന്യത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു. ബലപ്രയോഗത്താൽ ചെയ്യപ്പെടുന്നവയൊന്നും അധികനാൾ നിലനില്ക്കുകയില്ല. ആകയാൽ, വിൻസെൻറിൻെറ പ്രവർത്തനങ്ങളെല്ലാം ശാന്തതയിലും സമാധാനത്തിലും അധിഷ്ഠിതങ്ങളായിരുന്നുവെന്നു സ്പഷ്ടമാണു്.

വി. ലൂയിസാ മരില്ലാക്കിൻെറ തിടുക്കത്തേയും ക്ഷമയില്ലായ്മയേയും കുറിച്ചു് വിൻസെൻറു് പലപ്പോഴും, അവളെ കുററപ്പെടുത്താറുണ്ടായിരുന്നു. ഹൃദയശാന്തതയും മനസ്ഥൈര്യവും കൈവെടിയാതെ സകല കാര്യങ്ങളിലും പ്രവർത്തിക്കുക:

ഇതായിരുന്നു അദ്ദേഹം തന്റെ സഹപ്രവൎത്തകന്മാൎക്കു കൊടുത്തിരുന്ന ഉപദേശം. സുപ്രധാനങ്ങളായ സംഗതികൾ വിൻസെൻറ് വളരെ ജാഗ്രതയോടെയാണു കൈകാര്യം ചെയ്തിരുന്നതു്. ദ്രുതഗതികൂടാതെ, ഇടംവലംനോക്കി, കാര്യകാരണ വിവേചനംചെയ്തു് സാവധാനം മുമ്പോട്ടു പോവുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രമാണം. ഹിമാലയതുല്യമായ പ്രതിബന്ധങ്ങളുടെ മുമ്പിൽപ്പോലും തളൎന്നുമാറാതെ കൊച്ചുചെരിവുകൾ ചവിട്ടി ആരോഹണം ചെയ്യുവാൻ വിൻസെൻറിനറിയാമായിരുന്നു. യാതൊരു കാര്യത്തിലും ധൃതികൂട്ടരുതു്. ധൃതികൂട്ടുന്നതുതന്നേയും സാവകാശം ആയിരിക്കണം. ഇതായിരുന്നു അദ്ദേഹത്തിന്റെ നയം.

മിഷ്യൻധ്യാനാവസരങ്ങളിൽ വഴക്കുകളും തൎക്കങ്ങളും പറഞ്ഞുതീൎക്കുകയും ശത്രുക്കളെ രമ്യപ്പെടുത്തുകയും ചെയ്യണമെന്നു് അദ്ദേഹം ധ്യാനഗുരുക്കന്മാരോടു പ്രത്യേകം നിൎദ്ദേശിച്ചിരുന്നു. വിൻസെൻഷ്യൻ സഭയുടെ നിയമാവലിയിലും ഈ സംഗതി അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ടു്. നിയോഗശുദ്ധിയോടുകൂടി വിവേകപൂൎവ്വം വഴക്കുകൾ പറഞ്ഞുതീൎക്കുകയും ശത്രുക്കളെത്തമ്മിൽ രമ്യപ്പെടുത്തുകയും ചെയ്യുക. അങ്ങനെ മിഷ്യനറിമാർ സമാധാനസംവാഹകരായിവൎത്തിക്കണം. "മലമുകളിൽനിന്നുകൊണ്ടു സമാധാനം പ്രഖ്യാപിക്കുന്നവന്റെ കാലുകൾ എത്ര മനോഹരങ്ങൾ" എന്ന വിശുദ്ധഗ്രന്ഥവാക്യം അവരിൽ അന്വൎത്ഥമായി ഭവിക്കട്ടെ.

വിൻസെൻറിന്റെ സമാധാനതൽപരതയേയും ഐകമത്യബോധത്തേയും പ്രദ്യോതിപ്പിക്കുന്ന മറെറാരുഭാഗം കൂടി വിൻസെൻഷ്യൻ നിയമാവലിയിൽ നാം കണ്ടെത്തും: അതിപ്രകാരമാണു്: "ഇടത്തുകാരുമായി വാദപ്രതിവാദങ്ങളിലും തൎക്കങ്ങളിലും ഏൎപ്പെടരുതു്. കാരണം, മതകാര്യങ്ങളിൽ ഇപ്രകാരം വാശിയോടും വൈരാഗ്യത്തോടുംകൂടി വാദപ്രതിവാദങ്ങളിലേൎപ്പെടുന്നതുകൊണ്ടു് ഇടത്തുകാർ മാനസാന്തരപ്പെടുകയില്ലെന്നു മാത്രമല്ല, വലിയ ഒച്ചപ്പാടിനും എതിൎപ്പിനും കാരണമായിത്തീരുകയുംചെയ്യും.

വി. പൗലോസ്ശ്ലീഹാ തിമോത്തിക്കെഴുതിയ വാക്കുകൾ വി. വിൻസെൻറു് ചിലപ്പോൾ ഉദ്ധരിച്ചിരുന്നു: "ദൈവദാസൻ തർക്കിക്കുന്നതു് ഉചിതമല്ല." അതുപോലെ തന്നെ വി. ഫ്രാൻസീസ്സ് ദെ സാലസിനെക്കുറിച്ച് കാർഡിനൽ ഡി പെറോൺ പറഞ്ഞ വാക്കുകളും അദ്ദേഹം അവസരോചിതം എടുത്തുപറയുമായിരുന്നു: "പ്രോട്ടസ്റ്റൻറുകാർക്ക് സത്യത്തെക്കുറിച്ചു് അവബോധമുണ്ടാകുന്നതിനു് അവരെ എൻെറയടുക്കൽ കൊണ്ടുവരിക. എന്നാൽ, അവരുടെ മാനസാന്തരം സാധിക്കണമെങ്കിൽ അവരെ ജനീവാ മെത്രാൻെറ പക്കലേക്കു് ആനയിക്കുക." നമ്മുടെ കർത്താവിൻേറയും അപ്പസ്തോലന്മാരുടേയും മാതൃക അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു. "കാതലായ കാര്യങ്ങളിൽ ഐക്യം; സംശയാസ്പദമായ കാര്യങ്ങളിൽ സ്വാതന്ത്ര്യം; സകലത്തിലും ഉപവി." ഈ മഹദ്വാക്യത്തിനനുസരണം നാം പ്രവർത്തിക്കണം. നമ്മുടെ അഭിപ്രായത്തിനെതിരായ അഭിപ്രായമുള്ളവരെ തരംതാഴ്ത്തി സംസാരിക്കയോ പ്രവർത്തിക്കയോ ചെയ്യരുതു്.

ജാൻസെനിസത്തിനെതിരായി വളരെ ഉറച്ച ഒരു നിലപാടാണു് വിൻസെൻറു് സ്വീകരിച്ചിരുന്നതു്. ഈ പാഷണ്ഡതയുടെ വളർച്ചയെ തടയുവാൻ അദ്ദേഹം വളരെയേറെ ശ്രമിച്ചിട്ടുണ്ട്. എന്നാൽ, ജാൻസെനിസ്റ്റും പാഷണ്ഡികളായ സെൻറു് സിറാൻ മുതലായവരോട്ട് സൗഹാർദ്ദത്തോടും കാരുണ്യത്തോടുംകൂടിയാണു് അദ്ദേഹം പെരുമാറിയിരുന്നതു്. തന്മൂലം ചിലർ അദ്ദേഹത്തെ ജാൻസെനിസ്റ്റനുഭാവിയെന്നുപോലും താറടിച്ചിട്ടുണ്ട്. കരുണാമസൃണമായ പെരുമാററരീതികൊണ്ടു് പാഷണ്ഡികളുടെ മാനസാന്തരം സാധിക്കുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം.

രാഷ്ട്രീയകാര്യങ്ങളിലും വിൻസെൻറു് ഒരു യഥാർത്ഥ സമാധാനപാലകനായിരുന്നു. നിരവധി തിന്മകളിലും ദൌർഭാഗ്യങ്ങളിലുംപെട്ട് ഫ്രഞ്ചുജനത ക്ലേശിച്ചിരുന്ന കാലത്തു് വിൻസെൻറച്ചൻ അന്നു ഭാഗ്യമോടെ വാണിരുന്ന ഇന്നസെൻറു് മാർപ്പാപ്പയ്ക്കു ഇങ്ങനെ എഴുതി: "ഞാൻ

പൊടിയും ചാമ്പലും മാത്രമാണെങ്കിലും ഞാൻ എന്റെ നാഥനോടു സംസാരിക്കും: ഞങ്ങൾക്കു് എല്ലാ ക്ലേശങ്ങളിലും ദുരിതങ്ങളിലുംനിന്നു് ആശ്വാസം നല്കുകയും യുദ്ധാനന്തരം സമാധാനവും സംതൃപ്തിയും പ്രാപിച്ചുതരുകയും ചെയ്യുകയെന്നതു് ദൈവം തന്റെ തിരുസ്സഭയുടെ പാലകനായ അങ്ങയെ ഭരമേല്പിച്ചിരിക്കുന്നുവെന്നു് ഞാൻ ദൃഢമായി വിശ്വസിക്കുന്നു.''

ഇങ്ങനെ സമാധാനസമ്പൂർണ്ണമായ ഒരു യുഗം കെട്ടിപ്പടുക്കുവാൻ വി. വിൻസെൻറു് തന്റെ എല്ലാ കഴിവുകളും വിനിയോഗിച്ചു. സദാ ഹൃദയശാന്തതയോടും സമാധാനത്തോടുംകൂടി അദ്ദേഹം വർത്തിച്ചു, ദൈവസുതന്റെ ജനനവേളയിൽ നന്മനസ്സുള്ളവർക്കു വാനവഗണം ആശംസിച്ച ആ സമാധാനം തന്റെ സഭയിൽ എന്നെന്നും നിലനില്ക്കത്തക്കവണ്ണം അതിന്റെ അംഗങ്ങൾ പരസ്പരധാരണയിലും സ്നേഹത്തിലും വർത്തിക്കണമെന്നും ഈ സുദൃഢ ഐക്യത്തിന്റെ യഥാർത്ഥ പാശങ്ങളായി മേലധികാരികൾ ഭവിക്കണമെന്നും അദ്ദേഹം സഭാംഗങ്ങളെ ഉദ്ബോധിപ്പിച്ചിട്ടുണ്ടു്.

## അദ്ധ്യായം പതിമൂന്നു്

# നിർമ്മലമായ പ്രസന്നതയോടുകൂടി കൃത്യങ്ങൾ നിർവഹിക്കുക

---

### വി. വിൻസെൻറിൻെറ സൂക്തികൾ:

നാം എല്ലായ്പ്പോഴും ദൈവസ്നേഹമാകുന്ന വിശുദ്ധാനന്ദം നമ്മിൽ നിലനിൎത്തണമെന്നാണു് അവിടുത്തെ അഭിലാഷം.

സദാ പ്രസന്നമായിരിക്കുക. എല്ലാ പ്രവൃത്തികളും പ്രസന്നതയോടുകൂടെ ചെയ്യുന്നതിനു ശ്രമിക്കുക. പ്രകൃത്യാ നിങ്ങൾക്കുള്ള ഗൗരവഭാവം പ്രസന്നതകൊണ്ടു് അല്പം മയപ്പെടുത്തണമെന്നു് ഞാനഭ്യൎത്ഥിക്കുന്നു. ദൈവാനുഗ്രഹം നിങ്ങളെ അതിനു പ്രാപ്തരാക്കട്ടെ.

നമ്മുടെ കൎത്താവിൻെറ ഹൃദയത്തോടു പരിപൂൎണ്ണമായി യോജിച്ചിരിക്കുവാൻ അഭിലഷിക്കുന്ന ഒരു ഹൃദയത്തോടുകൂടി എല്ലായ്പ്പോഴും സമാധാനത്തിലും ആനന്ദത്തിലും വസിക്കുക. നിങ്ങളുടെ കീഴിലുള്ള ഒരാൾ എന്തെങ്കിലും തെററുചെയ്താൽ ഉടനടി തിരുത്തരുതു്; തിരുത്തുമ്പോഴാകട്ടെ, ആ തെററിൽനിന്നുൽഭൂതമായേക്കാവുന്ന ദുരന്തഫലങ്ങളേക്കുറിച്ചു് സൗമ്യതയോടും പ്രസന്നതയോടുംകൂടി അയാളെ പറഞ്ഞുമനസ്സിലാക്കണം.

കഴിയുന്നിടത്തോളം പ്രസന്നത പാലിച്ചു് ശാന്തചിത്തനായിരിക്കുവാൻ ശ്രമിക്കുക. അതേ, നമ്മൾ സദാ നമ്മുടെ കൎത്താവിൽ സന്തോഷിക്കണം. മററുള്ളവൎക്കു പകൎന്നുകൊടുക്കുന്നതിനും നിങ്ങൾക്കുതന്നെ ആസ്വദിക്കുന്നതിനുമായി യഥാൎത്ഥ സന്തോഷം എല്ലായ്പ്പോഴും നിങ്ങളിൽ നിലനിൎത്തേണ്ടിയിരിക്കുന്നു.

തന്നെ അദ്ദേഹം അവക്കുവേണ്ടി നിമ്മിച്ച നിയമസംഹിതയിൽ ഇതേക്കുറിച്ചു പ്രസ്താവിച്ചു കാണുന്നുണ്ട്. ഉപവിയുടെ സഹോദരീസംഘത്തിൻെറ സ്ഥാപികയും അതിൻെറ പ്രഥമാംഗവും മദർസൂപ്പീരിയറുമായിരുന്നതുകൊണ്ട് വിശുദ്ധ ഈ വിഷയത്തിൽ സകലരുടേയും മാതൃകയായിരിക്കണമെന്ന് വിൻസെൻറ് ആഗ്രഹിച്ചു. അതിനാലാണ് പ്രസന്നത സമ്പാദിക്കുവാൻ അദ്ദേഹം അവരെ നിരന്തരം ഉപദേശിച്ചിരുന്നത്.

"പരസ്പരം സൗമ്യതയോടും പുഞ്ചിരികലന്ന മുഖഭാവത്തോടുംകൂടി സംസാരിക്കണം. കൂട്ടജീവിതം നയിക്കുന്നവക്കും ഉപവി പ്രവൃത്തികളിൽ വ്യാപൃതരായിക്കഴിയുന്നവക്കും പ്രസന്നതമൂലം വളരെയധികം നന്മകൾ ചെയ്യുവാൻ സാധിക്കും. യഥാർത്ഥഭക്തി സമ്പാദിക്കുന്നതിന് ഈ സന്തോഷം വളരെ ഉപകരിക്കും" എന്നാണ് വിശുദ്ധൻ പറയുന്നത്. മനഃപീഡയും വിഷാദവും ആത്മാവിനെ ദുർബ്ബലപ്പെടുത്തുന്നു. എന്നാൽ, ആത്മികാനന്ദം സമ്പാദിക്കുവാനും അതു നിലനിത്തുവാനും ശ്രമിക്കുന്ന ഒരുവനെ പീഡിപ്പിക്കുവാൻ പിശാചുപോലും അശക്തനാണെന്നാണ് വി. ഫ്രാൻസീസ് അസ്സീസി പറയുന്നത്. ഉഗ്രമായ തപസ്സിൻെറ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന പുണ്യാഭ്യാസംകൊണ്ട് മററുള്ളവരെ ഭയചകിതരാക്കാതിരിക്കത്തക്കവണ്ണം ഫലപ്രദമായ ഒരു മാർഗ്ഗമായി സ്നേഹാർദ്രമായ ആനന്ദത്തെ വിൻസെൻറ് കണക്കാക്കി. മററുള്ളവക്കു നന്മ ചെയ്യുന്നതിന് കൂട്ടജീവിതത്തിൽ സൗമ്യമായ സന്തോഷം വളത്തിക്കൊണ്ടുവരേണ്ടതിൻെറ ആവശ്യകതയേപ്പററി ഉപവിയുടെ സഹോദരികൾക്കു നല്കിയ ഒരു കോൺഫ്രൻസിൽ അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി.

വിശുദ്ധൻ തൻെറ ശിഷ്യരിൽ മാത്രമല്ല, മററുള്ളവരിലും പ്രസന്നത ഇഷ്ടപ്പെട്ടു. ഉത്സാഹവും ചുറുചുറുക്കുമുള്ള ചെറുപ്പക്കാരെ ദർശിക്കുക വിൻസെൻറിനു് അതിയായ സന്തോഷമായിരുന്നു. അവരുടെ ഭാവി ഭാസുരമായിരിക്കുമെന്നുള്ളതിൻെറ ലക്ഷണങ്ങളാണിവ എന്നാണ് അദ്ദേഹം പറഞ്ഞിരുന്നതു്. സങ്കുചിതവും നീരസദ്യോതകവുമായ മാന

ദണ്ഡംവച്ചുകൊണ്ടു് ക്രിസ്തീയ ജീവിതത്തെ വീക്ഷിച്ചിരുന്ന പോർട്ടുറോയലിലേ സന്യസ്ഥരെ തൻെറ സർവ്വശക്തിയോടുംകൂടി എതിർത്തില്ലെങ്കിലും അദ്ദേഹത്തിൻെറ ആന്തരികജീവിതം അവരുടേതുപോലെതന്നെ ഉഗ്രമായിരുന്നു. സ്വന്തംകാര്യംമാത്രംനോക്കി നിശ്ശബ്ദരായിക്കഴിയുന്ന ഒരുമാതിരി "നല്ല ക്രിസ്ത്യാനി"കളുടെ ക്രിസ്തീയത്വത്തെ കഥാനായകൻ ഇഷ്ടപ്പെട്ടിരുന്നില്ല. കക്കശവും രൂക്ഷവുമായ സുകൃതാഭ്യാസത്തിനും അദ്ദേഹം എതിരായിരുന്നു. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ അത്തരം ക്രൈസ്തവത്വം ദിവ്യനാഥൻെറ പ്രവൃത്തികൾക്കോ വ്യക്തിത്വത്തിനോ പഠനത്തിനോ അനുരൂപമല്ല. "എൻെറ സന്തോഷം നിങ്ങളോടുകൂടി ഉണ്ടായിരിക്കേണ്ടതിന് ഇവ ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു" എന്നാണല്ലോ ദിവ്യനാഥൻ തൻെറ ശിഷ്യന്മാരോടു് അന്ത്യയാത്ര പറഞ്ഞയവസരത്തിൽ അരുൾചെയ്തതു്.

വിശുദ്ധനുണ്ടായിരുന്നതായി മുൻപു പ്രസ്താവിച്ച സ്വതസ്സിദ്ധവും നിർമ്മലവുമായ സന്തോഷത്തിനു് അമ്പെല്ലി സാക്ഷ്യംവഹിക്കുന്നുണ്ടു്. സന്തോഷത്തോടും അതിലുപരിയായി വിവേകത്തോടുംകൂടിയാണു് വിൻസെൻറു് വിവിധ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നതു്. അവയെല്ലാം ധാരാളമായി ഫലം പുറപ്പെടുവിക്കയുംചെയ്തു. സെൻറു് ലാസറിൽ വച്ചു്, പൊതു ഉല്ലാസത്തിൽ സംബന്ധിച്ചിരുന്നപ്പോഴെല്ലാം വിനോദവും ആദ്ധ്യാത്മികത്വവും സമ്മേളിച്ച തൻെറ സംസാരരീതികൊണ്ടു് വിശുദ്ധൻ എല്ലാവർക്കും മാതൃകയായിരുന്നു. മീററിംഗുകളിലും കോൺഫ്രൻസുകളിലും മററും പ്രസന്നവും ഹൃദയാവർജ്ജകവുമായ ഒരു രീതിയിലാണു് അദ്ദേഹം കാര്യങ്ങൾ പറഞ്ഞിരുന്നതു്. മററുള്ളവരോടുള്ള സാധാരണ സംസാരങ്ങളിൽക്കൂടെയും ഇപ്രകാരമുള്ള പ്രസന്നതയും ആദരവും അദ്ദേഹം പ്രകടമാക്കിയിരുന്നു. അദ്ദേഹത്തിൻെറ സംസാരരീതിയുടെ ഒരു ചെറിയ മാതൃക ഇവിടെ ഉദ്ധരിക്കാം.

ഒരിക്കൽ അദ്ദേഹം ഒരു വൈദികനോടു ചോദിച്ചു: "ദൈവസേവനാർത്ഥം ഒരു ദീർഘയാത്ര ചെയ്യുവാൻ അച്ചൻ തയ്യാറാണോ?"

തന്നെ അദ്ദേഹം അവക്കുവേണ്ടി നിൎമ്മിച്ച നിയമസംഹിത യിൽ ഇതേക്കുറിച്ചു പ്രസ്താവിച്ചു കാണുന്നുണ്ടു്. ഉപവിയു ടെ സഹോദരീസംഘത്തിൻെറ സ്ഥാപികയും അതിൻെറ പ്രഥമാംഗവും മദർസുപ്പീരിയറുമായിരുന്നതുകൊണ്ടു് വി ശുദ്ധ ഈ വിഷയത്തിൽ സകലരുടേയും മാതൃകയായിരിക്ക ണമെന്നു് വിൻസെൻറു് ആഗ്രഹിച്ചു. അതിനാലാണു് പ്രസന്നത സമ്പാദിക്കുവാൻ അദ്ദേഹം അവരെ നിരന്തരം ഉപദേശിച്ചിരുന്നതു്.

"പരസ്പരം സൗമ്യതയോടും പുഞ്ചിരികലൎന്ന മുഖഭാവ ത്തോടുംകൂടി സംസാരിക്കണം. കൂട്ടജീവിതം നയിക്കുന്നവ ൎക്കും ഉപവി പ്രവൃത്തികളിൽ വ്യാപൃതരായിക്കഴിയുന്നവൎക്കും പ്രസന്നതമൂലം വളരെയധികം നന്മകൾ ചെയ്യുവാൻ സാ ധിക്കും. യഥാൎത്ഥഭക്തി സമ്പാദിക്കുന്നതിനു് ഈ സന്തോ ഷം വളരെ ഉപകരിക്കും" എന്നാണു് വിശുദ്ധൻ പറയു ന്നതു്. മനഃപീഡയും വിഷാദവും ആത്മാവിനെ ദുർബ്ബല പ്പെടുത്തുന്നു. എന്നാൽ, ആത്മികാനന്ദം സമ്പാദിക്കുവാനും അതു നിലനിൎത്തുവാനും ശ്രമിക്കുന്ന ഒരുവനെ പീഡിപ്പിക്കു വാൻ പിശാചുപോലും അശക്തനാണെന്നാണു് വി. ഫ്രാൻ സീസു് അസ്സീസി പറയുന്നതു്. ഉഗ്രമായ തപസ്സിൻെറ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന പുണ്യാഭ്യാസംകൊണ്ടു് മററു ള്ളവരെ ഭയചകിതരാക്കാതിരിക്കത്തക്കവണ്ണം ഫലപ്രദമാ യ ഒരു മാൎഗ്ഗമായി സ്നേഹാൎദ്രമായ ആനന്ദത്തെ വിൻസെ ൻറു് കണക്കാക്കി. മററുള്ളവൎക്കു നന്മ ചെയ്യുന്നതിനു് കൂട്ട ജീവിതത്തിൽ സൗമ്യമായ സന്തോഷം വളൎത്തിക്കൊണ്ടുവ രേണ്ടതിൻെറ ആവശ്യകതയേപ്പററി ഉപവിയുടെ സഹോ ദരികൾക്കു നല്കിയ ഒരു കോൺഫ്രൻസിൽ അദ്ദേഹം ഊന്നി പ്പറയുകയുണ്ടായി.

വിശുദ്ധൻ തൻെറ ശിഷ്യരിൽ മാത്രമല്ല, മററുള്ളവ രിലും പ്രസന്നത ഇഷ്ടപ്പെട്ടു. ഉത്സാഹവും ചുറുചുറുക്കുമുള്ള ചെറുപ്പക്കാരെ ദർശിക്കുക വിൻസെൻറിനു് അതിയായ സ ന്തോഷമായിരുന്നു. അവരുടെ ഭാവി ഭാസുരമായിരിക്കുമെന്നു ള്ളതിൻെറ ലക്ഷണങ്ങളാണിവ എന്നാണു് അദ്ദേഹം പറ ഞ്ഞിരുന്നതു്. സങ്കുചിതവും നീരസദ്യോതകവുമായ മാന

ദണ്ഡംവച്ചുകൊണ്ടു് ക്രിസ്തീയ ജീവിതത്തെ വീക്ഷിച്ചിരുന്ന പോർട്ടറോയലിലെ സന്യസ്ഥരെ തൻെറ സവ്വശക്തിയോടുംകൂടി എതിത്തെങ്കിലും അദ്ദേഹത്തിൻെറ ആന്തരികജീവിതം അവരുടേതുപോലെതന്നെ ഉഗ്രമായിരുന്നു. സ്വന്തംകാര്യം മാത്രംനോക്കി നിശ്ശബ്ദരായിക്കഴിയുന്ന ഒരുമാതിരി "നല്ല ക്രിസ്ത്യാനി"കളുടെ ക്രിസ്തീയതത്വത്തെ കഥാനായകൻ ഇഷ്ടപ്പെട്ടിരുന്നില്ല. കക്കശവും രൂക്ഷവുമായ സുകൃതാഭ്യാസത്തിനും അദ്ദേഹം എതിരായിരുന്നു. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ അത്തരം ക്രൈസ്തവതത്വം ദിവ്യനാഥൻെറ പ്രവൃത്തികൾക്കോ വ്യക്തിത്വത്തിനോ പഠനത്തിനോ അനുരൂപമല്ല. "എൻെറ സന്തോഷം നിങ്ങളോടുകൂടി ഉണ്ടായിരിക്കേണ്ടതിന് ഇവ ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു" എന്നാണല്ലോ ദിവ്യനാഥൻ തൻെറ ശിഷ്യന്മാരോടു് അന്ത്യയാത്ര പറഞ്ഞയവസരത്തിൽ അരുൾചെയ്തതു്.

വിശുദ്ധനുണ്ടായിരുന്നതായി മുൻപു പ്രസ്താവിച്ച സ്വതസ്സിദ്ധവും നിർമ്മലവുമായ സന്തോഷത്തിനു് അമ്പെല്ലി സാക്ഷ്യംവഹിക്കുന്നുണ്ടു്. സന്തോഷത്തോടും അതിലുപരിയായി വിവേകത്തോടുംകൂടിയാണു് വിൻസെൻറു് വിവിധപ്രവത്തനങ്ങളിലേർപ്പെട്ടിരുന്നതു്. അവയെല്ലാം ധാരാളമായി ഫലം പുറപ്പെടുവിക്കയുംചെയ്തു. സെൻറു് ലാസറിൽ വച്ചു്, പൊതു ഉല്ലാസത്തിൽ സംബന്ധിച്ചിരുന്നപ്പോഴെല്ലാം വിനോദവും ആദ്ധ്യാത്മികതത്വവും സമ്മേളിച്ച തൻെറ സംസാരരീതികൊണ്ടു് വിശുദ്ധൻ എല്ലാവക്കും മാതൃകയായിരുന്നു. മീററിംഗുകളിലും കോൺഫ്രൻസുകളിലും മററും പ്രസന്നവും ഹൃദയാവജ്ജകവുമായ ഒരു രീതിയിലാണു് അദ്ദേഹം കാര്യങ്ങൾ പറഞ്ഞിരുന്നതു്. മററുള്ളവരോടുള്ള സാധാരണ സംസാരങ്ങളിൽക്കൂടെയും ഇപ്രകാരമുള്ള പ്രസന്നതയും ആദരവും അദ്ദേഹം പ്രകടമാക്കിയിരുന്നു. അദ്ദേഹത്തിൻെറ സംസാരരീതിയുടെ ഒരു ചെറിയ മാതൃക ഇവിടെ ഉദ്ധരിക്കാം.

ഒരിക്കൽ അദ്ദേഹം ഒരു വൈദികനോടു ചോദിച്ചു: "ദൈവസേവനാത്ഥം ഒരു ദീർഘയാത്ര ചെയ്യുവാൻ അച്ചൻ തയ്യാറാണോ?"

വൈദികൻ: "അതേ, ഞാൻ തയ്യാറാണ്."

വിൻസെൻറ്: "രാജ്യാതിർത്തിക്കു പുറത്തുപോകേണ്ടിവരും."

വൈദികൻ: "അതിനും ഞാൻ സന്നദ്ധനാണ്."

വിൻസെൻറ്: "കടൽകടന്നു വിദൂരസ്ഥലത്തേക്കുപോവുകയാണുവേണ്ടതു്."

വൈദികൻ: "യാത്ര കടൽമാർഗ്ഗേണയോ, കരമാർഗ്ഗേണയോ ആയിക്കൊള്ളട്ടെ; എന്തിനും ഞാൻ സന്നദ്ധനാണ്."

വിൻസെൻറ്: "ആ സ്ഥലം ഉദ്ദേശം ആയിരത്തിയിരുന്നൂറു് കിലോമീററർ അകലെയാണ്."

വൈദികൻ: "ആയിരമല്ല, ഇരുപതിനായിരം കിലോമീററർ വിദൂരസ്ഥിതമാണെങ്കിലും, അങ്ങു പറയുന്നതുപോലെചെയ്യാം."

ഇങ്ങനെ വിൻസെൻറ് ആ വൈദികൻെറ മനഃസ്ഥിതിയെന്താണെന്ന് ശരിക്കു മനസ്സിലാക്കിയശേഷം ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞു: "അങ്ങനെയെങ്കിൽ, അച്ചൻ റോമ്മിലേക്കു പോവുക. അവിടെയാണ് ഞങ്ങൾക്ക് അങ്ങയെക്കൊണ്ടാവശ്യം." ഇപ്രകാരം ആദരവും പ്രസന്നതയും കലന്ന ഒരു സംസാരരീതിയാണ് തൻെറ കീഴുള്ളവരോടുള്ള പെരുമാററത്തിൽ വിശുദ്ധൻ സ്വീകരിച്ചിരുന്നതു്.

"ഉടനടി സന്തോഷത്തോടുകൂടെ അനുസരിക്കുക" എന്നു് അദ്ദേഹം പറഞ്ഞിരുന്നു. സഹനവും കഷ്ടപ്പാടുകളും പ്രസന്നതയ്ക്കു കടകവിരുദ്ധമാണെന്നു നമുക്കു തോന്നിയേക്കാമെങ്കിലും യഥാർത്ഥ സഹനത്തിൻെറ ലക്ഷണങ്ങളിലൊന്നായി വിൻസെൻറ് അതിനെ കണക്കാക്കി. ക്ലേശങ്ങളിലും സങ്കടങ്ങളിലും ഒരിക്കലും നാം സന്തോഷവും പ്രസന്നതയും കൈവെടിയരുതെന്നും പ്രത്യുത, പ്രായശ്ചിത്തത്തിൻേറയും എളിമയുടേയും അരൂപിയിൽ അവയെ സ്വീകരിക്കണമെന്നും അദ്ദേഹം ഉപദേശിച്ചിരുന്നു. ഈ അരൂപിയിലാണ് അദ്ദേഹം തനിക്കു സഹിക്കേണ്ടിവന്ന വിവിധ സങ്കടങ്ങൾ

എല്ലാം സഹിച്ചതെന്നു് ഇതിനുമുൻപു നാം കാണുകയുണ്ടായല്ലോ. തൻെറ മകനു് മെത്രാൻസ്ഥാനം നിരസിക്കയാൽ കോപകലുഷിതയായ ഒരു മാതാവു് ഒരു കസേര എടുത്തു വിശുദ്ധൻെറ മുഖത്തടിച്ചപ്പോളുണ്ടായ മുറിവിൽനിന്നും ഒലിച്ചുവന്ന രക്തം തുടച്ചുകൊണ്ടു് വിശുദ്ധൻ പറയുകയാണു്: ''സ്വന്തം മകൻെറ അഭ്യുന്നതിയെ കാംക്ഷിക്കുന്ന ഒരമ്മയുടെ വാത്സല്യം എന്തുതന്നെ ചെയ്യുവാൻ മടിക്കുകയില്ല'' എന്നു്. ഇതുപോലൊരു പ്രസന്നത സമ്പാദിക്കുവാനല്ലേ നാം സർവ്വാത്മനാ ശ്രമിക്കേണ്ടതു്. ഇതേ അരൂപിയിൽ തന്നെയാണു് തൻെറ മരണത്തിനു മുൻപു സഹിക്കേണ്ടിവന്ന ക്ലേശങ്ങളും മരണംതന്നെയും അദ്ദേഹം സ്വാഗതം ചെയ്തതു്. തൻെറ ഓരോ നിശ്വാസനംകൂടെയും ദൈവത്തിനു സമർപ്പിച്ചുകൊണ്ടു് ജീവിച്ചിരുന്നതുപോലെതന്നെയുള്ള ഔദാര്യത്തോടും പ്രസന്നതയോടുംകൂടിയാണു് വിൻസെൻറു് തൻെറ അന്ത്യശ്വാസവും ദൈവത്തിനു കാഴ്ചവച്ചതു്. ''സസന്തോഷം നല്കുന്നവനെ ദൈവം സ്നേഹിക്കുന്നു'' എന്നു വേദപുസ്തകത്തിൽ സൂചിപ്പിച്ചിട്ടുള്ള, ദൈവത്തിനിഷ്ടപ്പെട്ട ആ മനുഷ്യനോടു് വിശുദ്ധനെ താരതമ്യപ്പെടുത്തുന്നതു തികച്ചും അർത്ഥവത്താണു്.

ഇങ്ങനെ സൗമ്യവും സ്നേഹയോഗ്യവുമായ പ്രസന്നതയോടുകൂടി പെരുമാറുവാനും മററുള്ളവരെ അപ്രകാരം പഠിപ്പിക്കുവാനും വിൻസെൻറിനു സാധിച്ചു. തനിക്കു സ്വാഭാവികമായുണ്ടായിരുന്ന ഗൗരവഭാവത്തിലും തപോനിഷ്ഠയിലും പുഞ്ചിരി കൈവെടിയാതിരിക്കുവാൻ അദ്ദേഹം ശ്രമിച്ചു. അപ്രകാരം, തന്നിൽത്തന്നെ പ്രസന്നത സമൃദ്ധമായി നിലനിറുത്തുവാനും മററുള്ളവക്കു ധാരാളമായി അതു പകർന്നു കൊടുക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

# അദ്ധ്യായം പതിന്നാല്

# ഹൃദയപരമാൎത്ഥതയോടുകൂടെ വൎത്തിക്കുക

## വി. വിൻസെൻറിൻെറ സൂക്തികൾ:

ഞാൻ സവിശേഷം സ്നേഹിക്കുന്ന ഒരു പുണ്യമാണ് പരമാൎത്ഥത. ഈ സൽഗുണം എൻെറ എല്ലാ പ്രവൃത്തികളിലും പ്രകാശിക്കുവാൻ ഞാൻ സൎവ്വാത്മനാ ശ്രമിക്കുന്നു.

നിഷ്കളങ്കരും വിനീതരുമായ ആത്മാക്കളെ നമ്മുടെ കൎത്താവു് പ്രത്യക്ഷമായി അനുഗ്രഹിക്കുകയും അവൎക്കു ധാരാളം ദാനങ്ങൾ നല്കുകയും ചെയ്യുന്നുവെന്നതു് സുവിദിതമാണു്. സംഗതികളുടെ യാഥാൎത്ഥ്യം അതേപടി പറയുന്ന വിനീതനാണു്, എൻെറ അഭിപ്രായത്തിൽ, ദൈവത്തിനു് ഏററം ഇഷ്ടപ്പെട്ടവൻ.

കാപട്യമോ വഞ്ചനയോ കൂടാതെ പരമാൎത്ഥതയോടെ പ്രവൎത്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നവരെ എല്ലാവരും സ്നേഹിക്കുന്നു. ഹൃദയത്തിലും വാക്കുകളിലും പരമാൎത്ഥതയും നിഷ്കളങ്കതയുമില്ലാത്തവർപോലും, പരമാർത്ഥഹൃദയരെയാണു് ഇഷ്ടപ്പെടുന്നതു്.

ആത്മാർത്ഥതയുടേയും നിഷ്കാപട്യത്തിൻേറയും അരൂപിയിലാണു നാം എപ്പോഴും പ്രവൎത്തിക്കേണ്ടതു്. കാപട്യം അല്ലെങ്കിൽ നാട്യം ഒരു ക്രിസ്ത്യാനിക്കു് ഒട്ടും ഉചിതമല്ല. ചിന്തിച്ചു ചിന്തിച്ചു് കപടവഴികൾ കണ്ടുപിടിക്കാതെ പരമാൎത്ഥതയോടുകൂടെ നാം പ്രവൎത്തിക്കണം. എല്ലായ്പോഴും പരമാർത്ഥതയും നിഷ്കളങ്കതയുമുള്ളവരായിരിക്കുകമാത്രമല്ല ഈ രണ്ടു സുകൃതങ്ങളും നല്കുവാൻ ദൈവത്തോടു് അപേക്ഷിക്കുകയും ചെയ്യുക. നാട്യമോ സൂത്രമോ കൂടാതെയും നമ്മുടെ സ്വന്തം താൽപര്യങ്ങളാലോ മനുഷ്യസ്തുതിയാലോ

പ്രേരിതമാകാതെയും നേരിട്ടു സത്യത്തെ, അതേ ദൈവ ത്തെത്തന്നെ, സമീപിക്കുവാൻ പരമാൎത്ഥത നമ്മെ പ്രാപ്ത രാക്കുന്നു.

ഹൃദയത്തിന്റെ എളിമയാലും, വാക്കുകളുടേയും പ്രവൃ ത്തികളുടേയും പരമാൎത്ഥതയാലും മാത്രമേ നമ്മുടെ കൎത്താവു സംപ്രീതനാകയുള്ളു. വസ്തുതകൾ ഉള്ളതുപോലെ പ്രസ്താ വിക്കുവാൻ ഞാൻ എപ്പോഴും ഇഷ്ടപ്പെടുന്നു. എന്തെന്നാൽ ദൈവം തന്റെ അനുഗ്രഹസമൃദ്ധി നല്കുന്നതു് ഏതാദൃശ മായ സ്വഭാവമുള്ളവൎക്കാണു്. സ്വന്തം നികൃഷ്ടാവസ്ഥയെ കുറിച്ചുള്ള അവബോധത്തോടെ ജീവിക്കുന്നവൎക്കു മാത്രമേ ആനന്ദവും ദിവ്യസംതൃപ്തിയും കൈവരുകയുള്ളു.

ലളിതമായും ഭക്തിസംവൎദ്ധകമായും പ്രസംഗിക്കുന്ന വരെ ദൈവം അനുഗ്രഹിക്കുന്നു. ക്രിസ്തുനാഥൻ സ്വീകരി ച്ചതിൽനിന്നു ഭിന്നമായ ഒരു പ്രസംഗരീതി അവലംബിക്കു ന്നവരെ അനുകരിക്കുന്നതു് എന്തൊരപരാധമാണെന്നു നി ങ്ങൾ അറിഞ്ഞിരുന്നെങ്കിൽ! വാക്കുകളുടെ വൈശിഷ്ട്യമല്ല, പരമാൎത്ഥതയും എളിമയുമാണു് ആത്മാക്കളിൽ രക്ഷാകര മായ ഫലങ്ങൾ ഉളവാക്കുന്നതു്.

നോക്കുക, നമ്മുടെ കൎത്താവു് എത്ര ലളിതമായി സം സാരിച്ചുവെന്നു്! വിതക്കാരന്റേയും മുന്തിരിത്തോട്ടക്കാര ന്റേയും മററും ഉപമകൾ വഴിയല്ലേ അവിടുന്നു കാൎയ്യങ്ങൾ ശ്രോതാക്കൾക്കു സുഗ്രാഹ്യങ്ങളാക്കിക്കൊടുത്തതു്. നിങ്ങളു ടെ പ്രസംഗം സാധാരണജനങ്ങൾ മനസ്സിലാക്കണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ ഈ വിധത്തിലാണു പ്രസംഗിക്കേ ണ്ടതു്. നമ്മുടെ കൎത്താവു പ്രസംഗിച്ചതുപോലെ ലളിതമാ യി എളിമയോടും ഉപവിയോടുംകൂടി പ്രസംഗിക്കുവിൻ. ക്രിസ്തുനാഥന്റെ അരൂപിയാലല്ലാതെ കൂടുതൽ വിജയ പ്രദമായി ലോകാരൂപിയോടു സമരം ചെയ്യുവാനോ അതി നെ കീഴടക്കുവാനോ നമുക്കു സാദ്ധ്യമല്ല. മിഷ്യൻ ധ്യാ നംമൂലമുളവാകുന്ന സൽഫലങ്ങൾക്കെല്ലാം കാരണം ധ്യാ നാവസരത്തിൽ മിഷ്യനറിമാർ നടത്തുന്ന വേദോപദേശ

ക്ലാസുകളാണെന്നു് എല്ലാവരും സമ്മതിക്കും. അപ്പസ്തോലന്മാർ പ്രസംഗിച്ചതുപോലെ നാമും ദൈവവചനം വളരെ സരളമായും സുവിദിതമായും ലളിതമായും പ്രസംഗിക്കണം.

ഹൃദയ പരമാർത്ഥതയുള്ളവരോടു സംഭാഷിക്കുകയെന്നതാണു ദൈവത്തിനു് ഏററം സംപ്രീതികരമായിട്ടുള്ളതു്. "അവിടുത്തെ സംഭാഷണം പരമാത്ഥികളോടാകുന്നു". ദൈവം പരമാത്ഥികളെയാണിഷ്ടപ്പെടുന്നതു്. അവിടുന്നു് അവരെ സഹായിക്കുകയും അവരുടെ പ്രയത്നങ്ങളിൽ അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു.

## പ്രായോഗിക വിചിന്തനം:

വി. ഗ്രന്ഥം പറയുന്നു: "നീതിമാന്മാരുടെ പരമാർത്ഥത ജ്ഞാനത്തിനുതുല്യം അവരെ നയിക്കുന്നു." ഈ വാക്കുകൾ നമ്മുടെ വിശുദ്ധനെക്കുറിച്ചും പറയാവുന്നതാണു്. പരമാർത്ഥത അദ്ദേഹത്തെ വിസ്മയനീയമാംവിധം ജ്ഞാനിയും സൗഭാഗ്യവാനും ഉത്തമോപദേഷ്ടാവും നിയന്ത്രണപടുവുമാക്കിത്തീർത്തു.

വി. ഗ്രിഗരി പരമാർത്ഥതയെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു. "അതു കാപട്യത്താൽ ആവൃതമാകാത്തതും വഞ്ചനയാൽ മറയ്ക്കപ്പെടാത്തതും അസൂയയാൽ അന്ധകാരമാകാത്തതുമാണു്. അതു സത്യപ്രകാശത്താൽ പ്രശോഭിതവും, ദൈവസാന്നിദ്ധ്യപ്രഭയാലും ശോഭയാലും ഉദ്ദീപ്തവും, പ്രസന്നവും, പകലിനു തുല്യവുമത്രേ." യഥാർത്ഥത്തിൽ ഇതു വി. വിൻസെൻറിൻെറ ഹൃദയപരമാത്ഥതയുടെ മനോജ്ഞമായ ഒരു വിവരണമായി കണക്കാക്കാം. അദ്ദേഹത്തിൻെറ ആത്മാവു് കാർമേഘരഹിതമായ പകലിനു തുല്യമായിരുന്നു. ഏററം ഋജുവായ മാർഗ്ഗങ്ങളിൽക്കൂടിയാണു് അദ്ദേഹം സുകൃതങ്ങളിൽ മുന്നേറിയിരുന്നതു്. "അത്ഭുതാവഹമായ സുകൃതം, എളിമയുടെ പൂർണ്ണത, നമ്മോടുതന്നെയുള്ള പരിപൂർണ്ണ വിരക്തിയുടെ ഫലപ്രാപ്തി, സുവിശേഷത്തിലെ മുത്തു്" എന്നെല്ലാം ഫെനലോൺ വിളിക്കുന്ന പരമാർത്ഥതയെന്ന പുണ്യത്തിൻെറ പരമകാഷ്ഠവരെ വി. വിൻസെൻറു് എത്തിച്ചേർന്നു. കഥാനായകൻ പ്രഭാകിരണംപോലെ പ്രസന്നനും

സൂര്യനെപ്പോലെ പ്രദീപ്തനും ശുദ്ധമായ സ്വർണ്ണത്തെപ്പോലെ നിർമ്മലനുമാണെന്നു പറയുന്നതിൽ അതിശയോക്തി ലേശമില്ല.

വി. വിൻസെൻറിൻെറ എഴുത്തുകൾ സ്പൃഹണീയമായ പല ഗുണവിശേഷങ്ങളുടെ, വിശിഷ്യ, പരമാർത്ഥതയുടെ, ഒരു നിദർശനമാണു നൽകുക. അവ വിശുദ്ധൻെറ ലളിതവും നാട്യരഹിതവുമായ ഭാഷാശൈലിമാത്രമല്ല, അദ്ദേഹത്തിൻെറ വ്യക്തിമാഹാത്മ്യംകൂടി വ്യക്തമാക്കുന്നു. മഹാന്മാരോട്ട് അദ്ദേഹം കാണിച്ച പരിശുദ്ധവും സ്നേഹമസൃണവുമായ സ്വാതന്ത്ര്യംപോലും പരമാത്ഥതയിൽ നിന്നുൽഭൂതമായതാണ്. പരമാർത്ഥതയോടുകൂടി മഹാത്മാക്കൾക്കു ബഹുമാനാദരങ്ങൾ അപ്പിക്കുന്നതുകൊണ്ടു് അവരുടെ ഹൃദയത്തെ നാം കൈവശപ്പെടുത്തുന്നുവെന്നു് തൻെറ സ്നേഹിതനായ വി. ഫ്രാൻസിസ്സ് ദെ സാലസിനോടൊപ്പം വി. വിൻസെൻറും വിശ്വസിച്ചിരുന്നു.

വി. വിൻസെൻറിൻെറ കീത്തിയേറിയ വിവേകത്തേയും ഭരണപാടവത്തേയും കുറിക്കുന്ന മററനവധി ഗുണങ്ങളെപ്പററി നമുക്കു പിന്നീടു പ്രതിപാദിക്കാം. സംസ്കാരരാഹിത്യമോ വിഡ്ഢിത്തമോ നിഴലിക്കുന്നതായി യാതൊന്നും അദ്ദേഹത്തിൻെറ പരമാത്ഥതയിൽ നാം കണ്ടെത്തുകയില്ല. ജ്ഞാനോദ്ദീപ്തനും ബുദ്ധിമാനും ആര്യചരിതനും അതേസമയം വിസ്മയനീയമാംവിധം പരമാർത്ഥതയും വിവേകവും ഒത്തിണങ്ങിയ ഒരാളുമായിട്ടാണ് വി. വിൻസെൻറിനെ ജീവചരിത്രകാരന്മാർ നമുക്കു കാണിച്ചുതരുന്നതു്. സ്വന്തം സാമർത്ഥ്യത്തിൽ വിശ്വസിച്ചിരുന്ന ചിലരുടെ അഹങ്കാരത്തള്ളൽ നിമിത്തം പല പാഷണ്ഡതകളും പ്രചരിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണു വിശുദ്ധൻ ജീവിച്ചിരുന്നതെങ്കിലും, ഏററം സ്ഥിരമായ ആര്യചരിതവും പരിപൂർണ്ണമായ നിഷ്കളങ്കതയും നിറഞ്ഞ ഒരു മഹാത്മാവായിട്ടാണ് അദ്ദേഹത്തെ അവർ ചിത്രീകരിക്കുന്നതു്. അവിശ്വസ്തത, ആശങ്ക, നാട്യം, വിചാരശൂന്യത, വഞ്ചന, വിഡ്ഢിത്തം മുതലായവയിൽനിന്നെല്ലാം മാറിനിന്നുകൊണ്ടു് വിശുദ്ധമായ ഒരു മദ്ധ്യമാർഗ്ഗം സ്വീകരിക്കേണ്ടതെങ്ങനെയെന്നു്

അദ്ദേഹത്തിനു് അറിയാമായിരുന്നു. വിശുദ്ധൻെറ വിചാരങ്ങൾക്കും വാക്കുകൾക്കും പ്രവൃത്തികൾക്കുമെല്ലാം ഉത്തേജനം പകർന്നിരുന്ന സുവിശേഷത്തിനു തുല്യം അദ്ദേഹത്തിൽ പരമാർത്ഥത പ്രശോഭിച്ചു.

ക്രിസ്തീയതപത്തെ ലളിതവും ഋജുവുമായരീതിയിൽ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന സാമത്ഥ്യം പ്രശംസനീയംതന്നെ. വിവേകപൂൎണ്ണവും അനുകമ്പാനിർഭരവുമായ അദ്ദേഹത്തിൻെറ ചൈതന്യവിശേഷം മനുഷ്യരെ അദ്ധ്വാനത്തിലേക്കും പാവങ്ങളെ പട്ടിണിയിലേക്കും തള്ളിവിട്ടില്ല. നമ്മുടെ കത്താവു് തന്നെക്കുറിച്ചുതന്നെ പറഞ്ഞു, താൻ മനുഷ്യരെപ്പോലെ ഭക്ഷിക്കുന്നവനായും പാനംചെയ്യുന്നവനായും, അതായതു്, പ്രത്യേകതകളൊന്നുമില്ലാതെ, ഭൂമിയിൽവന്നുവെന്നു്. അവിട്ടത്തേ ഈ മനോജ്ഞമായ മാതൃക വിൻസെൻറു് സസൂക്ഷ്മം തന്നിലേക്കു പകത്തി. "ഈശോമിശിഹാ ഈ ഭൂമിയിൽ നയിക്കുവാൻ ഇഷ്ടപ്പെട്ട ആ ജീവിത"ത്തെക്കുറിച്ചു് മിക്കപ്പോഴും അദ്ദേഹം ധ്യാനിച്ചിരുന്നെന്നും തൻെറ സഭാംഗങ്ങളോട്ടു് അതേപ്പററി സംസാരിച്ചിരുന്നെന്നും അദ്ദേഹത്തിൻെറ പല എഴുത്തുകളിലുംനിന്നു മനസ്സിലാക്കാം.

അദ്ദേഹത്തിൻെറ സുകൃതാഭ്യാസങ്ങളിൽ അസാധാരണമോ നൈസൎഗ്ഗികമല്ലാത്തതോ ആയി യാതൊന്നുമുണ്ടായിരുന്നില്ലെന്നു് അബെല്ലി പ്രസ്താവിക്കുന്നു. തപോനിഷ്ഠയുള്ള ഒരു ജീവിതത്തിൻെറ യാതൊരു ബാഹ്യലക്ഷണവും അദ്ദേഹം പ്രത്യക്ഷമാക്കിയിരുന്നില്ല. കാരണം, സാധാരണജനങ്ങളുടേയും വൈദികസമൂഹത്തിൻേറയും സേവനത്തിൽ വിജയം കൈവരിക്കാൻ കേവലം സാധാരണജീവിതം നയിക്കുന്നതാണു് ഏററം സമുചിതമെന്നു് അദ്ദേഹത്തിനു ബോധപ്പെട്ടു. വിശിഷ്യ, അദ്ദേഹം എഴുതിയുണ്ടാക്കിയ നിയമസംഹിത സുവിശേഷപരമാത്ഥതയുടെ വിസ്മയനീയമായ ഒരു മാതൃകയാണു്. മററു വാക്കുകളിൽ സുവിശേഷം പ്രായോഗികമാക്കിച്ചെയ്യപ്പെട്ടതാണു് ആ നിയമസംഹിത. വി. ഫ്രാൻസിസ് അസ്സീസിയെക്കുറിച്ചു പതിമൂന്നാം ലെയോ

മാപ്പാപ്പ പറഞ്ഞതുതന്നെ ഈ നിയമസംഹിതയുടെ കർത്താവിലും അനുവർത്ഥമാണു്: "പ്രത്യേക നിയമങ്ങളേക്കാൾ സുവിശേഷനിയമങ്ങൾക്കനുസരണമായി അദ്ദേഹം ബുദ്ധിപൂർവ്വം തൻെറ സഭ സ്ഥാപിച്ചു." ഈ നിയമസംഹിതയാകുന്ന ജീവദായകസത്തയിൽനിന്നു മുളച്ചുവളൎന്നു പുഷ്ടിപ്രാപിച്ച ആ മഹാസ്ഥാപനത്തിൽ എത്ര ആകർഷകമായ പരമാർത്ഥതയാണു വിളങ്ങിക്കാണുന്നതു്! വി. വിൻസെൻറ് ഉപവിയുടെ പുത്രിമാരിൽ ശുദ്ധത, ഭക്തി, ശാന്തത, ആനന്ദം, പ്രവർത്തനചൈതന്യം മുതലായി അത്ഭുതാവഹവും ആകർഷകവുമായ സുകൃതങ്ങൾക്കു് ആരംഭമിട്ടു. എന്നാൽ, ഏററം ഉപരിയായി അദ്ദേഹം അഭിലഷിച്ചതു് അവർ പരമാർത്ഥതയുള്ളവർ ആയിരിക്കണമെന്നാണു്. "കീററുതുണികൾ ധരിക്കേണ്ടിവന്നാലും പരമാർത്ഥത കൈവെടിയാതിരിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കണം" എന്നത്രേ അദ്ദേഹം ഒരിക്കൽ അവരോടു് ഉപദേശിച്ചതു്.

ഗുണവാനായ വിൻസെൻറിനു് ആരെയെങ്കിലും വെറുക്കുവാൻ സാധിച്ചിരുന്നെങ്കിൽ അതു് ഗണിതശാസ്ത്രവിരുതോടെ അതിസൂക്ഷ്മമായി തങ്ങളുടെ വാക്കുകളും പ്രവൃത്തികളും അളന്നുതൂക്കി പ്രയോഗിക്കുന്നവരെയാണു്. നമുക്കറിയാം വി. വിൻസെൻറിൻെറ ജോലികൾ എത്ര ബഹുലവും സുപ്രധാനങ്ങളുമായിരുന്നെന്നു്. എന്നിട്ടും അബെല്ലി പറയുന്നു: "നിശ്ശബ്ദമായി ഇത്രയധികം ജോലികൾ ഏറെറടുത്തു സ്തുത്യർഹമാംവിധം നിർവഹിച്ച ഒരു മനുഷ്യനെ ഒരുപക്ഷേ, നമ്മുടേയോ നമ്മുടെ പൂർവ്വികരുടേയോ കാലത്തു് കാണുവാൻ സാധിക്കയില്ല" എന്നു്.

എല്ലായ്പ്പോഴും എല്ലായിടത്തും പരമാർത്ഥത പാലിക്കാനുള്ള കഴിവു് അദ്ദേഹത്തിനുണ്ടായിരുന്നു. എത്രയോ മനുഷ്യരാണു് കാര്യവ്യഗ്രതകളിലും, മനുഷ്യരോടും വസ്തുക്കളോടുമുള്ള നിരന്തരസമ്പർക്കത്തിലും പെട്ടു് നിഷ്കളങ്കതയും ആര്യചരിതവും നഷ്ടപ്പെടുത്തുന്നതു്! എത്രപേരാണു മന്ത്രിസഭയിലും സമുന്നതസ്ഥാനങ്ങളിലും കയറിയിരുന്നു് പരമാർത്ഥതയുടെ മാരകശത്രുക്കളായി കൗശലത്തിനും ഉപജാപത്തിനും വഞ്ചനയ്ക്കും കാപട്യത്തിനും കൂട്ടുനിൽക്കുന്നതു്!

എന്നാൽ നമ്മുടെ വിശുദ്ധനാകട്ടേ, ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കനും സ്നേഹമയനും വിനീതനുമായിരുന്നു.

അപ്പസ്തോലികപ്രവർത്തനങ്ങളിൽ പരമപ്രധാനവും ഏററം പരിഗണനാർഹവുമായ ഒന്നാണു പ്രസംഗം. പ്രസംഗകലയിൽ അതിനിപുണരായവക്കുള്ള ഗുണവിശേഷങ്ങളെല്ലാം തൻെറ പ്രസംഗകക്കും ഉണ്ടായിരിക്കണമെന്നു് അദ്ദേഹം അഭിലഷിച്ചു. പ്രസംഗത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ ചിലതെല്ലാം തൻെറ എഴുത്തുകളിൽ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ടു്: പ്രസംഗകൻ ഭീരുതചത്തെ ജയിക്കുകയും ഊർജ്ജസ്വലനായി പ്രസംഗിക്കുകയുംവേണം. പ്രസംഗകൻെറ ബാഹ്യമായ പെരുമാററവിശേഷം പ്രസംഗത്തിൻെറ മേന്മയ്ക്കു് ഉപകരിക്കും. നീണ്ട പ്രസംഗങ്ങൾ പരിവജ്ജിക്കണം. എന്തുകൊണ്ടെന്നാൽ, അവ സാധുജനങ്ങളെ ക്ഷീണിപ്പിക്കുകയും അവരുടെ ബുദ്ധിക്കു ഭാരമായിത്തീരുകയുംചെയ്യും. അവ പ്രസംഗത്തിൻെറ ഫലപ്രാപ്തിക്കു മാർഗ്ഗതടസ്സമാകാനും ശ്രോതാക്കളുടെ ക്ഷമ പരീക്ഷിക്കാനും മാത്രമേ പര്യാപ്തമാകയുള്ളു. ആർക്കെങ്കിലും മനോവേദന ഉളവാക്കത്തക്ക പ്രയോഗങ്ങൾ പ്രസംഗത്തിൽ കടന്നുകൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ശ്രോതാക്കൾക്കു സന്മാതൃകയായിരിക്കത്തക്കവണ്ണം പ്രസംഗകർ ഉപവിയും എളിമയുമുള്ളവരായിരിക്കണം. ദയാർദ്രത ഉപദേശിച്ചുകൊണ്ടു് അദ്ദേഹം പറയുന്നു: "കൈപ്പു് കൈപ്പിനെ വർദ്ധിപ്പിക്കുവാൻ മാത്രം ഉപകരിക്കുന്നു." ഒരുത്തൻ തന്നെക്കുറിച്ചുതന്നെ പ്രസംഗിക്കരുതു്. അഹങ്കാരത്താലും സ്വാഭിമാനത്താലും പിശാചിനോടു പൊരുതുവാൻ സാധിക്കയില്ല. കാരണം, ഇവ നമ്മേക്കാൾ കൂടുതലായി അവനുള്ളതുകൊണ്ടു് ഈ മാർഗ്ഗങ്ങളുപയോഗിച്ചു് അവനെ ജയിക്കുക സാദ്ധ്യമല്ല. എന്നാൽ, നാം എളിമയോടുകൂടി അവനോടു യുദ്ധം ചെയ്താൽ അവനെ കീഴടക്കാം. എന്തെന്നാൽ, അവനു് എളിമയില്ല. മാത്രമല്ല, അത്തരം ആയുധങ്ങളോടെതിർത്തു യുദ്ധം ചെയ്യുവാൻ അവനു സാധ്യമല്ലതന്നെ. അദ്ദേഹം വീണ്ടും പറയുന്നു: "ധ്യാനപ്രസംഗങ്ങൾ ചെയ്യുന്ന നിങ്ങൾ

വ്യർത്ഥാഭിമാനത്തിന്ന് അധീനരാകാതിരിപ്പാൻ സൂക്ഷിച്ചു കൊള്ളുവിൻ. ആകുലതയോടെ കാൽവരി കയറുന്നതുപോലെവേണം നിങ്ങൾ പ്രസംഗപീഠത്തിൽ കയറുവാൻ.'' അദ്ദേഹം ശക്തിയുക്തം ആവത്തിച്ചുപറഞ്ഞിട്ടുണ്ട്, ബഹുമാനത്തിനും ജനപ്രീതിക്കുംവേണ്ടി ദൈവവചനവും ദൈവികകാര്യങ്ങളും ഉപയോഗിക്കുന്നതു് ദൈവദോഷമാണെന്നു്. ''ഹൃദയ വാഗ്മികളെ നിർമ്മിക്കുന്നു'' എന്ന പ്രസിദ്ധ തത്വത്തെക്കുറിച്ചു് അദ്ദേഹത്തിനു നല്ല ബോധ്യമുണ്ടായിരുന്നു. തൻെറ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. വിൻസെൻറു് ഫെററിൻെറ വാക്കുകളിൽ അദ്ദേഹം ഇപ്രകാരം പറയുന്നു: ''ദയാർദ്രമായ അനുകമ്പയുടെ പ്രേരണകൂടാതെ പ്രസംഗം ഫലമണിയുകയില്ല.'' ''നല്ല മനുഷ്യൻ സംസാരത്തിനു സമത്ഥനാണു്'' (Vir bonus dicendi peritus) എന്ന തത്വത്തിലും അദ്ദേഹത്തിനു നല്ല വിശ്വാസമുണ്ടായിരുന്നു. നാം മനുഷ്യരെ സ്നേഹിക്കുന്നതു് അവർ അറിവുള്ളവരാണെന്ന മാനദണ്ഡം വച്ചല്ല, പിന്നെയോ അവർ നല്ലവരാണെന്നു് നാം വിധിക്കുന്നതുകൊണ്ടത്രേ. ഏററം അറിവുള്ളവരല്ല പ്രസംഗങ്ങൾകൊണ്ടു സൽഫലം പുറപ്പെടുവിക്കുന്നതു്; പിന്നെയോ, ദൈവത്തിൽനിന്നു് വരപ്രസാദം ധാരാളമായി സ്വീകരിക്കുന്നവരത്രേ. പ്രാർത്ഥനയാണു പ്രസംഗകൻെറ ഏററം വലിയ ഗ്രന്ഥം. അതിൻെറ സഹായം കൂടാതെ അയാൾ യാതൊരു ഫലവും പുറപ്പെടുവിക്കയില്ല. പ്രാർത്ഥനയുടെ പിൻബലമുള്ള പ്രസംഗങ്ങൾ മാത്രമേ മനുഷ്യഹൃദയങ്ങളെ സ്പർശിക്കയുള്ളൂ. മാനുഷികവും തത്വശാസ്ത്രപരവുമായ ന്യായങ്ങൾകൊണ്ടു നിറഞ്ഞ പ്രസംഗങ്ങൾ ചെയ്യുന്നവർ ഉളവാക്കുന്നതിനേക്കാൾ വളരെയധികം നന്മ, വിശ്വാസവെളിച്ചത്തിലും പ്രസാദവരത്തോടു സഹകരിച്ചും പ്രസംഗിക്കുന്നവർ ഉളവാക്കുന്നുണ്ടെന്നു് അനുദിനാനുഭവം നമ്മെ പഠിപ്പിക്കുന്നു. കാരണം, ശ്രോതാക്കളുടെ ഹൃദയങ്ങളെ ഇളക്കത്തക്ക നിഗൂഢമായ ഒരു ദിവ്യശക്തി അത്തരം പ്രസംഗങ്ങൾക്കുണ്ടു്.

പൊതുപ്രസംഗങ്ങൾക്കും സുവിശേഷപ്രസംഗങ്ങൾക്കും അതതിനു യോജിച്ച ഗുണവിശേഷങ്ങൾ ഉണ്ടായിരിക്കണമെന്നു് വി. വിൻസെൻറു നിഷ്കർഷിച്ചു. എന്നാൽ

പതിനേഴാം ശതാബ്ദത്തിലേ 'പ്രസംഗപരിഷ്കർത്താവ്' എന്ന പേരു് വി. വിൻസെൻറിനു ലഭിക്കുവാനും, സുപ്രസിദ്ധ വാഗ്മിയായ ബോസ്വേ പോലും പ്രശംസിക്കുവാനും കാരണമാക്കിയതു്, വിശുദ്ധൻ തൻെറ പ്രസംഗങ്ങളിൽ നിഷ്ക്കർഷാപൂർവ്വം പുലർത്തിവന്ന ഭാഷാലാളിത്യം ഒന്നു മാത്രമാണു്. "If any man speaks, let him speak as the word of god"—"ആരെങ്കിലും സംസാരിക്കുന്നുവെങ്കിൽ ദൈവവചനമെന്നപോലെ സംസാരിക്കട്ടെ" എന്ന വി. പത്രോസിൻെറ മനോജ്ഞമായ വാക്കുകളാണു് ബോസ്വേ വി. വിൻസെൻറിൽ ആരോപിച്ചതു്.

ദൈവവചനം ഏററം ലളിതമായ രീതിയിൽ വിവരിക്കുന്നതാണല്ലോ വേദപാഠം. ധ്യാനപ്രസംഗങ്ങളുടെ മൂന്നിലൊന്നു സമയമെങ്കിലും വേദപാഠ വിശദീകരണത്തിനായി വിനിയോഗിക്കണമെന്നു് വിൻസെൻറു എഴുതിയുണ്ടാക്കിയ നിയമങ്ങളിൽ അനുശാസിച്ചിരിക്കുന്നു. ഈ നിയമം നിഷ്കൃഷ്ടാപൂർവ്വം പാലിക്കണമെന്നു് മിഷ്യൻ ധ്യാനങ്ങളിൽ വ്യാപൃതരായിരുന്ന തൻെറ വൈദികർക്കു് അദ്ദേഹം പലപ്പോഴും എഴുതിയിട്ടുണ്ടു്. ധ്യാനപ്രസംഗങ്ങൾ മൂലമുണ്ടാകുന്ന ഫലസമൃദ്ധിക്കെല്ലാം നിദാനം വേദാദ്ധ്യയനമാണെന്നു് എല്ലാവരും സമ്മതിക്കും. ഏതൽക്കാരണത്താൽ, ഇക്കാലത്തും അപ്പസ്തോലിക പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർക്കു് വി. വിൻസെൻറിൻെറ പ്രബോധനപദ്ധതി ഏററം ഫലദായകമായ ഒന്നായി സ്വീകരിക്കാവുന്നതാണു്.

## അദ്ധ്യായം പതിനഞ്ച്

# നന്മയോടുകൂടി പ്രവർത്തിക്കുക

---

### വി. വിൻസെൻറിൻെറ സൂക്തികൾ:

ദൈവത്തിൻെറ സ്വകീയഗുണമായി പരിഗണിക്കപ്പെടുന്ന മനോഹരമായ ഒരു പുണ്യമാണു കരുണ. എല്ലാക്കാര്യങ്ങളിലും എല്ലായിടത്തും ദൈവേഷ്ടം നിർവഹിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ നാം എല്ലായ്പ്പോഴും കരുണയുള്ളവരായിരിക്കണം. സൗമ്യതയോടും ദയവോടും സ്നേഹത്തോടുംകൂടിയായിരിക്കണം നാം രോഗികളെ ശുശ്രൂഷിക്കുന്നതു്.

സാധുക്കളോടും പീഡിതരോടുംകൂടി സഹതപിക്കുക. അവർക്ക സാന്ത്വനമരുളുവാനാണു് ദൈവം നിങ്ങളെ നിയോഗിച്ചിരിക്കുന്നതു്. ദൈവം പാവപ്പെട്ടവരെ സ്നേഹിക്കുന്നു. തന്മൂലം അവരെ സ്നേഹിക്കുന്നവരെയും അവിടുന്നു സ്നേഹിക്കുന്നു. ജീവിതകാലത്തു് സാധുക്കൾക്കു് ഉപകാരം ചെയ്യുന്നവരാരും മരണത്തെ ഭയപ്പെടുകയില്ല.

അയല്ക്കാരൻെറ സങ്കടങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കുവാൻ കഴിയത്തക്കവണ്ണം നാം നമ്മുടെ ഹൃദയത്തെ ദയാർദ്രമാക്കണം. ദൈവത്തിൻെറ അരൂപിതന്നെയായ കരുണയുടെ ചൈതന്യം ലഭിക്കുവാൻ നമുക്കു ദൈവത്തോടു യാചിക്കാം.

മോചിക്കപ്പെട്ട പാപങ്ങളെപ്രതി ഒരിക്കലും നമ്മെ കുററപ്പെടുത്താത്ത ദൈവത്തിൻെറ സന്മനോഭാവത്തെ നമുക്കനുകരിക്കാം. വ്യക്തികളേയും സമൂഹങ്ങളേയും തമ്മിൽത്തമ്മിലും ദൈവത്തോടും ബന്ധിക്കുന്ന ശൃംഖലയാണു് ഉപവി. സഹോദരസ്നേഹം നിത്യരക്ഷയുടെ അടയാളമാണു്. ഇതത്രേ യേശുക്രിസ്തുവിൻെറ യഥാർത്ഥശിഷ്യരുടെ ലക്ഷണം.

ഞാനൊരു വലിയ പാപിയായിരിക്കേ, സന്മനസ്സുള്ള വലിയ പാപികളെ എനിക്കു തിരസ്കരിക്കവയ്യ. നിൻെറ അധീനതയില്ലുള്ളവരോടു സൗമ്യമായി പെരുമാറുക. സ്വാതന്ത്ര്യസിദ്ധമായ വിവേകത്തോടും സൗമ്യതയോടുംകൂടി അവരെ ഭരിക്കുക.

സകല കാര്യങ്ങളിലും സദാ ആളുകളേയും വസ്തുതകളേയും ഏററം നന്നായി വിധിക്കുന്നതിനു ശ്രമിക്കുക. ജനീവായിലേ മെത്രാൻ ഇപ്രകാരം പറയുന്നു: "ഒരു കാര്യത്തിനു നൂറുവശങ്ങളുണ്ടെങ്കിൽ അതിൽ ഏററവും നല്ലതിനെ മാത്രം ഞാൻ വീക്ഷിക്കുന്നു." നിനക്കെതിരായി തങ്ങളുടെ ഹൃദയകവാടങ്ങളെ അടച്ചുകളയുന്നവരോട് അവസരോചിതം നിൻെറ സ്നേഹത്തേയും സന്മനസ്സിനേയും വെളിപ്പെടുത്തുക.

## പ്രായോഗിക വിചിന്തനം:

ഇല്ലായ്മയിൽനിന്ന് ഈ പ്രപഞ്ചത്തിനു രൂപംകൊടുത്ത സ്രഷ്ടാവായ ദൈവത്തിൽ ആരംഭംമുതൽ നന്മ പ്രശോഭിച്ചിരുന്നു. ഈ നന്മ എല്ലാ സൃഷ്ടികളിലും, വിശിഷ്യ, തൻെറ പ്രതിഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനിലും പ്രതിബിംബിച്ചു കാണുവാൻ അവിടുന്ന് അഭിലഷിക്കുകയും ചെയ്യുന്നു.

സകല ചരാചരങ്ങളേയും അത്ഭുതാവഹമായ സൗമ്യതയോടും ശക്തിയോടുംകൂടെ കാത്തുപരിപാലിച്ച് അവയെ അന്ത്യത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന ദൈവം ഈ സൽഗുണത്തെ നിരന്തരം പ്രായോഗികമാക്കിച്ചെയ്തുകൊണ്ടിരിക്കയാണ്. പാപികളോടും പാവപ്പെട്ടവരോടും കരുണാപൂർവം വർത്തിക്കുകയും, ദുഃഖിതരേയും പീഡിതരേയും സമാശ്വസിപ്പിക്കുകയും, അങ്ങനെ എല്ലാവർക്കും നന്മ ചെയ്യുകയും ചെയ്തുകൊണ്ട് ഇഹലോകത്തിൽ ജീവിച്ച ലോകരക്ഷകനായ മിശിഹായിൽ ഈ വിശിഷ്ടഗുണം നിരന്തരം പ്രശോഭിച്ചിരുന്നു.

സ്വർഗ്ഗീയമായ ഒരനുഭവമാണ് ഇതിനുള്ളതു്. നന്മ ദൈവത്തിൻെറ ഒരവശ്യഗുണമത്രേ. മനുഷ്യാവതാരംവഴി അതു മനുഷ്യനു വെളിപ്പെട്ടുത്തപ്പെട്ടു. മററെല്ലാ ഗുണങ്ങളേയുംകാൾ ഏററം ഹൃദയാവർജ്ജകവും ദൈവികവുമാണിതു്. മററുള്ളവരെ സന്തോഷിപ്പിക്കുന്നതിനായി നമ്മുടെ ആത്മാവിൻേറയും ഹൃദയത്തിൻേറയും കഴിവുകളെ പരമാവധി പ്രായോഗികമാക്കിക്കൊണ്ടു്, നമ്മോടു മററുള്ളവർ എപ്രകാരം വർത്തിക്കണമെന്നു നാം ആഗ്രഹിക്കുന്നുവോ അപ്രകാരം അവരോടു വർത്തിച്ചുകൊണ്ടു്, നമ്മെത്തന്നെ നമ്മുടെ അയല്ക്കാരൻെറ സേവനത്തിനായി സമർപ്പിക്കുവാൻ ഈ സൽഗുണം നമ്മെ പ്രേരിപ്പിക്കുന്നു.

ഒരുവൻെറ വ്യക്തിത്വത്തിൻെറ വികസനവും സ്വയാർപ്പണവുമാണു് ഈ ഗുണം. നമ്മുടെ പ്രകൃതിയുടെ സാധാരണമായ വികസനമെന്നല്ല, പ്രത്യുത, മനുഷ്യത്വത്തിൻെറ അത്യുൽകൃഷ്ടത—"സീമയററ ധാർമ്മികസൗന്ദര്യത്തിൻെറ പരമവും അതുല്യവുമായ സ്വഭാവം" എന്നാണു നന്മയെ വിളിക്കേണ്ടതു്.

നമ്മുടെ മുഖഭാവത്തിലും നോട്ടത്തിലും ഈ സൽഗുണം പ്രതിബിംബിക്കണം. ദയാർദ്രമായ ഒരുനോട്ടം, കറയററ ഒരു പുഞ്ചിരി, സ്നേഹമസൃണമായ ഒരുവാക്കു്, ഇവയെല്ലാം ആന്തരികമായ നന്മയുടെ ബാഹ്യസ്ഫുരണങ്ങളാണു്. ഹൃദയാവർജ്ജകതയും മനോജ്ഞതയും ആകർഷകത്വവുംനിറഞ്ഞ ഒരു വിശാലമായ സാമ്രാജ്യമാണു് നന്മയുടെ പ്രവർത്തനമണ്ഡലം. ഭയമോ ദുഃഖമോ നിമിത്തം അടക്കപ്പെട്ടുപോയ ഹൃദയങ്ങൾ തുറക്കപ്പെടുന്നതിനു് ഈ ഗുണം പ്രേരകമായി ഭവിക്കുന്നു. വാഗ്മിത്വവും തീക്ഷ്ണതയുംകൊണ്ടെന്നതിനേക്കാൾ കൂടുതൽ ഫലപ്രദമായി ഈ സൽഗുണംവഴി മാനസാന്തരങ്ങൾ സാധിക്കുകയും പുണ്യപാന്ഥാവിൽ മുന്നേറുന്നതിനു് ആത്മാക്കൾക്കു ധൈര്യം പകരുകയുംചെയ്യാം. കരുണാർദ്രമായ വാക്കുകളിലൂടെ ഇതു മററുള്ളവർക്കു് ആശ്വാസം പകരുന്നു. തിന്മയെ ഇതു സംശയിക്കുന്നില്ല. എന്നാൽ തിന്മ വ്യക്തമാകുമ്പോൾ സാവധാനത്തിൽമാത്രം അതിനെതിരായി പോരാടുവാൻ തുടങ്ങുന്നു. ഒഴിവുകഴിവുകൾ കണ്ടു

പിടിച്ചുകൊണ്ടു് മററുള്ളവരുടെ കുററങ്ങളെ ലഘൂകരിക്കുന്ന തിനും അനുകൂലമായ വ്യാഖ്യാനങ്ങൾ നല്കുന്നതിനും ശ്രമി ക്കുന്നതു് ഈ സൽഗുണത്തിൻെറ വിശേഷതയാണു്.

മഞ്ഞും മഴയും വിളവു വർദ്ധിപ്പിക്കുകയും സൂര്യൻ അ വയെ വിളയിക്കുകയും ചെയ്യുന്നതുപോലെയാണു് നന്മയുടെ പ്രവർത്തനം. മനുഷ്യനിൽ നന്മയായിട്ടുള്ളതിനെയെല്ലാം പരിപോഷിപ്പിച്ചു് ഫലമണിയിക്കുന്നതിനുള്ള അത്ഭുതാ വഹമായ ഒരു ശക്തി ഇതിനുണ്ടു്. ഇതിൻെറ രശ്മികളുടെ പ്രസരമേററു് മഹാ ദുഷ്ടന്മാർക്കുടെയും തങ്ങളിൽ മറഞ്ഞു കിടക്കുന്ന നല്ല കഴിവുകൾ പ്രത്യക്ഷമാക്കുന്നതിനും ചുരുങ്ങി യ തോതിലെങ്കിലും നന്മ പ്രവത്തിക്കുന്നതിനും തുടങ്ങുന്നു.

സ്നേഹംനിറഞ്ഞ ഒരു സ്വർഗ്ഗീയദൂതനെപ്പോലെ നന്മ മനുഷ്യരെ പരസ്പരം യോജിപ്പിക്കുന്നു. ഇതു സൽപ്രവൃത്തി കൾക്കു ജീവനും മാധുര്യവും പ്രദാനം ചെയ്യും. പാവപ്പെട്ട വക്കു ദാനധമ്മം ചെയ്യുന്നതു് ഹൃദയംഗമവും കരുണാസമ്പൂർ ണ്ണവുമായ മനഃസ്ഥിതിയോടു കൂടിയായിരിക്കും. നന്മ ഒരി ക്കലും പരുഷമായോ വേദനാജനകമായോ കുററപ്പെടുത്തുക യില്ല. നിയമത്തിൻെറ കാർക്കശ്യവും കാഠിന്യവും അതു നീക്കിക്കളയുന്നു.

അത്യുൽകൃഷ്ടമായ സത്പ്രവൃത്തികൾ പുറപ്പെടുത്തുന്ന തീച്ചൂളയാണു നന്മ. നിർഭാഗ്യർക്കും ആലംബഹീനർക്കു മായി ആതുരാലയങ്ങൾ ലോകത്തിലങ്ങോളമിങ്ങോളം അതു പണിതുയർത്തി. ഏററം ബീഭത്സമായ വ്രണങ്ങൾപോലും അതിനു വെറുപ്പുളവാക്കിയിട്ടില്ല.

ധീരാത്മാക്കൾക്കും വിശുദ്ധക്കും മഹാത്മാർക്കും അതു രൂപംകൊടുത്തിട്ടുണ്ടു്. നന്മയെന്ന സൽഗുണം സവിശേഷം പ്രകടമാക്കിയിരുന്നവരാണു് വി. യോഹന്നാൻ, വി. പൗ ലോസു്, വി. ബേയ്സിൽ, വി. ബർണാർദ്ദു്, ഹങ്കറിയിലെ വി. എലിസബത്തു്, വി. ഫ്രാൻസീസു് ദെ സാലസു് മുത ലായ സിദ്ധന്മാർ. മനുഷ്യവർഗ്ഗത്തിൻെറ ഒരു വലിയ ഗുണ കാംക്ഷിയായിരുന്ന വി. വിൻസെൻറിൽ ഈ സൽഗുണം

അത്യുന്നതമായ നിലയിൽ വിളങ്ങി പ്രശോഭിച്ചിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

സഭ വണങ്ങുകയും തലമുറകൾ ശ്ലാഘിക്കുകയും ചെയ്യുന്ന വി. വിൻസെൻറ് എപ്രകാരമാണ് പ്രവൎത്തിച്ചിരുന്നതെന്നു വിവരിക്കുവാൻ ഏതാനും വാക്കുകൾ മതിയാകും. "അദ്ദേഹം നല്ലവനായിരുന്നു." അതേ, അദ്ദേഹം നന്മയോടുകൂടി പ്രവൎത്തിച്ചിരുന്നു.

വിശുദ്ധൻെറ ഗുണഗണങ്ങളെ ചിത്രീകരിക്കുവാൻ ആഗ്രഹിക്കുന്ന ഒരു കലാകാരൻ അവയുടെ പ്രാമാണ്യം കണക്കിലെടുത്തുകൊണ്ടു് ഏറെക്കുറെ സ്വതന്ത്രമായി ഒരു ലിസ്റ്റു തയ്യാറാക്കിയേക്കാം. എന്നാൽ, നന്മയെന്ന ഗുണത്തിനു് ആ ലിസ്റ്റിൽ പ്രഥമസ്ഥാനം നല്കേണ്ടിവരും.

ഏതു സാഹചര്യത്തിലും നന്മയോടുകൂടി പ്രവൎത്തിച്ചുകൊണ്ടാണു് ഈ വിശിഷ്ടഗുണത്തിൻെറ പ്രാധാന്യവും ആവശ്യകതയും അദ്ദേഹം പ്രകടമാക്കിയിരുന്നതു്. വിശുദ്ധൻെറ ജന്മസിദ്ധമായ ഒരു ഗുണമായിരുന്നു നന്മ. കേവലം പത്തുവയസ്സുള്ള ഒരു ബാലനായിരുന്നപ്പോൾ ഒരു സാധുവൃദ്ധൻെറ ദരിദ്ര്യാവസ്ഥകണ്ടു് തൻെറ അന്നുവരെ ഉണ്ടായിരുന്ന സമ്പാദ്യം മുഴുവൻ പണസഞ്ചി തുറന്നു് അയാൾക്കു ദാനം ചെയ്തതായി വിശുദ്ധൻെറ ജീവചരിത്രത്തിൽ നാം കാണുന്നു. ഇതുപോലെതന്നെ മറെറാരവസരത്തിൽ വിൻസെൻറു് മില്ലിൽനിന്നും ഗോതമ്പുമാവുമായി വീട്ടിലേക്കു മടങ്ങുകയായിരുന്നു. വഴിമദ്ധ്യേ ഒരു യാചകൻ ഭിക്ഷയാചിച്ചു. വിൻസെൻറിൻെറ കൈവശം അപ്പോൾ പണം ഉണ്ടായിരുന്നില്ല. അതിനാൽ തൻെറ പക്കലുണ്ടായിരുന്ന ഗോതമ്പുമാവു് കൈനിറയെ വാരി ആ സാധുവിനു കൊടുത്തു.

വിശുദ്ധനിൽ നൈസർഗ്ഗികമായി വിളങ്ങിയിരുന്ന നന്മ പ്രസാദവരത്തോടുള്ള സഹകരണംകൊണ്ടു് വിസ്മയാവഹമായി അഭിവൃദ്ധിപ്പെട്ടു. ബാല്യകാലത്തിലെ മുൻപറഞ്ഞവിധമുള്ള ഉപവിപ്രവൃത്തികൾ, ഭാവിയിൽ അദ്ദേഹം വൻതോതിൽ ചെയ്യാനിരുന്ന പരോപകാരപ്രവൃത്തികളുടെ മുന്നോടിമാത്രമായിരുന്നു.

പ്രകൃതിയുടേയും പ്രസാദവരത്തിൻേറയും പരമകാഷ്ഠയായി വി. വിൻസെൻറിൽ നന്മ പ്രശോഭിച്ചു. അദ്ദേഹം നടപ്പിലാക്കിയ പരിഷ്കാരങ്ങളുടേയും ആരംഭിച്ച സ്ഥാപനങ്ങളുടേയുമെല്ലാം അസ്തിവാരം ഈ നന്മതന്നെയായിരുന്നു. ഒററവാക്കിൽ വി. വിൻസെൻറിൻെറ വിശുദ്ധിയുടെ പര്യായമായി നന്മയെ പരിഗണിക്കാം. പല പ്രസ്ഥാനങ്ങളുടേയും സമാരംഭകനും പ്രവത്തനതൽപരനും ആയിരുന്ന വിശുദ്ധൻ ചിലപ്പോഴെല്ലാം നിശ്ചയദാർഢ്യത്തോടും കാർക്കശ്യത്തോടുംകൂടി പ്രവർത്തിക്കുവാൻ നിർബന്ധിതനായിരുന്നു. ഇതു് അദ്ദേഹത്തിൻെറ നന്മക്കോ കരുണക്കോ ഒരപവാദമായിത്തീരുന്നില്ല. അന്യരിൽ കാണുന്ന നന്മയെ വിശുദ്ധൻ പ്രശംസിച്ചിരുന്നു. അദ്ദേഹംതന്നെ പലപ്പോഴും മററുള്ളവരുടെ മുക്തകണ്ഠമായ പ്രശംസക്കു പാത്രമായിട്ടുണ്ടു്. തിന്മയുടെ ലേശംപോലും സംശയിക്കാതിരിക്കുന്നതിനും നന്മയുടെ നേരിയ കിരണങ്ങൾകൂടി അപഗ്രഥനം ചെയ്തു മനസ്സിലാക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞതു് തന്നിൽ വിളങ്ങിയിരുന്ന നന്മയുടെ ആധിക്യം നിമിത്തമാണു്.

ആരോഗ്യ സംരക്ഷണത്തിൻെറ ആവശ്യകതയെപ്പററി തൻെറ സഭാംഗങ്ങളോടും ഉപവിയുടെ സഹോദരികളോടും വിശുദ്ധൻ പലപ്പോഴും ഉപദേശിക്കാറുണ്ടായിരുന്നു. പ്രസ്തുത ഉപദേശശകലങ്ങൾ അദ്ദേഹത്തിൻെറ നന്മയുടെ ബഹിർസ്ഫുരണങ്ങൾ മാത്രമായിരുന്നു. അവരുടെ സന്തോഷങ്ങളിൽ അവരോടുകൂടി സന്തോഷിക്കുകയും അവരുടെ ദുഃഖങ്ങളിൽ അവരോടുകൂടി ദുഃഖിക്കുകയും ചെയ്യുന്നതിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നതും ഈ സൽഗുണമാണു്. അവക്കു സങ്കടം വരുത്തത്തക്കവിധം എന്തെങ്കിലും പറയുവാൻ നിർബന്ധിതനാകുമ്പോൾ, ഹൃദയവേദനയോടെയാണദ്ദേഹം അതു നിവ്ഹിച്ചിരുന്നതു്.

വി. വിൻസെൻറു് തൻെറ സഭാംഗങ്ങളായിരുന്ന വൈദികരെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നും എത്രമാത്രം ഹൃദയാർദ്രതയോടെയാണു് അവരോടു പെരുമാറിയിരുന്നതെന്നും പറയുക വിഷമമാണു്. മഡഗാസ്കറോ ടുണീസോ പോലെ വൈഷമ്യം നിറഞ്ഞ മിഷ്യൻരംഗങ്ങളിലേക്കു

വിദൂരദേശങ്ങളിലേക്കം തൻെറ വൈദികരെ അയയ്ക്കേണ്ടി വന്നിരുന്നപ്പോൾ അവൎക്കുണ്ടായിരുന്ന മനോവികാരങ്ങളെ നിരൂപിച്ചറിയുന്നതിന് നന്മ അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നു.

തൻെറ അധികാരം പ്രയോഗിക്കുന്നതിൽ വിശുദ്ധൻ നന്മയോടുകൂടെയാണു വൎത്തിച്ചിരുന്നതു്. ശാസനയോ കല്പനയോ ധ്വനിക്കുന്ന വാക്കുകൾ അദ്ദേഹത്തിൻെറ അധരങ്ങളിൽനിന്നും പുറപ്പെട്ടിരുന്നില്ല. സൗമ്യമായും അഭ്യൎത്ഥനാരൂപത്തിലുമുള്ള കല്പനയുമായിരുന്നു വിശുദ്ധൻെറ ഭരണത്തിൻെറ പ്രത്യേകതകൾ. ഒരു ഭരണകൎത്താവിനുണ്ടായിരിക്കേണ്ട ഗുണങ്ങളിൽ പ്രഥമവും പ്രധാനവുമായതു നന്മയാകുന്നുവെന്നു് ബോസ്വേ ഒരിക്കൽ പറയുകയുണ്ടായി. മിഷ്യൻ സംഘത്തിൻെറ സ്ഥാപകനായ വി. വിൻസെൻറിൽ ഈ ഉൽകൃഷ്ടഗുണം പ്രശംസാൎഹമാംവിധം പ്രശോഭിച്ചിരുന്നുവെന്നു് അദ്ദേഹത്തിൻെറ ജീവചരിത്രം സാക്ഷിക്കുന്നു. ഒരു വിശുദ്ധനെന്ന നിലയിൽ അദ്ദേഹം സ്വൎഗ്ഗം കരസ്ഥമാക്കി. നല്ലവനായ ഒരു മനുഷ്യനെന്ന നിലയിൽ അദ്ദേഹം മനുഷ്യഹൃദയങ്ങൾ കവൎന്നെടുത്തു.

വിൻസെൻറു് പലപ്പോഴും പറയാറുണ്ടായിരുന്ന ഒരു ചിന്താശകലം അബെല്ലി ചിത്രീകരിച്ചിരിക്കുന്നതിപ്രകാരമാണു്: "ഏതു ജീവിതാവസ്ഥയിലായിരുന്നാലും എല്ലാക്കാര്യങ്ങളിലും നമ്മുടെ കൎത്താവായിരിക്കണം നമ്മുടെ മാതൃക. അവിടുന്നു എങ്ങനെ ഭരിച്ചുവെന്നു മനസ്സിലാക്കി അതിനനുസരണം ഭരണകൎത്താക്കൾ തങ്ങളുടെ ഭരണീയരെ നിയന്ത്രിക്കട്ടെ. ദിവ്യനാഥൻ സ്നേഹത്തോടുകൂടിയാണു് ഭരിച്ചതു്."

ഒരിക്കൽ വി. വിൻസെൻറു് ചില പ്രത്യേക കാരണങ്ങളാൽ തൻെറ മിഷ്യനറിമാരിലൊരാളോടു് ഇങ്ങനെ പറഞ്ഞു: "ഒരു അധികാരിയോ അദ്ധ്യാപകനോ ആയിട്ടു പ്രത്യക്ഷപ്പെടാതിരിക്കുവാൻ ശ്രമിക്കുക. നന്നായി ഭരണം നടത്തുവാൻ കുറേയൊക്കെ അധികാരപൂൎവ്വം പെരുമാറുകയും ഒരധികാരിയായി തന്നെത്തന്നെ കാണിക്കുകയും വേണമെന്നു് ആരോ ഈയിടെ എന്നോടു പറയുകയുണ്ടായി.

പക്ഷേ, ഞാൻ ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. എൻെറ ദൈവമേ! നമ്മുടെ കർത്താവ് അങ്ങനെ ഒരിക്കലും പറഞ്ഞിട്ടില്ല.''

വിശുദ്ധൻ ദൈവത്തെ എപ്രകാരം സ്നേഹിച്ചിരുന്നുവോ അപ്രകാരമാണ് തൻെറ അയല്ക്കാരനേയും സ്നേഹിച്ചിരുന്നത്. കലവറയില്ലാത്ത സ്നേഹമായിരുന്നു അത്. നെററിയിലെ വിയർപ്പുകൊണ്ടും അദ്ധ്വാനംകൊണ്ടും അയല്ക്കാരനു നന്മ വരുത്തുവാൻ പോരുന്ന ക്രിയാത്മകമായ ഒരു സ്നേഹമായിരുന്നു അതു്. സത്യത്തിലും പ്രവൃത്തിയിലും അവരെ അദ്ദേഹം സ്നേഹിച്ചു. ഹൃദയമലിഞ്ഞു് അദ്ദേഹം ബാഷ്പകണങ്ങൾ പൊഴിക്കുക സാധാരണമായിരുന്നില്ല. എന്നാൽ, ചുരുക്കം ചില അവസരങ്ങളിൽ അദ്ദേഹത്തിൻെറ ഹൃദയവികാരങ്ങൾ അശ്രുകണങ്ങളായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അടിമത്താവളങ്ങളിലെ ഹതഭാഗ്യരെ ആദ്യമായി സന്ദർശിച്ചപ്പോഴും ബന്ധുമിത്രാദികളിൽനിന്നു് വേർപിരിഞ്ഞപ്പോഴും കരഞ്ഞതു് ഇതിനുദാഹരണമാണ്. ആബെ മെയ്നാർഡ് പ്രസ്താവിക്കുന്നതുപോലെ വിൻസെൻറിൻെറ ദയയും കരുണാർദ്രതയും വെറും വികാരത്തിൽനിന്നോ ഭാവനയിൽനിന്നോ സ്ഫുരിച്ചതല്ല, പ്രത്യുത, അദ്ദേഹത്തിൻെറ വിശ്വാസത്തിൽനിന്നു മുളയെടുത്തതായിരുന്നു.

കലവറയില്ലാതെ പ്രവഹിച്ചുകൊണ്ടിരുന്ന വി. വിൻസെൻറിൻെറ നന്മയെക്കുറിച്ച് ഇനിയും ധാരാളം പറയുവാൻ സാധിക്കും. സകല നന്മകളുടേയും ഇരിപ്പിടമായ ദൈവത്തിൻെറ നന്മയുടെ ഒരു ഭാഗഭാഗിത്വം മാത്രമായിരുന്നു, വിശുദ്ധനിൽ വിളങ്ങിയിരുന്ന നന്മ. ആ പരാപരനിൽ ആശ്രയിച്ചാൽ നമുക്കും അവിടുത്തെ നന്മയിൽ ഭാഗഭാഗിത്വം ലഭിക്കുമെന്നു വിൻസെൻറിൻെറ മാതൃക നമ്മെ പഠിപ്പിക്കുന്നു.

### അദ്ധ്യായം പതിനാറ്

# ആശാനിഗ്രഹത്തിൻെറ അത്യപ്തിയിലും നമ്മോടുതന്നെ കൎക്കശമായും വൎത്തിക്കുക

---

## വി. വിൻസെൻറിൻെറ സൂക്തികൾ:

ഒരാൾ തൻെറ ഒരു പാദം സ്വൎഗ്ഗത്തിൽവച്ചശേഷം മറേറപ്പാദംകൂടി വയ്ക്കുന്നതിനിടയ്ക്ക് ആശാനിഗ്രഹം ഉപേക്ഷിച്ചുകളഞ്ഞാൽ അയാൾ നശിക്കുവാൻ തക്ക അപകടത്തിൽ സ്ഥിതിചെയ്യുന്നുവെന്നു ധരിച്ചാലും.

സ്വന്തം സുഖസൗകര്യങ്ങൾ പരിത്യജിച്ചും അയല്ക്കാരൻെറ സുഖസൗകര്യങ്ങൾക്കു വേണ്ട ഒത്താശകൾ ചെയ്യുവാൻ തക്ക പരിത്യാഗമനഃസ്ഥിതി നമുക്കുണ്ടായിരിക്കണം. നമ്മുടെ കൎത്താവു പറയുന്നു: എന്നെ അനുഗമിക്കുവാൻ നീ ആഗ്രഹിക്കുന്നുവോ? നിൻെറ ജീവിതത്തെ എൻേറതിനോടു് അനുരൂപമാക്കുവാൻ നീ ഇച്ഛിക്കുന്നുവോ? കൊള്ളാം, നല്ലകാര്യം. അങ്ങനെയെങ്കിൽ ഈ ലക്ഷ്യപ്രാപ്തിക്കായി ആരംഭംമുതൽ നിന്നെത്തന്നെ പരിത്യജിക്കുകയും നിൻെറ കുരിശുകൾ തുടൎന്നുവഹിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സഹനത്തിൻെറ വരം വളരെ ചുരുക്കംപേൎക്കു മാത്രമേ നല്കപ്പെട്ടുന്നുള്ളു.

സ്വന്തം വിധിയേയും, മനസ്സിനേയും, ബാഹ്യവും ആന്തരികവുമായ ഇന്ദ്രിയങ്ങളേയും മിശിഹായുടെ മാതൃകയനുസരിച്ച് നിഗ്രഹിക്കുന്നതിലാണ് സ്വയം നിഗ്രഹം അടങ്ങിയിരിക്കുന്നതു്. എന്തും കാണുവാനും കേൾക്കുവാനും അനുഭവിക്കുവാനുമുള്ള ആകാംക്ഷയും, കഴിഞ്ഞ ജീവിതത്തിലെ ജഡികാ

സന്തോഷങ്ങളെക്കുറിച്ചുള്ള സ്മരണയും നാമനുഭവിച്ചിട്ടുള്ള സ്നേഹത്തെയോ വെറുപ്പിനെയോ പററിയുള്ള അയവിറക്കലും, ഒററവാക്കിൽ, അധഃപതിച്ച നമ്മുടെ മനുഷ്യസ്വഭാവത്തിൻെറ സകലവിധ ദുഷ്പ്രവണതകളും സ്വയം നിഗ്രഹത്തിനുള്ള വിഷയങ്ങളാണ്.

ലൗകികബഹുമാനാദരങ്ങൾ അന്വേഷിക്കുന്നതിലും ധനവും സുഖവും സന്തോഷവും തേടുന്നതിലും മാത്രമല്ല, പ്രത്യുത, ഭക്തകൃത്യങ്ങളിലും പുസ്തകങ്ങൾ പടങ്ങൾ മുതലായവയുടെ ഉപയോഗത്തിലും ചുരുക്കത്തിൽ ഏററം പരിശുദ്ധമായ പ്രവൃത്തികളിൽക്കൂടെയും സ്വാത്ഥതാത്പര്യങ്ങൾ നുഴഞ്ഞുകയറാറുണ്ട്.

മുന്തിരികൃഷിക്കാരൻ എപ്പോഴും ഒരു കത്തിയുമായിട്ടാണ് തൻെറ തോട്ടത്തിൽ പ്രവേശിക്കുക. മുന്തിരിച്ചെടിയുടെ ഉപയോഗശൂന്യമായ ശിഖരങ്ങൾ അപ്പഴപ്പോൾ അയാൾ ഛേദിച്ചുകളയുകയും, അങ്ങനെ ഫലം പുറപ്പെടുവിക്കാനുള്ള ശിഖരങ്ങൾ തഴച്ചുവളരുവാനിടയാകുകയും ചെയ്യുന്നു. ഇപ്രകാരംതന്നെ നാമും പരിത്യാഗമാകുന്ന കത്തികൊണ്ടു് ദുഷ്പ്രവണതകളുടെ ശിഖരങ്ങളെ അപ്പഴപ്പോൾ മുറിച്ചുകളഞ്ഞുകൊണ്ടിരിക്കണം.

## പ്രായോഗിക വിചിന്തനം:

ആശാനിഗ്രഹത്തിൻെറ പ്രാധാന്യം വി. വിൻസെൻറ് ശരിക്കും മനസ്സിലാക്കിയിരുന്നു. പുണ്യത്തിൻെറ മാധുര്യമുള്ളതും ആശ്വാസപ്രദവും ഉത്തേജകവുമായ വശത്തെ ഒട്ടും അവഗണിക്കാതെതന്നെ, അയഞ്ഞ രീതിയിലുള്ള ഒരുതരം ക്രിസ്തീയത്വത്തിൽ വീണുപോകാതിരിക്കുന്നതിനും ആശാനിഗ്രഹത്തിൻെറ ബദ്ധശത്രുവായ സുഖലോലുപത്വവുമായി ഒരിക്കലും ഉടമ്പടിയുണ്ടാക്കാതിരിക്കുന്നതിനും വിശുദ്ധൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എത്ര ശക്തിയേറിയ ഭാഷയിലാണ് അദ്ദേഹം ആശാനിഗ്രഹത്തെക്കുറിച്ച് സംസാരിച്ചിരുന്നതു്! ഒരാൾ തൻെറ ഒരു പാദം സ്വർഗ്ഗത്തിൽ വച്ചിട്ടു് മറേറതുംകൂടി വയ്ക്കുന്നതിനാവശ്യമായ സമയത്തിനിടയ്ക്കു്

ആശാനിഗ്രഹം കൈവിട്ടുകളഞ്ഞാൽ അയാൾ നശിക്കുവാൻ തക്ക അപകടത്തിലായിരിക്കുമെന്നു്! സ്വന്തം ആത്മരക്ഷയെപ്പററി തീർച്ചയുള്ള ഒരാൾ അല്പസമയത്തേക്കുതന്നെയും ആശാനിഗ്രഹം ഉപേക്ഷിച്ചുകളയുന്നതിൽ അടങ്ങിയിരിക്കുന്ന ആദ്ധ്യാത്മിക വിപത്തിനെക്കുറിച്ച് വിശുദ്ധൻ മുന്നറിയിപ്പു നല്കുകയാണു്. ഒരു നിമിഷംപോലും നാം ആശാനിഗ്രഹം ഉപേക്ഷിക്കരുതെന്നു് അദ്ദേഹം ഉപദേശിക്കുന്നു.

വിവിധ രൂപത്തിൽ ആശാനിഗ്രഹം വിശുദ്ധനിൽ പ്രത്യക്ഷപ്പെട്ടിരുന്നു. വിൻസെൻറു് സ്വതേ കോപപ്രകൃതിയുള്ള ഒരാളായിരുന്നു. "കണ്ടകാവൃതമായ കുററിക്കാട്ട്" എന്നാണു തൻെറ പരുഷസ്വഭാവത്തെപ്പററി അദ്ദേഹം പറഞ്ഞിരുന്നതു്. എന്നാൽ സുദീർഘവും ശ്രമകരവുമായ പരിശ്രമംകൊണ്ടു് തൻെറ സ്വഭാവത്തെ വിശുദ്ധൻ പ്രിയംകരവും ശാന്തവുമാക്കിപ്പുകർത്തുകയും അങ്ങനെ സ്വയം നിഗ്രഹത്തിൻെറ ഉത്തമമാതൃകയായി ഭവിക്കയും ചെയ്തു.

ഇനിയും അസാധാരണമായ ഒരുതരം ആശാനിഗ്രഹം കൂടി വിശുദ്ധനിൽ ദർശിക്കുവാൻ സാധിക്കും. വിൻസെൻറിൻെറ ജന്മദേശമായ തെക്കു പടിഞ്ഞാറൻ ഫ്രാൻസിലെ ജനങ്ങളിൽ സാധാരണ കണ്ടിരുന്നതുപോലെ, സമത്ഥവും ശക്തിമത്തുമായ ഒരു ഭാവന വിശുദ്ധനുമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ചില കത്തുകളിലും ഉപദേശങ്ങളിലും ദൃശ്യമാകുന്ന അലങ്കാരപ്രയോഗങ്ങളും പുതുമയുററ താരതമ്യങ്ങളുമെല്ലാം വിശുദ്ധൻെറ പ്രഗല്ഭമായ ഭാവനയുടെ ആവിഷ്കരണങ്ങളാണു്. എന്നാൽ ലളിതവും വിനയസമന്വിതവുമായ ഒരു ജീവിതം നയിക്കുവാൻ സർവ്വാത്മനാ ആഗ്രഹിച്ചിരുന്ന നമ്മുടെ വിശുദ്ധൻ മനോഹരമായ ഭാഷാപ്രയോഗങ്ങളും, ശൈലികളും, പ്രതിഭയുടെ നവീന ചിത്രീകരണങ്ങളുമെല്ലാം ആശാനിഗ്രഹത്തിൻെറ അരൂപിയിൽ പലപ്പോഴും ഉപേക്ഷിച്ചുകളഞ്ഞിരുന്നു. പ്രസംഗങ്ങളിലും കോൺഫ്രൻസുകളിലും വ്യക്തിപരമായ ഒരു ഭാഷാരീതി സ്വീകരിച്ചുകൊണ്ടു് തൻെറ വ്യക്തിത്വത്തെ മുഴപ്പിച്ചു കാണിക്കുകയെന്ന അഹങ്കാരപരമായ നിലപാടു സ്വീകരിക്കാതിരിക്കാൻ വിൻസെൻറു് ശ്രദ്ധിച്ചിരുന്നു.

വളരെയധികം കത്തിടപാടുകൾ നടത്തുവാൻ വിൻസെൻറ് നിർബന്ധിതനായിരുന്നു. എന്നാൽ ആവശ്യകമോ ഔദ്യോഗികമോ ആയുള്ള കാര്യങ്ങൾ മാത്രം എഴുതുക എന്നൊരു നയമാണ് അവയിലെല്ലാം അദ്ദേഹം സ്വീകരിച്ചിരുന്നതു്. കേവലം ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻ മാത്രം ഉപകരിക്കുന്ന വാർത്തകൾ എഴുതുകയില്ല എന്ന തൻെറ "ചെറിയ ആദർശ"ത്തോടു് വിശുദ്ധൻ എന്നെന്നും വിശ്വസ്തനായിരുന്നു.

"മാംസത്തിൻെറ പുറങ്കുപ്പായം" എന്നു് വിശുദ്ധ ആഗുസ്തീനോസു് വിളിക്കുന്ന ബാഹ്യേന്ദ്രിയങ്ങളെ നിഗ്രഹിക്കുന്നതിലും വിൻസെൻറു് അതീവ ശ്രദ്ധാലുവായിരുന്നു. മുട്ടിന്മേൽനിന്നാണു് അദ്ദേഹം എല്ലാ ദിവസവും കാനോനാനമസ്കാരം ചൊല്ലിയിരുന്നതു്. കല്പിക്കപ്പെട്ടിരിക്കുന്ന ഉപവാസങ്ങൾക്കു പുറമേ പരിശുദ്ധ കന്യകമറിയത്തിൻെറ തിരുനാളുകളുടെ തലേദിവസങ്ങളിലും വിശുദ്ധൻ സ്വമനാ ഉപവാസമനുഷ്ഠിച്ചിരുന്നു. ഭക്ഷണത്തെ സംബന്ധിച്ചിടത്തോളം "നിങ്ങളുടെ മുമ്പിൽ വയ്ക്കപ്പെട്ടിരിക്കുന്നതു് ഭക്ഷിക്കുക" എന്ന വി. പൗലോസിൻെറ പ്രമാണത്തെ ആധാരമാക്കിയുള്ള ഒരു നിഷ്പക്ഷ മനോഭാവമാണു് വിശുദ്ധൻ സ്വീകരിച്ചിരുന്നതു്. ഭക്ഷണത്തിൻെറ സമയം കഴിഞ്ഞാണു് ഒരിക്കൽ വിശുദ്ധൻ പട്ടണത്തിൽനിന്നും ആശ്രമത്തിൽ തിരിച്ചെത്തിയതു്. കുശിനിവേലക്കാരൻ ജോലിയെല്ലാം കഴിഞ്ഞു് സ്ഥലം വിട്ടിരുന്നു. അടുപ്പിനടുത്തു വച്ചിരുന്ന രണ്ടു പച്ചമുട്ടകൾ പാകം ചെയ്തവയെന്നു വിചാരിച്ചു് ഒരു തുണസഹോദരൻ അവ വിൻസെൻറിനു കൊണ്ടുപോയിക്കൊടുത്തു. ഈ തെററു മനസ്സിലായിയെന്നു കാണിക്കാതെ അദ്ദേഹം ആ മുട്ടകൾ ഉപയോഗിച്ചു. പകൽ വേണ്ടപോലെ ഭക്ഷണം കഴിക്കാതിരുന്നതുകൊണ്ടു് വിൻസെൻറു് ചിലപ്പോഴെല്ലാം രാത്രിയിൽ ബോധംകെട്ടു് വീഴാനിടയായിട്ടുണ്ടെന്നു് അബെല്ലി സാക്ഷിക്കുന്നു.

എല്ലാദിവസവും എഴുന്നേററാലുടൻ ചമ്മട്ടികൊണ്ടു് തന്നെത്തന്നെ പ്രഹരിക്കുകയെന്ന പ്രായശ്ചിത്തകൃത്യം അദ്ദേഹം മുടക്കംകൂടാതെ അനുഷ്ഠിച്ചുപോന്നു. തനിക്കു് ഒരു

ഡസൻ ചമ്മട്ടിയുടെ ആവശ്യമുണ്ടെന്നും അവിടെ അവ വാങ്ങുവാൻ കിട്ടുമോ എന്നന്വേഷിക്കണമെന്നും കാണിച്ച് ഒരിക്കൽ വിശുദ്ധൻ ലൂയിസാ ദെ മരില്ലാക്കിനെഴുതി. അങ്ങനെ മററുള്ളവരും ഈ പ്രായശ്ചിത്തകൃത്യം അനുഷ്ഠിക്കുവാൻ വേണ്ട ഒത്താശകൾ അദ്ദേഹം ചെയ്തുകൊടുത്തിരുന്നു. പന്ത്രണ്ടു സംവത്സരത്തോളം വിൻസെൻറിൻെറ മുറിയുടെ സമീപം താമസിച്ചിരുന്ന ഒരു തുണസഹോദരൻ എല്ലാ ദിവസവും വിശുദ്ധൻെറ മുറിയിൽനിന്ന് ചമ്മട്ടിയടിയുടെ സ്വരം ശ്രവിച്ചിരുന്നതായി സാക്ഷിക്കുന്നു.

രാജ്യത്തിൽ കുഴപ്പങ്ങളും കലാപങ്ങളും ഉണ്ടാകുമ്പോഴും സഭയുടെ പൊതുവും പ്രത്യേകവുമായ ആവശ്യങ്ങളിലും, വിശിഷ്യ, തൻെറ കോൺഗ്രിഗേഷനിലെ ഒരംഗം ഏതെങ്കിലും ഘനമായ കുററം ചെയ്തുവെന്നറിഞ്ഞിരുന്നപ്പോഴും വിശുദ്ധൻ അസാധാരണമായ പ്രായശ്ചിത്ത പരിപാടികൾ സ്വീകരിച്ചിരുന്നതായി മെയ്നാർഡ് രേഖപ്പെടുത്തിയിരിക്കുന്നു. ചമ്മട്ടിയടിക്കു പുറമേ, കൂർത്തുമൂർത്ത മുള്ളുകളുള്ള ചങ്ങല കൈയിൽ കെട്ടുക, കാഴ്ചയിൽ ആരിലും ഭയം ജനിപ്പിക്കത്തക്ക മുള്ളരഞ്ഞാണം ധരിക്കുക എന്നീ തപശ്ചര്യകളും അനുഷ്ഠിച്ചിരുന്നു. തൻെറ ദേഹത്തുണ്ടായിരുന്ന പീഡനക്കുരുക്കളെ അദ്ദേഹം ഒരു രോമക്കുപ്പായംകൊണ്ടു മറച്ചിരുന്നു. വിശുദ്ധനു കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്ന രോഗബാധയുടെ അവസരങ്ങളിൽ അദ്ദേഹത്തെ പരിചരിച്ചിരുന്ന തുണസഹോദരൻ, മറച്ചുവയ്ക്കപ്പെട്ടിരുന്ന പീഡനോപകരണങ്ങൾ യഥാസ്ഥാനങ്ങളിൽനിന്നും പുറത്തു ചിതറിക്കിടക്കുന്നതായി പലപ്പോഴും കണ്ടിട്ടുണ്ട്.

വിൻസെൻറു് താമസിച്ചിരുന്ന മുറിയെ സംബന്ധിച്ച് അബെല്ലി നല്കുന്ന വിവരണം ഇപ്രകാരമാണ്: "ശീതകാലത്ത് അത്യധികമായ തണുപ്പു സഹിക്കേണ്ടിയിരുന്നെങ്കിലും, തീകൂട്ടിയ ഒരു മുറിയിൽ താമസിക്കുവാൻ വിൻസെൻറു് മനസ്സായില്ല. എന്നാൽ, സഭാംഗങ്ങളിൽ പലരും താണപേക്ഷിച്ചതിൻെറ ഫലമായി തൻെറ മരണത്തിനു മുമ്പുള്ള അഞ്ചാറുവർഷം അദ്ദേഹം ചൂടാക്കുന്നതിനു സൗകര്യമുള്ള ഒരു മുറിയിലാണു കഴിച്ചുകൂട്ടിയത്. തൻെറ മരണം

വരെ അനാഡംബരമായ ഒരു ചെറിയ മുറിയല്ലാതെ മററു സ്വകാര്യമുറികളൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഈ മുറിയിലാകട്ടെ, മരംകൊണ്ടുള്ള ഒരു മേശയും രണ്ടു കസേരകളും വൈക്കോൽ നിറച്ച മോശമായ ഒരു കിടക്കയും ഒരു തലയിണയും പുതപ്പുമൊഴികെ മററു സാധനങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല.

താഴത്തെ നിലയിൽ വളരെ തണുപ്പുള്ള ഒരു മുറിയിലാണ് അദ്ദേഹം സന്ദർശകരെ സ്വീകരിച്ചിരുന്നതു്. ദിവസത്തിലധികഭാഗവും ഇവിടെയാണദ്ദേഹം ചെലവഴിച്ചിരുന്നതു്. ഈ മുറിയുടെ കതകിൻെറ ചട്ടങ്ങൾ പൊട്ടി അകന്നിരുന്നു. തന്മൂലം ശീതകാലത്തു് തണുത്തകാററു് സദാ അതിനുള്ളിലേക്കു് പ്രവേശിച്ചിരുന്നു. ദുസ്സഹമായ ശൈത്യമേററു് വിൻസെൻറിൻെറ കരങ്ങൾ പലപ്പോഴും മരവിച്ചിട്ടുണ്ടു്. ശീതകാലത്തും അദ്ദേഹം വേനൽക്കാലത്തു് ഉപയോഗിക്കുന്ന വസ്ത്രങ്ങളാണു ധരിച്ചിരുന്നതു്. ആണ്ടിൽ രണ്ടോ മൂന്നോ തവണവീതം അദ്ദേഹത്തിനു കഠിനമായ പനി ഉണ്ടായിക്കൊണ്ടിരുന്നെങ്കിലും അതിനെപ്പററി ഗൗനിക്കാതെ പതിവുപോലെ പകൽ മുഴുവൻ ജോലികൾ തുടർന്നുകൊണ്ടിരുന്നു.

പകൽസമയം ക്ഷീണം നിമിത്തം ഉറക്കം വന്നിരുന്നപ്പോൾ അല്പം വിശ്രമിക്കുന്നതിനുപകരം അദ്ദേഹം ഉറക്കം മാററുന്നതിനായി നടക്കുകയോ എഴുന്നേററു നിന്നുകൊണ്ടു് ജോലി തുടരുകയോ ആണു ചെയ്തിരുന്നതു്. ഏററവും ആദ്യം ഉണരുന്നതും ഏററവും അവസാനം നിദ്രയ്ക്കുപോകുന്നതും അദ്ദേഹമായിരുന്നു. എഴുന്നേററാൽ ഏറെത്താമസിയാതെ തന്നെ അദ്ദേഹം ദൈവാലയത്തിൽ ചെന്നു് വളരെനേരം തറയിൽ മുട്ടുകുത്തി പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. രോഗങ്ങളും സുഖക്കേടുകളും വിസ്മയാവഹമായ സമചിത്തതയോടെയാണദ്ദേഹം സഹിച്ചിരുന്നതു്.

ഇതുവരെ വിവരിച്ചതിനേക്കാൾ ദുഷ്ക്കരവും പ്രയാസമേറിയതുമായ വേറൊരുതരം ആശാനിഗ്രഹം കൂടി

വിൻസെൻറു് അഭ്യസിച്ചിരുന്നു. അതു് ഹൃദയത്തിൻെറ പരിത്യാഗമാണു്. വിൻസെൻറു് എത്ര സുശീലനും കരുണാർദ്രനും സ്നേഹസമ്പന്നനും ആയിരുന്നുവെന്നു നാം മുകളിൽ കണ്ടു. ഇത്ര വിശാലമായ ഒരു ഹൃദയത്തെ നിഗ്രഹിക്കുന്നതു് സമുന്നതമായ ഒരു വിജയമായിരുന്നു. വീരോചിതമായ വിശുദ്ധി വിൻസെൻറു് സമാർജ്ജിച്ചുവെന്നുള്ളതിനു തെളിവാണിതു്. അപൂർവ്വവും അനിതരസാധാരണവുമായ ഗുണഗണങ്ങൾ വിശുദ്ധനു ധാരാളമുണ്ടായിരുന്നു. ദാരിദ്ര്യംകൊണ്ടു് വിഷമിച്ചിരുന്ന അദ്ദേഹത്തിൻെറ ബന്ധുജനങ്ങളെ സഹായിക്കുവാൻ ഒരു സഭാംഗം അദ്ദേഹത്തെ നിർബന്ധിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞതിപ്രകാരമാണു്: "സ്വാഭാവികമായി അവരോടുള്ള സ്നേഹം അവരെ സഹായിക്കുവാൻ എന്നെ ശക്തിയായി നിർബന്ധിക്കുന്നു. പ്രകൃതിയുടെ പ്രേരണകളനുസരിച്ചല്ല, ദൈവവരപ്രസാദത്തിൻെറ ചലനങ്ങളനുസരിച്ചു ഞാൻ പ്രവത്തിക്കണം. സ്നേഹത്തിൻേറയും രക്തബന്ധത്തിൻേറയും കെട്ടുപാടുകളെ പൊട്ടിച്ചെറിഞ്ഞിട്ടു് പരിത്യജിക്കപ്പെട്ട പാവപ്പെട്ടവരുടെ കാര്യത്തിലാണു ഞാൻ ശ്രദ്ധ പതിക്കേണ്ടതു്."

ലൗകിക വസ്തുക്കളോടു് അദ്ദേഹത്തിനുണ്ടായിരുന്ന വിരക്തിയെപ്പററി പ്രസ്താവിച്ചപ്പോൾ നാം കണ്ടു, ഒരിക്കലും അദ്ദേഹം രക്തബന്ധങ്ങളെ തീരെ അവഗണിച്ചില്ലെന്നും, തൻെറ ബന്ധുജനങ്ങൾ അവരുടെ ദരിദ്രാവസ്ഥയിൽ സംതൃപ്തരായി കഴിയുന്നതിലാണു് അദ്ദേഹം സന്തോഷിച്ചിരുന്നതെന്നും. ഉന്നതപദവികളിലേക്കു് ഉയത്തപ്പെടുന്നതിനേക്കാൾ തങ്ങളുടെ ആദ്യത്തേ വിനീതമായ സ്ഥിതിയിൽത്തന്നെ അവരെ കാണുവാനാണു് അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടതു്. ഇപ്രകാരം ബന്ധുജനങ്ങൾക്കു യാതൊരുവിധ സാമ്പത്തിക സഹായവും ചെയ്തുകൊടുക്കാതെ വിപ്രതിപത്തി പുലത്തുക അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം എത്ര സങ്കടകരമായിരുന്നുവെന്നു് ഊഹിക്കാമല്ലോ. ഒരിക്കൽ, അദ്ദേഹം തൻെറ ഭവനം സന്ദർശിച്ചിട്ടു് ബന്ധുജനങ്ങളെ പിരിഞ്ഞു തിരിച്ചുപോരുന്നവഴി അവരെ വിട്ടുപോന്നതിലുള്ള

ദുഃഖത്തിൻെറ ആധിക്യത്താൽ തുടർച്ചയായി കരഞ്ഞുകൊണ്ടിരുന്നതായി അദ്ദേഹത്തിൻെറ ജീവചരിത്രകാരൻ പ്രസ്താവിക്കുന്നു.

തന്നോട്ടുതന്നെയുള്ള വിരക്തി, ഒരുവനിൽ സ്നേഹത്തെ കുറയ്ക്കുന്നതിനുപകരം അതിനെ വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്. സ്നേഹത്തെ നശിപ്പിക്കുന്നതു സ്വാർത്ഥതയാണു്. വിശുദ്ധാത്മാക്കൾക്കുണ്ടായിരുന്നതുപോലെ നിർമ്മലവും കരുണാർദ്രവുമായ പരസ്നേഹം ഭൂമുഖത്തു കാണുക സാദ്ധ്യമല്ല. അതു ദൈവസ്നേഹത്തിൽ അധിഷ്ഠിതമാണു്. തൻെറ സഹപ്രവർത്തികയായ ലൂയീസാ ദെ മരില്ലാക്കിനോട്ടു് വിൻസെൻറിനുണ്ടായിരുന്ന സ്നേഹം ഇപ്രകാരമുള്ളതായിരുന്നു. എന്നാൽ, ഈ സ്നേഹത്തെ അദ്ദേഹം വളരെ നിഷ്കർഷാപൂർവ്വം നിയന്ത്രിക്കുകയും നിഗ്രഹിക്കുകയുംചെയ്തു. ഒരിക്കൽ, വിശുദ്ധൻ ലൂയീസാ ദെ മരില്ലാക്കിനു് ഇപ്രകാരമെഴുതി: "അത്യാവശ്യവും അപരിത്യാജ്യവുമായ എന്തെങ്കിലും കാര്യത്തിനുവേണ്ടിയല്ലാതെ ഒരിക്കലും ഞാൻ നിങ്ങളെ കാണുവാൻ വരുകയില്ല എന്ന കർശനനിയമം എൻെറമേൽത്തന്നെ ഞാൻ ചുമത്തിയിരിക്കുകയാണു്." ജീവിതകാലം മുഴുവൻ ഈ പ്രതിജ്ഞ അദ്ദേഹം പാലിച്ചു. ചുരുങ്ങിയ വാക്കുകളിലും മററാരാളുടെ സാന്നിദ്ധ്യത്തിലുമായിരുന്നു അദ്ദേഹം അവളോടു സംസാരിച്ചിരുന്നതു്. ലൂയീസാ മരണക്കട്ടിലിൽക്കിടക്കുമ്പോൾ വിൻസെൻറിൻെറ കൈകൊണ്ടെഴുതിയ ആശ്വാസവചനങ്ങൾക്കായി വിശുദ്ധൻെറ പക്കൽ ആളയച്ചു. എന്നാൽ, അദ്ദേഹം അതു നിരസിക്കയാണുണ്ടായതു്. എന്നിരുന്നാലും വിശുദ്ധൻ ഈയവസരങ്ങളിൽ എഴുതിയ മററു കത്തുകളിൽനിന്നു നമുക്കു ഗ്രഹിക്കുവാൻ സാധിക്കും, ഇപ്രകാരമുള്ള സംഗതികൾ അദ്ദേഹത്തിൻെറ ഹൃദയത്തെ എത്രമാത്രം വേദനിപ്പിച്ചെന്നു്. ലൂയീസായുമായുള്ള ബന്ധത്തിൽ മാനുഷികമായ യാതൊന്നും പ്രവേശിക്കുവാൻ അദ്ദേഹം അനുവദിച്ചില്ല. അവളുടെ മരണത്തെക്കുറിച്ചു ശ്രവിച്ചപ്പോൾ, ദൈവം അങ്ങനെ തിരുമനസ്സായി എന്നു പറയുകമാത്രമാണു ചെയ്തതു്.

ഇങ്ങനെ വിൻസെൻറു് എല്ലാവിധ ബന്ധങ്ങളേയും തൻെറ ആത്മീയനന്മയ്ക്കായി നിയന്ത്രിച്ചുകൊണ്ടാണു ജീവിച്ചതു്. ചുരുക്കത്തിൽ തൻെറ ഹൃദയത്തേയും, ഭാവനയേയും ഇന്ദ്രിയങ്ങളേയും സ്വാഭാവികചാപ്പില്യകളേയും നിരന്തരം നിഗ്രഹിച്ചുകൊണ്ടു് വിശുദ്ധൻ അനുദിനം തനിക്കുതന്നെ മരിച്ചവനായി ജീവിച്ചു. വി. പൗലോസിനോടുകൂടി വിൻസെൻറിനും പറയുവാൻ സാധിക്കുമായിരുന്നു, "ക്രൂശിതനായ ക്രിസ്തുവിനെപ്പററിയല്ലാതെ നിങ്ങളുടെയിടയിൽ മറേറതെങ്കിലും കാര്യത്തെക്കുറിച്ചു് എനിക്കു് അറിയാമെന്നു് ഞാൻ വിചാരിക്കുന്നില്ല" എന്നു്.

## അദ്ധ്യായം പതിനേഴ്

# ആരോഗ്യസംരക്ഷണത്തിൽ ശ്രദ്ധിക്കുക

### വി. വിൻസെൻറിൻെറ സൂക്തികൾ:

ആരോഗ്യസംരക്ഷണത്തിൽ നിങ്ങൾ ശ്രദ്ധയുള്ളവരായിരിക്കണം. വഞ്ചകനായ പിശാച് നല്ല ആത്മാക്കളെ ആവുന്നതിലധികം ജോലിചെയ്യുവാൻ പ്രേരിപ്പിക്കാറുണ്ട്. അങ്ങനെ, കാലക്രമത്തിൽ അവർ ഒന്നും ചെയ്യുവാൻ കഴിവില്ലാത്തവരായിത്തീരും. നേരെമറിച്ച്, നിരന്തരം പ്രവൎത്തിക്കത്തക്കവണ്ണം വിവേകത്തോടുകൂടി നമ്മുടെ പ്രവൎത്തനങ്ങൾ നിയന്ത്രിക്കുവാനാണ് ദൈവാത്മാവ് നമ്മെ പ്രേരിപ്പിക്കുന്നതു്.

വൈദ്യന്മാരുടെ നിൎദ്ദേശം നിഷ്കൃഷ്ടമായിത്തന്നെ അനുസരിക്കണം. ഭിഷഗ്വരന്മാരെ അനുസരിക്കാത്തവൻ സ്വമനസ്സാ ആത്മഹത്യയ്ക്കൊരുങ്ങുന്നുവെന്നുള്ള വി. ആഗ്കസ്തീനോസിൻെറ വാക്കുകൾ ശ്രദ്ധേയമാണ്. ആരോഗ്യം നശിച്ചുവരുന്നെങ്കിൽ അതു വീണ്ടെടുക്കുവാൻ പരമാവധി നാം പരിശ്രമിക്കണം. പാവപ്പെട്ടവരെ ശുശ്രൂഷിച്ചുകൊണ്ടു് ദീൎഘകാലം ദൈവത്തെ സേവിക്കുവാൻ അങ്ങനെ നിങ്ങൾ അൎഹരായിത്തീരട്ടെ. വിവേകപൂൎണ്ണമായ ഈ മുൻകരുതലാകട്ടെ, നമ്മുടെ അയല്ക്കാരൻെറ ആത്മരക്ഷയ്ക്കായി സ്വജീവൻ ബലികഴിക്കാൻകൂടെ സന്നദ്ധമാകുന്ന നമ്മുടെ മഹാമനസ്കതയ്ക്കു വിഘ്നം വരുത്തുന്നില്ല.

തികച്ചും ദിവ്യമായ ഒന്നാണ് രോഗാവസ്ഥ. എന്നാൽ നമ്മുടെ അനാസ്ഥയും കുററവുംവഴി അതിനു മനഃപൂർവം അവസരമുണ്ടാക്കരുതു്. അതു ദൈവത്തിൽനിന്നു വന്നുകൊള്ളട്ടെ, അതുമതി. ശരീരത്തിൻെറമേൽ മനസ്സു ചുമത്തുന്ന

അദ്ധ്വാനങ്ങൾ വഹിക്കുന്നതിനു് ശരീരം പ്രാപ്തമായിരിക്കണം. പ്രശാന്തതയോടെ അപ്പസ്തോലികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുന്നെങ്കിൽ, അവ എല്ലായിടത്തും എല്ലായ്പ്പോഴും ഫലം പുറപ്പെട്ടവിക്കും. നമ്മുടേയും, നമ്മുടെ അയല്ക്കാരുടേയും ആരോഗ്യസംരക്ഷണത്തിൽ നമുക്കു ശ്രദ്ധയുള്ളവരായിരിക്കാം. തീക്ഷ്ണതയെ മിതപ്പെട്ടുത്തുക. ശക്തിഹീനമായ ശരീരത്തേക്കാൾ നല്ലതു് സുശക്തമായ ശരീരമാണു്.

മിശിഹായോടുള്ള സ്നേഹത്തെപ്രതി സഹിക്കുന്നെങ്കിൽ അതു നല്ലതുതന്നെ. എന്നാൽ സുഖമാകുന്നതിനു കഴിവുള്ളതു ചെയ്യുക. അവിവേകത്തിൽനിന്നുള്ളതല്ല, അദ്ധ്വാനത്തിൽനിന്നുള്ള സഹനങ്ങളാണു് ഏവക്കുംവേണ്ടി തന്നെത്തന്നെ ആഹുതിചെയ്ത നമ്മുടെ കത്താവിൻേറതിനോടു് അനുരൂപപ്പെട്ടുത്തുന്നതു്.

ദൈവത്തെ കൂട്ടതൽ നന്നായി സേവിക്കുന്നതിനു് നിങ്ങളുടെ അദ്ധ്വാനത്തിൽ അമിതത്വം വജ്ജിച്ചാൽ അതു നിസ്സാരമായി നിങ്ങൾക്കു തോന്നിയാലും അവിടുന്നതിനെ അനുഗ്രഹിക്കും. നാം നമ്മുടെ ശക്തിയനുസരിച്ചു് അദ്ധ്വാനത്തെ ക്രമപ്പെട്ടുത്തണം.

ദീഘകാലം അയല്ക്കാരനു സേവനമനുഷ്ഠിക്കുവാൻ സാധിക്കത്തക്കവിധം നിങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കണം. ചുരുക്കം ചിലരുടെ ആത്മരക്ഷാത്ഥം അമിതമായി ബുദ്ധിമുട്ടുന്നതിനേക്കാൾ എത്രയോ നല്ലതാണിതു്. അങ്ങനെ കൂട്ടതൽ ഉപവി നിങ്ങൾക്കു് അഭ്യസിക്കുകയും ചെയ്യാം.

ലൌകായതികരുടെ തത്വപ്രകാരം ആരോഗ്യവും സമാധാനവും ജീവിതത്തിൻേറ അനർഘനിക്ഷേപങ്ങളാണു്. എന്നാൽ നമ്മുടെ ആദ്ധ്യാത്മികമായ ജീവിതത്തിനു് അവ അനുഗ്രഹങ്ങളുടെ ഉറവിടങ്ങളാണു്. കാരണം, ദൈവത്തേയും അയല്ക്കാരനേയും കൂട്ടതൽ നന്നായി സേവിക്കുവാൻ അവ നമ്മെ പ്രാപ്തരാക്കുന്നു.

ഒരു പുതിയ ജോലി ഏറെറടുക്കുന്നതിനു മുൻപു് അല്പമൊന്നു വിശ്രമിച്ചു് അതിനായി തയ്യാറെടുക്കുക. ഓരോന്നും

അളന്നും തൂക്കിയും കൃത്യമായി ചെയ്യുന്ന ദൈവം, നിൻെറ കഴിവിനൊത്ത സേവനങ്ങൾ മാത്രമേ നിന്നിൽനിന്നാവശ്യപ്പെടുന്നുള്ളു.

ശ്രദ്ധാപൂർവ്വം സംരക്ഷിക്കപ്പെടേണ്ട നിധികളാണ് സുവിശേഷവേലക്കാർ. എന്നാൽ, ദൈവമഹത്വത്തേക്കാൾ പ്രിയപ്പെട്ടതായിരിക്കരുതു് നിങ്ങളുടെ ആരോഗ്യം. എന്തെങ്കിലും അല്പമായ വേദന സഹിക്കേണ്ടിവരുമ്പോൾ പോലും നമ്മോടുതന്നെ വലിയ ആർദ്രതയും ദയയും തോന്നുന്ന സ്വഭാവം നമ്മിലുണ്ടാകാതിരിപ്പാൻ സൂക്ഷിക്കണം.

## പ്രായോഗിക വിചിന്തനം:

മേലുദ്ധരിച്ച സൂക്തികളിൽ വി. വിൻസെൻറു് ചൂണ്ടിക്കാണിക്കുന്നവിധമുള്ള ശ്രദ്ധയും സൂക്ഷ്മവും സ്വന്തം ആരോഗ്യസംരക്ഷണത്തിൽ അദ്ദേഹത്തിനില്ലായിരുന്നുവെന്നു് പ്രഥമതഃ പ്രസ്താവിക്കേണ്ടിയിരുന്നു. അദ്ദേഹം കുതിരപ്പുറത്തു സവാരിചെയ്യുകയും കുതിരവണ്ടി ഉപയോഗിക്കുകയും മററും ചെയ്തിരുന്നുവെന്നതു വാസ്തവംതന്നെ. പക്ഷേ, വാർദ്ധക്യം നിമിത്തം മറെറാരു തരത്തിലും തൻെറ പ്രേഷിതപ്രവൎത്തനങ്ങൾ തുടരുവാൻ നിർവ്വാഹമില്ലെന്നു കണ്ടപ്പോൾ മാത്രമാണു് അദ്ദേഹം ഇങ്ങനെയുള്ള ഉപാധികൾ സ്വീകരിച്ചതു്. ചിലപ്പോൾ അദ്ദേഹം വിശ്രമസ്ഥലത്തുപോയിരുന്നതു് "തൻെറ വാഴ്ത്തപ്പെട്ട പിതാവായ ജനീവായിലെ മെത്രാനെ അനുസരിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു."

രോഗഗ്രസ്തനാകുമ്പോൾ വിശുദ്ധൻ സുഖക്കേടിനേക്കാൾ ദുസ്സഹമായ പ്രതിവിധികളാണു് പലപ്പോഴും സ്വീകരിച്ചിരുന്നതു്. കാർഡിനൽ ഡെലാറിഷെ ഫുക്കാൾഡ്ഡ് ഒരിക്കൽ വിൻസെൻറിനു് ഇപ്രകാരമെഴുതി: "ദൈവം തൻെറ സഭയുടെ നന്മയ്ക്കായി താങ്കളെ ഉപയോഗപ്പെടുത്തുവാൻ ആഗ്രഹിക്കുന്നതുകൊണ്ടു്, താങ്കളുടെ പ്രായശ്ചിത്ത പ്രവൃത്തികളും തപശ്ചര്യകളും മിതപ്പെടുത്തി ആരോഗ്യം സംരക്ഷിക്കുന്നതിൽ ശ്രദ്ധിക്കണം." മററു പല സ്നേഹിതന്മാരും ഈ അപേക്ഷതന്നെ അദ്ദേഹത്തിൻെറ മുമ്പാകെ

വച്ചിട്ടുണ്ട്. വിൻസെൻറച്ചനാകട്ടെ, മൗനം അവലംബി ച്ചുകൊണ്ട് ഇപ്രകാരമുള്ള തപശ്ചര്യകൾ തുടരുകയാണു ചെയ്തതു്.

പൊതുവേ ദൃഢമായ ശരീരഘടന ഉള്ളവനായിരുന്നു അദ്ദേഹം. എന്നാൽ അമിതാദ്ധ്വാനവും പ്രായശ്ചിത്ത പ്ര വൃത്തികളുംവഴി അതിനെ അദ്ദേഹം നശിപ്പിച്ചുവെന്നാണ് അദ്ദേഹത്തിൻെറ ജീവചരിത്രകാരന്മാർ അഭിപ്രായപ്പെടു ന്നതു്. തന്മൂലം ജീവിതകാലം മുഴുവൻ പലവിധ രോഗപീ ഡകൾ സഹിക്കേണ്ടിവന്നു.

വിൻസെൻറു് പഠിപ്പിച്ച തത്വങ്ങൾ അദ്ദേഹത്തി ൻെറ പ്രായോഗിക ജീവിതവുമായി പൊരുത്തപ്പെടാതിരു ന്നിട്ടുള്ള ഏക സംഭവമാണ്, ആരോഗ്യസംരക്ഷണത്തിൽ അദ്ദേഹം കാണിച്ച അശ്രദ്ധ. ഇതു് ഒരു അപൂർവ്വസംഭവമാ കയാൽ ക്ഷന്തവ്യമാണ്. നേരേമറിച്ച് പ്രായശ്ചിത്തം പ്ര സംഗിക്കുകയും ലൗകായതികരായി ജീവിക്കുകയും ചെയ്യുന്ന വർ അനേകംപേരുണ്ട്. "എൻെറ പ്രവൃത്തിയെ നോക്കേ ണ്ട; എൻെറ വാക്കുകളെ ശ്രദ്ധിക്കുവിൻ" എന്നു് ചില പ്പോഴെങ്കിലും പറയാൻ നിർബന്ധിതരല്ലാത്തവർ വളരെ വിരളമാണ്. മാത്രമല്ല, ഉപരിപുണ്യപൂർണ്ണതയ്ക്കായി വിളി ക്കപ്പെട്ടവരെസ്സംബന്ധിച്ചിടത്തോളം സാധാരണ ക്രിസ്ത്യാ നികളെ പരാമർശിക്കുന്ന പൊതുനിയമങ്ങളല്ല കണക്കിലെ ടുക്കേണ്ടതു്.

ആരോഗ്യസംരക്ഷണത്തെ സംബന്ധിച്ചിടത്തോളം വി ൻസെൻറു് ആവശ്യപ്പെടുന്നതു് ന്യായ്യമായ ശ്രദ്ധ അഥവാ "വിവേകപൂർണ്ണമായ സൂക്ഷം" ആകുന്നു. ഈ പദപ്രയോഗം മനഃപൂർവ്വം സ്വീകരിച്ചിട്ടുള്ളതാണ്. ദൈവമഹത്വത്തേക്കാ ൾ കൂടുതലായി ആരോഗ്യത്തെ നാം സ്നേഹിക്കരുതെന്നു് വി ശുദ്ധൻ താക്കീതു നല്കുന്നു. നിസ്സാരമായ സുഖക്കേടുകൾ നേ രിടുമ്പോൾ നാം നമ്മെത്തന്നെ അതിരുകവിഞ്ഞ ആർദ്രത യോടെ ശുശ്രൂഷിക്കരുതെന്നു് വിൻസെൻറു് വ്യക്തമാക്കുന്നു.

സെൻറു് ലാസർ ആശ്രമത്തിൽവച്ചു നടത്തിയ ഒരു കോൺഫ്രൻസിൽവച്ചാണ് വിശുദ്ധൻ ഈ ആശയം പൂർണ്ണ

മായി വിശദീകരിച്ചതു്. അദ്ദേഹം പറഞ്ഞു: "പലരിലും കാണുന്ന ഒരു പ്രധാന ദുർഗ്ഗുണത്തെപ്പററിയും പ്രസ്താവിക്കേണ്ടതുണ്ടു്. ആരോഗ്യം സംരക്ഷിക്കുന്നതിനും സുഖമായി ജീവിക്കുന്നതിനുമുള്ള അമിതമായ ആഗ്രഹമാണതു്. കഴിവില്ക്കവിഞ്ഞ ഉപാധികൾ സ്വീകരിച്ചുകൊണ്ടുപോലും ആരോഗ്യം സംരക്ഷിക്കുവാൻ ചിലർ തത്രപ്പെടുന്നു. തങ്ങളുടെ നികൃഷ്ടജീവിതത്തെ സംരക്ഷിക്കുവാനായി സർവ്വ ശ്രദ്ധയും കേന്ദ്രീകരിക്കുന്ന ചിലരിൽ കാണുന്ന ക്രമാതീതമായ ഉൽക്കണ്ഠയും എന്തെങ്കിലും അല്പമായ അസൗകര്യംപോലും സഹിക്കുന്നതിനുള്ള ഭയവും ദൈവശുശ്രൂഷയ്ക്കു വിഘ്നങ്ങളാണു്. അവ ക്രിസ്തുവിനെ അടുത്തനുകരിക്കുന്നതിനുള്ള സന്മനസ്സിനേയും സ്വാതന്ത്ര്യത്തേയും അവരിൽനിന്നു് പിഴുതെറിയുന്നു. പ്രിയ സഹോദരരേ, നാം ക്രൂശിതനായ ക്രിസ്തുവിൻെറ ശിഷ്യന്മാരാണെങ്കിലും ചങ്ങലകളാൽ ബന്ധിതരായ അടിമകളായിട്ടാണു് അവിടുന്നു നമ്മെ കാണുന്നതു്. അതും എന്തിനെപ്രതി? അല്പം ആരോഗ്യം, ഒരു സങ്കല്പിതമരുന്നു്, ഉല്ലാസപ്രദമായ ഒരു വിനോദയാത്ര, അതുമല്ലെങ്കിൽ നമ്മെ മടിയന്മാരാക്കിത്തീർക്കുന്ന ഒരു വിശ്രമം മുതലായവയെ പ്രതി."

ഒരിക്കൽ, ഉപവിയുടെ സഹോദരികൾക്കു നല്കിയ ഒരു ഉപദേശത്തിൽ ചമ്മട്ടിയടി വിവേകപൂർവ്വം നടത്തണമെന്നു് അദ്ദേഹം അനുശാസിച്ചു. ആകയാൽ, ആരോഗ്യത്തെക്കുറിച്ചു് അതിരുകടന്ന സൂക്ഷ്മമോ, അമിതമായ ഉൽക്കണ്ഠയോ, തെററായ അനുകമ്പയോ, കപോല കല്പിതമായ പ്രതിവിധികളാൽ ബന്ധിതമായ അടിമത്തമോ ഒന്നും വിൻസെൻറു് അനുവദിക്കുന്നില്ല. ഇങ്ങനെയുള്ള ചില വ്യവസ്ഥകളും സംവരണങ്ങളും ആവിഷ്കരിച്ചശേഷം മാത്രമാണു് ആരോഗ്യത്തെക്കുറിച്ചു് ന്യായ്യമായ ശ്രദ്ധയുണ്ടായിരിക്കണമെന്നു് വിശുദ്ധൻ ഉപദേശിക്കുന്നതു്.

അപ്പസ്തോലിക പ്രവർത്തനങ്ങളിലോ ആത്മരക്ഷയിലുള്ള ശുഷ്കാന്തിയിലോ അദ്ദേഹം അമിതത്വം ഇഷ്ടപ്പെട്ടില്ല. ദീർഘനാൾ ദൈവത്തേയും അയല്ക്കാരനേയും സേവിക്കാൻ സാധിക്കത്തക്കവിധം, ആരോഗ്യത്തെക്കുറിച്ചു്

ബുദ്ധിപൂർവ്വവും ന്യായയുക്തവുമായ കരുതൽ ഉണ്ടായിരിക്കണമെന്നും, കഠിനാദ്ധ്വാനങ്ങളിൽ വിവേകരഹിതമായി ഏൎപ്പെടരുതെന്നും വിശുദ്ധൻ ഉപദേശിക്കുന്നു.

അതികഠിനമോ തീരെ ലഘുവോ അല്ലാത്ത ഒരു ജീവിതക്രമം തൻെറ മിഷ്യനറിമാൎക്കുണ്ടായിരിക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. ലളിതമായ ഒരു ജീവിതം, സാധുജനസേവനത്തിനു കൂടുതൽ യോജിച്ചതും നമ്മുടെ കൎത്താവിൻെറയും അപ്പസ്തോലന്മാരുടേയും ജീവിതത്തോടു് ഏററം അനുരൂപപ്പെടുന്നതുമായി അദ്ദേഹം കരുതി. മിഷ്യനറി വൈദികൎക്കു് ആഴ്ചയിലൊരിക്കൽ വിശ്രമദിനമുണ്ടായിരിക്കണമെന്നു് റിഷെല്യൂ പുറപ്പെടുവിച്ച അഭിപ്രായത്തെ അദ്ദേഹം സമാദരിച്ചു. മാഡം ഡി ഷന്താളിനയച്ച ഒരു കത്തിൽനിന്നു തെളിയുന്നതുപോലെ, മാസത്തിൽ എട്ടു ദിവസവും വൎഷത്തിൽ മൂന്നു മാസവും വൈദികൎക്കു വിശ്രമദിനങ്ങളായി അദ്ദേഹം നിൎദ്ദേശിച്ചു.

തൻെറ സഭാംഗങ്ങളായ മിഷ്യനറിമാൎക്കു നല്കിയ ഉപദേശങ്ങളിലും മററും വളരെ കൎക്കശമായ ഒരു ജീവിതക്രമമാണു് അദ്ദേഹം നിൎദ്ദേശിച്ചിരിക്കുന്നതെന്നതു ശരിതന്നെ. സഹനം ഒരു സൗഭാഗ്യമായി അവൎക്കു കാണിച്ചുകൊടുത്തുവെന്നതും വാസ്തവംതന്നെ. എങ്കിലും നമ്മുടെ വിശുദ്ധനിൽ നന്മയും ഹൃദയാനുകമ്പയും മന്ദഗതിയിലല്ല പ്രകടമായിരുന്നതു്. തിരുത്തേണ്ടവ തിരുത്താൻ അദ്ദേഹം ഒരിക്കലും വൈകിയിരുന്നില്ല. വിശുദ്ധൻ പറയുന്നു: "രോഗശാന്തിക്കായി നിശ്ചിത പ്രതിവിധികൾ സ്വീകരിക്കുമ്പോൾ, ഗ്രഹങ്ങളെ സൃഷ്ടിച്ചു് അവയുടേതായ ശക്തി പ്രദാനംചെയ്ത ദൈവത്തെ ബഹുമാനിക്കുകയാകുന്നു."

1649 ജനുവരി 8-ാം തീയതി അദ്ദേഹം ഫാദർ ദുഷെസ്നെസ്സുയച്ച ഒരെഴുത്തിൽ തൻെറ മിഷ്യനറിമാരുടെ ആരോഗ്യത്തെക്കുറിച്ചുള്ള ഉൽക്കണ്ഠ പ്രകടമാക്കുന്നുണ്ടു്. അദ്ദേഹം പറയുന്നു; "ബഹുമാനപ്പെട്ട അച്ചാ, അങ്ങയുടെ കത്തുമൂലം എനിക്കുണ്ടായ ആശ്വാസത്തെപ്പററി പറഞ്ഞറിയിക്കുക സാദ്ധ്യമല്ല! ഫാദർ ദുഫെസ്സലിൻെറ അനാരോഗ്യത്തെസ്സംബന്ധിച്ചു് എനിക്കുണ്ടായിരുന്ന ഉൽക്കണ്ഠയേയും

സങ്കടത്തേയും അതു തെല്ലു ശമിപ്പിച്ചു. ഇരുവാത്തകളേയും പ്രതി ഞാൻ ദൈവത്തിനു നന്ദി പറയുന്നു. ആരാധ്യമായ ദൈവതിരുമനസ്സിനെ എതിക്കുവാൻ പ്രേരിപ്പിക്കുന്ന എൻെറ അധമവികാരങ്ങളോട്ട മല്ലിടാതെയല്ല ഞാനങ്ങനെ ചെയ്യുന്നതു്. തൻെറ ആരോഗ്യം വീണ്ടെടുക്കുവാൻ കഴിവുള്ള സകല ഉപാധികളും സ്വീകരിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഫാ. ദ്രഫെസ്റ്റലിനു് ഉടൻതന്നെ ഞാൻ എഴുതുന്നതാണു്. ഡോക്ടർ ദിവസവും അദ്ദേഹത്തെ സന്ദർശിക്കട്ടെ. ആഹാരത്തിൻേറയോ മരുന്നിൻേറയോ കാര്യത്തിൽ യാതൊരു പോരായ്മയും വരാതിരിക്കുവാൻ വേണ്ടതുചെയ്യണം. ഇക്കാര്യങ്ങളിൽ അച്ചൻെറ വ്യക്തിപരമായ ശ്രദ്ധയുണ്ടായിരിക്കണമെന്നു് ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു. രോഗികളെ ചികിത്സിക്കുന്ന കാര്യത്തിൽ നമ്മുടെ സംഘം ഔദാര്യത്തോടെ പ്രവത്തിക്കണം. ചികിത്സക്കു പണമില്ലാതിരുന്നതിനാൽ കാസാതന്നെയും വില്ക്കേണ്ടിവന്നെന്നു് നമ്മുടെ ഏതെങ്കിലും ആശ്രമത്തിൽനിന്നു് വാത്ത ലഭിച്ചാൽ ഞാൻ അത്യധികം സന്തോഷിക്കുന്നതാണു്." വിശുദ്ധൻെറ ഈ കത്തിലേ ആശയത്തിനേക്കാൾ കൂടുതലായി ഒന്നുംതന്നെ ഈ വിഷയം സംബന്ധിച്ചു പറയേണ്ടതായിട്ടില്ല. കാരണം, വേണ്ടിവന്നാൽ വിശുദ്ധ പാത്രങ്ങൾതന്നേയും വിററു് തൻെറ മിഷ്യനറിമാരുടെ ആരോഗ്യം വീണ്ടെടുക്കുവാൻ അദ്ദേഹം ഉപദേശിക്കുന്നു.

ലൂയീസാ ദെ മരില്ലാക്കിൻെറ തീക്ഷ്ണപ്രകൃതി ശാരീരിക തപശ്ചര്യകളുടെ കാര്യത്തിൽ പലപ്പോഴും ന്യായ്യമായ പരിധികളെ അതിലംഘിച്ചിരുന്നു. അവളുടെ സുശക്തവും ഉദാരവുമായ ആത്മാവു്, താൻ കുടികൊണ്ടിരുന്ന ശരീരം ദുർബലവും മൃദുലവുമാണെന്ന കാര്യം വിസ്മരിച്ചുകളഞ്ഞു. വിശുദ്ധൻ മരില്ലാക്കിനയച്ച പല എഴുത്തുകളിലും ഈ വിഷയം സംബന്ധിച്ചുള്ള ശകാരങ്ങളും ഉപദേശങ്ങളും കാണാം. ഒരെഴുത്തിൽ ഇപ്രകാരം കാണുന്നു: "നിങ്ങൾ വേണ്ടിടത്തോളം ആഹാരം കഴിക്കുന്നില്ല; നിങ്ങളുടെ അശ്രദ്ധ മൂലം നിങ്ങൾ നിങ്ങളെത്തന്നെ ഹനിക്കുകയാണു ചെയ്യുന്നതു്".

ഉപവിയുടെ പുത്രികൾക്കായി നടത്തിയ പ്രഥമ കോൺഫ്രൻസിൽ വിശുദ്ധൻ അവരുടെ ദിനചര്യയിലെ പ്രധാന കാര്യങ്ങൾ സമഗ്രമായി ചൂണ്ടിക്കാണിക്കുന്ന കൂട്ടത്തിൽ പറയുന്നു: "ഒമ്പതുമണിക്കു് ഉറങ്ങാൻപോവുക; സാധുജനസേവനത്തിനായി നിങ്ങളെത്തന്നെ ആരോഗ്യവതികളായി സൂക്ഷിക്കേണ്ടിയിരിക്കുന്നു. കൃത്യം നാലുമണിക്കു് എഴുന്നേല്ക്കണം. രാത്രി ഏകദേശം ഏഴുമണിക്കൂർ വിശ്രമിക്കുകയും നിങ്ങളുടെ ശരീരശക്തി വീണ്ടെടുക്കുകയും ചെയ്യുമ്പോൾ ജോലി ചെയ്യുന്നതിനു് നിങ്ങൾക്കു പ്രയാസം തോന്നുകയില്ല. ഏതെങ്കിലും കാരണത്താൽ രോഗബാധിതരാവുകയോ, രാത്രിയിൽ ഉറങ്ങാൻ സാധിക്കാതെ വരുകയോ ചെയ്താൽ, ദിവസത്തിൽ സൗകര്യമുള്ള സമയത്തു് ഉറങ്ങി ക്ഷീണം തീർക്കുവാൻ ശ്രമിക്കണം."

"അരോഗഗാത്രേ അരോഗചിത്തം." (Mens sana in corpore sano) ആരോഗ്യമുള്ള മനസ്സു് ആരോഗ്യമുള്ള ശരീരത്തിലേ ഉണ്ടായിരിക്കയുള്ളൂ എന്ന പഴമൊഴി മുകളിൽ വിവരിച്ച പ്രകാരമാണു് വിൻസെൻറു് മനസ്സിലാക്കിയതു്. പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടു് ദൈവസേവനമനുഷ്ഠിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവരും ആരോഗ്യസംരക്ഷണം ഒരു കടമയായി സ്വീകരിക്കണമെന്നു് വിശുദ്ധൻ പഠിപ്പിക്കുന്നു.

---

## അദ്ധ്യായം പതിനെട്ടു്

# കൃതജ്ഞതയുള്ളവരായി വർത്തിക്കുക

---

### വി. വിൻസെൻറിൻെറ സൂക്തികൾ:

കൃതജ്ഞതയെന്ന സുകൃതം നഷ്ടപ്പെടുന്നതിനേക്കാൾ ഉത്തമം എല്ലാം നഷ്ടപ്പെടുന്നതാണു്. കൃതഘ്നത ഒരു മഹാപാതകമത്രേ. തിരുസ്സഭയിലുള്ള ഏററം ആശ്വാസപ്രദമായ ഒരു സുകൃതമാണു കൃതജ്ഞത.

നമുക്കു ലഭിച്ചിട്ടുള്ള നിരവധി സഹായങ്ങളെപ്രതി നമ്മുടെ ഗുണകാംക്ഷികളോടു് നാം കൃതജ്ഞതയുള്ളവരാണെങ്കിൽ കഴിവിൽപ്പെട്ട എല്ലാ സേവനങ്ങളും അവക്കു ചെയ്തു കൊടുക്കുവാൻ നാം സന്നദ്ധരായിരിക്കും.

കൃതജ്ഞതപോലെ ദൈവത്തിൻെറ ഹൃദയത്തെ നേടിയെടുക്കാൻ പോരുന്ന മറെറാരു സുകൃതം ഇല്ലെന്നു പറയാം. ദൈവത്തിൽനിന്നു് ദാനങ്ങൾ അപേക്ഷിച്ചുവാങ്ങുവാൻ നാം ചെലവഴിക്കുന്നിടത്തോളം സമയമെങ്കിലും അവിടുത്തേയ്ക്കു നന്ദി പ്രകാശിപ്പിക്കുവാനും നാം ചെലവഴിക്കണം.

ഉപവിയേയും കൃതജ്ഞതയേയും പ്രതി ചില അസൗകര്യങ്ങൾ സഹിക്കേണ്ടിവരിക എത്ര അഭികാമ്യമാണു്!

ദൈവത്തിൽനിന്നോ മനുഷ്യരിൽനിന്നോ എന്തെങ്കിലും നന്മ സ്വീകരിക്കുവാൻ കൃതഘ്നത ഒരുവനെ അയോഗ്യനാക്കുന്നു.

### പ്രായോഗിക വിചിന്തനം:

കൃതജ്ഞത എന്ന സുകൃതത്തെ വിൻസെൻറു് അതിയായി വിലമതിച്ചിരുന്നു. പ്രകൃതി നിയമത്തിന്മേൽ അധിഷ്ഠിതമാണു് ഈ സൽഗുണമെന്നു് അദ്ദേഹം ഗ്രഹിച്ചു.

തിന്മയ്ക്കു പകരം നന്മ പ്രവൎത്തിക്കുവാനും ശത്രുക്കൾക്കുപോലും ഉപകാരങ്ങൾ ചെയ്യുവാനും നാം കടപ്പെട്ടവരാണ്, അങ്ങനെയെങ്കിൽ നമ്മുടെ ക്ഷേമൈശ്വൎയ്യങ്ങൾക്കായി സഹായങ്ങൾ ചെയ്തിട്ടുള്ളവൎക്കുവേണ്ടി നാം എന്തുചെയ്താൽ മതിയാകും!

"കാള അതിന്റെ യജമാനനേയും, കഴുത അതിനെ പോററുന്ന കരങ്ങളേയും അറിയുന്നു; ഇസ്രായേലാകട്ടെ, എന്നെ അറിയുന്നില്ല; അവർ കൃതഘ്നരായിത്തീൎന്നിരിക്കുന്നു" എന്ന വേദപുസ്തകത്തിലെ പ്രലാപസ്വരം വിൻസെൻറ് ശ്രവിച്ചു. സുഖമാക്കപ്പെട്ട പത്തു കുഷ്ഠരോഗികളിൽ ഒരാൾ മാത്രം നന്ദിപ്രകടിപ്പിക്കാൻ തിരിച്ചുചെന്നപ്പോൾ "ബാക്കി ഒമ്പതുപേരെവിടെ?" എന്നു ചോദിച്ചു നമ്മുടെ കൎത്താവു സങ്കടപ്പെട്ടന്നതു് അദ്ദേഹം മനസ്സിലാക്കി. "എല്ലാററിലും കൃതജ്ഞരായിരിപ്പിൻ; ഇതത്രേ ദൈവഹിതം" എന്ന വി. അപ്പസ്തോലന്റെ വാക്കുകൾ അദ്ദേഹം ചെവിക്കൊണ്ടു. തിരുസ്സഭയുടെ ആരാധനക്രമത്തിൽ ദൈവത്തിനു നന്ദി പ്രകടിപ്പിക്കുന്ന രീതി ഹൃദയസ്പൎശകവും മാതൃകാപരവുമായി അദ്ദേഹത്തിനു് അനുഭവപ്പെട്ടു. കുർബാനയിലെ ഏററം മനോഹരവും മഹത്തമവുമായ പ്രാൎത്ഥനകളിലൊന്നായ "പ്രഫാസിയോ" വളരെ ഭക്തിസംവൎദ്ധകമാംവിധമാണു് അദ്ദേഹം ഉച്ചരിച്ചിരുന്നതു്: "ഏററം വലിയ ഉപകൎത്താവായ ദൈവത്തിനു് എല്ലായ്പോഴും എല്ലായിടത്തും നന്ദി പ്രകാശിപ്പിക്കുക സമുചിതവും നീതിപൂൎവ്വവും ന്യായയുക്തവും രക്ഷാകരവുമാകുന്നു."

പരമപ്രാധാന്യമൎഹിക്കുന്ന ഈ കൎത്തവ്യനിൎവ്വഹണത്തിൽ വിൻസെൻറ് ഒരിക്കലും ഉപേക്ഷ കാണിച്ചിട്ടില്ലെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. പ്രഭാതപ്രാൎത്ഥനയിൽ, ദൈവത്തിനു പ്രത്യേകം നന്ദി പറഞ്ഞുകൊണ്ടുള്ള ഒരു ഭാഗം അദ്ദേഹവും സഭാംഗങ്ങളും അനുദിനം ചൊല്ലിയിരുന്നു.

കൃതഘ്നത മനുഷ്യനെ മൃഗങ്ങളേക്കാൾ അധഃപതിപ്പിക്കുമ്പോൾ കൃതജ്ഞത അവനെ ഉയൎത്തുകയും ബഹുമാന്യനാക്കിത്തീൎക്കുകയും ചെയ്യുന്നുവെന്നു് വിശുദ്ധൻ ഗ്രഹിച്ചിരുന്നു. കാരണം, മൃഗങ്ങൾപോലും അവയുടെ സ്വാഭാവിക

പ്രേരണയാൽ നന്ദിയുള്ളവരായി വർത്തിക്കുന്നു. "നന്ദികെട്ട ജന്തു" എന്നുതന്നെയും വിളിച്ചുകൊണ്ടാണ് സാധാരണക്കാർ കൃതഘ്നരെ താറടിക്കുന്നതു്. തികച്ചും ഒരു പ്രായോഗിക മനുഷ്യനായിരുന്ന വിൻസെൻറിനു് കൃതജ്ഞത എത്ര ഉപയോഗപ്രദമാണെന്നും, വെറും ലൗകികമായ സംഗതികളിൽപ്പോലും നൂതനമായ ആനുകൂല്യങ്ങൾ പ്രാപിക്കുവാൻ അതെത്ര ശക്തിയായ പ്രേരകമാണെന്നും മനസ്സിലാക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല. അതേസമയം, കൃതഘ്നത ഒരു ചുട്ടുകാററുപോലെ ലൗകികവും ആദ്ധ്യാത്മികവുമായ എല്ലാ ദാനങ്ങളുടേയും സ്രോതസ്സുകളെ ഉണക്കിക്കളയുമെന്നും അദ്ദേഹം ഗ്രഹിച്ചിരുന്നു.

രണ്ടു സംഗതികൾ എന്നിലുണ്ടു്: കൃതജ്ഞതയും, ചെയ്ത നന്മയെ പ്രശംസിക്കുന്നതിനുള്ള കഴിവുകേടും, എന്നു് അദ്ദേഹം തൻെറ പരമാർത്ഥതയിൽ സമ്മതിച്ചിട്ടുണ്ടു്. ഏററം ചെറിയ ഒരുപകാരത്തെപ്രതിപോലും അദ്ദേഹം നന്ദി പ്രകാശിപ്പിച്ചിരുന്നതായി നാം കാണുന്നു അബെല്ലി പറയുന്നതുപോലെ. ഏററം കൃതജ്ഞതയുള്ളയാൾക്കു കണ്ടുപിടിക്കാൻ കഴിയാത്ത സംഗതികളിൽപ്പോലും അദ്ദേഹം കൃതജ്ഞതാപ്രകടനത്തിനുള്ള അവസരം കണ്ടെത്തിയിരുന്നു. "എൻെറ വാർദ്ധക്യത്തെ പൂഛരിക്കാതെ എന്നോടു പെരുമാറിയതിൽ ഞാൻ താങ്കൾക്കു നന്ദിപറയുന്നു"; "ഒരു വലിയ പാപിയായ എന്നോടു് സഹിഷ്ണുതയോടെ വർത്തിച്ചതിൽ ഞാൻ നിങ്ങളോടു കൃതജ്ഞനാണു്"; "നിങ്ങളിൽ നിന്നു് പല നവീനാശയങ്ങളും ഗ്രഹിക്കുവാൻ സാധിച്ചതിൽ എൻെറ കൃതജ്ഞത രേഖപ്പെടുത്തുന്നു"; "എന്നെ ശ്രവിക്കുവാൻ നിങ്ങൾ പ്രദർശിപ്പിച്ച ക്ഷമയ്ക്കു്"; "നിങ്ങളുടെ സാന്നിദ്ധ്യംകൊണ്ടു് എന്നെ അനുഗ്രഹിച്ചതിനു്"; "നിങ്ങളെ സന്ദർശിക്കുവാൻ അവസരം തന്നതിനു്"; ഇങ്ങനെ നൂറു നൂറു കാര്യങ്ങൾക്കായി വിൻസെൻറു് കൃതജ്ഞത പ്രകാശിപ്പിക്കുന്നതായിക്കാണാം.

രോഗികളെ പരിചരിച്ചിരുന്ന തുണസഹോദരനു് അദ്ദേഹം പലപ്പോഴും നന്ദി പറഞ്ഞിരുന്നു. കുതിരപ്പുറത്തു

കയറുവാൻ തന്നെ സഹായിച്ച കുട്ടികൾക്കുപോലും വിശു ദ്ധൻ നന്ദിപറയാറുണ്ടായിരുന്നു. അദ്ധ്വാനിക്കുന്നവരോട്ട് പൊതുവേ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെയാണു് അദ്ദേഹം വർത്തിച്ചിരുന്നതു്. ഒരിക്കൽ തൻെറ മിഷ്യനറി മാരോട്ട് അദ്ദേഹം പറഞ്ഞു: "ഈ പാവപ്പെട്ടവരുടെ വി യർപ്പുകൊണ്ടും ക്രിസ്തുവിൻെറ പിതൃസ്വത്തിന്മേലും ജീവി ക്കുന്ന നാം നമ്മുടെ അപ്പം യഥാർത്ഥത്തിൽ അർഹിക്കുന്നു ണ്ടോ എന്നു് ചിന്തിച്ചുനോക്കേണ്ടിയിരിക്കുന്നു. നാം വേ ണ്ടതുപോലെ അതിനു് അർഹരായിത്തീരത്തക്കവിധം ജോ ലി ചെയ്തിട്ടില്ലെങ്കിൽ, പ്രിയ സഹോദരരേ, കുറഞ്ഞപക്ഷം, അവക്കുവേണ്ടി പ്രാർത്ഥിക്കുകയും ദൈവത്തിനു നന്ദിപറയു കയും ചെയ്യാം. അവർ തങ്ങളുടെ ബുദ്ധിമുട്ടുകളും ക്ലേശ ങ്ങളും ഫലപ്രദമാംവിധം സഹിക്കുന്നതിനുവേണ്ട അനുഗ്ര ഹം നമ്മുടെ കർത്താവു് അവക്കു നല്കുവാൻ വേണ്ടി അനു ദിനം അവരെ നാം അവിടുത്തേക്കു സമർപ്പിക്കണം."

ഒരിക്കൽ വിൻസെൻറു് ഒരു ഗുണകാംക്ഷിക്കു് ഇപ്രകാ രമെഴുതി: "നിങ്ങൾ എനിക്കു ചെയ്തിട്ടുള്ള എണ്ണമില്ലാത്ത ഉപകാരങ്ങളെപ്രതി നിങ്ങൾക്കു നന്ദിപറയുവാൻ ഒരു മാ ലാഖ നിരന്തരം നിങ്ങളുടെയടുക്കൽ ഉണ്ടായിരിക്കണമെന്നു് ഞാനാഗ്രഹിക്കുന്നു." വികാരോജ്ജ്വലവും ശക്തിമത്തുമായ ഭാഷയിൽ നന്ദിപ്രകടിപ്പിക്കുന്നതായുള്ള ഭാഗങ്ങൾ വിശു ദ്ധൻെറ പല കത്തുകളിലും നമുക്കു കാണാൻ കഴിയും. "താങ്കൾക്കു നന്ദിപറയുവാൻ പററിയ വാക്കുകൾ ഞാൻ കാ ണുന്നില്ല." "വേണ്ടവിധം നന്ദി പ്രകാശിപ്പിക്കുവാൻ ഞാൻ അശക്യനാകയാൽ മൗനം അവലംബിക്കുയാണു്," എന്നി ങ്ങനെയുള്ള പല പ്രയോഗങ്ങളും അദ്ദേഹത്തിൻെറ കത്തു കളിൽ കാണാം.

വ്യക്തിപരമായി, കൃതജ്ഞതയെന്ന ഗുണം ഉണ്ടായി രുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഈ സുകൃതം തൻെറ കോൺഗ്രിഗേഷനും ഉണ്ടായിരിക്കണമെന്നു് വിശുദ്ധൻ ആ ഗ്രഹിച്ചു. അത്യഗാധമായ കൃതജ്ഞതാചൈതന്യം തൻെറ കോൺഗ്രിഗേഷനു് നല്കുവാൻ അദ്ദേഹം ദൈവത്തോടു പ്രാ ർത്ഥിച്ചു. തന്നോടൊത്തു കൃതജ്ഞത പ്രദർശിപ്പിക്കുവാൻ,

തൻെറ ആശ്രമങ്ങളിലേ ശ്രേഷ്ഠന്മാരോട്ട് അദ്ദേഹം പലപ്പോഴും അഭ്യത്ഥിച്ചിരുന്നു.

ഒരിക്കൽ ബാരിയിലുള്ള ഈശോസഭാവൈദികർ തൻെറ സഭാംഗങ്ങളിലൊരാൾക്ക് പ്രശസ്തമായ ഒരു സേവനം ചെയ്തപ്പോൾ, വിൻസെൻറ് പരസ്യമായിത്തന്നെ തൻെറ അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെട്ടത്തി. മാത്രമല്ല കൃതജ്ഞതയുടെ മാഹാത്മ്യത്തേയും ആവശ്യകതയേയും പററി, തൻെറ സഭാംഗങ്ങൾക്ക് ഒരു കോൺഫ്രൻസ് നല്കുവാനും ഈയവസരം അദ്ദേഹം വിനിയോഗിച്ചു.

കോൺഗ്രിഗേഷൻെറ ഗുണകാംക്ഷികളിൽ പലരും കാലാന്തരത്തിൽ സാമ്പത്തികമായി അധോഗതിപ്രാപിക്കുകയും വൈഷമ്യമേറിയ പരിതഃസ്ഥിതികളിൽച്ചെന്നു പെട്ടകയുമുണ്ടായി. ഇവരിലൊരാൾക്ക് 1655-ൽ വിൻസെൻറ് ഇങ്ങനെ എഴുതി: “ഞങ്ങളുടെ സമൂഹത്തിൻെറ സാധനങ്ങൾ താങ്കളുടെ സ്വന്തമെന്നപോലെ ഉപയോഗിക്കുവാൻ ഞാൻ താങ്കളോടപേക്ഷിക്കുന്നു. ഞങ്ങൾക്കുള്ളവയെല്ലാം, കാസാകൾപോലും, താങ്കൾക്കുവേണ്ടി വില്ക്കുവാൻ ഞങ്ങൾ തയ്യാറാണ്. ഉപകത്താക്കൾ അവരുടെ സമൃദ്ധികാലത്തു് നല്കിയവ ആവശ്യനേരത്തു് അവർക്കു തിരിച്ചുകൊടുക്കണമെന്നാണ് കാനൻ അനുശാസിക്കുന്നതു്. അതു പ്രാവത്തികമാക്കുക മാത്രമായിരിക്കും ഇതിനാൽ ഞങ്ങൾ ചെയ്യുന്നതു്. സർ, ഞാനീപ്പറയുന്നതു് വെറും ആചാര്യമര്യാദപ്രകാരമല്ല; പ്രത്യുത ദൈവപ്രേരണയാൽ എൻെറ മനസ്സിലുദിച്ച നല്ല ആശയത്തിനൊത്തവിധമാണ്.” കൃതജ്ഞതയ്ക്കു് ഇതിൽക്കൂടുതൽ ഉയരാൻ സാധിക്കുമോ എന്നു തോന്നുന്നില്ല. നന്ദിപ്രകടിപ്പിക്കുന്നതിനായി വിശുദ്ധപാത്രങ്ങൾ വില്ക്കുന്നതിനുപോലും വിൻസെൻറ് തയ്യാറായിരുന്നു. കമ്മനിരതരായി കഴിയുന്ന എല്ലാവക്കും ഇക്കാര്യത്തിൽ ഒരുത്തമമാതൃകയായി വിശുദ്ധൻ പരിലസിക്കുന്നു.

## അദ്ധ്യായം പത്തൊമ്പതു്

# വിവേകത്തോടും ജാഗ്രതയോടുംകൂടി വർത്തിക്കുക

---

### വി. വിൻസെൻറിൻെറ സൂക്തികൾ:

വിവേകം നമ്മുടെ വാക്കുകളേയും പ്രവൃത്തികളേയും നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യുന്നു. ബുദ്ധിപൂർവ്വം സുനിശ്ചിതമായി സംസാരിക്കുന്നതിന്ന് അതു നമ്മെ പ്രാപ്തരാക്കുന്നു. വിവേകിയായ ഒരു മനുഷ്യൻ, ഓരോ കാര്യവും അതതിന്നു നിശ്ചയിച്ചിരിക്കുന്ന സമയത്തും സാഹചര്യങ്ങളിലും ചെയ്യുന്നു. ഓരോ കാര്യവും അതർഹിക്കുന്ന പ്രാധാന്യം കൊടുത്തു നിറവേററുവാൻ വിവേകിക്കറിയാം.

വേർതിരിഞ്ഞുനില്ക്കാത്ത രണ്ടു സഹോദരികളെപ്പോലെയാണു് വിവേകവും പരമാർത്ഥതയും. ഈ രണ്ടു സൽഗുണങ്ങളും നമ്മുടെ ആദ്ധ്യാത്മിക പുരോഗതിക്കു് അപരിത്യാജ്യങ്ങളത്രേ. ഇവയുടെ നിയന്ത്രണത്തിന്നു വിധേയനായി വർത്തിക്കുന്നവൻ അടിക്കടി പുണ്യത്തിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കും.

രോഗിയായ ഒരുവനെ സുഖപ്പെടുത്തുന്ന ഡോക്ടരേക്കാൾ രോഗംവരാതെ സംരക്ഷിക്കുന്ന ഡോക്ടരാണു് അധികം പ്രശംസാർഹൻ. പറയാവുന്ന സംഗതികളാണെങ്കിൽ എനിക്കറിയാവുന്നതുപോലെ അവ ഞാൻ തുറന്നു പറയും. എന്നാൽ, മററുള്ളവരെ അറിയിക്കുന്നതു് ഉചിതമല്ലാത്ത കാര്യങ്ങളെക്കുറിച്ചു് ഞാൻ മൌനം ദീക്ഷിക്കുകയേ ഉള്ളൂ. നമ്മുടെ ആശ്രമങ്ങളിൽ സംഭവിക്കുന്നവയെപ്പററി പുറമേ ഉള്ളവരോടു നാം ഒരിക്കലും സംസാരിക്കരുതു്. ദൈവത്തെ യോഗ്യമാംവിധം ശുശ്രൂഷിക്കുന്നതിന്നു തക്ക മാർഗ്ഗങ്ങൾ ആരായു

വാനായി നാം ചെലവഴിക്കുന്ന സമയവും സഹിക്കുന്ന ബുദ്ധിമുട്ടുകളും വഴി അവിടുത്തെ ബഹുമാനിക്കുകയാണു്.

കർത്താവു വിധിച്ചതുപോലെ എല്ലാക്കാര്യങ്ങളും വിധിക്കുവാൻ യഥാർത്ഥവിവേകം നമ്മെ പ്രേരിപ്പിക്കുന്നു. ഇക്കാര്യത്തിൽ കർത്താവു് എങ്ങനെ വിധിക്കുമായിരുന്നുവെന്നു് ഓരോ പ്രശ്നവും കൈകാര്യം ചെയ്യുമ്പോൾ നമ്മോടു തന്നെ നാം ചോദിക്കണം. അനാവശ്യമായ ഒച്ചപ്പാടും അകാലികമായ പ്രസിദ്ധിയും വഴി സൽപ്രവൃത്തികളെ മുളയിലേ തന്നെ നുള്ളിക്കളയുവാൻ പിശാചു ശ്രമിക്കുന്നു. കപ്പലുകളെ നശിപ്പിക്കുന്ന അന്തർവാഹിനികളെപ്പോലെയാണു് മേല്പറഞ്ഞവ. നല്ല നല്ല സംരംഭങ്ങൾ ഇങ്ങനെ അതിരുകവിഞ്ഞ ഒച്ചപ്പാടും പ്രസിദ്ധിയും നിമിത്തം പരാജയമടയുന്നു.

മനുഷ്യരുടെ അസൂയയോ എതിർപ്പോ ഉണ്ടാകാതിരിക്കത്തക്കവണ്ണം നമ്മുടെ പ്രവൃത്തികൾ അനാഡംബരവും വിനീതവും പരസ്നേഹപരവുമായ മാർഗ്ഗങ്ങളുപയോഗിച്ചു ചെയ്യേണ്ടതാണു്. അനിശ്ചിതവും മിഥ്യയുമായ നന്മയ്ക്കുവേണ്ടി, യഥാർത്ഥവും ഉടനടി അനുഷ്ഠിക്കാവുന്നതുമായ നന്മയെ നാം ഉപേക്ഷിക്കരുതു്.

നിങ്ങളെ ഉപദേശിക്കുവാൻ കടപ്പെട്ടിരിക്കുന്നവരോടു് ആലോചിക്കുക. അവരുടെ ഉപദേശങ്ങളിൽ ദൈവേഷ്ടം നിങ്ങൾ ദർശിക്കും. നിങ്ങളുടെ അധികാരികളുടെ നിർദ്ദേശം സ്വീകരിക്കുന്നതുകൊണ്ടു് വളരെയേറെ പോരായ്മകൾ ഇല്ലാതാക്കുകയും ദൈവത്തിൻെറ തിരുവിഷ്ടമാണു നിറവേറുന്നതെന്നു് നിങ്ങൾക്കു് ഉറപ്പുണ്ടായിരിക്കയും ചെയ്യും. നന്മചെയ്താൽ മാത്രം പോരാ, പിന്നെയോ അതു നന്നായി ചെയ്യണം.

നന്നായി സംസാരിക്കുകയും നല്ല കാര്യങ്ങൾ പറയുകയും, മററുള്ളവക്കു സ്വീകാര്യവും പ്രയോജനകരവുമായ വിധത്തിൽ പറയുവാൻ സാധിക്കുകയും ചെയ്യുന്നതു് യഥാർത്ഥവിവേകത്തിൻേറയും ജ്ഞാനത്തിൻേറയും ഫലമാണു്.

അനന്ത ബോധജ്ഞാനിയായ ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ പറഞ്ഞതും പ്രവർത്തിച്ചതും വിധിച്ചതും

ഒക്കെ മാതൃകയാക്കി പ്രവൎത്തിക്കയും വിധിക്കയും ചെയ്യുന്നതിലാണ് ക്രിസ്തീയ വിവേകം സ്ഥിതിചെയ്യുന്നതു്. അന്യർ വിമൎശിക്കുമെന്നുള്ള ഭയം, അവരുടെ അപ്രീതിക്കു പാത്രമാകുമെന്നുള്ള ആശങ്ക എന്നിങ്ങനെ നീചവും നിന്ദ്യവുമായ ആദർശങ്ങളാൽ പ്രേരിതനായി വൎത്തിക്കുന്ന ഒരുവൻെറ വിവേകം കേവലം മാനുഷികമെന്നല്ലാതെ അതിൽക്കവിഞ്ഞൊരു ആദ്ധ്യാത്മികവിലയും അതിനു കല്പിക്കേണ്ടതില്ല. ഇങ്ങനെയുള്ള വിവേകം ദൈവമഹത്വത്തിനും തിരുസ്സഭയുടെ പുരോഗതിക്കും ആത്മാക്കളുടെ രക്ഷയ്ക്കും വിലങ്ങുതടിയായി മാത്രമേ നിലകൊള്ളുകയുള്ളൂ.

## പ്രായോഗിക വിചിന്തനം:

അധികാരസ്ഥാനം അതിയായി കാംക്ഷിച്ചിരുന്ന ഒരു മിഷ്യനറിക്കു വിൻസെൻറച്ചൻ ഒരിക്കൽ ഇപ്രകാരമെഴുതി: "ദൈവത്തിൻെറ ദാനങ്ങൾ വിവിധങ്ങളാണ്; ഏററം പ്രയോജനകരമാംവിധം അവിടുന്ന് അവ വിതരണം ചെയ്യുന്നു. അഭ്യസ്തവിദ്യനായ ഒരാൾ ചിലപ്പോൾ ഭരണത്തിനു യോഗ്യനല്ലെന്നു വരാം. മറെറാരാൾ പുണ്യത്തിൽ മികച്ചു നില്ക്കുന്നവനാണെങ്കിലും അധികാരിയാകുവാനുള്ള ഗുണങ്ങൾ ഇല്ലാത്തവനായിരുന്നേക്കാം" വിശുദ്ധൻെറ ഈ വാക്കുകൾ ആരംഭംമുതൽതന്നെ സഭയിൽ നിലവിലിരുന്ന ഒരു പഴമൊഴിയുടെ സമാഹാരമായിക്കരുതാം:

> "വിശുദ്ധിയുള്ളവൻ നമ്മെ വിശുദ്ധീകരിക്കട്ടെ; വിവേകമുള്ളവൻ നമ്മെ ഭരിക്കട്ടെ: വിജ്ഞാനമുള്ളവൻ നമ്മെ പഠിപ്പിക്കട്ടെ; വിശുദ്ധനും, വിവേകിയും ജ്ഞാനിയുമായവൻ നമ്മെ വിശുദ്ധീകരിക്കയും, ഭരിക്കുകയും പഠിപ്പിക്കയും ചെയ്യട്ടെ."

വാസ്തവത്തിൽ ദൈവത്തിൻെറ ദാനങ്ങൾ വിവിധങ്ങളും പരിമിതങ്ങളുമാണ്. സകലവിധ ഗുണഗണങ്ങളും കഴിവുകളും ഉള്ളവരായി ആരുമില്ല. ഏതെങ്കിലും ഒരു പ്രത്യേക സ്വഭാവവിശേഷമുള്ളയാൾക്ക് മറെറാരു ഗുണം ഇല്ലെന്നു വരാം.

നമ്മയുടെ നയനങ്ങളാണു് വിവേകം. ദൗർബ്ബല്യവും മൂഢതയും നിമിത്തം നമ്മക്കു കോട്ടംതട്ടാതെ കാത്തുസൂക്ഷിക്കുന്നതു വിവേകമാണു്. "വിവേകം വിശുദ്ധരുടെ ശാസ്ത്രമാകുന്നു" (Prudence is the science of Saints) എന്ന ആപ്തവാക്യം തികച്ചും അർത്ഥസമ്പുഷ്ടമാണു്. നിസ്തുലമായ വിശുദ്ധിയുള്ളവക്കപോലും വിവേകത്തെ മാററിനിറുത്തുക സാദ്ധ്യമല്ല. ഈ പുണ്യം വി. വിൻസെൻറിൽ സവിശേഷം വിളങ്ങിയിരുന്നുവെന്നതു നിസ്തർക്കമത്രേ. വിശുദ്ധനെ വളരെ അടുത്തു പരിചയമുണ്ടായിരുന്ന ബോസേ, "ക്രമത്തിൻേറയും വിവേകത്തിൻേറയും വിസ്മയനീയമാതൃക" എന്നാണു് വിൻസെൻറിനെപ്പററി പറഞ്ഞിരുന്നതു്. വിശുദ്ധനുമായി നടത്തിയ വാഗ്വാദത്തിൽ വിശുദ്ധൻ പ്രദർശിപ്പിച്ച ജ്ഞാനത്തേയും വിവേകത്തേയുംപററി ഡിഗോണ്ടി പ്രഭു പ്രശംസിച്ചു പറയുകയുണ്ടായി.

വിൻസെൻറിൻെറ ജീവചരിത്രകാരന്മാരായ കോളെററു്, അൽഫോൺസു്, മെയ്നാർഡ്യു് മുതലായവരെല്ലാം വിശുദ്ധൻെറ വിവേകത്തെ മുക്തകണ്ഠം സ്തുതിച്ചിട്ടുണ്ടു്. അബെല്ലി ഇങ്ങനെ പറയുന്നു: "ദൈവത്തിൻെറ വിശ്വസ്തദാസനായിരുന്ന വിൻസെൻറിൽ വിളങ്ങിയിരുന്ന ഗുണഗണങ്ങളിൽ ഏററം ശോഭയോടെ പ്രകാശിച്ചിരുന്നതു് വിവേകമാണു്. അദ്ദേഹത്തിൻെറ സമകാലികരുടെ മദ്ധ്യേ ഏററം വിവേകിയും ജ്ഞാനിയുമായ ഒരാളായിട്ടാണു് പൊതുജനങ്ങൾ അദ്ദേഹത്തെ പരിഗണിച്ചതു്.

മററുള്ളവരുടെ തെററു ചൂണ്ടിക്കാണിച്ചു് അവരെ തിന്മയിൽ നിന്നു് നിവത്തിപ്പിക്കുന്നതിനു് വിശുദ്ധൻ സാധാരണ പ്രയോഗിച്ചിരുന്ന പ്രവത്തനരീതി ഇതാണു്: പ്രഥമതഃ തെററു ചെയ്തവൻെറ നേക്കുള്ള ബഹുമാനവും വിശ്വാസവും, അദ്ദേഹം പ്രകടമാക്കുന്നു. ചിലപ്പോൾ അയാളുടെ ഏതെങ്കിലും സൽഗുണത്തെപ്പററി പ്രശംസിച്ചു പറയുകകൂടി ചെയ്യും. ഇങ്ങനെ അയാളുടെ ഹൃദയം അദ്ദേഹം കവരുന്നു. അനന്തരം അയാൾ ചെയ്ത കുററത്തിൻെറ സഫലവും സാഹചര്യങ്ങളും എടുത്തുകാണിച്ചുകൊണ്ടു് അതിൻെറ ഗൗരവം മനസ്സിലാക്കിക്കൊടുക്കുന്നു. തുടന്നു് ആ തെററു് ആവ

ത്തിക്കാതിരിക്കുന്നതിനുള്ള ഉപാധികൾ നിർദ്ദേശിക്കുകയായി. കുററം ചെയ്തയാൾ നിർദ്ദേശങ്ങൾ സന്മനസ്സോടെ സ്വീകരിക്കുന്നതിനുവേണ്ടി, താനും മററുള്ളവരെപ്പോലെ ഈ ഉപാധികൾ പ്രായോഗികമാക്കുവാൻ കടപ്പെട്ടവനാണെന്നു പറഞ്ഞു് ഉപദേശം അവസാനിപ്പിക്കുന്നു.

ആരെങ്കിലും വിശുദ്ധനോട്ട് ഉപദേശം ചോദിച്ചാൽ അദ്ദേഹം അനുവർത്തിച്ചിരുന്ന പരിപാടിയെക്കുറിച്ച് വിശുദ്ധനുമായി അടുത്ത പരിചയമുണ്ടായിരുന്ന ഒരു വൈദികൻ ഇങ്ങനെ പറയുന്നു: "ആദ്യമായി അല്പസമയം അദ്ദേഹം പ്രാർത്ഥനയിൽ ചെലവഴിക്കയും, തന്റെ ഉപദേശം ആവശ്യപ്പെട്ട വ്യക്തി തന്നോടൊത്തു പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കയുംചെയ്യും. അനന്തരം ഏതൊരു പ്രശ്നത്തെക്കുറിച്ചാണ് തീരുമാനം ചെയ്യുകയോ അഭിപ്രായം പറയുകയോ ഉപദേശം നല്കുകയോ ചെയ്യേണ്ടതെന്നു് ശ്രദ്ധാപൂർവ്വം ചോദിച്ചു മനസ്സിലാക്കും. കൂടുതൽ വിശദീകരണങ്ങൾ ആവശ്യമെങ്കിൽ അങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് വീണ്ടും വീണ്ടും ചോദിക്കുവാനും മടിക്കയില്ല. ഇങ്ങനെ വേണ്ട അറിവുകൾ ലഭിച്ചശേഷവും ഉടനടി തീരുമാനം പറയുകയോ ഉപദേശം നല്കുകയോ ചെയ്യുന്ന സ്വഭാവം അദ്ദേഹത്തിനില്ലായിരുന്നു. എത്ര തിട്ടക്കമുള്ള കാര്യങ്ങളായാലും കുറേ ദിവസങ്ങൾക്കു ശേഷമാണു് അദ്ദേഹം അഭിപ്രായം പറഞ്ഞിരുന്നതു്. ഈ ദിവസങ്ങളിൽ വിശുദ്ധൻ ദൈവികവെളിച്ചത്തിനായി പ്രാർത്ഥിച്ചിരുന്നു. വേണ്ടിവന്നാൽ മററുള്ളവരോട്ട് ആലോചന ചോദിക്കുന്നതിനും അദ്ദേഹം മടിച്ചിരുന്നില്ല. ഇങ്ങനെ സമയത്തിന്റെ പൂർണ്ണതയിൽ വിനയപൂർവ്വം പരിപക്വമായ ഒരു തീരുമാനമോ അഭിപ്രായമോ ഉപദേശമോ, അതാവശ്യപ്പെട്ടയാൾക്കു നല്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. "എനിക്കു് ഏററം സമുചിതമെന്നു് തോന്നിയ ഒരഭിപ്രായമാണിതു്; അവസാന തീരുമാനം താങ്കൾക്കുതന്നെ ചെയ്യാം," എന്ന ഉപസംഹാരത്തോട്ടുകൂടിയായിരിക്കും അദ്ദേഹം സംഭാഷണം അവസാനിപ്പിക്കുക. താൻ പറഞ്ഞ അഭിപ്രായത്തെസ്സംബന്ധിച്ച് രഹസ്യം പാലിക്കണമെന്ന ഒരഭ്യർത്ഥനയും ചിലപ്പോൾ അദ്ദേഹം നടത്താറുണ്ടു്."

വേണ്ടിടത്തു സംശയിക്കുവാനും വേണ്ടപ്പോൾ അന്യരോട്ട് ആലോചന ചോദിക്കുവാനും വിശുദ്ധനു് അറിയാമായിരുന്നു. അദ്ദേഹത്തിൻെറ വിവേകത്തിൻേറയും ജ്ഞാനത്തിൻേറയും പൂൎണ്ണതയാണു് ഈ ഗുണവിശേഷങ്ങളിൽ നാം ദൎശിക്കുന്നതു്. തൻെറ സഭയ്ക്കായി അദ്ദേഹം എഴുതിയുണ്ടാക്കിയ നിയമസംഹിത വ്യവസ്ഥാപിതവും രചനാത്മകവുമാണു്. അതനുസരിച്ചു് സുപ്പീരിയർജനറാളിനു് ആലോചനക്കാരും സഹായികളും താക്കീതു നല്കുന്നവരും (Admonitors) ഉണ്ടു്. വിശുദ്ധൻെറ ഒരു കത്തിൽ ഇങ്ങനെ പറയുന്നു: "പ്രാധാന്യമർഹിക്കുന്ന യാതൊരു കാര്യവും മററുള്ളവരുടെ ഉപദേശം ആരായാതെ ചെയ്യുകയില്ലെന്നൊരു വ്രതം ഞാൻ എടുത്തിട്ടുണ്ടു്" ഇനിയും വേറൊരു കത്തിൽ, "ന്യായപ്രമാണമനുസരിച്ചു് എനിക്കു ലഭിച്ചിട്ടുള്ള ആലോചനക്കാരുടെ അഭിപ്രായം ചോദിക്കാതെ യാതൊന്നും ഞാൻ ചെയ്യുകയില്ല" ഇങ്ങനെ, പരിശുദ്ധാത്മാവിൻെറ ദാനമായ ആലോചന എന്ന സൽഗുണം അതിൻെറ പൂൎണ്ണതയിൽ നമ്മുടെ വിശുദ്ധനിൽ പ്രശോഭിച്ചിരുന്നു.

അബെല്ലി പറയുന്നതിൽ നാം അത്ഭുതപ്പെടേണ്ടതില്ല. വിൻസെൻറിൻെറ വിവേകപൂൎണ്ണമായ ചൈതന്യം ഭാവിയിലേക്കു കടന്നുചെന്നു് ഓരോ സംഗതിയും ശരിക്കു വിലയിരുത്തി, അവയുടെ അനന്തരഫലങ്ങളും വരുംവരായ്കകളും പ്രയാസങ്ങളും മുൻകൂട്ടിക്കണ്ടു് അവയ്ക്കു തക്ക പ്രതിവിധികൾ പ്രയോഗിച്ചിരുന്നു. വിശുദ്ധൻ സ്ഥാപിച്ച ഇരുസഭകളുടേയും നിയമസംഹിതതന്നെ അദ്ദേഹത്തിൻെറ വിവേകത്തിൻേറയും ജ്ഞാനത്തിൻേറയും ഉത്തമനിദൎശനമാണു്. ഉപവിയുടെ പുത്രീസംഘത്തിൻെറ കാര്യംമാത്രമെടുക്കുക. പരോപകാരപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടിരിക്കുന്ന ഈ സംഘാംഗങ്ങൾ എല്ലാ ഭൂഖണ്ഡങ്ങളിലും ജോലിചെയ്യുന്നുണ്ടു്. അമേരിക്കയിലോ യൂറോപ്പിലോ ഏഷ്യയിലോ എവിടെയായിരുന്നാലും അവരുടെ നിയമസംഹിതയ്ക്കു് ഏതെങ്കിലും ഭേദഗതി വരുത്തിയതായി അറിവില്ല. ഏതു സ്ഥലകാലസാഹചര്യങ്ങളിലും പ്രായോഗികമാക്കാവുന്ന ഒരു നിയമസംഹിതയാണു് അവൎക്കുള്ളതു്. അവരുടെ ന്യായപ്രമാണങ്ങളുടെ

ക്രോഡീകരണത്തിൽ ദൈവതൃക്കരം പ്രവർത്തിച്ചിരുന്നുവെന്നതു വാസ്തവംതന്നെ. എന്നാൽ വിവേകിയും ബുദ്ധിമാനുമായ വി. വിൻസെൻറിൻെറ കരങ്ങളാണ് ഇവയെ വാർത്തെടുക്കുന്നതിന്ന് ഉപകരണങ്ങളായി വർത്തിച്ചതു്.

ഉപവിയുടെ പുത്രിമാർ വിവേകമെന്ന പുണ്യത്തിൽ സമുന്നതനില പ്രാപിക്കണമെന്ന് വി വിൻസെൻറു് ആഗ്രഹിച്ചു. വി. ലൂയീസാ ദെ മരില്ലാക്കിൻെറ മരണശേഷം നടത്തിയ ഒരു കോൺഫ്രൻസിൽ വിശുദ്ധൻ അദ്ധ്യക്ഷത വഹിക്കുകയായിരുന്നു. പതിവുപോലെ, മരിച്ചയാളുടെ പുണ്യങ്ങളെപ്പററി പ്രതിപാദിക്കവേ, ഒരു സഹോദരി മദർ ലൂയീസായുടെ വിവേകത്തെക്കുറിച്ചു് സ്തുതിച്ചു സംസാരിക്കുകയുണ്ടായി. കോൺഫ്രൻസിൻെറ അവസാനം വിൻസെൻറച്ചൻ ഇങ്ങനെ പറഞ്ഞു: "പ്രിയ സഹോദരിമാരേ! നിങ്ങളുടെ ബഹുമാനപ്പെട്ട ശ്രേഷ്ഠത്തിയിൽ പ്രശോഭിച്ചിരുന്ന ഏററം കാതലായ പുണ്യം വിവേകമായിരുന്നുവെന്നാണ് എൻേറയും അഭിപ്രായം. ഈ സമൂഹം മുഴുവനും, ഏററവും ആവശ്യകമായ ഈ പുണ്യസമ്പാദനത്തിനായി ശ്രമിക്കണമെന്ന് പൂർണ്ണഹൃദയത്തോടെ ഞാനാഗ്രഹിക്കുന്നു. ഉന്നതനിലയിലുള്ളവരോടും പാവപ്പെട്ടവരോടും സമ്പർക്കം പുലർത്താൻ കടപ്പെട്ടവരാണു നിങ്ങൾ. ഓരോ സാഹചര്യത്തിലും എപ്രകാരം വർത്തിക്കണമെന്ന കാര്യത്തിൽ നിങ്ങൾക്കു മാർഗ്ഗദർശനം നല്കുന്നതു വിവേകമാണ്."

ഇനിയും വി. വിൻസെൻറിൻെറ വിവേകം മാതൃകാപരമാംവിധം നിഴലിക്കുന്ന പരിപേലവമായ ചില വിഷയങ്ങൾ കൂടെയുണ്ടു്. സ്ത്രീകളോടുള്ള പെരുമാററത്തിൽ വിശുദ്ധൻ പ്രദർശിപ്പിച്ചിട്ടുള്ള വിവേകം അന്യാദൃശംതന്നെ. ഉപവിയുടെ മഹിളാസമാജത്തിൽപ്പെട്ടവരും ഉപവിയുടെ പുത്രീസംഘാംഗങ്ങളുമായ സ്ത്രീജനങ്ങൾക്കുപുറമേ ഇതര ചുററുപാടുകളിൽ കഴിയുന്ന സ്ത്രീകളുമായും വിശുദ്ധൻ സമ്പർക്കം പുലർത്തിയിരുന്നു. കന്യകാലയത്തിൻെറ ആവൃതി വിട്ടു് പ്രേഷിതപ്രവർത്തനരംഗങ്ങളിലേക്കു് കന്യകകളെ ഇറക്കിവിട്ടുകൊണ്ടു് വിപ്ലവാത്മകമായ ഒരു നവീന പ്രസ്ഥാനത്തിനുതന്നെ വിൻസെൻറച്ചൻ ആരംഭമിട്ടതായി

നാം കണ്ടു. സ്ത്രീജനങ്ങളുടെ പ്രത്യേക സ്വഭാവവിശേഷത കൾ പ്രേഷിതപ്രവർത്തനങ്ങൾക്ക് എപ്രകാരം ഉപയുക്തമാക്കാമെന്ന് അനുഭവത്തിൽ അദ്ദേഹം കാണിച്ചു തന്നു.

സ്ത്രീകളോടുള്ള പെരുമാററം സംബന്ധിച്ച് വിൻസെൻറ് സ്വീകരിച്ചിരുന്ന അഞ്ചു നിയമങ്ങളിൽനിന്ന് ഒരിക്കലും അദ്ദേഹം വ്യതിചലിച്ചിട്ടില്ലന്ന് കോളെററ് പ്രസ്താവിക്കുന്നു. പ്രസ്തുത അഞ്ചു നിയമങ്ങൾ താഴെപ്പറയുന്നവയാണ്. ഒന്നാമതായി, ദൈവമഹത്വത്തിനുപകരിക്കുമെന്നു തോന്നിയിരുന്ന അവസരങ്ങളിലല്ലാതെ അദ്ദേഹം യാതൊരു സ്ത്രീയേയും, തൻെറ ആദ്ധ്യാത്മികമക്കളായ ഉപവിയുടെ പുത്രിമാരെപ്പോലും, സന്ദർശിച്ചിരുന്നില്ല. രണ്ടാമതായി, സ്ത്രീകളുമായി പല കാര്യങ്ങളേയുംപററി സംസാരിക്കേണ്ടിയിരുന്നെങ്കിലും, ഏററം ചുരുങ്ങിയ വാക്കുകളിലും, ഗൗരവം വെടിയാതെയുമാണ് അദ്ദേഹം ആ കൃത്യം നിർവഹിച്ചിരുന്നതു്. നോട്ടത്തിലും ചേഷ്ടകളിലും ചാപല്യത്തിൻെറ യാതൊരു ലാഞ്ഛനയും കാണിക്കാതെയും കണ്ണുകൾ അല്പം താഴ്ത്തിയുമാണ് അദ്ദേഹം സംസാരിച്ചിരുന്നതു്. മൂന്നാമതായി, സ്ത്രീകളെ സന്ദർശിക്കുവാൻ പോകുമ്പോൾ ഒരു തുണസഹോദരനെയോ മററാരെയെങ്കിലുമോ കൂട്ടായി വിശുദ്ധൻ കൊണ്ടുപോകുമായിരുന്നു. രഹസ്യമായ വല്ല കാര്യങ്ങളേയും പററിയാണ് സംസാരിക്കുന്നതെങ്കിൽ തൻെറ സഹഗാമി, മുറിക്കുപുറത്തു് അല്പം അകലെയായി തൻെറ കാഴ്ചപ്പാടിൽ തന്നെ നില്ക്കണമെന്ന് വിശുദ്ധൻ നിർദ്ദേശിച്ചിരുന്നു. എൺപതു വയസ്സുണ്ടായിരുന്നപ്പോഴും ഈ നിയമത്തിന് ഒരു ഭേദഗതി വരുത്തുവാൻ വിൻസെൻറ് ആഗ്രഹിച്ചില്ല. നാലാമതായി, തന്നിൽനിന്ന് സാന്ത്വനവചസ്സുകളും ആശ്വാസവും പ്രതീക്ഷിച്ചുവന്നിരുന്നവക്ക് സമാധാനവും ആശ്വാസവും പകർന്നുകൊടുക്കുവാനായി വേദപുസ്തകവാക്യങ്ങളും ദിവ്യസൂക്തികളും മാത്രമാണ് വിശുദ്ധൻ ഉപയോഗിച്ചിരുന്നതു്. ഒരു തിന്മയെ നശിപ്പിക്കുമെങ്കിലും മറെറാരു തിന്മയെ ഉൽപാദിപ്പിക്കുവാൻ പോരുന്ന സ്നേഹചിഹ്നങ്ങളും വാക്കുകളും ജാഗ്രതയോടെ അദ്ദേഹം വർജ്ജിച്ചിരുന്നു. തൻെറ പ്രസംഗങ്ങളിലും കോൺഫ്രൻസുകളിലും ഉപയോഗ

പ്പെട്ടത്തിയിരുന്ന ഭാഷാപ്രയോഗങ്ങളും ശൈലികളും വളരെ കരുതലോടെയാണ് അദ്ദേഹം തെരഞ്ഞെടുത്തത്. ചാരിത്ര്യം (Chastity) എന്ന പദംതന്നെയും ഉപയോഗിക്കുവാൻ അദ്ദേഹം മടിച്ചിരുന്നു. അതിനുപകരം വിശുദ്ധി (Purity) എന്ന വാക്കാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. വിശുദ്ധ പുണ്യത്തിനെതിരായ പാപങ്ങൾക്കിരയായിത്തീരുന്നവരെക്കുറിച്ച് "പാവപ്പെട്ട മനുഷ്യർ" എന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്. അവരുടെ തിന്മയെ ദൗർഭാഗ്യം എന്നും ദൗർബ്ബല്യം എന്നും വിളിച്ചിരുന്നു.

മേൽപ്രസ്താവിച്ചവിധമുള്ള മുൻകരുതലുകൾ വി. വിൻസെൻറിൻെറ പരിശുദ്ധമായ വിവേകത്തേയും പ്രശംസനീയമായ ജാഗ്രതയേയും പ്രസ്പഷ്ടമാക്കുന്നു. പരോപകാരപ്രവൎത്തനങ്ങളിലും മററും വനിതകളുടെ സേവനം നിരന്തരം ഉപയോഗപ്പെടുത്തിയ നമ്മുടെ വിശുദ്ധൻെറ അവരോടുള്ള പെരുമാററരീതിയും നിലപാടും അദ്ദേഹത്തിൻെറ ഉന്നതമായ വിശുദ്ധിയുടേയും വിവേകത്തിൻേറയും പ്രതീകങ്ങളാണ്. അവരുടെ വക്രതയേയും ഉപജാപവൃത്തിയേയും തൻെറ പരമാർത്ഥതയും സത്യനിഷ്ഠയുംകൊണ്ട് അദ്ദേഹം എതിർത്തു. അവരുടെ ചപലസ്വഭാവത്തെ തൻെറ തീക്ഷ്ണവും ഗൗരവസമ്പൂർണ്ണവുമായ ശാന്തതയാൽ വിശുദ്ധൻ മയപ്പെടുത്തി. അവരുടെ അസ്ഥിരതയും ചഞ്ചലസ്വഭാവവും വിശുദ്ധൻെറ ദൈവത്തിലുള്ള ഉറച്ച വിശ്വാസവും സ്ഥൈര്യവും വഴി പരിഹരിക്കപ്പെട്ടു. സജീവവും ചുറുചുറുപ്പുള്ളതുമായ അവരുടെ ഭാവനയെ തൻെറ നന്മയും പ്രായോഗികവിവേകവും കൊണ്ട് അദ്ദേഹം നിയന്ത്രിച്ചു. മാനുഷികവും ദയാർദ്രവുമായ വികാരങ്ങളെ അവരിൽ തട്ടിയുണർത്തിക്കൊണ്ട് അവരുടെ തണുത്തബുദ്ധിയെ ഉത്തേജിപ്പിക്കുന്നതിനും അങ്ങനെ വലിയ കാര്യങ്ങൾ അവരെക്കൊണ്ടും അവർ വഴിയായും ചെയ്യുന്നതിനും സാധിച്ചുവെന്നതാണ് വി. വിൻസെൻറിൻെറ അപ്പസ്തോലിക പ്രവൎത്തനങ്ങളുടെ വിജയത്തിനു നിദാനമായി നിലകൊള്ളുന്ന ഒരു പ്രധാന കാര്യം.

# അദ്ധ്യായം ഇരുപതു്

# ബുദ്ധിപൂർവം സാവധാനത്തോടെ വർത്തിക്കുക

## വി. വിൻസെൻറിൻെറ സൂക്തികൾ:

തിടുക്കത്തിൽ ചെയ്തുതീർക്കുന്ന ജോലികൾ വിജയപ്രദമാകാതിരിക്കുക സർവ്വസാധാരണമാണു്. ദ്രുതഗതിനിമിത്തം പല നല്ല സംരംഭങ്ങളും നശിച്ചുപോകുന്നു. കേവലം സ്വാഭാവിക പ്രചോദനങ്ങളനുസരിച്ചും തിടുക്കത്തിലും പ്രവർത്തിക്കുന്നവൻ, ചിന്തിക്കുന്നതിനോ വിവേചിക്കുന്നതിനോ സമയം ലഭിക്കാതെ, പ്രഥമദൃഷ്ടിയിൽ നന്മയെന്നു തോന്നുന്നവ ചെയ്യുകയും, എന്നാൽ കാലക്രമത്തിൽ അവയുടെ അനന്തരഫലങ്ങളിൽനിന്നും അവ സാക്ഷാൽ നന്മയായിട്ടുള്ളവ ആയിരുന്നില്ല എന്നു ഗ്രഹിക്കുവാനിടയാകുകയും ചെയ്യുന്നു.

ദൈവം ആഗ്രഹിക്കുന്ന നന്മ ആരും വിചാരിക്കാത്ത വിധം അതിൻെറ പൂർണ്ണതയിൽ നിവർത്തിക്കപ്പെടുന്നു. പ്രവർത്തനോന്മുഖരെന്നതിനേക്കാൾ കൂടുതലായി ദൈവതൃക്കരങ്ങളിൽ വിധേയത്വമുള്ള കരുക്കളായി നമുക്കു വർത്തിക്കാം. അങ്ങനെയെങ്കിൽ, അനേകംപേർ ഒരുമിച്ചുകൂടിയാലും ചെയ്യുവാൻ സാധ്യമല്ലാത്ത വൻകാര്യങ്ങൾ കേവലം ഒരാൾവഴി അവിടുന്നു നിർവ്വഹിക്കുന്നതു കാണാം.

നല്ലപ്രസ്ഥാനങ്ങൾ പെട്ടെന്നു മുളച്ചുണ്ടായവയല്ല; പിന്നെയോ സാവകാശം മാത്രമാണു് അവ ഇന്നത്തെ നില പ്രാപിച്ചിട്ടുള്ളതു്. എല്ലാ പ്രസ്ഥാനങ്ങൾക്കും അവയുടെ ആരംഭവും ക്രമാനുഗതമായ അഭിവൃദ്ധിയുമുണ്ടു്.

ഈ ലോകത്തിൽ ദീർഘകാലം നിലനില്ക്കാനുള്ള വസ്തുക്കളെല്ലാം പാകതയിലെത്തുന്നത് ഏററം സാവധാനമായിരിക്കും. ക്ഷമ പരിശീലിക്കുക: പ്രാധാന്യമർഹിക്കുന്ന ഏതൊരു പ്രസ്ഥാനത്തിൻേറയും പ്രാരംഭ പ്രയാസങ്ങളും പ്രതിബന്ധങ്ങളുമുൾക്കൊള്ളുന്നതായിരിക്കും. താങ്കളെ ഭരമേല്പിച്ചിരിക്കുന്ന ആശ്രമത്തിന്റെ ഭരണത്തിൽ താങ്കളുടെ മുൻഗാമികൾ സൃഷ്ടിച്ചിട്ടുള്ള പാരമ്പര്യത്തെ അനുധാവനം ചെയ്യുക. ആവശ്യമുള്ളപ്പോഴെല്ലാം അന്യരോട്ട് ആലോചിക്കുക.

നല്ല നടത്തയുള്ള സന്യാസ സമൂഹങ്ങളിലെ പതിവനുസരിച്ച് ഒരു പുതിയ സുപ്പീരിയർ തന്റെ മുൻഗാമികൾ അനുവർത്തിച്ചുപോന്ന നല്ല തഴക്കങ്ങൾക്കും ചട്ടങ്ങൾക്കും യാതൊരു വ്യത്യാസവും വരുത്തുകയില്ല. ആനുകാലികമായി എന്തെങ്കിലും പരിഷ്കാരം വരുത്തേണ്ടതാവശ്യമെന്നു തോന്നിയാൽ പലരോട്ട് ആലോചിച്ചും വളരെ ചിന്തിച്ചും സാവധാനത്തിലും മാത്രമേ അപ്രകാരം ചെയ്യുകയുള്ളൂ. ശുഷ്കാന്തിയാണ് എല്ലാ പുണ്യങ്ങളുടേയും ഉറവിടം എന്നതു ശരിതന്നെ. എന്നാൽ വിശുദ്ധ അപ്പസ്തോലൻ പറയുന്നതുപോലെ ഈ ശുഷ്കാന്തി നമ്മുടെ ജ്ഞാനത്തിനനുസരണം നിയന്ത്രിക്കപ്പെടണം. ദീർഘപരിചയത്തിൽനിന്നുളവാകുന്ന അറിവാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. ചെറുപ്പക്കാർക്ക് ഇങ്ങനെയുള്ള അനുഭവജ്ഞാനമില്ലാത്തതുകൊണ്ട് അവരുടെ ശുഷ്കാന്തി അതിരുകടന്നു പോകാറുണ്ട്. പ്രത്യേകിച്ച്, സ്വാഭാവികമായി പരുഷപ്രകൃതി ഉള്ളവരുടെ ശുഷ്കാന്തിയാണ് നാശോന്മുഖമായിപ്പകരുന്നത്.

ഒരേസമയം പല കാര്യങ്ങൾ ഏറെറടുക്കരുത്. പ്രകൃതിയെത്തന്നെ വീക്ഷിക്കുക: ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനുമുൻപു വൃക്ഷങ്ങൾ വളരെ ആഴത്തിൽ വേരുറപ്പിക്കുന്നു. ഫലം പുറപ്പെടുവിക്കാൻ തുടങ്ങിയാൽത്തന്നെയും പല വ്യാഴവട്ടങ്ങൾക്കുശേഷമാണ് അവ പരിപക്വവും ഫലപൂർണ്ണവുമായിത്തീരുക.

വിവേകവും അനുഭവജ്ഞാനവുമാണ് ഒരുവനെ ഭരണത്തിനു് പ്രാപ്തനാക്കുന്നതു്. ആരംഭത്തിൽ വളരെ എളുപ്പമെന്നു തോന്നിയ പല സംഗതികളും, അവയുടെ പുരോഗമനത്തിൽ അപ്രായോഗികങ്ങളും, ഹാനികരങ്ങളുമായി ഭവിച്ചിട്ടുണ്ടെന്നു് അനുഭവം സാക്ഷിക്കുന്നു.

അസാധാരണവും നവീനവുമായ പ്രവർത്തനങ്ങളിൽ പ്രഥമതഃ പരീക്ഷണാർത്ഥം മാത്രം വ്യാപൃതനാവുക. തത്വത്തിൽ വളരെ മനോഹരമായിത്തോന്നുന്നവ ചിലപ്പോൾ പ്രായോഗികജീവിതത്തിൽ അത്ര സ്വീകാര്യമായിരിക്കയില്ല. അഭിജ്ഞന്മാരിൽ ഏററിയ പങ്കും അനുധാവനം ചെയ്ത മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കാത്തവർ സുരക്ഷിതരായി പുരോഗമിക്കും.

തിടുക്കവും ഒച്ചപ്പാടും നിമിത്തം നല്ല ദൈവത്തിൻെറ കാര്യങ്ങളെ നശിപ്പിച്ചുകളയാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ. വേണ്ടത്ര സമയമെടുത്തു് ഓരോ കാര്യവും ചെയ്യുന്നതിനും ദൈവത്തെ പ്രതീക്ഷിച്ചിരിക്കുന്നതിനും പഠിക്കുക.

ക്ഷമാപൂർവ്വം പ്രതീക്ഷിച്ചിരിക്കേണ്ടതെങ്ങനെയെന്നറിയാവുന്നവനു് കാലത്തിൻെറ തികവിൽ സകലവും ശുഭമായി വന്നുചേരുന്നു. പ്രത്യേകിച്ചു് ദൈവിക കാര്യങ്ങളിൽ ഈ ആപ്തവാക്യം വളരെ അർത്ഥവത്താണു്. ദീർഘകാലത്തേയ്ക്കു് ആശിക്കപ്പെട്ടവാൻ ഒരു വലിയ നന്മയ്ക്കു് അർഹതയുണ്ടു്.

## പ്രായോഗിക വിചിന്തനം:

പ്രയാസങ്ങളും വിഷമസന്ധികളും അഭിമുഖീകരിക്കേണ്ടിവരുമ്പോൾ മസാറിൻ എന്ന മഹാൻ "സമയവും ഞാനും" എന്ന തത്വം ആവർത്തിച്ചു പറഞ്ഞിരുന്നതായി കേട്ടിട്ടുണ്ടു്. മസാറിൻെറ ആ ഭാഷതന്നെ ഉപയോഗിക്കുവാൻ വി. വിൻസെൻറിൻെറ എളിമ സമ്മതിച്ചിരുന്നില്ല. എന്നാൽ ഇതുപോലുള്ള സാഹചര്യങ്ങളിൽ "ദൈവവും ഞാനും" എന്ന വിശിഷ്ട പദദ്വയം ആവർത്തിക്കുവാൻ വിശുദ്ധൻ പരിശീലിച്ചിരുന്നു. അനുഭവജ്ഞാനത്തിൽനിന്നും സമയത്തിൻെറ തികവിൽനിന്നും ലഭിക്കുന്ന പാഠങ്ങൾക്കാണു് ഏററം

വലിയ വില കല്പിക്കേണ്ടതെന്നു് വിശുദ്ധൻ മനസ്സിലാക്കിയിരുന്നു. അതേ, സമയം വ്രണങ്ങളെ സുഖമാക്കുന്ന വൈദ്യനാണു്.

പുണ്യങ്ങളുടെ പൂന്തോപ്പിൽ തക്കകാലത്തു് ഫലം പുറപ്പെടുവിച്ചിരുന്ന ചെടിക്കാണു് വിൻസെൻറു മൂൻഗണന നല്കിയതു്. "Et fructum dabit in tempore suo" — സമയത്തിൻെറ പൂർണ്ണതയിൽ അതു് ഫലം പുറപ്പെടുവിക്കും. നന്മ ചെയ്യണം; പക്ഷേ, അതു തക്കസമയത്തും സാഹചര്യങ്ങളിലുമായിരിക്കണം—എന്നതായിരുന്നു വിശുദ്ധൻെറ തത്വം. "സമയമുള്ളപ്പോൾ നമുക്കു നന്മ ചെയ്യാം" എന്ന സുവിശേഷവാക്യം ഈ അർത്ഥത്തിലാണു് അദ്ദേഹം വ്യാഖ്യാനിച്ചതു്.

ഓരോ കാര്യവും കാലത്തിൻെറ തികവിൽ പരിപക്വമാകുവാനനുവദിച്ചുകൊണ്ടു്, സാവധാനവും എന്നാൽ സ്ഥിരചിത്തതയോടുകൂടെയും പ്രവർത്തിക്കുവാൻ വി. വിൻസെൻറിനറിയാമായിരുന്നു. പല പ്രസ്ഥാനങ്ങളും തുടങ്ങിവച്ചുവെങ്കിലും ഒന്നുപോലും ശരിക്കു് അവസാനിപ്പിച്ചിട്ടില്ല എന്നു് ആരോ തന്നെ കുററപ്പെടുത്തിയതായി വിശുദ്ധൻ ഒരു കത്തിൽ പ്രസ്താവിക്കുന്നു. എന്നാൽ വാസ്തവം മറിച്ചാണെന്നു് അദ്ദേഹത്തിൻെറ ജീവചരിത്രം തെളിയിക്കുന്നുണ്ടു്. വിശുദ്ധൻ നിരവധി സൽപ്രസ്ഥാനങ്ങൾ ആരംഭിക്കുകയും അവ പൂർത്തിയാക്കുകയും ചെയ്തതായി ചരിത്രം സാക്ഷിക്കുന്നു. എന്നാൽ അതു വളരെ കൊല്ലങ്ങൾക്കിടയിലും കാലത്തിൻെറ തികവിലുമാണെന്നുമാത്രം. അനുകൂലസാഹചര്യങ്ങളുണ്ടാകുമ്പോൾ, പ്രതിബന്ധങ്ങൾക്കടിപ്പെടാതെ, ചെയ്യേണ്ടതു് അപ്പോഴപ്പോൾ ചെയ്തു്, ദീർഘകാലത്തെ ക്ഷമാപൂർവകമായ പ്രവർത്തനംവഴിയാണു് അദ്ദേഹം അവയെല്ലാം പൂർത്തിയാക്കിയതു്.

പ്രവർത്തിക്കുവാൻ പററിയ സമയംവരെ കാത്തിരിക്കുവാനും, അനുകൂലസന്ദർഭങ്ങൾ കണ്ടറിയുവാനും അദ്ദേഹത്തിനു് ഒരു പ്രത്യേകവാസനയുണ്ടായിരുന്നു. "ഇരുമ്പു് പഴുത്തിരിക്കുമ്പോൾ അടിക്കുക" (Hit when the iron

is hot) എന്ന ആപ്തവാക്യമനുസരിച്ച്, തക്കസമയത്തു ചെയ്യുക എന്ന വിശിഷ്ടനിയമമനുസരിച്ചു പ്രവൎത്തിക്കുവാൻ ദൈവം തന്നെയും ഇഷ്ടപ്പെടുന്നു. "In tempore opportuno visitabis nos"– തക്കസമയത്താണ് അവിടുന്നു നമ്മെ സന്ദർശിക്കുന്നതു്. ലോകത്തിലുണ്ടായിട്ടുള്ള വിശുദ്ധാത്മാക്കളും ഭരണധുരന്ധരന്മാരും ശാസ്ത്രജ്ഞന്മാരുമെല്ലാം ഈ നിയമത്തിൽനിന്നു് വ്യതിചലിക്കാതെ ജീവിതത്തിൽ വിജയം കൈവരിച്ചവരാണെന്നു കാണുവാൻ സാധിക്കും.

ദൈവപരിപാലനയ്ക്കു പരിപൂർണ്ണ വിധേയത്വമുള്ളവനായിട്ടാണു് വി. വിൻസെൻറു് വൎത്തിച്ചതെന്നു മുന്നൊരദ്ധ്യായത്തിൽ നാം കണ്ടു. ദൈവപരിപാലനയാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനു മുൻപ് പ്രവൎത്തിക്കുന്നതിനും, ദൈവപരിപാലനയുടെ വിളവു പാകമാകുന്നതിനു മുൻപു് അതിലേക്കു കൊയ്ത്തുകാരെ ഇറക്കിവിടുന്നതിനും വിശുദ്ധൻ ഭയപ്പെട്ടിരുന്നു. സമയത്തെ അദ്ദേഹം വളരെ വിലമതിച്ചു. ഒരു നിമിഷംപോലും വ്യർത്ഥമായി നഷ്ടപ്പെടുത്താതിരിക്കത്തക്കവിധം തൻെറ അനുദിനപരിപാടികൾ അദ്ദേഹം ക്രമപ്പെടുത്തിയിരുന്നു.

സമയം ശരിയായി വിനിയോഗിക്കുന്നതിനു വി. വിൻസെൻറിനെപ്പോലെ അറിയാവുന്നവർ വളരെ വിരളമാണു്. അദ്ദേഹം അനുസരിച്ചുപോന്ന അനുദിന പരിപാടിയിൽ നിന്നു് ഈ വസ്തുത സുവിദിതമാണു്. രാവിലേ നാലുമണിക്കു് ഉണർന്നാലുടൻ ദൈവാലയത്തിൽച്ചെന്നു പ്രഭാതപ്രാൎത്ഥനകളും ധ്യാനവും നടത്തുകയായി. തുടർന്നു ദിവ്യബലിയ്ക്കൊരുക്കം, ദിവ്യബലിസമർപ്പണം, കൃതജ്ഞതാപ്രകാശനം, രഹസ്യപ്രാൎത്ഥനകൾ എന്നിങ്ങനെ വിവിധ ആദ്ധ്യാത്മികാഭ്യാസങ്ങൾക്കായി മൂന്നു മണിക്കൂറോളം അവിടെ ചെലവഴിക്കും. എത്രതന്നെ തിടുക്കമുള്ള കാര്യങ്ങളുണ്ടായിരുന്നാലും ആദ്ധ്യാത്മികാഭ്യാസങ്ങൾക്കായി നിശ്ചയിച്ചിരിക്കുന്ന സമയം ചുരുക്കാൻ അദ്ദേഹത്തിനു വലിയ മടിയായിരുന്നു. എന്നാൽ, അവശ്യാവശ്യമെന്നു കണ്ടാൽ അവയുടെ സമയം ചുരുക്കി അയല്ക്കാരൻെറ ആത്മരക്ഷാൎത്ഥം

സേവനരംഗത്തേക്കിറങ്ങിച്ചെല്ലുന്നതിനും അദ്ദേഹം തയ്യാറായിരുന്നു.

പകൽസമയം പുറത്തുനിന്നുള്ളവരുടെ സന്ദർശനത്തിനും വൈകുന്നേരം തൻെറ സമൂഹത്തിൽപ്പെട്ടവരുടെ സന്ദർശനത്തിനുമായി വിശുദ്ധൻെറ സമയത്തിൻെറ ഭീമമായ പങ്ക് ഉഴിഞ്ഞുവക്കേണ്ടിയിരുന്നു. തനിക്കു മററൊന്നും ചെയ്യാനില്ലാത്തപോലെ ഓരോരുത്തരേയും അവരവക്കു തൃപ്തിയാകുന്നതുവരെ അദ്ദേഹം ശ്രവിക്കുകയും അവരുടെ പ്രശ്നങ്ങൾക്കു് പരിഹാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. താൻ ഭരമേററിരുന്ന ഓരോ ചുമതലയും നിർവഹിക്കുന്നതിനും മററും എല്ലാ ദിവസവും ഒന്നോ രണ്ടോ പ്രാവശ്യം വിശുദ്ധനു് ആശ്രമത്തിനു വെളിയിൽ പോകേണ്ടിയിരുന്നു. ചെയ്യേണ്ടതു ചെയ്തുകഴിഞ്ഞാൽ കഴിയുന്നതും വേഗം ആശ്രമത്തിൽ മടങ്ങിയെത്തുക എന്നതാണു് അദ്ദേഹം സ്വീകരിച്ചിരുന്ന പ്രമാണം. ആശ്രമത്തിൽ വന്നുകഴിഞ്ഞാൽ കാനോനാനമസ്കാരം ചൊല്ലുക, സഭാംഗങ്ങൾക്കു് സന്ദശനം അനുവദിച്ചു് വേണ്ട നിർദ്ദേശങ്ങൾ നല്കുക, എഴുത്തുകൾക്കു മറുപടി തയ്യാറാക്കുക എന്നിങ്ങനെ വിവിധ ജോലികളിലേർപ്പെട്ടിരുന്നു. ജോലിയുടെ ആധിക്യംമൂലം പലപ്പോഴും രാത്രിയുടെ ഏറിയ ഭാഗവും വിശുദ്ധനു് ഉണന്നിരിക്കേണ്ടതായി വന്നിട്ടുണ്ടു്. ഇങ്ങനെ ഉറക്കമിളക്കേണ്ടിവന്നിരുന്നപ്പോഴും രാവിലേ കൃത്യസമയത്തുതന്നെ ഉണരുന്നതിനു് അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

സമ്മേളനങ്ങളിൽ സംബന്ധിക്കുകയോ സന്ദശനങ്ങൾ നടത്തുകയോ ചെയ്തിരുന്നപ്പോൾ എപ്പോഴും കാര്യമാത്രപ്രസക്തമായ സംഗതികളെക്കുറിച്ചു സംസാരിക്കുന്നതിനു് അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഏതെങ്കിലും കാരണത്താൽ മററുള്ളവർ വിഷയത്തിൽനിന്നു വ്യതിചലിച്ചുപോകുന്നതു കണ്ടാൽ "നമുക്കു വിഷയത്തിലേക്കു തിരിച്ചുവരാം; പ്രശ്നത്തിനു് ഒരു തീരുമാനം കണ്ടെത്തുകയെന്നതാണു് ഇനി അവശേഷിക്കുന്നതു്" എന്നെല്ലാം വിശുദ്ധൻ പറയുമായിരുന്നു. പരസ്നേഹത്തിനും ദൈവമഹത്വത്തിനും വേണ്ടിയുള്ള സന്ദശനങ്ങൾക്കല്ലാതെ മററു യാതൊരു സന്ദർശനത്തിനും

അദ്ദേഹം സമയം ചെലവഴിച്ചിരുന്നില്ല. ഇങ്ങനെ സമയം പരമാവധി ഫലപ്രദമാക്കാൻ വി. വിൻസെൻറിനെപ്പോലെ അറിയാവുന്നവർ വളരെ വിരളമാണു്.

വിൻസെൻറച്ചനെ, വിശുദ്ധനാക്കിപ്പകർത്തിയ സംഭവങ്ങളിലേക്കൊന്നു കണ്ണോടിക്കാം. ദീർഘകാലത്തേ പരിചയവും അനുഭവജ്ഞാനവുംവഴി വലിയ അപ്പസ്തോല പ്രവർത്തനങ്ങൾക്കു് വിശുദ്ധനെ ദൈവം തയ്യാറാക്കി. ട്യൂണീസിലേ അടിമത്തം, റോമിലേക്കുള്ള യാത്ര, ഫ്രാൻസിലെ രാജ്ഞിയുടെ ഉപദേശകനെന്ന നിലയിലുള്ള ഉദ്യോഗസ്വീകരണം, കപ്പലടിമകളുടെ ചാപ്ലെയിനായി നിയമിക്കപ്പെടുന്നതു്, ഗോണ്ടി പ്രഭു കുടുംബത്തിൻെറ ആലോചനക്കാരനും ഉപദേശകനുമായി ജോലിനോക്കുന്നതു്, മിഷൻ സംഘത്തിൻെറ സ്ഥാപനത്തിനു കളമൊരുക്കിയ സംഭവങ്ങളും അതിൻെറ സ്ഥാപനവും, ഉപവിയുടെ മഹിളാസമാജത്തിൻേറയും ഉപവിയുടെ പുത്രീസംഘത്തിൻേറയും സ്ഥാപനം, എന്നിങ്ങനെ നൂറു നൂറു സംഭവങ്ങൾ അദ്ദേഹത്തിൻെറ ജീവിതത്തോടു് അടുത്തു ബന്ധപ്പെട്ടവയായി എടുത്തു കാണിക്കുവാൻ സാധിക്കും. ഈ ഓരോ സംഭവത്തിൻേറയും പിന്നിൽ ദൈവപരിപാലനയുടെ അദൃശ്യകരങ്ങളാണു വർത്തിച്ചിരുന്നതു്. ദൈവതൃക്കരങ്ങളാണു് വിൻസെൻറച്ചനെ കപ്പലടിമയായി ഒരു വിദൂരരാജ്യത്തേക്കാനയിച്ചതും സഹനത്തിൻേറയും കഷ്ടപ്പാടുകളുടേയും മൂശയിൽ അദ്ദേഹത്തെ വാർത്തെടുത്തതും. ആ പാവനകരങ്ങൾതന്നെയാണു് വിൻസെൻറിനെ ഫ്രാൻസിലേക്കു് തിരികെക്കൊണ്ടുവന്നു് അനുഭവജ്ഞാനസമ്പുഷ്ടമായ തൻെറ ജീവിതത്തെ അയല്ക്കാരൻെറ നന്മയ്ക്കായി ഉഴിഞ്ഞുവയ്ക്കുവാൻ പ്രേരിപ്പിച്ചതും. വി. വിൻസെൻറു് പ്രസ്തുത ദൈവപ്രേരണയ്ക്കു വഴങ്ങിക്കൊടുത്തു. അങ്ങനെ, അനുഭവജ്ഞാനത്തെ പരമാവധി പ്രായോഗികജീവിതത്തിൽ പ്രാവർത്തികമാക്കിയ ഒരു മഹാപരസ്നേഹപ്രവർത്തകനായി, പരോപകാരപ്രവർത്തനം എന്ന ശാസ്ത്രത്തിൽ ഒരുത്തമ ഗുരുശ്രേഷ്ഠനായി വിരാജിക്കുവാൻ വി. വിൻസെൻറിനു കഴിഞ്ഞു.

വി. വിൻസെൻറ് തൻെറ സഭാംഗങ്ങൾക്കായി എഴുതിയുണ്ടാക്കിയ നിയമസംഹിതയുടെ ഉപക്രമത്തിൽ പറയുന്നതു ശ്രദ്ധേയമാണ്. നൂറുകണക്കിന്ന് അംഗങ്ങളും, ഫ്രാൻസിലേ ഓരോ പ്രോവിൻസിലും ആശ്രമങ്ങളും, എന്നുതന്നെയല്ല, ഇററലി അയർലണ്ട് സ്കോട്ടുലണ്ട് പോളണ്ട് ടുണീസ്സ് മഡഗാസ്ക്കർ പേർഷ്യ മുതലായ രാജ്യങ്ങളിൽ ശാഖാമന്ദിരങ്ങളും മിഷ്യൻകേന്ദ്രങ്ങളും മററും ഉണ്ടായിരുന്ന ഒരു സഭയുടെ നിയമസംഹിത എഴുതിയുണ്ടാക്കുവാൻ നീണ്ട മുപ്പതുകൊല്ലംവേണ്ടിവന്നു! സമയത്തിൻെറ തികവിൽ സാവധാനം പ്രവൎത്തിക്കുക എന്ന തത്വം അതിൻെറ പൂൎണ്ണതയിൽ അനുവൎത്തിക്കപ്പെട്ടതിൻെറ ഒരുത്തമ ഉദാഹരണമാണ് ഇവിടെ നാം ദർശിക്കുന്നതു്. ഒരു സമൂഹം ദീർഘകാലം ആചരിച്ച്, വരുംവരായ്കകൾ മനസ്സിലാക്കി സ്വീകരിച്ചിട്ടുള്ളവമാത്രം ചേർത്തു് നിയമസംഹിത എഴുതിയുണ്ടാക്കുക: എന്തൊരു വിവേകം! എന്തൊരു അനുഭവജ്ഞാനം!! എന്തൊരു സാവകാശവും അവധാനതയും!!!

ഇങ്ങനെ ഒരുത്തമ ഭരണാധികാരിയുടേയും സഭാസ്ഥാപകൻേറയും മാതൃക വി. വിൻസെൻറിൽ നാം കണ്ടെത്തും. വിശുദ്ധൻ എഴുതിയുണ്ടാക്കിയ നിയമസംഹിത ഇന്നും ആചരിക്കപ്പെടുന്നു; അദ്ദേഹം ആരംഭിച്ച സ്ഥാപനങ്ങൾ ഇന്നും നിലനിന്നുപോരുന്നു. വിശുദ്ധൻ പകർന്നുകൊടുത്ത ആ ക്രിസ്തീയ ചൈതന്യം "വിൻസെൻഷ്യൻ ചൈതന്യം" എന്ന ഒരു പ്രത്യേക പേരിൽ അറിയപ്പെടുവാൻ അർഹമായിത്തീരത്തക്കവണ്ണം ഇന്നു് അനേകായിരങ്ങൾക്കു് പ്രചോദനം പകരുകയും, നിരവധി പരോപകാരപ്രസ്ഥാനങ്ങളുടേയും പ്രവൎത്തനങ്ങളുടേയും ഉറവിടമായി വിരാജിക്കയും ചെയ്യുന്നു. അതേ, ക്രിസ്തുവിൻെറ ചൈതന്യത്തിൻെറ ശരിപ്പകർപ്പായ വിൻസെൻഷ്യൻ ചൈതന്യംവഴി ഇന്നത്തേ ലോകത്തിൻെറ കെടുതികൾക്കും പ്രശ്നങ്ങൾക്കും യഥാർത്ഥ പരിഹാരം കണ്ടെത്താവുന്നതാണ്.

## അദ്ധ്യായം ഇരുപത്തൊന്നു്

# മിതത്വം പാലിക്കുക

---

### വി. വിൻസെൻറിൻെറ സൂക്തികൾ:

അതിരുകടന്ന ശുഷ്ക്കാന്തിയോടെ പ്രവൎത്തിക്കുന്നതിലല്ല പുണ്യം, പിന്നെയോ വിവേകപൂൎവ്വം വേണ്ടതുപോലെ പ്രവൎത്തിക്കുന്നതിലാണു്. മിതത്വവും വിവേകവും നിങ്ങളുടെ സകല പ്രവൎത്തനങ്ങളിലുമുണ്ടായിരിക്കണമെന്നു് ഞാനാഗ്രഹിക്കുന്നു.

പുണ്യാഭ്യസനത്തിലുള്ള അതിരുകടന്ന ശുഷ്ക്കാന്തി ചിലപ്പോൾ പുണ്യത്തിനെതിരായുള്ള ദുർഗ്ഗുണത്തേക്കാൾ വലിയ തിന്മയായി ഭവിച്ചേക്കാം. കൎത്താവിൻെറ പ്രവൎത്തനങ്ങളിൽ എത്ര വലിയ മിതത്വമാണു് നാം ദർശിക്കുക. അവിടുത്തേക്കു വളരെയേറെ നല്ല കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമായിരുന്നു! എന്നാൽ, ദൈവതിരുവിഷ്ടത്തിനു് കീഴ്‌വഴങ്ങി ഉപവിയുടെ പ്രചോദനത്തിനൊത്തു മാത്രം അവിടുന്നു നന്മചെയ്തു.

സുകൃതത്തിൻെറ പ്രഥമപടിപോലും കയറാത്തവർ പെട്ടെന്നുള്ള ആദ്ധ്യാത്മിക ശുഷ്ക്കാന്തിയാൽ പ്രേരിതരായി അതിരുകടന്ന വിധം സുകൃതാഭ്യസനത്തിനു് ഒരുമ്പെട്ടേക്കാം. നീതിക്കുവേണ്ടി നിലകൊള്ളുന്നുവെന്ന ഭാവത്തിൽ ചിലർ കാർക്കശ്യത്തിലേക്കു കടക്കുന്നു. മററു ചിലരാകട്ടേ, ആദ്ധ്യാത്മിക ശുഷ്ക്കാന്തി വർദ്ധിച്ചു് അന്യരെ വകവയ്ക്കാതിരിക്കുന്ന ഒരു തരം ദുശ്ശാഠ്യക്കാരായി ഭവിക്കുന്നു. ''നല്ല വീഞ്ഞു് എളുപ്പം വിന്നാഗരിയായിത്തീരും'' എന്ന പഴമൊഴി തികച്ചും അർത്ഥവത്താണു്.

മിതത്വം പാലിച്ചുകൊണ്ടു് വിവേകപൂർവം തന്നെ ശുശ്രൂഷിക്കണമെന്നാണു് കൎത്താവു് ആഗ്രഹിക്കുന്നതു്. അവിവേകപൂൎവ്വമായ ശുഷ്ക്കാന്തി നമ്മിൽ കടന്നുകൂടാതിരിപ്പാൻ സൂക്ഷിക്കണം.

അധികം ചെയ്യുന്നതിലല്ല പുണ്യമടങ്ങിയിരിക്കുന്നതു്. ദൈവപുത്രൻ വളരെ കുറച്ചു മാത്രമേ പ്രവൎത്തിച്ചിട്ടുള്ളു. ബാഹ്യമായി നോക്കിയാൽ അപ്പസ്തോലന്മാർ അതിലും കൂടുതൽ പ്രവൎത്തിച്ചിട്ടുണ്ടു്.

പുണ്യത്തിനു രണ്ടു തരത്തിലുള്ള പോരായ്മകൾ ഉണ്ടാകാം: പുണ്യം തീരെ ഇല്ലാതിരിക്കുക; അല്ലെങ്കിൽ ആവശ്യത്തിലധികമായിപ്പോവുക. ഒട്ടുമില്ലാതിരിക്കുന്നതിനേക്കാൾ നല്ലതു് തീൎച്ചയായും അതിരുകടന്നവിധമെങ്കിലും പുണ്യമുണ്ടായിരിക്കുന്നതു തന്നെ.

തിന്മ വളരുവാൻ അനുവദിക്കയോ അതിനെ അംഗീകരിക്കയോ ചെയ്യുന്ന ഒരു അയഞ്ഞമനഃസ്ഥിതി ഉണ്ടാകാതിരിപ്പാൻ സൂക്ഷിക്കണം. ശാന്തവും ദയാസമ്പൂൎണ്ണവുമായ പ്രതിവിധികൾവഴി തിന്മയെ ചെറുക്കുക.

ഉപവിക്കും സ്നേഹബഹുമാനാദരങ്ങൾക്കും വിരുദ്ധമായുള്ള അമിതമായ ശുഷ്കാന്തിയും അത്യാസക്തിയും നമ്മിൽനിന്നു പിഴുതെറിയണം.

കഴിവിൽക്കവിഞ്ഞ കാര്യങ്ങൾ നാം ഏറെറടുക്കരുതു്. യാതൊന്നിലും തിടുക്കം കൂട്ടരുതു്. പ്രതിബന്ധങ്ങൾകണ്ടു് ഞെട്ടുകയുമരുതു്. ഒരു കാര്യത്തെക്കുറിച്ചും മനംചുട്ടു ചിന്തിക്കയോ വളരെനേരം അതിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിക്കയോ ചെയ്യേണ്ട ആവശ്യമില്ല.

ദൈവത്തിൻെറ വേല പടിപടിയായിട്ടാണു് പൂൎത്തീകരിക്കപ്പെടുന്നതു്. ഉടനടി കാര്യങ്ങൾ നിൎവ്വഹിക്കപ്പെടണമെന്നു് നാം ആഗ്രഹിക്കുന്നതു് വിഡ്ഢിത്തമാണു്. മററുള്ളവരെല്ലാം അത്യുത്സാഹപൂൎവ്വം നമ്മുടെ പ്രവൎത്തനങ്ങൾക്കു പിന്തുണ നല്കുന്നില്ലെങ്കിൽ എല്ലാം നശിക്കുമെന്നു വിചാരിക്കുന്നതും ഭോഷത്വമാണു്. ദൈവത്തോടു പ്രാൎത്ഥിച്ചും അവസരോചിതം പ്രവൎത്തിച്ചും സാവധാനം മുമ്പോട്ടുപോവുക.

ഒരു നല്ല പ്രസ്ഥാനം വിജയത്തിലെത്തിക്കാൻ ആരുടെയെല്ലാം സഹകരണം ആവശ്യമാണോ അവരോടു് ആലോചിച്ചുകൊണ്ടു് പ്രവൎത്തിക്കുക.

ചില സംരംഭങ്ങളുടെ വിജയത്തിനായി അതിൻെറ ഭാരവാഹികളെ ഉപദേശിക്കാം. ഇതില്പരിയായി, ആ പ്രസ്ഥാനം പുരോഗമിക്കാത്തതുകൊണ്ടു് നിരാശപ്പെട്ടുകയോ അതിൻെറ പ്രണേതാക്കളെ കുററപ്പെടുത്തുയോ ചെയ്യേണ്ട ആവശ്യം നമുക്കില്ല.

ദൈവം നമ്മിൽനിന്നാവശ്യപ്പെടുന്നതിൽക്കൂടുതൽ നന്മചെയ്യുവാൻ തത്രപ്പെടരുതു്. ദൈവത്തിൻെറ മക്കളെ സംബന്ധിച്ചിടത്തോളം അതൊരു വലിയ കുററമായി ഞാൻ കരുതുന്നു.

ഒരു സഭാംഗം അത്യാർത്തിയോടെ ആശിക്കുന്ന ഒരു സാധനമോ ജോലിയോ അയാൾക്കു നല്കരുതു് എന്നാണു നമ്മുടെ സഭയുടെ തത്വം. അവരുടെ ആഗ്രഹങ്ങളിൽ മിതത്വം ദർശിക്കുമ്പോൾ അവ അനുവദിച്ചുകൊടുക്കുക.

നീതിയുടെ നിയമങ്ങൾക്കൊത്തുപോകാത്ത യാതൊരു ഉപവിപ്രവൃത്തിയുമില്ല. ന്യായമായി നമുക്കു ചെയ്യുവാൻ സാധിക്കുന്ന പരിധികൾ വിട്ടു് പരോപകാരപ്രവത്തനങ്ങളിലേർപ്പെടുവാൻ നീതി നമ്മെ അനുവദിക്കയില്ല.

## പ്രായോഗിക വിചിന്തനം:

മിതത്വം അത്ര എളുപ്പമുള്ളകാര്യമല്ല. എന്നാൽ, ദൈവികമായ പ്രവത്തനങ്ങളുടെ ഒരവശ്യഘടകമാണിതു്. സ്രഷ്ടാവായ ദൈവത്തിൻെറ സകല പ്രവൃത്തികളിലും ഈ സൽഗുണം മുററി നില്പുണ്ടു്. "അവിടുന്നു് എല്ലാവസ്തുക്കളേയും അവയുടെ എണ്ണത്തിനും അളവിനും തൂക്കത്തിനുമൊത്തു് സജ്ജമാക്കിയിരിക്കുന്നു."

ആദ്യപാപംവഴി ഈ സ്ഥിതിവിശേഷം തകർക്കപ്പെട്ടപ്പോൾ അതിനെ പുനഃസ്ഥാപിക്കുകയെന്നതു് ദിവ്യരക്ഷകൻെറ ജോലിയായിരുന്നു. ഈ വിശിഷ്ടസംഭവത്തെക്കുറിച്ചു് വി. ആഗുസ്തീനോസു് പറയുന്നതിങ്ങനെയാണു്: "സാധാരണമായവയെ ലോകോത്തരമായ കൃത്യങ്ങൾകൊണ്ടും അസാധാരണമായവയെ സർവസാധാരണമായ കൃത്യങ്ങൾകൊണ്ടും അവിടുന്നു് മിതപ്പെടുത്തി; അങ്ങനെ അവിടുന്നു് ആ മഹാ കൃത്യം പൂത്തിയാക്കി". ഇതുസംബന്ധിച്ചുള്ള

ബോസ്വേയുടെ വിശദീകരണവും ശ്രദ്ധാർഹമാണു്: "അവിടുന്നു ജനിച്ചു; പക്ഷേ, കന്യകയിൽനിന്നാണു് അവിടുന്നു ജന്മമെടുത്തതു്. അവിടുന്നു ഭക്ഷിച്ചു; എന്നാൽ അവിടുത്തെ വാക്കിൽ ആയിരമായിരം മാലാഖമാർ തന്റെ മേശയ്ക്കു ചുററും പരിചരിക്കുവാൻ വന്നെത്തുമായിരുന്നു. അവിടുന്നു ഉറങ്ങി; ഉറക്കമാണെങ്കിലും താൻ കയറിയിരുന്ന വഞ്ചി കോളിൽപ്പെട്ടു മുങ്ങാതെ അവിടുന്നു സംരക്ഷിച്ചു. അവിടുന്നു നടന്നു; അവിടുത്തെ പാദസ്പർശമേററപ്പോൾ വെള്ളംപോലും കട്ടിയായി അവിടുത്തേക്കു വഴിയൊരുക്കി. അവിടുന്നു മരിച്ചു; എന്നാൽ ലോകത്തെ മുഴുവൻ അത്ഭുതസ്തബ്ധമാക്കുമാറു് അവിടുന്നു് കല്ലറയെ ഭേദിച്ചു് ഉയിർത്തെഴുന്നേററു. തന്റെ ദൈവത്വത്തെ വെളിപ്പെടുത്തേണ്ടതെങ്ങനെയെന്നു് അവിടുത്തേയ്ക്കറിയാം. എപ്പോഴെല്ലാം തന്റെ ദൈവത്വം വെളിപ്പെടുത്തിയോ അപ്പോഴെല്ലാം താൻ മനുഷ്യനുംകൂടിയാണെന്ന സത്യവും അവിടുന്നു വെളിപ്പെടുത്തിയിട്ടുണ്ടു്. അതുകൊണ്ടാണു് ഈ രഹസ്യത്തെ ദൈവികരഹസ്യം എന്നു വിളിക്കുന്നതു്."

"തന്റെ പ്രവൎത്തനങ്ങളിൽ കൎത്താവു കാണിച്ച മിതത്വത്തെക്കുറിച്ചു് നമുക്കവിടുത്തെ സ്തുതിക്കാം" എന്നു് വി. വിൻസെൻറു് ഉദ്ഘോഷിക്കുന്നതിൽ നാം വിസ്മയിക്കേണ്ടതില്ല. ഉപവിയുടെ പുത്രിമാർക്കായി നടത്തിയ കോൺഫ്രൻസിൽ വിശുദ്ധൻ പറയുന്നു: "പ്രകൃതിയുടേതായാലും പ്രസാദവരത്തിൻേറതായാലും ദൈവത്തിന്റെ സകല പ്രവൎത്തനങ്ങളിലും ക്രമം പാലിക്കപ്പെടുന്നു. നിയമാനുസരണമല്ല പ്രവൎത്തിക്കുന്നതെങ്കിൽ കാര്യമായി യാതൊന്നും നാം നിർവഹിക്കയില്ല. ക്രമമില്ലായ്മ നാശത്തിലേക്കുള്ള വഴിയാണു്. യാതൊരു നിയമവും ക്രമവുമില്ലാത്ത നരകത്തിലേയ്ക്കായിരിക്കും അതു നമ്മെ നയിക്കുക." നിയമത്തിൻേറയും ക്രമത്തിൻേറയും ആവശ്യകത ഇതിലും ശക്തമായ ഭാഷയിൽ ചൂണ്ടിക്കാണിക്കുക പ്രയാസം.

മാഡം ഡിഷന്താളിനെ പ്രശംസിച്ചുകൊണ്ടു് വി. വിൻസെൻറു് ഒരിക്കൽ പറഞ്ഞു: "ഇത്ര ക്രമവും മിതവുമായ അരൂപി മററാരിലും ഞാൻ കണ്ടിട്ടില്ല." വിശുദ്ധന്റെ

സ്വഭാവവിശേഷത്തെ പ്രശംസിക്കുന്നതിനും ഈ വാക്കുകൾ തന്നെ ഉപകരിക്കും. ധ്യാനപരവും പ്രവർത്തനോന്മുഖവുമായ ഒരു മിശ്രജീവിതമാണ് അദ്ദേഹം തിരഞ്ഞെടുത്തത്. ഉപവി പ്രവൃത്തിയിൽ പ്രത്യക്ഷപ്പെടണമെന്നതായിരുന്നു അദ്ദേഹത്തിൻെറ ആദർശം. യഥാർത്ഥ കത്തോലിക്കത്വം മററുള്ളവരെ കഴിയുന്ന എല്ലാ നല്ല മാർഗ്ഗങ്ങളുമുപയോഗിച്ച് സഹായിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. മാനുഷിക പ്രവർത്തനത്തെക്കുറിച്ച് വിൻസെൻറിനുണ്ടായിരുന്ന മതിപ്പ് ദൈവത്തിൻെറ പ്രവർത്തനത്തിൽനിന്ന് എങ്ങനെയെങ്കിലും വഴുതിമാറാൻ അദ്ദേഹത്തിനു പ്രേരകമായിരുന്നില്ല. എന്നു മാത്രമല്ല, ദൈവപരിപാലനയിലുള്ള വിശ്വാസം, പ്രാർത്ഥന, ദൈവത്തിലുള്ള പുത്രനിർവിശേഷമായ ശരണം മുതലായ സൽഗുണങ്ങൾ അനുദിനം അദ്ദേഹത്തിൽ വർദ്ധിച്ചുവരുകയും ചെയ്തു.

അയല്ക്കാരൻെറ നന്മയ്ക്കായി എത്ര ബൃഹത്തായ സംരംഭങ്ങളിലേർപ്പെട്ടാലും, ഓരോരുത്തൻേറയും ജീവിതാന്തസ്സിനടുത്ത കടമകൾക്കു വീഴ്ചവരുത്തരുതെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. എളിമ, അനുസരണം, അധികാരികളോടുള്ള ബഹുമാനം മുതലായ പുണ്യങ്ങൾ വളരെ ഉന്നതമായ നിലയിൽ വി. വിൻസെൻറിൽ പ്രകാശിച്ചിരുന്നുവെങ്കിലും സത്യവും നീതിയും അവഗണിക്കപ്പെടുന്നുവെന്നു കണ്ടാൽ ഏതു രാഷ്ട്രീയാധികാരികളുടെ മുമ്പിലും സഭാ ശ്രേഷ്ഠന്മാരുടെ സന്നിധിയിലും കൂസലെന്യേ നീതിക്കുവേണ്ടി അവകാശവാദം ചെയ്യുന്നതിനുള്ള ചങ്കുററം അദ്ദേഹത്തിനുണ്ടായിരുന്നു. ആവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ അനീതിക്കും അക്രമത്തിനുമെതിരായി പ്രതിഷേധസ്വരമുയർത്തുന്നതിനും അദ്ദേഹം മടിച്ചിരുന്നില്ല.

എളിമ താഴ്ന്നതും നിന്ദ്യവുമായ ഒരവസ്ഥയായി ഒരിക്കലും അദ്ദേഹത്തിനു തോന്നിയിട്ടില്ല. അബെല്ലി പറയുന്നതുപോലെ, വിശുദ്ധൻെറ എളിമ മനോധൈര്യത്തോടും ഔദാര്യത്തോടും പൂർണ്ണമായി യോജിച്ചു പോകുന്നതായിരുന്നു. അപ്രകാരംതന്നെ വിൻസെൻറിൽ വിളങ്ങിയിരുന്ന നന്മയും കൃതജ്ഞതയും ഏതെങ്കിലും സ്വാഭാവിക ചാച്ചിലിൽ

നിന്നോ ബലഹീനതയിൽനിന്നോ മുളയെടുത്തതായിരുന്നി ല്ല. ക്രിസ്തീയ ധൈര്യത്തോട്ട് സമാധാനത്തിൻെറ അത്രു പിയും യോജിപ്പിച്ചുകൊണ്ടു് വർത്തിക്കുന്നതിനു് അദ്ദേഹ ത്തിനറിയാമായിരുന്നു.

വിശുദ്ധൻെറ ഹൃദയപരമാർത്ഥതയേയും വിവേകത്തേ യും നന്മയേയും ആരോഗ്യസംരക്ഷണത്തിലുള്ള വിവേകപൂ ർണ്ണമായ ശ്രദ്ധയേയും മററും കുറിച്ചുള്ള സൂക്തികളെപ്പററി നാം പ്രതിപാദിച്ചു. ഇവയെല്ലാം വിശുദ്ധൻെറ ജ്ഞാന സമ്പുഷ്ടമായ മിതത്വത്തിൻെറ ഉത്തമോദാഹരണങ്ങളാണു്.

പരമദരിദ്രയായി ജീവിക്കുന്നതിനു് തൻെറ വസ്തുവ കകളെല്ലാം വിററു് പാവപ്പെട്ടവർക്കു കൊടുക്കട്ടെയോ എന്നു് ലൂയിസാ ഡി മരില്ലാക്കു് ഒരിക്കൽ വിൻസെൻറച്ചനോട്ടു് ഉപദേശം ചോദിച്ചു. ജ്ഞാനിയായ ആ ആദ്ധ്യാത്മിക പിതാവു വിവേകപൂർവം ആ പദ്ധതിക്കു് അംഗീകാരം നി ഷേധിക്കയാണുണ്ടായതു്. മിതത്വത്തിൻെറ മാനദണ്ഡം വച്ചാണു് അദ്ദേഹം സകലവിധ പുണ്യാഭ്യസനങ്ങളേയും നിയന്ത്രിച്ചിരുന്നതു്.

ഉപവിയുടെ പുത്രിമാർ പരസ്നേഹപരമായ സേവന ങ്ങൾ അനുഷ്ഠിക്കുവാൻ പുറത്തുപോകുമ്പോഴും മററും തങ്ങ ളുടെ ദൃഷ്ടികൾ അല്പം താഴ്ത്തി വിനയപൂർവം സംസാരി ക്കുകയും പെരുമാറുകയും ചെയ്യണമെന്നു് വിൻസെൻറു് നി ർദ്ദേശിച്ചു. മററുള്ളവരെ വെറുപ്പിച്ചു് അകററാൻ പോരുന്ന വിധം ഈ വിനയഭാവം അധികമായിപ്പോകരുതെന്നും അ ദ്ദേഹം അനുശാസിച്ചു. പരുഷവും സംസ്കാരരഹിതവുമാം വിധം പ്രവർത്തിക്കരുതെന്നും അന്യരോട്ടു് അമിതമായ മമത കാണിക്കയോ സ്നേഹബന്ധങ്ങളിലേർപ്പെട്ടുകയോ ചെയ്യരു തെന്നും അദ്ദേഹം അവരെ ഉപദേശിച്ചു.

തിന്മയെ വിട്ടുപേക്ഷിക്കുന്നതിനും നന്മ ചെയ്യുന്നതിനും വേണ്ട പ്രചോദനം ലഭിക്കുവാൻ മരണത്തെപ്പററി ധ്യാനി ക്കുന്നതുകൊള്ളാം. പക്ഷേ, അതു് അമിതമായിപ്പോകരുതെ ന്നു് വിൻസെൻറു് ഉപദേശിക്കുന്നു: "മരണത്തെക്കുറിച്ചുള്ള ചിന്ത നല്ലതാണു്. കർത്താവുതന്നെ അതു് ഉപദേശിക്കു കയും അംഗീകരിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ, അതു്

അധികമായിപ്പോകരുതു്. മരണത്തെക്കുറിച്ചുള്ള ചിന്ത സദാ ഒരുവൻെറ മനസ്സിൽ ഉണ്ടായിരിക്കേണ്ട ആവശ്യമില്ല. അതു് ഒട്ടും ഉചിതവുമല്ല.''

പഠനകാര്യത്തിൽ വളരെയധികം താത്പര്യമുണ്ടായിരുന്ന ഒരു സഭാംഗത്തിനു് വിൻസെൻറച്ചൻ ഒരിക്കൽ ഇങ്ങനെയെഴുതി: ''പണ്ഡിതനും പുണ്യവാനുമായ ഒരു വൈദികനായിത്തീരുന്നതിനു് താങ്കൾ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നതിൽ താങ്കളെ ഞാൻ അഭിനന്ദിക്കുന്നു. ദൈവത്തിനു സ്തുതിയായിരിക്കട്ടെ. ദൈവസേവനത്തിനായി പ്രവർത്തന രംഗത്തേക്കിറങ്ങിച്ചെല്ലുവാൻ വേണ്ടുംവിധം ഈ രണ്ടു സൽഗുണങ്ങളും താങ്കൾ സമ്പാദിച്ചു കഴിഞ്ഞുവെന്നാണു് ഞാൻ കരുതുന്നതു്. ഇനിയും കൂടുതൽ പഠിക്കുന്നതിനുള്ള ആഗ്രഹം നല്ലതുതന്നെ. പക്ഷേ, അതു് മിതവും വിവേകത്താൽ നിയന്ത്രിതവുമായിരിക്കണം.''

വി. വിൻസെൻറു് യാതൊന്നിലും അതിശയോക്തി കലർത്തിയിരുന്നില്ല. എല്ലാക്കാര്യങ്ങളിലും സമീചീനവും മിതവുമായ ഒരു നിലപാടാണു് സ്വീകരിച്ചിരുന്നതു്. അധുനാതന കാലങ്ങളിൽ വിൻസെൻഷ്യൻ സഭാംഗങ്ങൾ വലിയ ഒച്ചപ്പാട്ടും ആർഭാടവും കൂടാതെ വിനീതവും ലളിതവുമായവിധം നന്മ ചെയ്തുകൊണ്ടു് ചുററി നടക്കുമ്പോൾ വിൻസെൻറിൻെറ ജ്ഞാനസമ്പുഷ്ടമായ മിതത്വത്തെ അനുകരിക്കയാണു് ചെയ്യുന്നതു്. ആദ്ധ്യാത്മികമായി അനുദിനം അധഃപതിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ, ദൈവികവും മാനുഷികവുമായ അനേകം സൽഗുണങ്ങൾ സമാർജ്ജിച്ചുകൊണ്ടു് നിസ്സ്വാർത്ഥസേവനവും തീക്ഷ്ണമായപ്രാർത്ഥനയുംവഴി മനുഷ്യഹൃദയങ്ങളിൽ ദൈവസ്നേഹത്തിൻെറ കൈത്തിരി കത്തിക്കുവാൻ വിവേകപൂർവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉപവിയുടെ സഹോദരിമാരും തങ്ങളുടെ സ്ഥാപകൻെറ മാതൃകയേയും അദ്ദേഹം തുടങ്ങിവച്ച നല്ല പാരമ്പര്യങ്ങളേയും പ്രായോഗികമാക്കിക്കൊണ്ടിരിക്കയാണു്.

ബാഹ്യമായ പ്രേഷിതപ്രവത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവക്കു് വൈഷമ്യമേറിയ പല സ്വഭാവക്കാരുമായി ഏററുമുട്ടേണ്ടിവരും. ആകയാൽ മററുള്ളവരെ അപേക്ഷിച്ചു് കൂടുതൽ സഹനശക്തിയും വിവേകവും മിതത്വവും സമ്പാദിക്കുവാൻ അവർ കടപ്പെട്ടിരിക്കുന്നു. വി. വിൻസെൻറിൻെറ മാതൃകയും പഠനവും അവക്കു വഴികാട്ടിയായിരിക്കും.

# അദ്ധ്യായം ഇരുപത്തിരണ്ട്

# നിസ്സാരകാര്യങ്ങളിൽപ്പോലും സശ്രദ്ധം വർത്തിക്കുക

## വി. വിൻസെൻറിൻെറ സൂക്തികൾ:

നാം ചെയ്യുന്ന കാര്യങ്ങൾക്കു യാതൊരു പോരായ്മയും വരാതിരിക്കത്തക്കവണ്ണം ഏററം നിസ്സാരസാഹചര്യങ്ങളിൽപ്പോലും ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു.

സംഗതികളുടെ വിവിധവശങ്ങൾ കണക്കിലെടുത്തുകൊണ്ടും, പ്രതിബന്ധങ്ങളെ മുൻകൂട്ടികണ്ടുകൊണ്ടും പ്രവർത്തിക്കുക. വേണ്ടപ്പെട്ടവരോട് ആലോചിക്കാതെ ഒരു കാര്യത്തിലും തീരുമാനം എടുക്കരുത്. സ്വഭവനത്തെസ്സംബന്ധിച്ചകാര്യങ്ങളിൽ സഹോദരങ്ങളോട് ആലോചിക്കുക.

കീഴുള്ളവരുടെ ആദ്ധ്യാത്മികവും ലൗകികവുമായ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുവാൻ ആശ്രമാധിപൻ ഒത്താശകൾ ചെയ്യേണ്ടിയിരിക്കുന്നു. കാരണം, മനുഷ്യൻ ആത്മാവും ശരീരവുമുള്ളവനാകയാൽ ആത്മാവിനെക്കുറിച്ചോ ശരീരത്തെക്കുറിച്ചോ മാത്രം ശ്രദ്ധപതിച്ചതുകൊണ്ടു മതിയാവില്ല.

സമൂഹത്തിലെ ഓരോ അംഗത്തിൻേറയും ആവശ്യങ്ങൾ നിവ്വഹിച്ചുകൊടുക്കുവാൻ അധികാരികൾ കടപ്പെട്ടിരിക്കുന്നു. സൃഷ്ടവസ്തുക്കളുടെ പൂർണ്ണതയ്ക്കുവേണ്ടതെല്ലാം സ്രഷ്ടാവായ ദൈവം അപ്പോഴപ്പോൾകൊടുക്കുന്നുണ്ട്. ഒരു നിസ്സാരപുഴുവിനെപ്പോലും അവിടുന്ന് എത്ര ജാഗ്രതയോടെ സംരക്ഷിക്കുന്നുവെന്നു നോക്കുക! ഉദ്യോഗസ്ഥരും അധികാരികളും ദൈവത്തിൻെറ ഉപകരണങ്ങളെന്ന നിലയിൽ തങ്ങളുടെ സൂക്ഷത്തിനു ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരുടെ ആദ്ധ്യാത്മികവും ലൗകികവുമായ ആവശ്യങ്ങൾ ജാഗ്രതയോടെ സാധിച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

നമ്മുടെ കർത്താവ് തൻെറ ശിഷ്യരെ പണമോ, ഭക്ഷണസാധനങ്ങളോ കൂടാതെ മിഷൻ വേലക്കായി പറഞ്ഞയച്ച ഒരു കാലമുണ്ടായിരുന്നു. എന്നാൽ, പാവപ്പെട്ടവരെ സഹായിക്കുന്നതിനും മററുമായി ഇപ്പറഞ്ഞവ തൻെറ സമൂഹത്തിന് ഉണ്ടായിരിക്കുക കൂടുതൽ ഉചിതമെന്നു് പിന്നീട് അവിടുന്നു നിശ്ചയിച്ചു.

ദൈവസ്തുതിക്കായി ചെയ്യുന്ന നിസ്സാരകൃത്യങ്ങൾ അത്രമാത്രം മായാസ്തുതിക്കധീനമല്ല. എന്നാൽ, വലിയ പ്രവർത്തനങ്ങൾ പലപ്പോഴും ഉദ്ദേശശുദ്ധിയുടെ കുറവുകൊണ്ടു് ദൈവതിരുമുമ്പിൽ കേവലം പുകപോലെ നിഷ്പ്രഭമായിത്തീരുന്നു.

ചെറിയ കാര്യങ്ങളിൽ വിശ്വസ്തത പ്രദർശിപ്പിക്കുന്നവനു മാത്രമേ വലിയ കാര്യങ്ങൾ വിജയപ്രദമായി ചെയ്യാൻ സാധിക്കയുള്ളൂ.

നിയമങ്ങൾ അനുസരിക്കുകയും കീഴുള്ളവരെക്കൊണ്ടു് അനുസരിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ അധികാരികൾ കാർക്കശ്യത്തോടെ വർത്തിക്കേണ്ടിയിരിക്കുന്നു. സ്വന്തം നിഷ്ഠയില്ലായ്മയും ധാർമ്മിക ധൈര്യക്കുറവും നിമിത്തം കീഴുള്ളവരിൽ അയഞ്ഞ മനസ്ഥിതി കടന്നുകൂടുവാൻ അവർ കാരണക്കാരാകാതിരിക്കട്ടെ.

തിരുക്കർമ്മങ്ങൾ വിശ്വാസസത്യങ്ങളുടെ പ്രതീകങ്ങളാണ്. ആകയാൽ അവ ഏററം ഭക്തിയോടും ശ്രദ്ധയോടും വിനയത്തോടുംകൂടി നിർവ്വഹിക്കപ്പെടണം. ദൈവികമായ ഒരന്തരീക്ഷം തദവസരത്തിൽ പ്രത്യക്ഷമാകണം.

നാളത്തെ കാര്യങ്ങളെക്കുറിച്ചു നിങ്ങൾ ആകുലചിത്തരാകേണ്ട എന്നു് കർത്താവീശോമിശിഹാ ഉപദേശിക്കുന്നു. ഇഹലോകവസ്തുക്കളെക്കുറിച്ചുള്ള അമിതമായ വ്യഗ്രതയാണ് അവിടുന്ന് ഇവിടെ വിവക്ഷിക്കുന്നതു്. ഭക്ഷണത്തിനും വസ്ത്രത്തിനുംവേണ്ടി അവശ്യം ചെയ്യേണ്ടവ നാം ചെയ്തേമതിയാവൂ. അല്ലെങ്കിൽ ചെടികൾ നടുകയോ വിളവിറക്കുകയോ ചെയ്യേണ്ട ആവശ്യമില്ലെന്നുവരും.

## പ്രായോഗിക വിചിന്തനം:

പരസ്നേഹപ്രവൎത്തനങ്ങളാണ് വി. വിൻസെൻറിൻെറ ജീവിതത്തിനു നിറംപകൎന്ന സുപ്രധാന സംഭവങ്ങൾ. തൻെറ വിവേകവും സാമാന്യബുദ്ധിയും നന്മയും മിതത്വവും വഴി വിശുദ്ധൻ ഈ പ്രവൎത്തനങ്ങളെയെല്ലാം നിയന്ത്രിച്ചിരുന്നു. അവയിലെല്ലാം അദ്ദേഹത്തിൻെറ പ്രായോഗിക ബോധം തെളിഞ്ഞുകാണാം.

പ്രായോഗികബോധം (Practical sense) എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നവ എന്തെല്ലാമെന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഓരോ കാൎയ്യത്തിൻേറയും ഏററം നിസ്സാരമായ വശങ്ങളെപ്പോലും കണക്കിലെടുത്തുകൊണ്ട് കൃത്യനിഷ്ഠയോടും കൎത്തവ്യബോധത്തോടും ഓരോ സംഗതിയും ഏററം ഭംഗിയായി നിൎവ്വഹിക്കണമെന്ന ആഗ്രഹത്തോടുംകൂടി പ്രവൎത്തിക്കുകയും ലോകോത്തരമായ കാൎയ്യങ്ങളിലേൎപ്പെട്ടിരിക്കവേതന്നെ സാധാരണ ജീവിതത്തിൻെറ പ്രശ്നങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്യുന്നവൻ പ്രായോഗിക ബോധത്തോടുകൂടി പ്രവൎത്തിക്കുന്നു എന്നു പറയാം. കേവലം സിദ്ധാന്തങ്ങളുമായി കഴിയുന്ന ഒരുവനെ ഈ സൽഗുണം പ്രായോഗിക മനുഷ്യനാക്കിപ്പകൎത്തുന്നു. ജീവിതം സുകരവും ലളിതവും സാധാരണമായ അനേകം നന്മപ്രവൃത്തികൾകൊണ്ടു ഫലസമൃദ്ധവുമായിത്തീരുന്നു. സ്വപ്നലോകത്തിൽനിന്നു് യാഥാൎത്ഥ്യങ്ങളിലേയ്ക്ക് അതു കടന്നുചെല്ലുന്നു. ഒരു സംരംഭത്തിൻെറ വിജയത്തിനായി തൻെറ ഭാഗത്തുനിന്നു ചെയ്യേണ്ടവയെല്ലാം ചെയ്യുവാൻ പ്രായോഗികബോധം ഒരുവനെ പ്രേരിപ്പിക്കുന്നു. യാതൊന്നും നിസ്സാരമെന്നു പറഞ്ഞു തള്ളിക്കളയുവാൻ ഇടയാകയില്ല. സമുന്നതവും സൃഷ്ടിപരവുമായ മനസ്സുള്ളവരെക്കൊണ്ടു വൻകാൎയ്യങ്ങൾ സാധിക്കുവാൻ പ്രായോഗികബോധത്തിനു കഴിയും. ഈ സൽഗുണമില്ലെങ്കിൽ അവരുടെ ഉന്നതാദൎശങ്ങളും ആശയങ്ങളും വളൎച്ചമുററി നാമ്പടഞ്ഞുപോകും. യഥാൎത്ഥ ബുദ്ധിപ്രകൎഷത്തിൻെറ ഒരവശ്യഘടകമാണിതു്.

അസാധാരണ ബുദ്ധിശക്തിയും മാനസിക കഴിവുകളും ഉണ്ടായിരുന്ന ഒരു വ്യക്തിയായിരുന്നു വി. വിൻസെൻറു്.

ജാൻസെനിസ്റ്റ് പാഷണ്ഡികൾ തങ്ങളുടെ വലയിൽ വിശുദ്ധനെ കുടുക്കുവാൻ ശ്രമിച്ചിട്ടു ഫലിക്കായ്കയാൽ ബുദ്ധിയില്ലാത്ത ഒരു മനുഷ്യനായി അദ്ദേഹത്തെ കരുതി. എന്നാൽ വിശുദ്ധൻെറ ജീവിതത്തെപ്പററി ശരിക്കു ഗ്രഹിച്ചിട്ടുള്ളവർ ഒരിക്കലും അദ്ദേഹത്തിൻെറ കുശാഗ്രബുദ്ധിയേയോ, ഉന്നതാദർശങ്ങളെയോ അത്ഭുതാവഹമായ മാനസിക കഴിവുകളെയോ ചോദ്യം ചെയ്യുകയില്ല.

വിശുദ്ധൻ കേവലം ഒരു സ്വപ്നജീവിയായി കഴിയുകയല്ല ചെയ്തതു്. നന്മ ചെയ്യേണ്ടതു് ആകാശത്തിലോ ബഹിരാകാശത്തിലോ അല്ല, ഭൂമിയിൽത്തന്നെയാണെന്നു് അദ്ദേഹത്തിനു് ശരിക്കു് അറിയാമായിരുന്നു. അതു പൊതുവായിട്ടോ സ്ഥൂലമായ ഒരു പ്രവൃത്തികൊണ്ടോ നിർവ്വഹിക്കപ്പെടേണ്ടതല്ല. പിന്നെയോ, ഓരോ വ്യക്തിയെസ്സംബന്ധിച്ച് പ്രത്യേകമായും, പടിപടിയായും, സാവകാശത്തിലും ചെയ്യപ്പെടേണ്ടതാണെന്നു് വിശുദ്ധൻ ഗ്രഹിച്ചിരുന്നു.

ആർതർ ലോത്തു് എന്ന പണ്ഡിതൻ പറയുന്നു: "വി. വിൻസെൻറിൻെറ എല്ലാ പ്രവർത്തനങ്ങളിലും പ്രായോഗിക ബോധം തെളിഞ്ഞുകാണാം." വിശുദ്ധൻെറ ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങളുടെ ഒരു സമാഹാരമാണു് ലോത്തിൻെറ മേൽപ്പറഞ്ഞ വാക്കുകളിൽ നാം ദർശിക്കുക.

വിശുദ്ധൻെറ ജീവിതത്തിലേ ഏതാനും സംഭവങ്ങൾ മാത്രം എടുത്തുകാണിച്ചാൽ മതിയാകും അദ്ദേഹത്തിൻെറ പ്രായോഗികബോധത്തെ വരച്ചുകാണിക്കാൻ. ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്താൻ വിൻസെൻറച്ചൻ സുപ്രസിദ്ധമായ 'സലമാങ്ക' സർവ്വകലാശാലയിൽ ചേൎന്നു. എന്നാൽ, പഠനം പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ അദ്ദേഹം അവിടംവിട്ടുപോകയാണുണ്ടായതു്. അതിനു കാരണം, വ്യർത്ഥമായ സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നതിനും പഠിക്കുന്നതിനും വളരെയേറെ സമയം ചെലവഴിക്കുവാൻ തനിക്കിഷ്ടമില്ലാതിരുന്നതാണു് എന്നു് അദ്ദേഹം പറയുകയുണ്ടായി. പില്ക്കാലത്തു് തൻെറ സഭാംഗങ്ങളിൽ ചിലർ പഠനകാര്യങ്ങളിൽ കൂടുതൽ താത്പര്യം പ്രദർശിപ്പിക്കുകയും ഉപരിപഠ

നം നടത്തുവാൻ തങ്ങളെ അനുവദിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തപ്പോൾ വിശുദ്ധൻ അവരെ ശാന്തമായും എന്നാൽ ദൃഢചിത്തതയോടുകൂടിയും ഉപദേശിച്ച് ആ ഉദ്യമത്തിൽനിന്നു പിന്തിരിപ്പിച്ചു. വൈദികവൃത്തിയുടെ കടമകൾ നിറവേററുവാൻ തക്ക പ്രായോഗികവും മിതവും സുനിശ്ചിതവുമായ ജ്ഞാനം അവക്കു മതിയാകും എന്ന് അവരെ ബോദ്ധ്യപ്പെടുത്തി.

1617-ൽ ചാററിലിയോണിൽവച്ച് ഉപവിയുടെ മഹിളാസമാജം ആരംഭിക്കുവാൻ വിശുദ്ധനെ പ്രേരിപ്പിച്ചതു് അദ്ദേഹത്തിൻെറ പ്രായോഗികബോധമാണ്. ഈ മഹിളാസമാജാംഗങ്ങളുടെ പ്രവത്തനങ്ങളെ സംഘടിതമായും ഏററം പ്രയോജനപ്രദമായും മുമ്പോട്ടുകൊണ്ടുപോകുവാനാണ് അദ്ദേഹം ഉപവിയുടെ പുത്രീസംഘം സ്ഥാപിച്ചതു്. തൻെറ ഇരുസഭക്കാരുടേയും ആദ്ധ്യാത്മികവും ലൗകികവുമായ സകല പ്രവത്തനങ്ങളേയും സൽപഥത്തിലൂടെ നയിക്കുവാൻ അദ്ദേഹം പൊതുനിയമഗ്രന്ഥം എഴുതിയുണ്ടാക്കി. കൂടാതെ, ഓരോ ഉദ്യോഗത്തിൻേറയും കടമകളും അധികാരപരിധികളും നിണ്ണയിച്ചുകൊണ്ടും, സ്ഥലകാലസാഹചര്യങ്ങൾക്കനുസരണം അനുഷ്ഠിക്കേണ്ട നിയമങ്ങളെ ക്രോഡീകരിച്ചുകൊണ്ടും മററു് ആറു് നിയമഗ്രന്ഥങ്ങൾകൂടെ നിമ്മിക്കുവാൻ വിശുദ്ധനെ പ്രേരിപ്പിച്ചതും അദ്ദേഹത്തിൻെറ പ്രായോഗികബോധമാണ്. മേല്പറഞ്ഞ നിയമഗ്രന്ഥങ്ങളെ കുറിച്ച് അബെല്ലി ഇങ്ങനെ പറയുന്നു: "അവയിൽ ആദ്യത്തേതു് ഇടവകകളിൽ രോഗികളെ പരിചരിക്കുന്ന സഹോദരികൾക്കുവേണ്ടിയാണ്; രണ്ടാമത്തേതു സ്കൂളുകൾ നടത്തുന്ന സഹോദരികൾക്കുവേണ്ടിയും, മൂന്നാമത്തേതു് അനാഥശിശുക്കളെ പരിചരിക്കുന്നവക്കുവേണ്ടിയും, നാലാമത്തേതു് പാരീസിൽ 'ഹോട്ടൽ ഡ്യൂ' എന്ന ആശുപത്രിയിൽ രോഗികളെ പരിചരിക്കുന്ന മഹിളാ സമാജാംഗങ്ങൾക്കുവേണ്ടിയുമത്രേ. അഞ്ചാമത്തേതാകട്ടെ, മററു് ആശുപത്രികളിൽ ജോലിചെയ്യുന്ന സഹോദരികളെ ഉദ്ദേശിച്ചും, ആറാമത്തേതു് കപ്പലടിമകളുടെ താവളങ്ങളിൽ സേവനമനുഷ്ഠിക്കുന്നവക്കുവേണ്ടിയും നിമ്മിക്കപ്പെട്ടിട്ടുള്ളവയാണ്. ഈ നിയമങ്ങളെല്ലാം സഹോദരികൾ ഓരോരോ സാഹചര്യങ്ങളിൽ

പ്രവർത്തിക്കേണ്ടവയും പറയേണ്ടവയും തിട്ടപ്പെടുത്തുന്നു. ഭക്ഷണം പാകംചെയ്യുന്നതിനും മുറിവുകൾ വച്ചുകെട്ടുന്നതിനും മരുന്നുകൾ കൊടുക്കുന്നതിനും ധനികനെന്നോ ദരിദ്രനെന്നോ ഉള്ള നോട്ടംകൂടാതെ എല്ലാവരേയും സമചിത്തതയോടെ ശുശ്രൂഷിക്കുന്നതിനും രോഗികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനും എന്നുവേണ്ട ഏററം നിസ്സാരമായ കാര്യങ്ങൾക്കുപോലും വിശദമായ നിർദ്ദേശങ്ങൾ അവയിൽ കൊള്ളിച്ചിട്ടുണ്ട്."

മറെറാരദ്ധ്യായത്തിൽ അബെല്ലി ഇങ്ങനെ പറയുന്നു: "തൻെറ സമൂഹത്തിൻെറ നിലനില്പിനും ഭദ്രതയ്ക്കും അവശ്യംവേണ്ട ലൗകികസമ്പാദ്യങ്ങൾ ഉണ്ടാക്കുകയും സൂക്ഷിക്കുകയുംചെയ്യുന്ന കാര്യത്തിൽ വി. വിൻസെൻറ് വേണ്ട കരുതലുകൾ ചെയ്തു. ഇക്കാര്യത്തിനായി പ്രൊക്കുറേററൻമാരെ നിയമിച്ചതുകൂടാതെ അവരെ സഹായിക്കുന്നതിന് തുണസഹോദരന്മാരേയും അദ്ദേഹം ചുമതലപ്പെടുത്തി. തന്നോട് ആലോചിക്കാതെ സാമ്പത്തികമായ കാര്യത്തിൽ യാതൊന്നും ചെയ്തുപോകരുതെന്ന് അദ്ദേഹം ശട്ടംകെട്ടി. അവരോരുത്തരും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അപ്പഴപ്പോൾ അദ്ദേഹം നിർദ്ദേശം നല്കിയിരുന്നു. വൈകുന്നേരം അന്നു ചെയ്ത കാര്യങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ടു സമർപ്പിക്കുവാനും അവർ ബാദ്ധ്യസ്ഥരായിരുന്നു. ഒരു കാര്യം ആരംഭിച്ചാൽ അതിനെ വിജയപര്യവസായിയാക്കുവാൻ പരമാവധി പരിശ്രമിക്കണം എന്നായിരുന്നു അദ്ദേഹത്തിൻെറ അഭിമതം.

സെൻറ് ലാസർ ആശ്രമത്തിലെ ഭീമമായ ചെലവുകൾ നിർവഹിക്കേണ്ടുന്നതിനായി പല പ്രായോഗിക കാര്യങ്ങളും വിശുദ്ധൻ ആവിഷ്കരിക്കയുണ്ടായി. ആശ്രമത്തിൻെറ വകയായിരുന്ന ഒരു കൃഷിത്തോട്ടം തുണസഹോദരന്മാരുടെ മേൽനോട്ടത്തിൽ ഒരു നല്ല വിളഭൂമിയാക്കിപ്പകർത്തി. ആശ്രമാവശ്യത്തിലേയ്ക്കുള്ള ഗോതമ്പിൻെറ ഒരു നല്ല ശതമാനം ഇവിടെനിന്നു ലഭിച്ചിരുന്നു. ആട്, കോഴി, കന്നുകാലി മുതലായ ജന്തുക്കളെ ധാരാളമായി വളർത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തു. തൻെറ സമൂഹത്തിൻെറ സാമ്പത്തിക ഭദ്രതയ്ക്കുവേണ്ടി താൻ സമാരംഭിച്ച ഓരോ പദ്ധതിയുടേയും വിജയത്തിനാവശ്യമായ ഏററം നിസ്സാരകാര്യ

ങ്ങളിൽപ്പോലും വിശുദ്ധൻെറ വ്യക്തിപരമായ ശ്രദ്ധ പ തിയുന്നുണ്ടായിരുന്നു. ഭക്ഷണസാധനങ്ങൾക്കും വസ്ത്രങ്ങൾക്കും മററും വിലക്കുറവുണ്ടായിരുന്ന അവസരങ്ങളിൽ അവ വാങ്ങി ശേഖരിച്ചുവയ്ക്കുവാനും അദ്ദേഹം നിർദ്ദേശിച്ചിരുന്നു."

ആദ്ധ്യാത്മികമായ കാര്യങ്ങളിലും തികഞ്ഞ പ്രായോഗിക ബോധത്തോടെയാണ് വി. വിൻസെൻറ് വർത്തിച്ചിരുന്നതു്. പുണ്യാഭ്യസനത്തിൻെറ ഏററം ചെറിയ വശങ്ങളെപ്പോലും കണക്കിലെടുത്തുകൊണ്ടുള്ള ഒരാദ്ധ്യാത്മിക ജീവിത പരിപാടി തനിക്കും മററുള്ളവർക്കുമായി ആവിഷ്കരിക്കുവാൻ ഈ സദ്ഗുണം അദ്ദേഹത്തെ സഹായിച്ചു. പൊതുവായ ഒരു പുണ്യജീവിതംകൊണ്ടു് അദ്ദേഹം തൃപ്തിപ്പെട്ടിരുന്നില്ല. ഉന്നതാദർശങ്ങൾ പുലർത്തുന്നവർക്കുപോലും ചിലപ്പോൾ ചില പാകപ്പിഴകൾ പററിയേക്കാം എന്നു വിശ്വസിക്കുന്ന ഒരാളായിരുന്നു വി. വിൻസെൻറ്. പ്രഭാത പ്രാർത്ഥനാവേളയിൽ തങ്ങളെത്തന്നെ മുഴുവനായി ദൈവത്തിനു സമർപ്പിക്കുകയും എന്നാൽ തുടർന്നു തങ്ങളുടെ സ്വാർത്ഥപരമായ പ്രവർത്തനങ്ങൾവഴി പ്രസ്തുത സമർപ്പണത്തെ ദിവസത്തിൽ പല പ്രാവശ്യം പിൻവലിക്കാൻ ഇടവരുത്തുകയും ചെയ്യുന്നവരെപ്പോലെ അല്ലായിരുന്നു നമ്മുടെ വിശുദ്ധൻ. ഒരു പുണ്യാഭ്യസനത്തേയും അദ്ദേഹം നിസ്സാരമായിത്തള്ളിയില്ല. ആരാധനക്രമം അനുശാസിക്കുന്നതുപോലെ കൃത്യമായി മുട്ടുമടക്കി കുർബാനയുടെ മുമ്പിൽ ആചാരം ചെയ്യുവാൻ പ്രായാധിക്യം നിമിത്തം അദ്ദേഹത്തിനു സാധിക്കാതെ വന്നപ്പോൾ, ഈ തെററിനെപ്രതി ദൈവത്തോടും തൻെറ സഹോദരങ്ങളോടും അദ്ദേഹം ക്ഷമയാചിക്കുകയുണ്ടായി.

വിശുദ്ധൻെറ ജീവചരിത്രകാരന്മാർ സാക്ഷിക്കുന്നതുപോലെ, ഏററം മാതൃകാപരമായിട്ടാണു് അദ്ദേഹം ദിവ്യബലി അർപ്പിച്ചിരുന്നതു്. കുർബാനയിലെ ആചാരാനുഷ്ഠാനങ്ങൾ സസൂക്ഷ്മം നിർവ്വഹിച്ചിരുന്നു. ദിവ്യബലിക്കു വേണ്ടിവരുന്ന സമയത്തിൻെറ കാര്യത്തിലും വിശുദ്ധൻെറ മിതത്വം തെളിഞ്ഞുകാണാം. തിട്ടുക്കത്തിലോ ആവശ്യത്തിലധികം സമയമെടുത്തോ ദിവ്യബലി അർപ്പിക്കാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒരിക്കലും ദിവ്യപൂജയ്ക്കു് അര

ണണിക്കൂറിൽ കൂടുതൽ സമയം അദ്ദേഹത്തിനു വേണ്ടിവന്നിരുന്നില്ല. വാക്കുകളെല്ലാം സ്ഫുടമായും ഭക്തിപൂർവവും ഉച്ചരിച്ചിരുന്നു. പരസ്യമായി ആഘോഷമായ ദിവ്യബലി അർപ്പിക്കേണ്ടിവരുന്ന അവസരങ്ങളിൽ മുൻകൂട്ടി ക്രമാനുഷ്ഠാനങ്ങൾ ആവർത്തിച്ചു പടിക്കുമായിരുന്നു. വിശുദ്ധൻെറ വാക്കുകളിൽ "തിരുസ്സഭയുടെ കർമ്മാനുഷ്ഠാനങ്ങൾ അതിവിശിഷ്ടമായ പല ദിവ്യരഹസ്യങ്ങളുടേയും നിദർശനങ്ങളാണ്." ഒരിക്കൽ അദ്ദേഹം വൈദികൎക്കു നല്കിയ ഉപദേശത്തിൽ ഇങ്ങനെ പറയുന്നു: "ദൈവാലയത്തിലെ നമ്മുടെ പെരുമാററരീതി കളിപ്പാവകളുടേയതുപോലെ യാന്ത്രികമാകാതിരിക്കാൻ ശ്രദ്ധിക്കണം. അവയുടെ ചലനങ്ങൾ ചൈതന്യപൂൎണ്ണമോ സജീവമോ അല്ല. ബാഹ്യചേഷ്ടകൾ നമ്മുടെ ആന്തരിക ചൈതന്യത്തിൽനിന്നു പുറപ്പെടുന്നതും വിശ്വാസരഹസ്യങ്ങളെ പ്രദ്യോതിപ്പിക്കുന്നവയുമായിരിക്കണം."

സ്വന്തമായ പല പുണ്യാഭ്യസനങ്ങളും വിശുദ്ധനുണ്ടായിരുന്നു. അവ കൃത്യമായും മുടക്കംകൂടാതെയും അദ്ദേഹം അനുഷ്ഠിച്ചുപോന്നു. പ്രഭാതത്തിൽ ഉണരുവാൻ മണിയടിച്ചാലുടൻ എഴുന്നേററു മുട്ടിന്മേൽനിന്നു കുരിശുവരച്ചു നിലം ചുംബിക്കുമായിരുന്നു. ദിവ്യബലിക്കുശേഷവും നിദ്രയ്ക്കുപോകുന്നതിനു മുമ്പും, മരണവേദനയനുഭവിക്കുന്നവൎക്കുവേണ്ടി പ്രാൎത്ഥിക്കുന്ന പതിവ് ഒരിക്കലും അദ്ദേഹം മുടക്കിയിരുന്നില്ല. ഏററം ദുസ്സഹമായ വേദനകൾ അനുഭവിക്കേണ്ടിവരുമ്പോഴും പ്രതിസന്ധിഘട്ടങ്ങൾ നേരിടുമ്പോഴും "ദൈവത്തിനു സ്തുതിയായിരിക്കട്ടെ" എന്നദ്ദേഹം ഉദീരണം ചെയ്യുമായിരുന്നു. കുരിശുമണിയടിക്കുമ്പോൾ ത്രികാലജപം ചൊല്ലുക, അനുദിനം വി. ഗ്രന്ഥത്തിൽനിന്ന് ഒരദ്ധ്യായം മുട്ടിന്മേൽ നിന്നുകൊണ്ടു വായിക്കുക, ജപമാല ചൊല്ലുക, യാത്ര പുറപ്പെടുന്നതിനു മുൻപും യാത്രയ്ക്കു ശേഷവും ദിവ്യകാരുണ്യനാഥനെ സന്ദർശിക്കുക, മാതാവിൻെറ തിരുനാളുകളുടെ തലേദിവസം ഉപവസിക്കുക മുതലായവ അദ്ദേഹത്തിൻെറ ഭക്തകൃത്യങ്ങളിൽ ചിലതു മാത്രമാണ്.

തൻെറ മാമ്മോദീസായുടെ വാർഷികദിനങ്ങളിൽ മുട്ടിന്മേൽനിന്നുകൊണ്ട് തൻെറ സഭാംഗങ്ങളോട് താൻ നല്കിയ

ദുർമ്മാതൃകകളും ഉതപ്പിനുംവേണ്ടി അദ്ദേഹം ക്ഷമ യാചിക്കു മായിരുന്നു. ഒരു ചെറിയ കടലാസ്സുതുണ്ടിന്മേൽ "വിശ്വാ സപ്രമാണം" എഴുതി ഉടുപ്പിൻെറ പോക്കററിൽ തൻെറ ഹൃദയത്തോടു ചേർത്തു് വിശുദ്ധൻ സദാ സൂക്ഷിച്ചിരുന്നു. അപ്രകാരം വിശ്വാസത്തിനെതിരായുള്ള പരീക്ഷകളെ ചെ റുത്തുനില്ക്കുന്നതിനും തിരുസ്സഭ പഠിപ്പിക്കുന്ന വിശ്വാസസ ത്യങ്ങളെ നിരന്തരം ഏററുപറയുന്നതിനും അദ്ദേഹത്തിനു സാധിച്ചു. രോഗശയ്യയിലായിരിക്കുമ്പോൾ സദാ കാണത്ത ക്കവിധം ഒരു കുരിശു തനിക്കഭിമുഖമായി ഭിത്തിയിന്മേൽ സ്ഥാപിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. അപ്രകാരം ക്രൂ ശിതനായ കത്താവിൻെറ പീഡകളെ അനുസ്മരിച്ചുകൊണ്ടു് അവിടുത്തെപ്രതി സഹിക്കുന്നതിനുള്ള വരം അദ്ദേഹം പ്രാ പിച്ചു.

പോപ്പുലർ മിഷൻധ്യാനങ്ങൾ നടത്തുവാൻവേണ്ട പ രിശീലനം തൻെറ സഭയിലെ ഓരോ മിഷനറിക്കും ഉണ്ടാ യിരിക്കണമെന്നു് അദ്ദേഹം നിർദ്ദേശിച്ചു. അങ്ങനെ തിക ച്ചും അച്ചടക്കമുള്ള ഒരു സൈന്യവ്യൂഹത്തെപ്പോലെ അണി ഞ്ഞൊരുങ്ങിയ ഒരു സംഘം മിഷനറിമാരെ രംഗത്തിറക്കു ന്നതിന് അദ്ദേഹത്തിനു സാധിച്ചു.

പ്രേഷിത പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവരെക്കു റിച്ചു് "കണ്ടാലും! അവരുടെ കരങ്ങൾ പ്രവത്തനങ്ങളാകുന്ന പുണ്യഫലങ്ങൾകൊണ്ടു് നിറഞ്ഞിരിക്കുന്നു" എന്നു് സദാ പറയുവാൻ സാധിച്ചിരുന്നെങ്കിൽ! ദൈവത്തിൻെറ സ്തുതി ക്കായി ചെയ്യുന്ന കൊച്ചു കൊച്ചു കാര്യങ്ങൾ മായാസ്തുതിപ രമായ വികാരങ്ങൾക്കടിപ്പെട്ടുപോകയില്ലെന്നും അവ അവി ടുത്തെ തിരുമുമ്പിൽ വളരെ വിലയുള്ളവയാണെന്നും അവർ ഗ്രഹിച്ചിരുന്നെങ്കിൽ!! ഓരോ കാര്യത്തിൻേറയും ഏററം നിസ്സാരമായ വശങ്ങളെപ്പോലും സശ്രദ്ധം നിറവേററിക്കൊ ണ്ടു് പ്രായോഗികബോധത്തോടെ വത്തിക്കുന്നവരാണു് ജീ വിതത്തിൽ വിജയം കൈവരിക്കുന്നതെന്നു് വി. വിൻ സെൻറിൻെറ മാതൃക സുതരാം വ്യക്തമാക്കുന്നു.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

M 200.0822

Cl. No. THO-V  Acc. No. 70825

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

M200.0822 70825
Tho-V

തോമസ്, പുതിയകുന്നേൽ
വിൻസെൻഷ്യൻ ചൈതന്യം

**KOTTAYAM PUBLIC LIBRARY**
M 200.0822
Call No. THO-V Acc. No. 70825
Author: തോമസ്, പുതിയകുന്നേൽ
Title: വിൻസെൻഷ്യൻ ചൈതന്യം